ഭാഗം

10

അക്ഷരവൃക്ഷം

കുട്ടികളുടെ അവധിക്കാല
സർഗ്ഗസൃഷ്ടികൾക്കൊരിടം



# കഥകൾ

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായുള്ള ലോക്ഡൗൺ പശ്ചാത്തലത്തിൽ
വീടുകൾക്കുള്ളിൽ അവധിക്കാലം ചെലവഴിച്ച കുട്ടികളുടെ സർഗ്ഗാത്മക രചനകൾ



കേരളസർക്കാർ
പൊതുവിദ്യാഭ്യാസ വകുപ്പ്

അക്ഷരവൃക്ഷം

കുട്ടികളുടെ അവധിക്കാല സർഗ്ഗസൃഷ്ടികൾക്കൊരിടം

# കോവിഡ് ൧൯ കഥകൾ

## ഭാഗം 10

കേരളസർക്കാർ

പൊതുവിദ്യാഭ്യാസവകുപ്പ്

പ്രസിദ്ധീകരണം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

ജൂൺ 2020

*Pubilished by :* **State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scert@kerala.gov.in
Phone : 0471 - 2341883, Fax : 0471 - 2341869

*Technical Support :* **Kerala Infrastructure and Technology for Education (KITE)**
Poojappura, Thiruvananthapuram 695012, Kerala

**Cover:** N. T. Rajeev, GHSS, Thariode, Wayanad

**Layout:** Dileep R. S, Mahadevan C. and Sudheer A.
**Printed at** SCERT Press
CC - By - SA - 3.0 license
Department of Education, Government of Kerala



**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം-695 001**

**കേരള സർക്കാർ**

നം.424/പ്രസ്/സി.എം.ഒ/2020.

ജൂൺ 02, 2020.

## സന്ദേശം

കോവിഡ്-19 മഹാമാരിയെത്തുടർന്ന് നമ്മുടെ കുട്ടികൾക്ക് ചരിത്രത്തിലാദ്യമായി മധ്യവേനലവധിക്കാലത്തെ യാത്രകളും, കളികളും, സന്ദർശനങ്ങളുമെല്ലാം നഷ്ട മായിരിക്കുകയാണ്. എന്നാൽ ഈ ആതുര കാലത്തും വിദ്യാർത്ഥികൾ പുതുവഴി കൾ സൃഷ്ടിച്ചു. കേരളമാതൃക ആരോഗ്യരംഗത്ത് മാത്രമല്ല പൊതു വിദ്യാഭ്യാസ രംഗത്തും ചരിത്രമാവുകയാണ്. കോവിഡ് കാലത്തോട് സർഗാത്മകമായി പ്രതി കരിച്ച ഇളംമനസ്സുകളുടെ രചനകൾ സമാഹരിച്ച് എസ്.സി.ഇ.ആർ.ടി **'അക്ഷര വൃക്ഷം'** എന്ന പേരിൽ പ്രസിദ്ധീകരിച്ചുവരുന്നു. ഇതിന്റെ എട്ട്, ഒമ്പത്, പത്ത് ഭാഗങ്ങളാണ് ഇപ്പോൾ പുറത്തിറക്കുന്നത്.

കുട്ടികൾ ഈ മഹാവ്യാധിയെ എങ്ങനെ കാണുന്നു, ലോക്ഡൗൺ കാലത്തെ അനുഭവങ്ങളെ എങ്ങനെ വിലയിരുത്തുന്നു എന്നിവയുടെ സാക്ഷ്യപ്പെടുത്തലു കളാണ് ഇതിലെ രചനകൾ. അതിജീവനത്തിന്റെ അനുഭവ പാഠങ്ങൾ, രോഗത്തെ ക്കുറിച്ചുള്ള ശാസ്ത്രീയമായ ധാരണ, മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തിന്റെ പ്രസക്തി, സർക്കാരും പൊതുസമൂഹവും നടത്തുന്ന ഇടപെട ലുകൾ, എല്ലാറ്റിനുമുപരി ഈ അടച്ചിടൽ കാലം കുടുംബാന്തരീക്ഷത്തിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്നിവയെല്ലാം വിവിധതലങ്ങളിലൂടെ നിരീക്ഷി ക്കാനും നേടിയ അനുഭവങ്ങളെ ആവിഷ്കരിക്കാനും കുട്ടികൾക്ക് കഴിയുന്നുണ്ട്. അവരുടെ ഭാഷാപ്രയോഗശേഷിയും അനുഭവങ്ങളെ വൈകാരികമായി ആഖ്യാനം ചെയ്യുന്ന രീതിയും അഭിനന്ദനമർഹിക്കുന്നു.

ഏതു ദുരന്തവും നിതാന്ത ജാഗ്രത കൊണ്ടും ശാസ്ത്രീയ വീക്ഷണം കൊണ്ടും കേരളീയർക്ക് അതിജീവിക്കാൻ കഴിയും എന്ന ആത്മവിശ്വാസമാണ് ഈ രചനകൾ മുന്നോട്ടുവെക്കുന്നത്. ഏതു പ്രതിസന്ധിയെയും തരണം ചെയ്യാൻ കരുത്തുള്ള കേരളത്തെ വാർത്തെടുക്കാൻ പ്രേരണ നൽകുന്നതാണ് ഈ സർഗാത്മക പ്രവർത്തനങ്ങൾ. രചനകൾ നടത്തിയ വിദ്യാർത്ഥികളെ ഹൃദയ പൂർവം അഭിനന്ദിക്കുന്നു.


ഈ രചനകൾ സമയബന്ധിതമായി ശേഖരിക്കാനും പ്രസിദ്ധീകരിക്കാനും യത്നിച്ച പൊതുവിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാർ, അവരെ സഹായിച്ച വിദ്യാലയ അധികാരികൾ എന്നിവരെയും ഈ അവസരത്തിൽ അനുമോദി ക്കുന്നു.

പിണറായി വിജയൻ

ടെലിഫോൺ : (0471) 2333812 & 2333682 ഫാക്സ് : (0471) 2333489 ഇ-മെയിൽ : chiefminister@kerala.gov.in
വെബ്സൈറ്റ് : www.keralacm.gov.in



**ആദിഹ് മുനീർ**
ക്ലാസ് 5, ജിഎച്ച്എസ്എസ്, തരിയോട്, വയനാട്

Break the chain

കൈവിടാതിരിക്കാം...
കൈ കഴുകൂ...

# ആമുഖം

കൊറോണാക്കാലം വിതച്ച ഭയത്തിന്റെ വിത്തുകളെ അതിജീവനത്തിന്റെ അക്ഷരങ്ങൾ കൊണ്ട് നേരിട്ട കേരളത്തിലെ കുട്ടിക്കൂട്ടത്തിന്റെ വിജയഗാഥയാണ് **അക്ഷരവൃക്ഷം**. കോവിഡ് കാലത്തിന്റെ ഒറ്റപ്പെടലുകളെ സർഗാത്മകതയുടെ വാതായനങ്ങളിലേക്ക് കടത്തിവിടുവാൻ പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തിയ ശ്രമത്തിന്റെ വലിയ വിജയമാണ്, പൂക്കൾ നിറഞ്ഞ് സൗരഭ്യം പടർത്തുന്ന അക്ഷരവൃക്ഷത്തിന്റെ എട്ട്, ഒമ്പ ത്, പത്ത് ഭാഗങ്ങൾ.

അടച്ചിരിപ്പിലും ചുറ്റുപാടുകളെയും സമൂഹത്തെയും കൃത്യമായി വീക്ഷിക്കുവാനും ഉൾക്കാഴ്ച്ചകൾ നേടി, അതിനെ സർഗാത്മകമായി ആവിഷ്ക്കരിക്കുവാനുമുള്ള അവസരം പൊതുവിദ്യാഭ്യാസ വകുപ്പ് ഒരുക്കി. പൊതുവിദ്യാലയങ്ങളിലെ ഒന്നുമുതൽ പന്ത്രണ്ട് വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർഥികളെ ഉൾപ്പെടുത്തിയ ഈ സർഗാത്മക പദ്ധതിയിൽ കഥയും കവിതയും ലേഖനവും രചിച്ചു കൊണ്ടാണ് അവർ പങ്കാളികളായത്. പ്രതിസന്ധികളെ സ്വയം പ്രതിരോധിച്ച്, അപചയങ്ങൾക്കെതിരെ ആന്തരിക പ്രതിരോധശേഷി വളർത്തുവാൻ വിദ്യാർഥികളെ പ്രാപ്തരാക്കാൻ ഇതി ലൂടെ സാധിക്കും.

അത്യന്തം ജാഗ്രതയോടെ പ്രതിസന്ധികളെ അഭിമുഖീകരിക്കുമ്പോഴും ശുഭാപ്തി വിശ്വാസത്തോടെ, ഒരു പ്രശ്നത്തെ സർഗാത്മകമായി നേരിടുവാനുള്ള കുട്ടികളുടെ ശേഷി ഈ രചനകളിലൂടെ സാധിക്കുന്നു. പൊതുവിദ്യാഭ്യാസ മേഖലയുടെ ഉയർന്ന നിലവാരത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ദുരന്തങ്ങൾക്കും പകർച്ചവ്യാധികൾക്കും തകർത്തു കളയാൻ സാധിക്കാത്ത ഒരു തലമുറയുടെ സർഗാത്മക കരുത്തിന്റെ നേർസാക്ഷ്യമാവട്ടെ ഈ അക്ഷരവൃക്ഷം.

ആശംസകളോടെ,

**പ്രൊഫ.സി. രവീന്ദ്രനാഥ്**
പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

**എ. ഷാജഹാൻ ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ സെക്രട്ടറി

**ജീവൻബാബു.കെ. ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ ഡയറക്ടർ

**ഡോ.ജെ.പ്രസാദ്**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.

**കെ.അൻവർസാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്

**ഡോ.എ.പി. കുട്ടിക്കൃഷ്ണൻ**
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.കെ

# പുഴയും കുട്ടിയും

കുട്ടി പുഴയുടെ തീരത്ത് ഇരിക്കുകയാണ്. കലങ്ങിമറിഞ്ഞ വെള്ളം മനുഷ്യരുടെ മനസ്സിനെ ഓർമിപ്പിച്ചു. മീൻകുഞ്ഞുങ്ങളുടെ സ്ഥാനത്ത് പ്ലാസ്റ്റിക്ക്കുപ്പികൾ ഓളം വെട്ടിച്ച് ഒഴുകിനടക്കുന്നു. കുമ്പിളിലെടുത്ത് കുടിക്കാൻ പോയിട്ട് തൊടാൻ പോലും പറ്റാത്ത വെള്ളം.

മുത്തശ്ശി പറഞ്ഞ കഥകളിലെ തെളിനീരൊഴുകുന്ന, പായലുകൾ നിറഞ്ഞ, മീൻകുഞ്ഞുങ്ങൾ നിറഞ്ഞ ആ പുഴ അവന്റെ മനസ്സിൽ കൂടി കടന്നുപോയി, അതിലെ വെള്ളം കരകവിഞ്ഞ് ഒഴുകിയതുപോലെ അവന്റെ കണ്ണുകളും ഒരു തടാകമായി മാറി. സഹ്യന്റെ മടിയിൽ ജനിച്ച അവളുടെ കൂടെ ഇന്ന് വരുന്നത് കറുത്ത വിഷവും പ്ലാസ്റ്റിക്ക് എന്ന മാന്ത്രികനും.

“മോനെ ഇങ്ങ് വാ. നിന്നോടുപറഞ്ഞിട്ടില്ലേ ആ അഴുക്ക് വെള്ളത്തിൽ കളിക്കരുതെന്ന്.” അമ്മയുടെ വിളികേട്ട് വീട്ടിലേക്ക് മടങ്ങുമ്പോഴും അവന്റെ മനസ്സ് ആ പുഴയായി മാറുകയായിരുന്നു .

**പ്രണവ് വി**
7 എ, വാണീ വിലാസം യു.പി. സ്കൂൾ
കണ്ണൂർ നോർത്ത് ഉപജില്ല, കണ്ണൂർ





# മാവിന്റെ ആത്മകഥ

ഞാനൊരു വലിയ മാവാണ്. ഒരു കുന്നിൻ ചരുവിലാണ് എന്റെ താമസം. കുന്നിൽ നിന്ന് ഒഴുകിവരുന്ന അരുവിയാണ് എനിക്ക് ആവശ്യമായ വെള്ളം തരുന്നത്. എന്റെ ചുറ്റിനും നിറയെ മരങ്ങളുണ്ട്. എന്നാലും മാങ്ങാക്കാലമായാൽ എനിക്ക് ഏറെ സന്തോഷമാണ്. കാരണം എന്റെ ചുറ്റിനും മാങ്ങപെറുക്കാൻ വരുന്ന കുട്ടികളുടെ ബഹളമായിരിക്കും. കളിയുംചിരിയുമായി സമയം പോകുന്നതേ അറിയില്ല. എങ്കിലും ഞാനിന്നു ഭയത്തിലാണ്. എന്റെ ചുറ്റുപാടുമുള്ളവരെയൊക്കെ ഇടയ്ക്കിടക്ക് വന്ന് മനുഷ്യർ മുറിച്ചുകൊണ്ടുപോവുന്നുണ്ട്. എത്രകാലമാണ് ഇനി എന്റെ ആയുസെന്നറിയില്ല. എന്നെ സ്നേഹിക്കുന്ന കുട്ടികൾ എന്നെ സംരക്ഷിക്കുമായിരിക്കും...

**മുഹമ്മദ് ഷെഹ്സാദ് എസ്**
1 ബി, എ.എൽ.പി. സ്കൂൾ ഊർങ്ങാട്ടിരി
അരീക്കോട് ഉപജില്ല, മലപ്പുറം

# കിളികൾ കൂടണഞ്ഞപ്പോൾ

സൂര്യൻ താണു. വെയിൽ മങ്ങി. കൂട് ലക്ഷ്യമാക്കി പറക്കുന്ന പക്ഷികൾ. ആകാശത്തിന്റെ അനന്തതയിൽ ചിത്രപണികൾ കാഴ്ച്ചവയ്ക്കുന്നത് ജനൽക്കമ്പികൾക്കിടയിലൂടെ പുറത്തേക്ക് നീളുന്ന ആ കുഞ്ഞിക്കണ്ണുകൾ അന്നും വിസ്മയത്തോടെ നോക്കിനിന്നു. പെട്ടെന്ന് നെഞ്ചിൽ ആർപ്പുവിളിപോലൊന്ന് ഉയർന്നുവന്നു. ഒരു തെളിനീരിലെന്ന പോലെ അവന്റെ മനസ്സിൽ മുത്തശ്ശിമാവിന്റെയും അതിനുചുറ്റുമുള്ള കളിനിലത്തിന്റെയും മായാത്തചിത്രങ്ങൾ തെളിഞ്ഞുവന്നു. ഏതാനും ദിവസങ്ങൾക്ക് മുമ്പുവരെ അവൻ കൂട്ടുകാരോടൊത്ത് വൈകുന്നേരങ്ങൾ ആഹ്ലാദത്തിന്റെ നിമിഷങ്ങളാക്കി മാറ്റിയത് അവിടെ വച്ചായിരുന്നു. ആ മരച്ചുവട്ടിൽ ബാല്യങ്ങൾ നിഷ്കളങ്കത പങ്കുവച്ചു. വാർധക്യത്തിന്റെ ഏകാന്തതയ്ക്ക് ആശ്വാസത്തിന്റെ തണലേകിയതും ആ മാവു തന്നെയായിരുന്നു. മുത്തശ്ശിമാവിന്റെ ചുവട്ടിൽ ഇന്ന് സന്തോഷം പങ്കിടാൻ ആരുമില്ല. കളിനിലങ്ങളിൽ കരിയിലകൾ വിഷാദം പടർത്തുന്നു. പഴുത്ത മാങ്ങകൾ ഞെട്ടറ്റു വീണുകിടക്കുന്നു. ആ പറമ്പിൽ തികച്ചും അപൂർവമായിരുന്നു ആ കാഴ്ച. ആ കുഞ്ഞുമനസ്സിൽ ദു:ഖത്തിന്റെ നിഴൽ വീണുകഴിഞ്ഞിരുന്നു. അമ്മുമ്മയോടായി അമ്മ സംസാരിക്കുന്നത് അവൻ കേട്ടു. തന്റെ ചിന്തകളിൽ നിന്ന് ഉണർന്നിട്ടെന്നപോലെ അവൻ അടുക്കളയിലേക്ക് നീങ്ങി. “നാളെ വരുന്നായിരുന്നു ആദ്യം പറഞ്ഞത്. വിമാനസർവീസൊക്കെ താൽക്കാലികമായി നിർത്തിവച്ച സ്ഥിതിക്ക് ഇനിയിപ്പോ മൂപ്പർക്ക് എന്നാ വരാൻ പറ്റ്വാന്ന് അറിയില്ല.” അമ്മയുടെ വാക്കുകൾക്ക് മറുപടിയെന്നോണം മുത്തശ്ശിയുടെ മുഖത്ത് കാർമേഘങ്ങൾ ഇരുണ്ടുകൂടി. പക്ഷെ മഴ കനത്തു പെയ്യുമെന്ന് തോന്നിയത് അവന്റെ ആ കുഞ്ഞിക്കണ്ണുകളിലായിരുന്നു. ഗൾഫിലുള്ള അച്ഛന്റെ വരവു കൂടിയാകുമ്പോൾ ഈ അവധിക്കാലം ആഹ്ലാദത്തിന്റെ ദിനങ്ങളായിരിക്കുമെന്ന് ആ കുഞ്ഞുമനസ്സ് നേരത്തെ തീരുമാനിച്ചുറപ്പിച്ചിരുന്നു. ഇപ്പോൾ എല്ലാം മാറിമറഞ്ഞിരിക്കുന്നു.





"ലോക്ഡൗൺ", മുമ്പൊരിക്കൽ പോലും ആ വാക്ക് അവൻ കേൾക്കാനിടയുണ്ടായിട്ടില്ല. എന്നാൽ കഴിഞ്ഞ കുറച്ചു ദിവസങ്ങൾകൊണ്ടുതന്നെ ആ വാക്ക് അവന് സുപരിചിതമായിക്കഴിഞ്ഞിരുന്നു. അമ്മയുടെയും മുത്തശ്ശിയുടെയും സംസാരങ്ങൾക്കിടയിൽ അത് പലതവണ ആവർത്തിച്ച് കടന്നു വന്നു. മുത്തശ്ശിമാവിന്റെയും കളിനിലത്തിന്റെയും നിശബ്ദത ലോക്ഡൗൺ എന്തെന്ന് അവനു പറഞ്ഞുകൊടുത്തു. ഒരു നേർത്ത തേങ്ങലോടെ മാത്രമേ അവന് അത് ഉൾക്കൊള്ളാൻ സാധിച്ചുള്ളു. പതിയെ അവൻ ഉമ്മറക്കോലായിൽ ചെന്നിരുന്നു. ദൂരെയെവിടെനിന്നോ വന്ന ഒരിളം കാറ്റ് ആ കുഞ്ഞുമനസ്സിനെ തലോടി കടന്നുപോയി. ഈ കാലവും കടന്നുപോകും. നമുക്കും നമുക്ക് ചുറ്റുമുള്ളവരുടെയും നന്മയ്ക്കായ് എല്ലാവരും വീടുകളിൽ തന്നെയിരുന്നേ മതിയാവൂ. അവൻ സ്വയം ആശ്വസിച്ചു.

മുത്തശ്ശിമാവിന്റെ ചുവട്ടിൽ കളിചിരികളുമായി വീണ്ടും എല്ലാവരുമെത്തുന്ന ആ കാലം ദൂരെയല്ല എന്ന പ്രതീക്ഷ. ആ മുഖത്ത് നേർത്ത പുഞ്ചിരി തൂകി.

**അക്ഷയ കാർത്തിക്**
10 ബി, സെന്റ് വിൻസെന്റ് കോളനി ഗേൾസ് എച്ച്.എസ്.
കോഴിക്കോട് സിറ്റി ഉപജില്ല, കോഴിക്കോട്



# കുഞ്ഞിക്കിളിയുടെ വിദൂരയാത്ര

ഈ മുറ്റത്തെങ്കിലും കരിഞ്ഞുണങ്ങാത്ത ഒരു മരം ഉണ്ടാവുമോ? കുഞ്ഞിക്കിളി വ്യാകുലപ്പെട്ട് ചുറ്റും നോക്കി. അവിടെ ഒരു മുത്തശ്ശി ചൂടിന്റെ കാഠിന്യത്തെ ശപിച്ചുക്കൊണ്ട് ധൃതിയിൽ വീടിനകത്തേക്ക് പോയി. കരിഞ്ഞുണങ്ങിയ പാടങ്ങൾ, അപ്രത്യക്ഷമായ കുന്നുകൾ എല്ലാം പിന്നിട്ട് അവൾ വീണ്ടും യാത്രയായി. കുറച്ചു ദൂരം പിന്നിട്ടപ്പോൾ അവൾ കണ്ടത് വെള്ളത്തിനുവേണ്ടി കലഹം കൂട്ടുന്ന മനുഷ്യരെയാണ്. കുഞ്ഞിക്കിളി ചിന്തിച്ചു: മനുഷ്യർ ചെയ്യുന്ന ക്രൂരതകൾക്ക് ഞങ്ങളും കൂടി കഷ്ടപ്പാടുകൾ അനുഭവിക്കുന്നു. കുഞ്ഞിക്കിളി കഴിഞ്ഞതവണ വന്ന കുന്നിൽ എത്താൻ ഇനി അധിക സമയം വേണ്ട. പക്ഷേ ആ കുന്ന് അപ്രത്യക്ഷമായിരുന്നു. ആ സ്ഥാനത്ത് വലിയ മാളികകൾ മാത്രം. ആ മാളികയുടെ ഭിത്തിയിൽ ഇരുന്ന് അമ്മയുമൊത്ത് ഇവിടെ വന്നതും കളിച്ചതും ആ കുന്നിന്റെ ഹൃദയത്തിൽ നിന്ന് വരുന്ന പളുങ്കുവെള്ളം കുടിച്ചതും അവൾ വേദനയോടെ ഓർത്തു. ചൂടിന്റെ കാഠിന്യം കൂടിക്കൂടിവന്നു. കുഞ്ഞിക്കിളിയുടെ ചിറകുകൾ തളർന്നു. അവളുടെ കണ്ണുകൾ പതിയെ അടഞ്ഞപ്പോഴും അവളുടെ മനസ്സിൽ തനിക്കുവേണ്ടി പച്ചിലച്ചാർത്തുമായി കാത്തിരുന്ന മരം മാത്രമായിരുന്നു.

**അമൃത .ആർ**
8 ഡി, ആർ.പി.എം.എച്ച്.എസ്.എസ്. പനങ്ങാട്ടിരി
കൊല്ലങ്കോട് ഉപജില്ല, പാലക്കാട്

# മകളുടെ കരുതൽ

ഒരു ഉൾനാടൻ ഗ്രാമപ്രദേശം. ഒരു വീട്ടിൽ ഒരു അമ്മയും മകളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അമ്മ ദിവസവും വയലിൽ ജോലിക്ക് പോവും. അതിൽ നിന്നും കിട്ടുന്ന പൈസകൊണ്ടാണ് അവർ ജീവിച്ചിരുന്നത്. പെട്ടന്നാണ് അവിടെ മഹാമാരി പടർന്ന് വന്നത്. അതോടുകൂടി അമ്മയ്ക്കും മകൾക്കും പുറത്തിറങ്ങാൻ കഴിയാതെയായി. അമ്മയ്ക്ക് ജോലിയും ഇല്ലാതെയായി. അപ്പോൾ അമ്മ പറഞ്ഞു. ഇനി നമ്മൾ എങ്ങനെ ജീവിക്കും? മകൾ അമ്മയേയും കൂട്ടി അമ്മ പണിചെയ്യുന്ന പാടത്തേക്കു പോയി. എന്നിട്ട് പറഞ്ഞു. നമ്മൾക്കു ചെയ്യാൻ പറ്റുന്നതൊക്കെ ഇവിടെ കൃഷി ചെയ്യണം. അതാണ് നമ്മളൊട് സർക്കാരും മറ്റുള്ളവരും പറയുന്നത്. അങ്ങനെ നമ്മൾ സന്തോഷത്തോടെയുള്ളവരാകണം. അങ്ങനെ നമ്മുടെ അയൽക്കാരും നാട്ടുകാരും വിശപ്പില്ലാത്തവരാകണം. അതാണ് നമ്മൾ ഇപ്പോൾ ചെയ്യേണ്ടത്.

മകൾ പറഞ്ഞത് ശരിയാ. നമുക്ക് വേണ്ടി എത്രയോ പേർ കഷ്ടപ്പെടുന്നുണ്ട്. ഡോക്ടമാർ, നഴ്സുമാർ, പഞ്ചായത്ത് ഭരണാധികൾ, ആരോഗ്യ വകുപ്പിലെയും മറ്റും ഓഫീസർമാർ, പോലീസുകാർ. എന്നാൽ നമുക്ക് ഇപ്പോൾ ഭക്ഷണം എവിടെ നിന്ന് കിട്ടും, മകൾ ചോദിച്ചു. അമ്മയ്ക്ക് മറുപടി ഉണ്ടായിരുന്നില്ല. താഴോട്ട് നോക്കിനിക്കാനെ അവർക്കായുള്ളൂ. സന്ധ്യമയങ്ങിയപ്പോൾ അവർ വീട്ടിലേക്കു തിരിച്ചു. നാട്ടുകാർ അവർക്കു വേണ്ടതൊക്കെ വീട്ടിൽ എത്തിച്ചു കാത്തിരിക്കുകയായിരുന്നു. അമ്മയും മകളും അവരോട് ഒരുപാട് നന്ദി പറഞ്ഞു. ഇങ്ങനെയുള്ളവരാണ് നമ്മുടെ നാടിന് വേണ്ടതെന്ന് അമ്മ മകളോട് പറഞ്ഞു.

**ശിവദ ബി. ആർ**
4 എ, വള്ളിയാട് ഈസ്റ്റ് എൽ .പി. സ്കൂൾ
തോടന്നൂർ ഉപജില്ല, കോഴിക്കോട്

# കൊറോണയും നിപ്പയും കണ്ടുമുട്ടിയപ്പോൾ



നിപ്പ : "ഹായ് നീ ആരാണ്."

കൊറോണ : "ഞാനാണ് നോവൽ കൊറോണ."

നിപ്പ : "നിന്നെ ഞാൻ ഇതുവരെ കണ്ടിട്ടില്ലല്ലോ."

കൊറോണ : "ഞാനൊരു ചൈനക്കാരനാണ്."

നിപ്പ : "നീ എങ്ങനെ ഇവിടെയെത്തി."

കൊറോണ : "വുഹാനിൽനിന്നാണ് ഞാൻ വന്നത്."

നിപ്പ : "നീ ഒരു രോഗമാണോ."

കൊറോണ : "അതെ ലോകത്തെ നടുക്കിയ മഹാമാരിയാണ് ഞാൻ."

നിപ്പ : "അതെയോ പരിചയപ്പെട്ടതിൽ സന്തോഷം."

കൊറോണ : "ഇനി ഞാൻ കേരളത്തിലേക്കാണ് പോകുന്നത്."


നിപ്പ : "ഒരു കാലത്ത് കേരളക്കാർക്ക് എന്നെ പേടിയായിരുന്നു."

കൊറോണ : "ഇപ്പോൾ ഞാൻ ചെല്ലുന്നതറിഞ്ഞ്, പേടിച്ച് ഒളിച്ചിരിപ്പാണ് എല്ലാരും ഹഹഹ..."

നിപ്പ : "അവർ പേടിച്ചിരിപ്പൊന്നുമല്ല, നീ അങ്ങോട്ട് ചെല്ല് കേരളക്കാർ നിന്നെ നേരിടാൻ തയാറായിരിക്കയാണ്." സാമൂഹിക അകലം പാലിച്ചും വ്യക്തിശുചിത്വം പാലിച്ചും എല്ലാവരും വീടുകളിൽത്തന്നെ കഴിയുകയാണ്. പുറത്തിറങ്ങിയാലല്ലേ നിനക്ക് അവരെ പിടികൂടാൻ കഴിയു."

കൊറോണ : "വാ നീയും വാ എന്റെ കൂടെ നമുക്ക് ഒന്നിച്ച് പോകാം. "എന്തേ, നമ്മൾ രണ്ടും വൈറസ് അല്ലേ നമുക്ക് കൂട്ടാവാം."

നിപ്പ : "അതൊക്കെ ശരി നിന്നോട് കൂട്ടുകൂടാൻ സന്തോഷം. പക്ഷേ കേരളത്തിലേക്ക് ഞാനില്ല. അത് ഉറപ്പിച്ചതാണ്. അവർ എന്നെ ആട്ടിയോടിച്ചു. ഇനിയും ഞാൻ വരാനോ, ഇല്ലേയില്ല..."



**അഭയദേവ് പി കെ**
3, യു.എം.എ.എൽ.പി.എസ്. ചാത്തങ്ങോട്ടുപുറം
വണ്ടൂർ ഉപജില്ല, മലപ്പുറം



# പ്രവാസി

ആദിത്യകിരണങ്ങൾ മനോഹാരിതയുടെ പുതിയ ചിത്രം വരയ്ക്കുന്ന പ്രഭാതത്തിലേയ്ക്ക് പറവകളുടെ ഗീതങ്ങൾ എന്നെ സ്വാഗതം ചെയ്തു. ദേവദാരുക്കളുടെ ഇലകളിൽ തങ്ങിനിന്ന തുഷാരബിന്ദുക്കളിൽ സൂര്യരശ്മി തട്ടി പ്രതിഫലിച്ച് മനോഹരമായ ദൃശ്യവിരുന്നൊരുക്കിയത് ആസ്വദിയ്ക്കുമ്പോഴും ദുബായിൽനിന്നും വീട്ടിലേയ്ക്കെത്തിയപ്പോൾ നാടിനെ ദുരിതത്തിലേയ്ക്ക് നയിയ്ക്കാനായി എത്തിയിരിയ്ക്കുന്നൊരു അന്യഗ്രഹജീവിയെന്നപോലെ ഭീതിയുടെ അഗ്നിജ്വാലയാൽ നിറഞ്ഞ നേത്രങ്ങൾ എന്നിൽ സൃഷ്ടിച്ച ആഘാതം എന്നെ വല്ലാതെ അസ്വസ്ഥനാക്കി.

കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ടൊരു മണൽത്തരിയായിരുന്നെനിയ്ക്ക് വീടിനകത്തുള്ള ഈ ജീവിതം മടുപ്പുളവാക്കുന്നതായിരുന്നു. കാറ്റിന്റെ നൈർമല്യം ആസ്വദിയ്ക്കാനായി ഞാൻ മുറ്റത്തേയ്ക്കിറങ്ങി.ശാരദച്ചേച്ചി മുറ്റമെല്ലാം മനോഹരമായി സൂക്ഷിച്ചിരിയ്ക്കുന്നത് ദർശിച്ച് സംതൃപ്തിയടഞ്ഞ് മുന്നോട്ട് ചുവടുകൾ വച്ചപ്പോഴാണ് ഞാൻതോട്ടത്തിലേയ്ക്ക് ശ്രദ്ധിച്ചത്. പപ്പയുടെയും അമ്മയുടെയും മരണത്തിനുശേഷം ആരും ശ്രദ്ധിയ്ക്കാതിരുന്ന തോട്ടത്തിലേയ്ക്ക് ബാല്യകാലസ്മരണകൾ കോർത്തെടുക്കാനായി ഞാൻ നടന്നു. എന്നാൽ അവിടെ കണ്ട കാഴ്ചകൾ എന്നെ അസ്വസ്ഥനാക്കി. കരിയിലകൾ നിറഞ്ഞ തോട്ടത്തിൽ അവിടവിടായി വെള്ളം കെട്ടി നിൽക്കുന്നു. നിറയെ മാലിന്യങ്ങൾ. വ്യക്തി ശുചിത്വത്തിൽ ഏറെ പ്രാധാന്യം നൽകിയിരുന്ന എന്റെ കപടസാംസ്ക്കാരിക മൂല്യബോധത്തിന്റെ തെളിവാണ് ഈ തോട്ടമെന്ന് ഞാൻ തിരിച്ചറിഞ്ഞതിനാൽ അടുത്തദിവസം തന്നെ തൂമ്പയും ചൂലുമായി തോട്ടത്തിലേയ്ക്കിറങ്ങി.

സൗഭാഗ്യത്തിന്റെ തൊട്ടിലിൽ ആർത്തുല്ലസിയ്ക്കുന്ന ഞാൻ തൂമ്പയുമായി തോട്ടത്തിലേയ്ക്കിറങ്ങിയത് ദർശിച്ച അയൽക്കാരുടെ മനസ്സ് പലവിധ വികാര വിചാരങ്ങളാൽ കലുഷിതമായി.

രണ്ടുമൂന്ന് ദിവസംകൊണ്ട് ഞാൻ പറമ്പും പരിസരവും വൃത്തിയാക്കി. എന്റെ പ്രവർത്തികൾ ദർശിച്ച് സന്ദേഹങ്ങളുടെ സാഗരത്തിലേയ്ക്ക് വഴുതി വീണവരിലൊരാൾ എന്നെ ഫോൺ വിളിച്ചു. കൊറോണയെ അകറ്റാൻ മാസ്ക്ക് ധരിച്ചിട്ടോ ഹാൻഡ് സാനിറ്റൈസർ ഉപയോഗിച്ചിട്ടോ സ്വന്തം നാടിനായി ഇത്രയും നാൾ മെഴുകുതിരിപോലെ കത്തിയെരിഞ്ഞ പ്രവാസികളെ അകറ്റിയിട്ടോ പ്രയോജനമില്ല.വ്യക്തി ശുചിത്വത്തിലേറെ പ്രാധാന്യം കൽപ്പിയ്ക്കുന്ന നമ്മൾ പരിസരശുചിത്വത്തിലേറെ പിന്നിലാണ്.വീടിന്റെ ഭംഗിയേക്കാളുപരി പരിസര ശുചിത്വത്തിന് നാം മുൻഗണന നൽകിയാൽ പകർച്ചവ്യാധികളിൽ നിന്ന് മുക്തരാകുവാൻ നമുക്ക് സാധിയ്ക്കും. അതുതന്നെയാണ് ഞാനും ചെയ്തത്. ചെയ്ത പ്രവൃത്തിയിൽ സംതൃപ്തനായ, ബന്ധുമിത്രാദികളെയെല്ലാം ഉപേക്ഷിച്ച് സ്വന്തം നാടിനായി ചോര നീരാക്കി മണലാരണ്യത്തിൽ ജീവിയ്ക്കുന്ന, പ്രവാസികളിലൊരാളായ ഞാൻ മറുപടി നൽകി.

**സിയ ഫസിൽ**

8 ജി, ജി.വി.എച്ച്.എസ്.എസ്. കടയ്ക്കൽ, ചടയമംഗലം ഉപജില്ല, കൊല്ലം

# പകൽ കിനാവ്

മൺമറഞ്ഞു പോയ ഒരുപാട് കാൽപ്പാടുകൾ ഉണ്ടായിരുന്നു. മണ്ണിന്റെ മണവും കാടിന്റെ ഈണവും തേടിയകന്ന ഒരുകൂട്ടം കാൽപ്പാടുകൾ. ഇന്ന് ഞാൻ ആ പരിസ്ഥിതിയെ വെറുമൊരു സ്വപ്നമായി കാണുകയാണ്. ഒരു പകൽകിനാവായി.

കീറിയൊതുക്കാൻ കഴിയാത്തയെന്തോ ഒന്ന്. കാലം ചാർത്തിയ മഷിക്കൂട്ടിനുള്ളിൽ ഒളിഞ്ഞ് കിടക്കാനാവാത്ത നിറങ്ങളിൽ നിശബ്ദമായ സ്വപ്നങ്ങളിൽ ബാക്കിയൊന്ന്. ഭ്രാന്തോ കുസൃതിയോ അല്ല. ഇത് എന്നിലെ ഒരു സ്വപ്നമാണ് .ഇനിയൊരു ജന്മം ഉണ്ടെങ്കിൽ എനിക്ക് എന്റെ വീട്ടിലെ പൂച്ചയായി ജനിക്കണം. നീല കണ്ണും ചെമ്പൻ രോമവും ജടയൻ വാലുമുള്ള പൂച്ച. കാരണം ഇന്നിവർക്കേറ്റവുമിഷ്ടം ആ കുറിഞ്ഞിപ്പൂച്ചയോടാണ്.

അതിനൊക്കെ മുമ്പായി എനിക്കൊരു യാത്ര പോകണം .ഇടവപ്പാതിയുടെ തിമിർപ്പിൽ തുടികൊട്ടി പാടുന്ന മഴയക്കൊപ്പം, മഴ കണ്ട് പോവണം. ദൂരെ മലയിടുക്കിൽ മഴപെയ്യുന്നത് നോക്കി നിൽക്കണം. നേരം സന്ധ്യയൊടടുക്കുന്നുവെന്ന് കുയിൽ പാടി പറയണം.അപ്പോൾ മഴ പെയ്ത് തോർന്നിട്ടുണ്ടാവണം. കോടമഞ്ഞ് മൊട്ടകുന്നിനെ മൂടുമ്പോൾ മരപ്പെയ്ത്ത് നടത്തുന്ന വഴിയിലൂടെ നടക്കണം. പിന്നെ കൂട്ടിനായി വരുന്ന നിലാവിനെയും. നേരം പുലരുമ്പോൾ ഇന്നലെ പെയ്ത മഴയുടെ മണം മണ്ണിനോട് ചേർന്ന് ഉറങ്ങുന്നുണ്ടാവണം.

എന്നാൽ, അമ്മയുടെ വിളിപ്പുറത്ത് ഞാൻ ഞെട്ടലോടെ കണ്ണുതുറന്നപ്പോൾ കണ്ടത് ആകാശത്തോളം ഉയർന്ന് നിൽക്കുന്ന ഫ്ളാറ്റ് സമുച്ചയങ്ങളാണ്. എന്റെ കിനാവ് വെറുമൊരു പകൽകിനാവായി മാറി.

**ആഷിക് സണ്ണി**
9 എ, സെന്റ് തോമസ് ഹൈസ്കൂൾ, പുന്നയാർ
അടിമാലി ഉപജില്ല, ഇടുക്കി

# എന്റെ കുഞ്ഞുതൈകൾ

ഏതായാലും സ്കൂളില്ല. എവിടേയ്ക്കും പോവാനും പറ്റില്ല. ബോറടിച്ചിരിക്കുമ്പോഴാണ് കൈയിലെന്തോ പിടിച്ചുകൊണ്ട് ഉമ്മ ഉമ്മറത്തേയ്ക്കു വന്നത്. "ആരും ചടഞ്ഞുകൂടിയിരിക്കേണ്ട. എല്ലാർക്കും ഞാനൊരു പണി തരാം. ഇത് കുറച്ച് വിത്തുകളാ." വിത്തുകൾ കാണിച്ചുകൊണ്ട് ഉമ്മ പറഞ്ഞു. കേൾക്കേണ്ട താമസം ഞാനും താത്തയും അനിയനും കുഞ്ഞുകൈക്കോട്ടുമെടുത്ത് തൊടിയിലേക്കോടി. മണ്ണെടുത്തു കുഴികളുണ്ടാക്കി; വെണ്ണീറിട്ടു; വിത്തുകൾ പാകി. ചീര, പയർ, കയ്പയ്ക്ക വെണ്ടയ്ക്ക എല്ലാമുണ്ടായിരുന്നു. എന്നും രാവിലെയും വൈകുന്നേരവും ഞങ്ങൾ വെള്ളമൊഴിച്ചു.

അങ്ങനെ മൂന്നാമത്തെ ദിവസം ഞങ്ങൾ വെള്ളവുമായി ചെന്നപ്പോൾ, അതാ... വിത്തുകൾ മുളപൊട്ടിയിരിക്കുന്നു. അവയെല്ലാം എന്നെ നോക്കിച്ചിരിക്കുന്നു. ഞാൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി. "ഞങ്ങൾ നിങ്ങൾക്ക് ഒരുപാടു വിളവു തരാം" എന്ന് അവരോരോരുത്തരും പറയുന്നതായി ഞാൻ കേട്ടു.

ഇനിയും ഒരുപാട് തൈകൾ നടണം. "കുഞ്ഞുതൈകളും, വലിയ മരങ്ങളും മൃഗങ്ങളും പക്ഷികളും കാറ്റും വെളിച്ചവും, വെള്ളവും. എല്ലാം ചേർന്നതാണ് പരിസ്ഥിതിയെന്ന് ടീച്ചർ പറഞ്ഞിട്ടുണ്ട്. എന്റെ തൈകൾ വളരുന്നത് ഞാൻ സന്തോഷത്തോടെ എന്നും നോക്കും. രാവിലെയും വൈകുന്നേരവും വെള്ളവുമായി വരുന്ന എന്നെയും തൈകൾ സന്തോഷത്തോടെ കാത്തിരിക്കും.

**ഫാത്തിമ സൈറ. വി കെ**
1 ബി, എ.എം.എൽ.പി.എസ്. തൂമ്പോത്ത്പറമ്പ
വേങ്ങര ഉപജില്ല, മലപ്പുറം



# പ്രകൃതിയുടെ സൗന്ദര്യം

ഒരിക്കൽ ഒരു സുന്ദരമായ പ്രദേശത്ത് ഒരു തോട്ടക്കാരനും സന്യാസിയും അയൽക്കാരായി സന്തോഷപൂർവ്വം താമസിച്ചിരുന്നു. തോട്ടക്കാരന് സ്വന്തമായിട്ട് ഒരു പൂന്തോട്ട മുണ്ടായിരുന്നു. പ്രകൃതി സ്നേഹിയായ അയാൾ പൂന്തോട്ടം വളരെ വൃത്തിയായും ഭംഗിയായും സൂക്ഷിക്കുമായിരുന്നു. ചപ്പുചവറുകൾ വീണ് കിടക്കുവാൻ അയാൾ അവസരം നൽകിയിരുന്നില്ല. ഉടൻ തന്നെ വൃത്തിയാക്കും. തന്റെ എല്ലാ ജോലികളും തീർത്ത ശേഷം പൂന്തോട്ടത്തിൽ വന്നിരിക്കുക അയാൾക്ക് ഒരു വിനോദമായിരുന്നു. ഒരു ദിവസം സന്യാസി തോട്ടക്കാരന്റെ പൂന്തോട്ടത്തിലേക്ക് നോക്കി. അയാൾ പൂന്തോട്ടം വൃത്തിയാക്കുകയാണ്. സന്യാസി നോക്കുന്നത് തോട്ടക്കാരനും കണ്ടു. സന്യാസിയുടെ നോട്ടം കണ്ട് തോട്ടക്കാരൻ പറഞ്ഞു , ഇന്നു കുറച്ച് അതിഥികളുണ്ട്. അല്പനേരത്തെ പരിശ്രമം കൊണ്ട് തോട്ടക്കാരൻ പൂന്തോട്ടവും ചുറ്റുപാടും വൃത്തിയാക്കി. ശേഷം അഭിമാനത്തോടെ സന്യാസിയോട് ചോദിച്ചു. "ഇപ്പോൾ കൂടുതൽ വൃത്തിയായില്ലേ?" "മനോഹരമായിരിക്കുന്നു പക്ഷേ ചെറിയൊരു പ്രശ്നമുണ്ട്" എന്നു പറഞ്ഞ് സന്യാസി പൂന്തോട്ടത്തിലേയ്ക്ക് പ്രവേശിച്ചു. തോട്ടത്തിലെ ഒരു മരം പിടിച്ചുകുലുക്കി. തുരുതുരെ ഇലകൾ വീഴുവാൻ തുടങ്ങി. തോട്ടക്കാരന് ദേഷ്യം വന്നുവെങ്കിലും പ്രകടിപ്പിച്ചില്ല. അയാൾ സന്യാസിയുടെ പ്രവൃത്തികളെ സസൂക്ഷ്മം നോക്കി നിന്നു. സന്യാസി അല്പം മാറി നിന്നു. തോട്ടക്കാരനും. അപ്പോഴേയ്ക്കും എവിടെയെ നിന്നോ കുറേ പ്രാണികൾ എത്തിത്തുടങ്ങി. തോട്ടക്കാരന് ദേഷ്യം വന്നു. പ്രാണികളെ തിന്നുവാൻ ചെറുചെറു പക്ഷികൾ വന്നുതുടങ്ങി. വണ്ടുകളെത്തി, പൂമ്പാറ്റകളെത്തി, പൂന്തോട്ടമാകെ ഉത്സവമേളമായി. തോട്ടക്കാരൻ നന്ദിയോടെ സന്യാസിയെ നോക്കി. സന്യാസി ചെറുപുഞ്ചിരിയോടെ പറഞ്ഞു. "പ്രകൃതി പൂർണമായാലെ സൗന്ദര്യവും പൂർണ്ണമാകൂ."

**മുഹമ്മദ് ഡാനിഷ്**
5 ബി, ഗവ. ഹൈസ്കൂൾ റിപ്പൺ
വൈത്തിരി ഉപജില്ല, വയനാട്



# മിഴിനീർത്തുള്ളികൾ...

വിജനമായ വീഥികൾ. ആരവങ്ങളില്ലാത്ത അമ്പലങ്ങൾ. എങ്ങും ശൂന്യതയുടെ മുഴക്കം. ആരും പുറത്തിറങ്ങുന്നില്ല. എല്ലാവരിലും ഒരു ഭീതി നിഴലിക്കുന്നു. എന്നാൽ അമ്മു രാവിലെ ഉണരുന്നത് ന്യൂസ് കേട്ടാണ്. ഉറക്കച്ചടവ് മാറാതെ അവൾ നേരേ ചെന്നത് അടുക്കളയിലേക്ക്. "അമ്മേ... അമ്മേ." ഉറക്കെ അവൾ വിളിച്ചു. "എന്താ?" അമ്മയുടെ മറുപടി കേട്ടപ്പോഴാണ് അവൾക്ക് സമാധാനമായത്. "എനിക്ക് പനിയുണ്ടോ നോക്ക്യേ... വല്ലാത്ത തലവേദന." അവളുടെ ശബ്ദം ഇടറുന്നുണ്ടായിരുന്നു. അതുകേട്ടപ്പോൾ അമ്മയ്ക്കും ചെറിയ പേടി ഉണർന്നു. "ഇന്നലെയാണ് അയൽപക്കത്തെ സുമയ്ക്കും മക്കൾക്കും കൊറോണ സ്ഥിരീകരിച്ചത്. മോളാണെങ്കിൽ ഏത് സമയവും അവിടെയായിരുന്നു. "അമ്മേ... എന്താ ഈ ആലോചിക്കുന്നേ... ഞാൻ പറഞ്ഞത് കേട്ടില്ലേ." അമ്മുവിന്റെ ചോദ്യം കേട്ടപ്പോൾ അമ്മ പെട്ടന്നൊന്ന് ഞെട്ടി. എന്നിട്ട് തന്റെ കൈപ്പത്തി അവളുടെ നെറ്റിയിൽവച്ചു. നേരിയ ചൂടുണ്ട്. എന്നാലും അമ്മ അത് അവളോട് പറഞ്ഞില്ല. "നിനക്കെവിടെ പനി. ഓരോ അജ്ഞാനവുമായിവന്നോളും. പോയി പല്ലുതേച്ച് വല്ലതും വന്ന് കഴിച്ചേ..." അമ്മയുടെ നെഞ്ചിലൂടെ ഒരു ഇടിമിന്നൽ പാഞ്ഞുപോയി.

അമ്മു വളരെ ക്ഷീണിതയാണ്. എന്താണെന്ന് അവൾക്കും അറിയില്ല. ഭക്ഷണം കഴിക്കാൻ വല്ലാത്ത മടി. വിജനമായ പാതകളിലേക്ക് നോക്കിക്കൊണ്ടുതന്നെ സമയം മുഴുവൻ ചിലവഴിച്ചു. "ഹലോ... അതെ... ആ ശരി... 14 ദിവസമോ? ഇതു മാത്രം തുണ്ടുതുണ്ടായി അവൾ കേട്ടു. "ആരാ അമ്മേ വിളിച്ചേ." അമ്മുവിന്റെ ചോദ്യത്തിന് മറുപടിയെന്നോണം, അമ്മ പറഞ്ഞു "ആരോഗ്യപ്രവർത്തകരാ. 14 ദിവസം വീട്ടിൽ തന്നെ ഇരിക്കാൻ. എന്തേലും ലക്ഷണങ്ങളുണ്ടേൽ വച്ചുകൊണ്ടിരിക്കരുതെന്ന് പറഞ്ഞു." ഇത് കേട്ടപ്പോൾ ദേഷ്യം വന്നത് അച്ഛനാണ്. "രോഗം വരാതിരിക്കാൻ വേണ്ടി വീട്ടിലിരിക്കാൻ സർക്കാര് പറഞ്ഞതാ. ആര് കേൾക്കാൻ. മറ്റുള്ളവർ ലോകം കാണാൻ പോയി ഞങ്ങളെയും അതിലേക്ക് വലിച്ചിടുകയാണല്ലോ. എന്തിനാ ദൈവമേ ഞങ്ങളോടിച്ചതി." അതും ആലോചിച്ചിരിക്കുകയായിരുന്നു ആ കുടുംബം. ഇരുന്നിരുന്ന് അറിയാതെ അമ്മു അമ്മയുടെ മടിയിൽകിടന്ന് ഉറങ്ങിപ്പോയി. എന്നാൽ അപ്പോഴാണ് അമ്മ ശ്രദ്ധിച്ചത്. "ന്റെ ഭഗവാനേ, ന്റെ കുട്ടിയുടെ ദേഹം പൊള്ളുന്നുണ്ടല്ലോ?" അച്ഛൻ അത് കേട്ടത് വേവലാതിയോടെയാണ്. പിന്നെ ഒരു നിമിഷംപോലും കാക്കാതെ അവളെയുംകൊണ്ട് ആശുപത്രിയിലേക്കുള്ള ഓട്ടമായിരുന്നു.

ആശുപത്രിയിലെത്തിയതും ഡോക്ടർമാർ കാര്യങ്ങൾ അന്വേഷിച്ചു. പിന്നെയങ്ങോട്ട് ഓരോ ടെസ്റ്റുകളായിരുന്നു. എന്നാൽ അതൊന്നും അവൾ അറിഞ്ഞിരുന്നില്ല. പതിവുപോലെതന്നെ ഉണരുമ്പോൾ അമ്മു അമ്മയെ വിളിച്ചു. എന്നാൽ കേൾക്കാൻ ആരുമുണ്ടായിരുന്നില്ല. മൂക്കിലേക്ക് കുത്തിക്കയറുന്ന മരുന്നുകളുടെ മണം. അപരിചിതമായ സ്ഥലം. കണ്ണുതുറന്നു അവൾ എല്ലായിടത്തേക്കും ഒന്ന് കണ്ണോടിച്ചപ്പോഴാണ് അറിയുന്നത് താൻ വീട്ടിലല്ല, ആശുപത്രിയിലാണെന്നറിയാൻ അവൾക്ക് അധികസമയം വേണ്ടിവന്നില്ല. താനെന്തിനാണ് ഇവിടെ എന്നാലോചിച്ചിരിക്കുമ്പോഴാണ് മുഖമെല്ലാം മൂടി, പ്രേതങ്ങളെപോലെ തോന്നിക്കുന്ന നാലഞ്ചുരൂപങ്ങൾ അവളുടെ അടുക്കലേക്ക് വരുന്നത് കണ്ടത്. എന്നാൽ എണീറ്റോടാനോ ഒന്ന് കരയാനോ അവൾക്ക് സാധിച്ചിരുന്നില്ല. ആ രൂപം അവളോട് പറഞ്ഞു “പേടിക്കണ്ടാട്ടൊ, മോൾക്ക് പെട്ടന്ന് സുഖായി വീട്ടിലേക്ക് പോവാല്ലോ.” ഇത് പറയുമ്പോഴും ആ രൂപത്തിനറിയാമായിരുന്നു ഈ കുഞ്ഞിന്റെ നില ഗുരുതരമാണെന്ന്. എന്നാൽ അവൾക്ക് ഏക ആശ്വാസം നഴ്സുമാരുടെ കരുതലാണ്.

ദിവസങ്ങൾ കഴിയുമ്പോഴും അവളുടെ നില വഷളായിക്കൊണ്ടിരുന്നു. അമ്മു ചോദിച്ചു “ഡോക്ടറങ്കിളെ... ഞാ...ൻ... മരിക്യോ...” ഡോക്ടറുടെ കണ്ണുകൾ ഈറനണിഞ്ഞു. “മോളെന്താ ഈ പറയുന്നേ... മരിക്കുംന്നോ... മോൾക്ക് അച്ഛനെയും അമ്മയെയും കാണേണ്ടെ... എന്നിട്ടാണോ മരിക്യോന്ന് ചോദിക്കണേ....” ഇത് പറയുമ്പോൾ ആ ഹൃദയത്തിന്റെ തുടിപ്പ് ഇരട്ടിച്ചിരുന്നു. എന്നാൽ അവളോട് ആരും ഒന്നും പറഞ്ഞില്ല.

അവൾക്ക് തീരെ വയ്യാതാവുന്നു. ശ്വാസമെടുക്കാൻ കഴിയുന്നില്ല. ഒരുപാട് ശ്രമിച്ചു. കരയാനും കഴിയുന്നില്ല... കണ്ണുകളിലേക്ക് ഇരുട്ട് ഇരച്ചുകയറുന്നു. തൊണ്ട വറ്റിവരളുന്നു. ഒരു തുള്ളി നീരിനായ് അവളുടെ മനസ്സ് കേണു. എന്നാൽ ഒരു നിമിഷം അവൾ ആ വിജനമായ വീഥിയിലേക്ക് നോക്കി. സ്വതന്ത്രമായി അതിലൂടെ നടക്കാൻ അവൾ ആശിച്ചു. “ഒരുനാൾ ഞാനും സ്വതന്ത്രയാകും.” ആ ചുണ്ടുകൾ മന്ത്രിച്ചു. അവളറിയാതെ കണ്ണുകൾ അടഞ്ഞു. രണ്ട് നീർത്തുള്ളികൾ ഇരുകണ്ണുകളിലൂടെയും അവൾക്കായ് ഒഴുകി.

**റിസ്‌വാന പർവിൻ എസ്**
9 സി, ജി.ജി.വി.എച്ച്.എസ്.എസ്. നെന്മാറ
കൊല്ലങ്കോട് ഉപജില്ല, പാലക്കാട്



# കൊവിഡിൽ പൊലിഞ്ഞ സ്വപ്നം

ഇന്ന് അനിലിന് വളരെ സന്തോഷമുള്ള ദിവസമാണ്. അവന്റെ അച്ഛനിന്ന് വരും. അതിനാൽ അവനിന്ന് സ്കൂളിൽ പോയിട്ടില്ല. അവന്റെ അച്ഛൻ കേരള ലക്ഷദ്വീപ് കപ്പലിലെ ക്യാപ്റ്റനാണ്. അച്ഛനെപ്പോലെ അവനും കപ്പൽയാത്ര വളരെ ഇഷ്ടമാണ്. ഒരു നാവികനാവാനാണ് അവന്റേയും മോഹം.

അച്ഛനെ മാസത്തിലൊരിക്കലേ അവന് കാണാൻ കഴിയാറുള്ളൂ. അച്ഛൻ കൊച്ചിയിലും അവൻ പാലക്കാട്ടുമാണല്ലോ. രാവിലെ പതിനൊന്നു മണിയായപ്പോഴേക്കും അച്ഛനെത്തി. അവനെയും അമ്മയെയും തിരിച്ച് പോവുമ്പോൾ കപ്പലിൽ ലക്ഷദ്വീപിലേക്ക് കൊണ്ടുപോവാമെന്ന് ഏറ്റിട്ടുണ്ട്. അവൻ അച്ഛനെ കണ്ടയുടനെ ഓടിച്ചെന്ന് കെട്ടിപ്പിടിച്ചു. ഒരു ചായ കുടിച്ചതിനുശേഷം അച്ഛൻ കഴിഞ്ഞ കപ്പൽയാത്രയിലുണ്ടായതെല്ലാം വിവരിച്ചു.

എത്ര വേഗമാണ് ദിവസങ്ങൾ കടന്നുപോയത്. ഇന്ന് അച്ഛൻ പോകുന്ന ദിവസമാണ്. "ഹൗ! വല്ലാത്ത കഷ്ടം തന്നെ. എങ്കിലും അച്ഛൻ എന്നെക്കൊണ്ടു പോകുമല്ലോ." അവൻ ആശ്വസിച്ചു. അപ്പോഴാണ് അച്ഛൻ പറയുന്നത്, അവരെ കൊണ്ടുപോകുന്നില്ലെന്ന്. അവന് വളരെ സങ്കടമായി. വിഷുവിന്റെ പിറ്റേന്ന് അവരെ കൊണ്ടുപോകാമെന്ന് അച്ഛൻ ഉറപ്പുകൊടുത്തു. അച്ഛനെ അവൻ സങ്കടത്തോടെ യാത്രയയച്ചു.

അവൻ ദിവസങ്ങൾ എണ്ണിത്തുടങ്ങി. മാർച്ച് പത്തിന് കൊറോണ കാരണം സ്കൂൾ പൂട്ടി. കൊല്ലപ്പരീക്ഷാപ്പേടി മാറി. പക്ഷേ ഐപിഎൽ ക്രിക്കറ്റ് മത്സരം മാറ്റി വച്ചെന്നറിഞ്ഞപ്പോൾ അവന് സങ്കടമായി. മാർച്ച് 24 ന് ലോക്ഡൗണും പ്രഖ്യാപിച്ചു. 6 മണിക്ക് മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനം ഉള്ളതിനാൽ 6 മണിക്കുള്ള "പക്കടം പക്കെടെ" കാർട്ടൂൺ കാണാൻ സാധിച്ചില്ല.

അങ്ങനെ വിഷു വന്നെത്തി. അച്ഛൻ വരുമെന്ന അവന്റെ പ്രതീക്ഷ തെറ്റിച്ച് ടാക്സിക്ക് പകരം ഒരു ഫോൺ കോളാണ് അങ്ങോട്ട് വന്നത്. കപ്പലിൽ നിന്നിറങ്ങിയ ഉടനെ അച്ഛനെ ഐസൊലേഷനിലാക്കി എന്നാണ് ആരോഗ്യ പ്രവർത്തകർ വിളിച്ചു പറഞ്ഞത്. അന്ന് രാത്രിതന്നെ അച്ഛൻ വീഡിയോകോൾ വിളിച്ചു. അച്ഛൻ മാസ്ക് ധരിച്ചുനിൽക്കുന്നതും സാനിറൈറസർ ഉപയോഗിച്ച് കൈകഴുകുന്നതും അവൻ കണ്ടു.

ബ്രേക്ക് ദ ചെയ്ൻ, സ്റ്റേ അറ്റ് ഹോം, സോഷ്യൽ ഡിസ്റ്റൻസിംഗ് തുടങ്ങിയ പദ്ധതികളുടെ പ്രാധാന്യം അച്ഛൻ അവന് മനസ്സിലാക്കിക്കൊടുത്തു. അമ്മയോട് അവന് സാനിറ്റൈസറും മാസ്കും വാങ്ങിക്കൊടുക്കാൻ പറയുകയും ചെയ്തു. അപ്പോഴാണ് അമ്മ ലോക്ഡൗൺ അനിശ്ചിതകാലത്തേക്ക് നീട്ടി എന്ന വാർത്ത അവനെ അറിയിക്കുന്നത്. അങ്ങനെ, ലോക്ഡൗൺ അനിശ്ചിതകാലത്തേക്ക് നീട്ടിയതോടെ കടൽസഞ്ചാരമെന്ന അവന്റെ സ്വപ്നം പൊലിഞ്ഞുപോയി.

**ഘൻശ്യാം പ്രദീപ്**
6 ഡി, ജി.യു.പി.എസ്., അരിയല്ലൂർ
പരപ്പനങ്ങാടി ഉപജില്ല, മലപ്പുറം

# മീനുവിന്റെ ദുഃഖം

ഇത് മീനുവിന്റെ കഥയാണ്. അവൾ ഇപ്പോൾ ഏഴാം ക്ലാസിലാണ്. പരീക്ഷ മൂന്നാലെണ്ണം കഴിഞ്ഞു. അവൾ എട്ടാംക്ലാസിലേക്ക് പോവുന്ന സ്വപ്നങ്ങൾ നിരന്തരം കണ്ടുകൊണ്ടിരിക്കയാണ്. ഏതൊരു ഏഴാം ക്ലാസുകാരിയുടെയും മനസ്സിലുള്ള സ്വപ്നമാണ് നല്ലൊരു ഹൈസ്കൂൾ, പുതിയ കൂട്ടുകാർ. അങ്ങനെ മീനു അടിച്ചുപൊളിച്ച് പുതിയ സ്കൂളും സ്വപ്നം കണ്ടിരിക്കെയാണ് അവന്റെ വരവ്. കോവിഡ് 19, കൊറോണ എന്നീ ഇരട്ടപ്പേരുകളുള്ള വൈറസ്. മീനുവിന്റെ സ്വപ്നങ്ങളുടെ കാലം കൂട്ടാൻ അവനെത്തി. ചൈനയാണ് അവന്റെ ഉറവിടം. അവളുടെ നാട്ടിൽ പൗരത്വത്തിന്റെ പേരിൽ പോരാട്ടങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സമയം. അപ്പോഴാണ് എല്ലായിടത്തും കൊറോണാഭീതി പടർന്നത്.

ചൈനയിൽനിന്നും സമ്പർക്കത്താൽ രോഗം പടരുകയും പലരും മരിക്കുകയും ചെയ്തത് മീനു ദിവസേന പത്രത്തിൽ വായിച്ചു, "ചൈനയിൽ പതിനായിരക്കണക്കിന് ആളുകൾ മരിച്ചതും ലക്ഷക്കണക്കിന് ആളുകൾക്ക് രോഗം പിടിപെട്ടതും". രോഗം ചൈനയിൽ ഒതുങ്ങിയില്ല. ലോകമെമ്പാടും അവൻ പടർന്നു. അങ്ങനെ നമ്മുടെ ഇന്ത്യയിലും വന്നു. ഒരുനാൾ കേരളത്തിലും. ജനങ്ങളിൽ ആശങ്കയുയർത്തി ഈ വൈറസ്. ജനങ്ങളോട് പുറത്തു പോവാതിരിക്കാനും മാസ്ക്ക് ധരിക്കാനും ഗവൺമെന്റ് ഉത്തരവിട്ടു. സ്വയംസുരക്ഷ ഉറപ്പാക്കാനും പറഞ്ഞു. മീനു ആകെ ദു:ഖത്തിലായി. കാരണം പരീക്ഷകളും മറ്റെല്ലാ സാമൂഹ്യപരിപാടികളും മാറ്റി. കല്യാണങ്ങളും കളികളും ഒഴിവാക്കി. ലോകമാകെ നിശ്ശബ്ദത. പ്രധാനമന്ത്രി ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ എവിടേക്കും പോകാൻ വയ്യാത്ത അവസ്ഥ. കേരളത്തിലും ഒരാൾ മരിച്ചപ്പോൾ ലോക്ഡൗൺ കർശനമാക്കി.

പ്രവാസികളാണ് ഇത് കൊണ്ടുവന്നതെന്ന സംസാരം തുടങ്ങി. ഒരു വിരുന്നു പോലും പോവാൻ പറ്റാത്ത അവസ്ഥ. മീനുവിന്റെ ദു:ഖം കൂടി. അവളുടെ വാപ്പച്ചി ഗൾഫിലാണ്. ഗൾഫിൽ ഇവിടത്തെപോലെ കർക്കശമല്ലാത്തതിനാൽ രോഗം പടർന്നുപിടിച്ചിരുന്നു. നമ്മുടെ കേരളത്തിൽ അതുവരെ പാർട്ടിയുടെ പേരിൽ തല്ല് കൂടിയവർ പോലും ഒറ്റക്കെട്ടാണ്. ഇന്ന് പള്ളിയിൽ നിസ്കാരമില്ല. അമ്പലത്തിൽ പൂജയില്ല.

കുർബാനയില്ല. ലോക്ഡൗൺ കുറഞ്ഞുവന്നപ്പോൾ മീനുവിന് ആകാംക്ഷ. കുറച്ചുകാലത്തിനുള്ളിൽ കൊറോണയെ തുരത്താനാകും. പ്രവാസികളെ നാട്ടിലെത്തിക്കാനുള്ള തിടുക്കത്തിലാണ് സർക്കാർ. മാറ്റിവച്ച പരീക്ഷകൾ ഉടനെയുണ്ടാവും. മീനു കാത്തിരിക്കുകയാണ് കൊറോണയുടെ അന്ത്യത്തിനുവേണ്ടി.

പുതിയ സ്കൂളിൽ പോകാൻ അവൾക്ക് തിടുക്കമായി. നമ്മുടെ പഴയ നാടിനു വേണ്ടി അവൾ കാത്തിരിക്കുകയാണ്. മീനു കൊറോണയോട് മനസ്സിൽ പറഞ്ഞു. “നീ സൂക്ഷിക്കുക, ഇത് കേരളമാണ്. ഇവിടെ നിന്നെ പടരാൻ ഞങ്ങൾ അനുവദിക്കില്ല. രാവന്തിയോളം നിന്നെ തോല്പിക്കാൻ ഇവിടെ പോലീസുണ്ട്, ആരോഗ്യപ്രവർത്തകരുണ്ട്, സർക്കാരുണ്ട്, ഡോക്ടർമാരും നഴ്സുമാരുമുണ്ട്. നിന്റെ അന്ത്യം അടുത്തിരിക്കുന്നു.”

**സൻഹ റിയാന.പി**
7 ബി, ജി.യു.പി.എസ്., കരിങ്കപ്പാറ
താനൂർ ഉപജില്ല, മലപ്പുറം



ആദിഫ് മുനീർ
ക്ലാസ് 5, ജിഎച്ച്എസ്എസ്, തരിയോട്, വയനാട്

# പ്രകൃതിയുടെ കാവൽക്കാരൻ

സൂര്യൻ ഉദിച്ചുവരുന്നതേയുള്ളു. അഭിരാം എഴുന്നേറ്റിട്ടില്ല. സൂര്യന്റെ വെളിച്ചം അവന്റെ മുഖത്തേക്ക് കർട്ടനിലൂടെ അരിച്ചുവന്ന് പ്രകാശിച്ചു. അവൻ കണ്ണ് തുറന്ന് കർട്ടൻ നീക്കി ജനൽപ്പാളി മെല്ലെ തുറന്നു. പുറത്ത് ബഹളമാണ് നഗരമായതുകൊണ്ടുതന്നെ കാറുകൾ, ബസ്സുകൾ, ലോറികൾ എന്നിവ ചീറിപ്പായുന്ന ശബ്ദവും ജോലിക്ക് പോകുന്നവരുടെയും കുട്ടികളുടെയും ബഹളവും. അവൻ എഴുന്നേറ്റു കുളിമുറിയിലേക്ക് നടന്നു. അതിനുശേഷം അടുക്കളയിലേക്കും. അമ്മ അവിടെ പാത്രങ്ങളോട് മല്ലിടുകയായിരുന്നു. അവനെ കണ്ടപാടെ അമ്മ ചായ കൊടുത്തു. സംസാരിക്കാനൊന്നും അമ്മയ്ക്ക് സമയമുണ്ടായിരുന്നില്ല. ഇത് കഴിഞ്ഞിട്ട് വേണം അമ്മയ്ക്ക് ജോലിക്ക് പോകാൻ. അവനോടു സ്കൂളിൽ പോകാൻ റെഡിയാവാൻ പറഞ്ഞു അമ്മ അകത്തേക്ക് പോയി. അവൻ പെട്ടെന്ന് തയാറായിവന്നു. മേശപ്പുറത്തു ബ്രെഡും ജാമും ഇരിപ്പുണ്ട്. പിന്നെ അവനും അമ്മയ്ക്കും കൊണ്ടുപോകാനുള്ള ഉച്ചഭക്ഷണവും. അവന് ദേഷ്യം വന്നു.

"എന്നും ബ്രെഡും ജാമും കഴിച്ചു മടുത്തു. അമ്മയ്ക്കു വല്ല പുട്ടും കടലക്കറിയും ഉണ്ടാക്കിക്കൂടെ?"

ഇതുകേട്ട അമ്മ പറഞ്ഞു, "വേണമെങ്കിൽ എടുത്തു കഴിച്ചോ. എനിക്ക് രണ്ടുകൈയേയുള്ളു. എല്ലാം ഞാൻ തന്നെ ചെയ്യണ്ടേ." അവൻ എങ്ങനെയൊക്കെയോ കഴിച്ചുതീർത്തു. അപ്പോഴേക്കും അമ്മ റെഡിയായിനിന്നു. രണ്ടു പേരും പുറത്തേക്കിറങ്ങി. അമ്മ വാതിൽ പൂട്ടുകയായിരുന്നു. അവൻ ഫ്ളാറ്റിന്റെ ബാൽക്കണിയിലൂടെ പുറത്തേക്കുനോക്കി. അവൻ ആശ്ചര്യപ്പെട്ടുപോയി! എല്ലാവരും തിരക്കിലാണ്. നടപ്പാതയുടെ അരികിൽ മാലിന്യക്കൂമ്പാരമുണ്ട്. ആളുകൾ അതൊന്നും ശ്രദ്ധിക്കുന്നേയില്ല. അമ്മ വിളിച്ചപ്പോൾ അവൻ ലിഫ്റ്റിൽ കയറി. അപ്പോഴും അവൻ ചിന്തിച്ചത് എന്തുകൊണ്ടാണ് ആളുകൾ റോഡിൽ മാലിന്യം തള്ളുന്നത് എന്നായിരുന്നു. കൊതുകെല്ലാം മുട്ടയിട്ട് പെരുകി അതല്ലേ ഡെങ്കിപ്പനിയുമായി വരുന്നത്. അതുപോലെ എലിപ്പനിയും മറ്റു മാരകവൈറസുകളും നമ്മുടെ ശരീരത്തിലെത്തും. പെട്ടെന്നാണവൻ ഓർത്തത്, താനിപ്പോൾ സ്കൂൾ ബസ്സിൽ ആണെന്ന കാര്യം. സ്കൂൾ എത്തിയിരിക്കുന്നു. ആയ വന്ന് വരിവരിയായി ക്ലാസുകളിലേക്ക് കൊണ്ടുപോയി. ക്ലാസ്സിൽ തന്റെ അടുത്തിരിക്കുന്ന ആദിത്യൻ എത്തിയിട്ടില്ലായിരുന്നു. ടീച്ചർ ക്ലാസിലെത്തി ബയോളജി ആണ് എടുത്തത്. കഥ പറയും പോലെയാണ് ടീച്ചർ പറയുന്നത്

"ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത എന്താണെന്ന് അറിയാമോ?" ടീച്ചർ എല്ലാവരോടുമായി ചോദിച്ചു. കുട്ടികൾ പലരും പലതും പറഞ്ഞു. "ഇന്ന് ലോകപരിസ്ഥിതിദിനമാണ്. നമ്മുടെ പ്രകൃതിയെയും മറ്റും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ ഓർമിപ്പിക്കാൻ ഒരു ദിവസം. നിങ്ങൾക്ക് പരിസ്ഥിതിസംരക്ഷണത്തെക്കുറിച്ച് എന്താണ് പറയാനുള്ളത്?" അഭിരാം എഴുന്നേറ്റുനിന്നു. അവൻ പറഞ്ഞു, "ഇന്ന് നമ്മുടെ പ്രകൃതി ഇങ്ങനെയാവാൻ കാരണം മനുഷ്യരാണ്. മനുഷ്യൻ മാലിന്യങ്ങൾ അലസമായുപേക്ഷിച്ചു. പ്രകൃതിയെ മലിനമാക്കുന്നു. അതിനാൽത്തന്നെ ദിനംതോറും ഡെങ്കിപ്പനിയും എലിപ്പനിയും മറ്റു വൈറസുകളും നമ്മുടെ പിന്നാലെ വരുന്നു." ടീച്ചർ അവനെ പ്രശംസിച്ചു. നഗരത്തിൽ ജീവിക്കുന്ന ഒരു കുട്ടിക്ക് പ്രകൃതിയെക്കുറിച്ചും മാലിന്യങ്ങൾ കൊണ്ടുവരുന്ന അസുഖങ്ങളെ ക്കുറിച്ചും ഇത്രയും ബോധമുണ്ടല്ലോ. ടീച്ചർ പറഞ്ഞു, "ഇതിനൊക്കെ കാരണം വ്യക്തിശുചിത്വമില്ലായ്മയാണ്. വീടും പരിസരവും എപ്പോഴും വൃത്തിയാക്കിവയ്ക്കണം." അത് കേട്ടപ്പോൾ അഭിരാം എഴുന്നേറ്റു പറഞ്ഞു, "ടീച്ചർ, നമുക്ക് നാളെ ഇതിനെക്കുറിച്ചൊരു ബോധവൽക്കരണ റാലിയും ക്ളാസും സംഘടിപ്പിച്ചാലോ?" അതൊരു നല്ലകാര്യമാണെന്നും ആളുകളിൽ മാറ്റം കൊണ്ടുവരാൻ ഒരു പക്ഷേ സാധിക്കുമെന്നും ടീച്ചർ പറഞ്ഞു. പിറ്റേന്ന് രാവിലെ അഭിരാം പെട്ടന്നുതന്നെ സ്കൂളിലെത്തി. മറ്റുള്ളവർ പ്ലക്കാർഡും മറ്റും ഉണ്ടാക്കിയിരുന്നു. അവൻ തന്റെ പ്ലക്കാർഡ് ബാഗിൽ നിന്നെടുത്തു. കുട്ടികളെയെല്ലാം തയാറാക്കിനിർത്തി, റാലി ആരംഭിച്ചു. റാലിയുടെ മുന്നിൽ മുദ്രാവാക്യങ്ങൾ വിളിച്ചു പറഞ്ഞത് അഭിരമായിരുന്നു. എല്ലാവരും അവനെ ശ്രദ്ധിക്കാൻ തുടങ്ങി. ഒരു കുട്ടി പ്രകൃതിയെയും ശുചിത്വത്തെപ്പറ്റിയും വിളിച്ചു പറയുന്നത് കേട്ട് പലരും അത്ഭുതപ്പെട്ടു. പിറ്റേന്ന് അത് പത്രത്തിൽ വന്നു. പലയിടത്തുനിന്നും മാധ്യമപ്രവർത്തകരും ആളുകളും അവനെ കാണാൻ എത്തി. ഇനിയും ഇതുപോലെ പ്രകൃതിക്കുവേണ്ടി സംസാരിക്കണമെന്നും മുദ്രാവാക്യങ്ങൾ മുഴക്കണമെന്നും അവർ പറഞ്ഞു. ഇതെല്ലാം അവനിൽ ഉത്സാഹമുണ്ടാക്കി. ഈ വാർത്ത കേട്ട് മുഖ്യമന്ത്രി അവനെ വിളിച്ച് അഭിനന്ദിച്ചു. പലരും അവന് സ്വീകരണം നൽകി. ഒരു കാര്യമേ അഭിരാമിന് എല്ലാവരോടും പറയാനുണ്ടായിരുന്നുള്ളു, "പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. നാം എപ്പോഴും ശുചിത്വം പാലിക്കണം. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം."

**ഫയ്ഹ സാറ കെ**
6 എ, ജി.വി.എച്ച്.എസ്.എസ്., അത്തോളി
കൊയിലാണ്ടി ഉപജില്ല, കോഴിക്കോട്

# പ്രകൃതിയുടെ ആത്മഗതം

നിങ്ങൾ വ്യസനിക്കുന്നത് ഞാൻ അറിയുന്നു. മനുഷ്യനായിപ്പിറന്ന എന്റെ പിഞ്ചോമനകൾ വളർന്നു. ഈ അമ്മയ്ക്കപ്പുറം വലുതായതുകൊണ്ട് എന്റെ കുട്ട്യോൾക്ക് വിലയില്ലാണ്ടായി. അമ്മയുടെ കരങ്ങളായ മരങ്ങളെ വെട്ടിമുറിച്ചപ്പഴമ്മ കേണു കരഞ്ഞത് കേൾക്കാൻ നിങ്ങൾക്ക് സാധിക്കാത്തതിന് കാരണം നിങ്ങൾ എ.സി. ഇട്ട ഫ്ളാറ്റിന്റെ മുറികളിൽ ഉറങ്ങി ക്കിടന്നത് കൊണ്ടാണ് എന്നമ്മ അറിയുന്നു. എന്റെ രക്തമായ പുഴകളിൽ മണ്ണിട്ട് മൂടുമ്പോഴും കറുത്ത ഫോർഡിന്റെ വിൻഡോകൾ വലിച്ചിട്ടപ്പോഴും നിങ്ങൾ എന്നെ മറന്നു. ആ ആറുവരിപ്പാതക്കടിയിൽ ഞാൻ ജീവനോടെ സംസ്കരിക്കപ്പെട്ടു. എന്റെ മാറായ കുന്നുകൾ ജെ.സി.ബിയുടെ മൂർച്ചയേറിയ പല്ലുകൾ കടിച്ചുകീറിയപ്പോഴും ഞാൻ മരിക്കാതെ ഇരുന്നതിനു കാരണം ഈ ദിവസത്തെ ഓർത്താണ്. മഹാമാരിയായ രോഗം എന്റെ കുട്ട്യോളെ കാർന്നുതിന്നാണ് ല്ലേ? പുറത്തിറങ്ങേണ്ട! കെട്ടിപ്പൊക്കിയ ചുവരുകളാണ് സുരക്ഷ. ചുരുണ്ടുകൂടി മാളത്തിൽത്തന്നെ ഒളിക്കുക. മഹാമാരി ഒഴിഞ്ഞു ശാന്തമാവുമ്പോൾ പുറത്തിറങ്ങണം. അന്ന് സൗന്ദര്യംകൊണ്ട് തിളങ്ങുന്ന എന്നെ കാണാൻ കണ്ണുണ്ടെങ്കിൽ നിനക്ക് സാധിക്കും. ഞാൻ ഇന്ന് പരിശുദ്ധയാണ്. എന്റെ നിശ്വാസങ്ങൾക്കിന്ന് പുകപടലത്തിന്റെ ചുവയില്ല. എന്റെ മുഖത്തെ പാടുകളൊക്കെ അപ്പാടെ മാറിത്തുടങ്ങിയിരിക്കുന്നു. എന്റെ ഞരമ്പിലെ പുഴ രക്തതടസങ്ങളില്ലാതെ ഇന്നൊഴുകുന്നുണ്ട്. കൊച്ചുമകനായ ഗുജറാത്തിനു തന്റെ ബന്ധുവായ ഹിമാലയത്തെ ഇന്ന് തെളിഞ്ഞു ദർശിക്കാം. അത്രമാത്രം പരിശുദ്ധവും പരിപൂർണവുമാണ് ഞാൻ. മഹാമാരിക്കപ്പുറം എന്റെ കുട്ട്യോൾക്ക് അമ്മയെ തേടി വരാം പിന്നീട്. എന്റെ പരിപാലനം നിങ്ങൾ വഹിക്കും. ഇനിയും ഒരു പക്ഷേ, വേദനകളേറ്റ്, അവയവങ്ങൾ ഛേദിക്കപ്പെട്ട് ഞാൻ എന്ന പ്രകൃതി വീണ്ടും നശിക്കപ്പെടാം. മറ്റൊരുപക്ഷേ കുറ്റബോധത്താൽ നന്മ കൊണ്ടെന്നെ ചുംബിക്കുകയുമാവാം. ഏതായാലും ഞാൻ ഏറ്റുകൊള്ളാം സന്തോഷപൂർവം. കാരണം ഞാൻ... അമ്മയാണ്.

**അനശ്വര പി പങ്കജ്**
10 ജെ. ജി.വി.ജി.എച്ച്.എസ്.എസ്., ചിറ്റൂർ
ചിറ്റൂർ ഉപജില്ല, പാലക്കാട്

# മരണത്തിന്റെ മണം

കബീറിന്റെ തൊണ്ട വരളുന്നു, കണ്ണിലിരുട്ടു കയറുന്നു, കാലുകൾ തളരുന്നു, താൻ വൈകാതെ നിലത്ത് വീഴുമെന്ന് തന്നെ അയാൾക്ക് തോന്നി. മരണത്തിന്റെ മണം. കുറച്ചുകാലങ്ങൾക്കുമുമ്പുള്ള തന്റെ സ്ഥിതി അയാളുടെ മനസിലേക്ക് ഇരച്ചുകയറി. ആഹാ! എത്ര മനോഹരം! ഇന്ന് താൻ പൊള്ളും വെയിലിൽ പറക്കമുറ്റാത്ത തന്റെ കുഞ്ഞും ഭാര്യമായി പാതയിലൂടെ നടക്കുകയാണ്. ചുറ്റിലും തന്നെപ്പോലെ കുറേപ്പേർ. സമയം വീണ്ടും പിന്നോട്ടുപായുന്നു. ആ ഓർമകൾ അയാളെ കരച്ചിലിന്റെ വക്കോളമെത്തിച്ചു. താനിനി വീണ്ടും കുടുംബവുമായി ആ അവസ്ഥയിലെത്തിച്ചേരുമോ? ഉത്തർ പ്രദേശിൽനിന്ന് ദില്ലിയിലേക്ക് ജോലി തേടിയെത്തിയതാണ്. ഒടുവിൽ താനൊരു റിക്ഷാക്കാരനായി. തനിക്കൊരു പഴയ റിക്ഷാ തന്ന രാജ്സിംഗിനെ ഓർത്തുപോയി. എത്ര നല്ല മനുഷ്യനായിരുന്നദ്ദേഹം. ഒരു ദിവസം റിക്ഷയിൽ അവൾ കയറി ദീപിക കൃഷ്ണ. അവളുടെ മുടിയിഴകൾ താനന്നേ ശ്രദ്ധിച്ചു. പിന്നീട് പലവട്ടം അവൾ ആ സൈക്കിൾ റിക്ഷയിൽ കയറി. എപ്പോഴോ മനസിലേക്ക് പ്രണയം കടന്നുവന്നു. ഒടുവിൽ ഒളിച്ചോട്ടം. ഉത്തർ പ്രദേശിലെ തന്റെ പെങ്ങളും അമ്മയും ദീപികയെ സന്തോഷത്തോടെതന്നെ സ്വീകരിച്ചു. പെങ്ങളുടെ കല്ല്യാണം നടത്തണം. നാട്ടിലെ കുഗ്രാമത്തേക്കാൾ ദില്ലിയാണ് പണം സമ്പാദിക്കാനെളുപ്പം. ദില്ലിയിലെ പഴയ റിക്ഷാ അവിടെ ഉണ്ടാകുമെന്ന പ്രതീക്ഷയിൽ അങ്ങോട്ട് ചേക്കേറി. സന്തോഷമുള്ള ജീവിതം. തന്റെ ജീവിതത്തിലേക്ക് പുതിയൊരു അതിഥിവരുന്നു. പുതിയ സ്വപ്നങ്ങൾക്ക് ചിറകുമുളക്കുന്നു. റിക്ഷയിലൂടെ പണം സ്വരുക്കൂട്ടി. നല്ല തുകതന്നെ ചെലവായി ആശുപത്രിയിൽ. ആശുപത്രിയിലെ ഇടപാട് തീർത്ത് മടങ്ങാൻ പണം തികഞ്ഞില്ല. കടം വാങ്ങാൻ അഭിമാനം സമ്മതിച്ചില്ല. തന്റെ പ്രിയപ്പെട്ട റിക്ഷാ വിൽക്കുക തന്നെ. തന്റെ ഓമന പൈതലിനെക്കണ്ട നിമിഷം ഉണ്ടായ ആഹ്ലാദം പറഞ്ഞറിയിക്കാനാവാത്തതായിരുന്നു .ആ ഓമൽക്കുഞ്ഞിന് പേരും നൽകി, രഘുനാഥ്. സന്തോഷകരമായ നാളുകൾ അധികം നീണ്ടുനിന്നില്ല. കുഞ്ഞുപിറന്നു രണ്ടുദിവസം കഴിഞ്ഞപ്പോൾ അപ്രതീക്ഷിതമായിട്ടായിരുന്നു കോവിഡ് എന്ന മഹാമാരിയെത്തുർന്നുണ്ടായ ലോക്ഡൗൺ പ്രഖ്യാപനം. ആദ്യത്തെ ഒരാഴ്ച എങ്ങനെയോ കഴിച്ചുകൂട്ടി. അന്നന്നത്തെ കൂലികൊണ്ട് കഴിച്ചുകൂട്ടിയിരുന്ന തന്റെ

കുടുംബം പട്ടിണിയിലേക്ക് വീണുപോയി. ജീവിതം തള്ളി നീക്കാനാവുന്നില്ല. ഉത്തർ പ്രദേശിലെ തന്റെ വീട്ടിലെ അവസ്ഥയോർത്ത് അയാൾക്ക് ശ്വാസം മുട്ടി. പെങ്ങളും അമ്മയും തയ്യൽക്കൂലിയായിക്കിട്ടുന്ന തുച്ഛമായ വരുമാനത്തിലാണ് ജീവിക്കുന്നത്. അവരുടെ സ്ഥിതി എന്തായിരിക്കും. അമ്മയുടെ മരുന്ന് മുടങ്ങുമോ? പെങ്ങളുടെ വിവാഹമെങ്ങനെയായിത്തീരും? തന്റെ പ്രിയപ്പെട്ട റിക്ഷാ വിറ്റുപോയി. കൈയിലിരുന്ന പണം മുഴുവൻ ആശുപത്രിയിൽ ചെലവായി. പുറത്ത് വാഹനങ്ങളൊന്നുമില്ല. പട്ടിണിയുടെ നാളുകൾ നീണ്ടുപോയി. മരണത്തിലേക്കുള്ള ദൂരം കുറഞ്ഞുവരുന്നു. ദില്ലിയിലെ പൗരന്മാരല്ലാത്തതുകാരണം ഭക്ഷണവും കിട്ടുന്നില്ല. നാട്ടിലേക്ക് പോവുകയേ നിവൃത്തിയുള്ളൂ. തന്റെ റിക്ഷയുണ്ടായിരുന്നെങ്കിൽ അതിൽ പോകാമായിരുന്നു. ഒടുവിൽ താനും മറ്റ് ആന്യസംസ്ഥാന ത്തൊഴിലാളികളും കാൽനടയായി യാത്രതുടങ്ങി. കൈയിൽ ഭക്ഷണമില്ല, വെള്ളമില്ല.നാലുദിവസമായി നടത്തം തുടങ്ങിയിട്ട്. എന്തുചെയ്യണം നിശ്ചയമില്ല. കണ്ണിലിരുട്ടുകയറുന്നു. താൻ വൈകാതെ നിലത്തുവീഴും. തന്റെ ഭാര്യ കുറേ നേരമായി കാൽ തളരുന്നു, തലകറങ്ങുന്നു എന്നൊക്കെ പറയുന്നു. താൻ നിസഹായനാണ്. വിശ്രമിക്കാനെന്ന് പറഞ്ഞാൽ അതൊരു തമാശയാകും. ചുട്ടുപൊള്ളുന്ന വെയിലിലെവിടെയാണ് വിശ്രമസ്ഥലം. തെരുവുനായ്ക്കൾ ഭ്രാന്ത് പിടിച്ചതുപോലെ ഓടുന്നു. എല്ലാവരുടെയും കാലുകൾ പഴുത്തുപൊട്ടി. മരണം കടന്നുവന്നു. അതിനെ കാത്തിരുന്ന തന്റെ നേരേയല്ല. തന്റെ ഭാര്യ ദീപിക മരണത്തിന് കീഴടങ്ങി. അവൾ നീണ്ടവിശ്രമത്തിലേക്ക് വീണു. ഞാൻ മരവിച്ചുപോയി. മരണത്തിന്റെ മണം.

**വിനയ്**
7 എ, ഗവൺമെന്റ് എച്ച്.എസ്.എസ്.പറവൂർ,ആലപ്പുഴ
ആലപ്പുഴ ഉപജില്ല, ആലപ്പുഴ

# ഒരു മുത്തശ്ശിക്കഥ

മോനേ ഞാനൊരു കഥ പറയാം, നമ്മളുടെ കണ്ണ്കൊണ്ട് പോലും കാണാൻ പറ്റാത്ത ഒരു വൈറസ്, നാടും നഗരവും എല്ലാം കടന്നുവന്ന ഒരു കഥ, പണ്ട് ഞങ്ങളുടെ നാട്ടിൽ ഒരു വലിയ ആപത്തുണ്ടായി, ഒരു മഹാമാരി. കൊറോണവൈറസ് അഥവാ കോവിഡ് 19. ഇതിനൊക്കെ തുടക്കം കണ്ടപ്പോൾ വന്ന് മാറും എന്ന് വിചാരിച്ചു. ഇത് ചൈനയിലായിരുന്നു ഉത്ഭവിച്ചത്. എന്റെ നാട്ടിലും കോവിഡ് വന്നപ്പോൾ ഞാനും എന്റെ കൂട്ടുകാരും എല്ലാവരും പേടിച്ചു. പിന്നീട് ഇതൊക്കെ പലയിടങ്ങളിൽ വ്യാപിച്ചു. അമേരിക്കപോലുള്ള എല്ലാത്തിലും മികച്ചുനിന്ന രാജ്യങ്ങളിൽപോലും വലിയതോതിൽ ഇതുപോലെ തന്നെ വൈറസ് പടർന്നു. അന്ന് എല്ലായിടത്തും ഈ മഹാമാരി കാരണം പുറത്ത് പോകാനും, അകത്തുള്ളവരോട് അടുക്കാനും പേടിയായിരുന്നു. എങ്കിലും ഞങ്ങളുടെ നാട് പ്രതിരോധത്തിൽ ലോകത്തിനു മുന്നിൽ തലയുയർത്തിനിന്നു. കൊച്ചുകുഞ്ഞുങ്ങൾ പുറംലോകം കാണാതെ നാളുകൾ കഴിച്ചുകൂട്ടി, ഞങ്ങളുടെ പ്രധാനമന്ത്രി ലോക്ഡൗൺ പ്രഖ്യാപിച്ചു മാസങ്ങളോളം. തകർന്നുപോയെന്റെ ബാല്യം എന്ന് അന്ന് ഞാൻ പറഞ്ഞുപോയി. കളിക്കാൻ പറ്റില്ല, കൂട്ടുകാരെ കാണാൻ പറ്റില്ല. ഞാൻ ഇടയ്ക്കൊക്കെ പുറത്ത് നോക്കി കൊതിതീർക്കും. ഒന്ന് പുറത്തിറങ്ങിയാൽ, പുറത്ത് നിൽക്കുണ്ടാവും ചൂരൽപിടിച്ച് പോലീസ്, കേരള പോലീസ്, ഇവരുടെ കൈയിൽ പെട്ടാൽ പിന്നെ അവിടെന്ന് ഊരാൻ പാടായിരുന്നു. അങ്ങനെ ഈ നാട് എല്ലാം അതിജീവിച്ച് വീണ്ടും ഉയരങ്ങൾ കീഴടക്കി...

**ഹനാൻ മിസ്അബ്**
6 ബി, ശ്രീ.ടി.കെ.എം.എം. യു.പി.എസ്., വാടയ്ക്കൽ
ആലപ്പുഴ ഉപജില്ല, ആലപ്പുഴ

# അനാഥൻ

തിരുമംഗലം നാട്. അവിടെ അനാഥനായ ഒരു ബാലനുണ്ടായിരുന്നു. അവന്റെ പേരെ രമേശൻ. അവൻ അനാഥനായ കഥ ഞാൻ പറയാം. മുത്തശ്ശനും മുത്തശ്ശിയും അച്ഛനും അമ്മയും അടങ്ങിയ സന്തോഷം നിറഞ്ഞ വീടായിരുന്നു അവന്റേത്. അച്ഛന് ദുബായിൽ വലിയ കമ്പനിയിലാണ് ജോലി. ലീവിന് വരുമ്പോഴൊക്കെ ചോക്ളേറ്റും കളിക്കോപ്പുകളും കൊണ്ടുവരും. അങ്ങനെയിരിക്കെ നാട്ടിലാകെ പടരുന്ന മഹാമാരി വന്നു. ആ രോഗമാണ് കോവിഡ് 19. ആ സമയമാണ് അച്ഛൻ ലീവിൽ നാട്ടിൽവരുന്നത്. രോഗത്തിന്റെ ഗൗരവം കണക്കിലെടുക്കാതെ ഞാനും അമ്മയും അച്ഛനെ കൂട്ടാൻ എയർപോർട്ടിൽപോയി. അച്ഛൻ വീട്ടിലെത്തി. അപ്പോൾത്തന്നെ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ വീട്ടിലെത്തി.അച്ഛനോട് എന്തൊക്കെയോ പറഞ്ഞു അവർ മടങ്ങി. ഞാൻ അച്ഛനോട് അവർ എന്തിനാ വന്നതെന്ന് ചോദിച്ചു. രണ്ടാഴ്ച മാറിയിരിക്കണമെന്നും ആരുമായും സമ്പർക്കം പാടില്ലെന്നും അവർ പറഞ്ഞു. ഈ പറഞ്ഞ കാര്യങ്ങളൊന്നും അച്ഛൻ കാര്യമാക്കിയില്ല. കുറച്ചുനാളുകൾക്കുശേഷം അച്ഛന് തുമ്മലും തൊണ്ടവേദനയുമുണ്ടായി. ഡോക്ടറെ കാണിച്ചു. വിശദമായ പരിശോധനയിൽ കോവിഡ് 19 ആണെന്ന് മനസ്സിലായി. അതോടെ എല്ലാവരെയും പരിശോധനക്ക് വിധേയമാക്കി. അപ്പോഴേക്കും കൊറോണ പണിതുടങ്ങിയിരുന്നു. കുറച്ചു നാളുകൾ കൊണ്ട് അച്ഛനും അമ്മയും മുത്തശ്ശനും മുത്തശ്ശിയും മരണത്തിലേക്ക് യാത്രയായി. പാവം രമേശൻ, അവൻ അനാഥനായി. രോഗത്തിന്റെ ഗൗരവം മനസിലാക്കാതെ നിസ്സാരമായി കണ്ടതുകൊണ്ട് അവൻ വിലപ്പെട്ടവർ നഷ്ടമായി.

**നൗറ ഫാത്തിമ**
5 എ, ഡി.ഐ.എസ്.ജി.എച്ച്.എസ്.എസ്.
കണ്ണൂർ നോർത്ത് ഉപജില്ല, കണ്ണൂർ

# അതിജീവനം

അപ്പൂ, അമ്മൂ... ഇവരിതെവിടെയാ? അപ്പുവിന്റെയും അമ്മുവിന്റെയും അമ്മ അവരെ വിളിച്ചു നടന്നു. അവൾക്ക് വേവലാതിയായി. കാരണം അവരുടെ അച്ഛൻ മനു വിദേശത്താണ് ജോലി ചെയ്യുന്നത്. മനുവിന്റെ അച്ഛനും ദേവുവും മക്കളുമാണ് വീട്ടിലുള്ളത്. അവൾ മക്കളെ കണ്ടോ എന്ന് അച്ഛനോട് ചോദിക്കാൻ ഉമ്മറത്തെത്തി. അവിടെയതാ അച്ചച്ചനും മക്കളും ടി.വിയുടെ മുന്നിൽ ഇരിക്കുന്നു. ദേവുവിന് ദേഷ്യം വന്നു. അവൾ കുട്ടികളോട് കയർത്തു. അപ്പോൾ അവളുടെ ശ്രദ്ധ ടി.വിയിലേയ്ക്ക് തിരിഞ്ഞു. സ്ക്രീനിൽ വലുതായെഴുതിയ വാചകം അവൾ വായിച്ചു.ചൈനയിൽ കൊറോണ പടർന്നു പിടിക്കുന്നു. അവളുടെ മനസ്സ് പിടഞ്ഞു കാരണം മനുവിന്റെ അനിയൻ വിനു അവിടെയാണ് പഠിക്കുന്നത്.അച്ഛാ, അവൾ വിറയലോടെ വിളിച്ചു. അച്ഛന്റെ മുഖത്തും പരിഭ്രമം. ആ കുടുംബം വേവലാതിപ്പെട്ടു. മോനെ ഫോൺ ചെയ്തിട്ട് കിട്ടുന്നില്ല. ഇനി എന്ത് ചെയ്യും? അവർക്ക് ഒരെത്തുംപിടിയും കിട്ടിയില്ല. ആളുകൾ അവരോട് വിവരങ്ങൾ അന്വേഷിച്ച് സഹതപിച്ചു. ഒരു ദിവസം വിനു ഫോൺചെയ്ത് പറഞ്ഞു. ഞാൻ നാട്ടിലേയ്ക്ക് വരുന്നുണ്ട്. അച്ഛന് സന്തോഷമായി. അതേ സമയം അച്ഛൻ താൻ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ബോധവാനായി. ദേവുവിനെയും കുട്ടികളെയും കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കിച്ചു. ആ മഹാമാരിയുടെ അപകടത്തെക്കുറിച്ചും മറ്റും. നാട്ടിലെ ആരോഗ്യപ്രവർത്തകരെ കണ്ട് തന്റെ മകൻ നാളെ നാട്ടിലെത്തുമെന്ന് അറിയിച്ചു. അവർ ആവശ്യമായ നിർദ്ദേശങ്ങൾ അദ്ദേഹത്തിന് നല്കി. വീട്ടിലെത്തിയ അയാൾ ദേവുവിനെയും മക്കളെയും വീട്ടിലേക്കയച്ചു. പിറ്റേന്ന് വന്ന വിനുവിന്റെ ടെസ്റ്റ് ഫലം നെഗറ്റീവായിരുന്നെങ്കിലും അച്ഛൻ അവനെ വീട്ടിൽ വളരെ ശ്രദ്ധയോടെ പാർപ്പിച്ചു. അച്ഛനും മറ്റുള്ളവരോട് ഇടപഴകിയില്ല. രണ്ടാഴ്ച കുഴപ്പമില്ലാതെ കടന്നു പോയി. ഒരു ദിവസം വിനുവിന് ചെറിയ പനി. അച്ഛൻ ഉടനെ ആരോഗ്യപ്രവർത്തകരെ വിവരമറിയിച്ചു. അവർ ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ചു. വിനുവിന് രോഗം സ്ഥിരീകരിച്ചു. അച്ഛനും നിരീക്ഷണത്തിലായി. വിനുവിന്റെ അസുഖം ഭേദമാവുമ്പോഴേയ്ക്കും അച്ഛനെയും രോഗം പിടികൂടി. മരണത്തോട് മല്ലിട്ട് അച്ഛൻ ജീവിതത്തിലേയ്ക്ക് തിരിച്ചുവന്നു. എല്ലാവരും അദ്ദേഹത്തെ കണ്ട് സന്തോഷം പങ്ക് വെച്ചു. കൂടാതെ അച്ഛന്റെ കരുതൽകൊണ്ട് അവരിൽ മറ്റാർക്കും അസുഖം പിടിപെട്ടില്ല. ആരോഗ്യ പ്രവർത്തകരും നാട്ടുകാരും ആ നല്ല മനസ്സിന്റെ കരുതലിനെ അനുമോദിച്ചു.

**ശ്രീനന്ദ്**
7 എ, നമ്പ്രത്ത്കര യു.പി. സ്കൂൾ
മേലടി ഉപജില്ല, കോഴിക്കോട്

# ഓർമകളുടെ പടവുകൾ

മുത്തശ്ശിയുടെ വാത്സല്യം നിറഞ്ഞ സംസാരംകേട്ട് അമ്മുക്കുട്ടി കണ്ണ് തുറന്നു. ജനാലകൾക്ക് ഇടയിലൂടെ ഉദിച്ചു നിൽക്കുന്ന സൂര്യനെ അവൾ നോക്കി നിന്നു. ഉറക്കം പിടിച്ചുനിൽക്കുന്ന അവളുടെ കണ്ണുകളിലേക്ക് സൂര്യപ്രകാശം എൽക്കുന്നു. ആ ഭംഗിയിൽ നിൽക്കുമ്പോൾ പെട്ടെന്നൊരു വിളി.

'അമ്മുക്കുട്ടി..... ' മുത്തശ്ശി അടുക്കളയിൽ നിന്നും അവളെ വിളിക്കുകയാണ്. വിളി കേട്ടതും അവൾ ചാടി എഴുന്നേറ്റ് മുറ്റത്തേക്ക് ഇറങ്ങി. മാവിന്റെ ഇലയും ഉമിക്കരിയും ആയി മുത്തശ്ശി അവളുടെ അടുത്തേക്ക് വന്നു. പല്ലുതേച്ച് പ്രഭാത കർമങ്ങൾ ചെയ്ത് ഊണുമേശയിലിരിക്കുന്ന അമ്മുക്കുട്ടിയുടെ മുന്നിലേക്ക് ചൂട് ദോശയും ചമ്മന്തിയും. അവൾ അത് ആസ്വദിച്ചുകഴിക്കുകയാണ്. വേനൽക്കാലം ആയതിനാൽ കളികളും തമാശകളും ആയി കഴിയുന്ന അമ്മുക്കുട്ടിക്ക് ഈ കൊല്ലം പ്രത്യേകസന്തോഷമാണ്. വർഷങ്ങൾ ആയി വിദേശത്തു ജോലി ചെയുന്ന തന്റെ മാതാപിതാക്കൾ തന്നെ കൊണ്ടുപോകാൻ വരികയാണ്. അവരുടെ വരവിനായി അമ്മുക്കുട്ടി കാത്തിരിക്കുകയാണ്. അങ്ങനെ ആ ദിനം വന്നെത്തി. വേനൽക്കാലം മുഴുവൻ ഇരട്ടി സന്തോഷവുമായി അമ്മുക്കുട്ടി ആഘോഷിച്ചു. ഒടുവിൽ വേനൽക്കാലത്തിന്റെ അവസാനനാളുകൾ വന്നെത്തി.

താനും മാതാപിതാക്കാടെ കൂടെ വിദേശത്തേക്ക് പോകണം എന്ന തിരിച്ചറിവ് അമ്മുക്കുട്ടിയെ വേദനിപ്പിച്ചു. തന്റെ പ്രിയപ്പെട്ട മുത്തശ്ശിയെയും ഈ ഗ്രാമത്തെയും പിരിയാൻ മനസ്സനുവദിക്കുന്നില്ല. ഒടുവിൽ നീണ്ട വേനൽക്കാലം അവസാനിച്ചു. ബാഗുകൾ പാക്ക് ചെയ്തു. പുതിയ വസ്ത്രങ്ങൾ അണിഞ്ഞ് അമ്മുക്കുട്ടി ഒരുങ്ങി നിൽക്കുകയാണ്. മുറ്റത്ത് കാറിന്റെ ശബ്ദം. അമ്മുക്കുട്ടി ഓടി കാറിന്റെ അടുത്ത് എത്തി. ഒടുവിൽ അമ്മയും അച്ഛനും കാറിലേക്ക് യാത്രപറഞ്ഞ് കയറി. മുത്തശ്ശിയുടെ കൈവിരലിൽ പിടിച്ച് കരഞ്ഞുകൊണ്ട് അമ്മുക്കുട്ടിയും കാറിൽനിന്നും വിമാനതാവളത്തിലേക്കും അവിടെ നിന്ന് ഏഴു കടലിന്നപ്പുറത്തുള്ള സ്വപ്നനാട്ടിലേക്ക്. അവിടെയെത്തി സാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ അമ്മുവിന് പ്രയാസം ആയി. എന്നിരുന്നാലും അവൾ വളർച്ചയിൽ അത് പരിചിതം ആക്കി. പക്ഷെ ഉറങ്ങാൻ കിടക്കുമ്പോൾ അവളുടെ കണ്ണുകളിലേക്ക് നിറഞ്ഞുവരുന്ന ഓർമകൾ തന്റെ ഗ്രാമജീവിതവും ബാല്യവും ആണ്. തറവാടും, മുത്തശ്ശിയും, പുഴയും, വയലും, ക്ഷേത്രവും, തന്റെ സ്കൂളും, മുറ്റത്തെ വലിയ പടർപ്പുള്ള മാവും, മാധുര്യമുള്ള മാമ്പഴവും, മുത്തശ്ശിയുടെ വാത്സല്യംനിറഞ്ഞ ചോറുരുളകളും

, കഥകളും, അങ്ങനെ ഗ്രാമീണസൗന്ദര്യവും, പരിശുദ്ധിയും, നൈർമല്യവും അവളുടെ മനസ്സിനെ തൊട്ടുണർത്തി.

അങ്ങനെ വർഷങ്ങൾ കടന്നുപോയി. ജീവിതത്തിന്റെ ലക്ഷ്യബോധത്തിലൂടെ സഞ്ചരിച്ചു അമ്മുക്കുട്ടി തിരക്കേറിയ ഒരു ജീവിതത്തിന്റെ ഉടമയായി. അടുത്ത വേനൽ അവധിക്കാലത്ത് അവൾ തറവാട്ടിലേക്ക് പോയി. ബാല്യകാല ഓർമകളുടെ കൂടാരവുമായി തന്റെ ഗ്രാമത്തിലേക്ക് അമ്മുക്കുട്ടി പോവുകയാണ്. അവിടെ എത്തിയപ്പോൾ കാലത്തിന്റെ വളർച്ചയിൽ അവളുടെ ഗ്രാമവും രൂപപരിണാമങ്ങൾക്കിടയായി. വയലുകളില്ല, പുഴകളുടെ സൗന്ദര്യം കുറഞ്ഞു, കുന്നുകളും മലകളും കാണാനില്ല, റോഡുകൾ വികസിതമായി, തറവാടിന്റെ മനോഹാരിത നഷ്ടംആയി. പക്ഷെ മുറ്റത്തുനിന്ന ആ വലിയ മാവ് അതുപോലെ അവിടെ നിൽക്കുന്നു. മുത്തശ്ശി മരിക്കുന്നതിനു മുൻപ് ആവശ്യപ്പെട്ട ഒരേയൊരു ആഗ്രഹം അതായിരുന്നു. മുത്തശ്ശിയുടെ വാത്സല്യത്തിന്റെ മാധുര്യം അമ്മുക്കുട്ടിയെ തെന്നി തലോടി. ആ ഓർമകളിൽ ലയിച്ച് ആ മതിൽപ്പടവുകളിൽ അവൾ ഇരുന്നു. കഴിഞ്ഞുപോയ ഒരു നീണ്ട കാലത്തിന്റെ ഓർമപ്പെടുത്തലുകളും ആയി മാമ്പൂക്കൾ പൊഴിഞ്ഞുവീഴുന്നു.

കാലങ്ങൾ എത്ര കടന്നാലും, വികസിതമായാലും ഇന്നും പഴയ കാലത്തിന്റെ ഓർമകളുമായി ചിലത്, ചിലർ നിലനിൽക്കുന്നു. അമ്മുക്കുട്ടിയുടെ മനസ്സും ആ ഓർമകളിലേക്കും ആഴ്ന്ന് ഇറങ്ങുകയാണ്. ബാല്യകാലത്തിലേക്ക് അവൾ തിരിച്ചു പോവുകയാണ്. ആ ഓർമകൾക്ക് കൂട്ടായി മാമ്പൂക്കൾ അവളെ നോക്കി പുഞ്ചിരികുന്നതായി അവൾക്ക് തോന്നി. ഓർമകളുടെ നിറഞ്ഞപുസ്തകവുമായി തറവാടിന്റെ പടികൾ അവൾ കയറി.

**ശ്രീനന്ദന ആർ നായർ**
7 ഡി, നേതാജി ഹയർസെക്കണ്ടറി സ്ക്കൂൾ, പ്രമാടം
കോന്നി ഉപജില്ല, പത്തനംതിട്ട



# ഒരു സഞ്ചാരിയുടെ ഡയറിക്കുറിപ്പ്

എനിക്ക് എന്നെത്തന്നെ വിശ്വസിക്കാനായില്ല. ഇത് ന്യായമോ? ഞാനൊരു പാപിയാണോ? മരുന്നിനുപകരം വിഷംകൊടുക്കുന്ന ലോകത്തെ കാലനോ? അതോ നീതിപീഠമോ? ഒന്നും മനസ്സിലാകുന്നില്ല.

എന്റെ തുടക്കം വൻമതിലിനപ്പുറത്തെ ജനലക്ഷങ്ങളുടെ നാട്ടിലായിരുന്നു. ഇളം പ്രായം. ചാടിക്കളിക്കുന്ന ശരീരം. ചഞ്ചലപ്പെടുന്ന മനസ്സ്. വ്യഗ്രത കൂട്ടുന്ന സ്വഭാവം. ഇരയാക്കാനുള്ള ധൃതി.ആർത്തി....അതിൽ കൂടുതൽ എന്ത് വേണം? കറങ്ങുന്ന മനസ്സുകൾക്ക് മനസ്സാക്ഷിയോ മനസ്സാന്നിധ്യമോ ഉണ്ടോ? വുഹാൻ എന്ന കൊച്ചു നഗരത്തിൽ നിന്നും ഇന്നിതാ ജനലക്ഷങ്ങളുടെ ജീവൻ ഞാൻ കാർന്നു തിന്നുകയാണെന്ന് പറയുന്നു. കാലന്റെ വേഷമണിഞ്ഞ കൊലയാളി. മക്കളുടെ കുസൃതിത്തരങ്ങൾക്ക് ഞാൻ സാക്ഷിയാകണമെന്നോ? ഈ ലോകം എന്താണെന്ന് ഞാൻ അറിയുന്നു. ''ക്ഷമിക്കണം നിങ്ങൾക്ക് കൊറോണയുണ്ട്?" "എന്തിനാ ക്ഷമ?" അയാൾ ചിരിവിടാതെ സൂക്ഷിച്ചു. ''കൊറോണയുണ്ടെങ്കിൽ അതിനർത്ഥം നിങ്ങളൊരപരാധം ചെയ്തെന്നാണോ?" ഡോക്ടർ നിറകണ്ണുകളോടുകൂടി പുറത്തേക്കുപോയി. ധൃതിയിൽ ഓടുകയാണ് ഞാൻ. ഇവിടെയും, അവിടെയും... ലോകത്തിലെ ഓരോ ഉറവിടത്തിലുമെത്താനുള്ള വ്യഗ്രത. കേരളത്തിലായാലും അമേരിക്കയിലായാലും സത്യം സത്യമല്ലാതാകുമോ?

ചുക്കിച്ചുളിഞ്ഞ അയാളുടെ കൈകളിൽ കരുത്തിന്റെ അടിയുറകളല്ലാതെ മറ്റൊന്നുമില്ല. എന്തും നേരിടാനുള്ള കരുത്ത് കണ്ണുകളിൽ പോലും തിളങ്ങിനിന്നിരുന്നു. ഒരിക്കലും മായാത്ത ജീവിതങ്ങളുടെ കഥ, ആ കണ്ണുകൾ പറയുന്നുണ്ടായിരുന്നു. തഴമ്പിച്ച കൈകളിൽ വിയർപ്പിന്റെ ഗന്ധത്തോടൊപ്പം മറ്റെന്തോ തത്തിക്കളിക്കുന്നുണ്ടായിരുന്നു. കാറ്റിന്റെ ഗതിയിലും മാറ്റങ്ങൾ. തികച്ചും അസ്വഭാവികം. താൻ ചെയ്ത പാപത്തിന്റെ ഫലം താൻ തന്നെ അനുഭവിക്കണം. കണ്ണുകളിൽ അന്ധത വളരുന്നതിനും മുരടിച്ച് നശിക്കുന്നതിനും ഒരേ കാരണമാണ്. ജീവിതം അത് മറച്ചുവയ്ക്കില്ല. "ഡോക്ടർ, നിങ്ങളിത് എത്രനേരം കഴിഞ്ഞാണ് വരുന്നത്?" അയാൾ മൊഴിഞ്ഞു. "ന്താ? എന്തെങ്കിലും വേണമായിരുന്നോ?" "ഒന്നൂല്ലാ. ഒരു വയസ്സന്റെ മനസ്സ് കുട്ടിയുടേതിന് തുല്യമാണ് മോനേ. പുറത്തിറങ്ങാനുള്ള കൊതി. പക്ഷെ, എല്ലാമറിയാം. ഡോക്ടറെ കണ്ടാൽ കുറച്ചെങ്കിലും ശമനം കിട്ടും. ഇരുട്ടു മുറിയിലെ വെളിച്ചം പോലെ." "ചേട്ടൻ വേഗം സുഖം പ്രാപിക്കും." "ആകുമായിരിക്കും... അല്ലെങ്കിൽ തന്നെ

ഇതിന് മാത്രം പേടിച്ചിട്ട് കാര്യമില്ല. ഇനിയും വരും. ഇതല്ലെങ്കിൽ മറ്റൊന്ന്. മനസ്സില്ലായില്ല. ജീവിതം ഒരു ചതുരംഗമാണ്, മോനേ." "ഇപ്പോ കുറച്ച് വിശ്രമിച്ചോളൂ. എല്ലാത്തിനും നമ്മൾ ഒറ്റക്കെട്ടല്ലേ? ചേട്ടനെന്തായിരുന്നു പണി?' ആ ചോദ്യത്തിനു മുമ്പിൽ അയാൾ മതിമറന്നു ചിരിച്ചു.പൊട്ടിച്ചിരിച്ചു. അർമാദിച്ചു. "വെറുമൊരു കാണി. അല്ല മധ്യസ്ഥൻ." മറുപടിയുടെ അവസാനത്തെ വാക്കിന് ഊന്നൽ കൂടുതിളല്ലായിരുന്നു. സ്വയം ആശ്വസിപ്പിക്കുന്ന രീതി. "മനസ്സില്ലായില്ല." ഡോക്ടറും രോഗിയും ഒന്നുമുണ്ടായിരുന്നില്ല. അതിന്റെ പരിമിതികൾ പോലും. അടർന്നുവീണ പുൽക്കൊടികളെ ലോകത്തിൽ നിന്നും എന്നെന്നേക്കുമായി മായിക്കാൻ കൊണ്ടുപോകുന്ന വ്യക്തി.ആരെയും അറിയിക്കാതെ പുതച്ചുവെക്കാൻ കഴിയുമോ?ഓരോ നാടിനും അതിന്റേതായ ചില സംസ്കാരങ്ങളുണ്ട്.അതുപോലെ ഓരോ വ്യക്തിക്കും... അണയുന്ന മെഴുകുതിരി എത്ര പരിശ്രമിച്ചാലും അണയാതിരിക്കില്ല.ഒരിക്കലും..

ഞാൻ മാത്രമാണോ കുറ്റക്കാരൻ? ഓരോന്നിനെയും നശിപ്പിക്കുന്നതിനു പകരമായി പ്രകൃതി സൃഷ്ടിച്ചതാണോ എന്നെ? അതോ മനുഷ്യരുടെ ലീലാവിലാസങ്ങൾക്ക് കൂട്ടുനിന്ന പ്രതിയും പ്രതികാരവുമോ? എനിക്കറിയില്ല. ഞാൻ കാർന്നുതിന്നുന്നത് വേറെ ചിലർ കാർന്നുതിന്നതിന്റെ ബാക്കിയാണ്. കൊഴുപ്പിൽ ചേർത്ത മധുരമാണ് ഇന്ന് മനുഷ്യരുടെ നാവിൽ നിറഞ്ഞാടുന്നത്.ഒന്നും ഞാനായിട്ട് തുടങ്ങിവച്ചതല്ല.എനിക്ക് അവസാനിപ്പിക്കാനുള്ള അധികാരവുമില്ല. "ഒന്ന് പറഞ്ഞുതന്നുകൂടെ എന്താണ് ജോലിയെന്ന്?" "കണ്ണീരുപ്പ് കലർന്ന ഭാണ്ഡങ്ങൾ കൊണ്ടുനടക്കുക. അടർന്നുവീണ ഇലകളെ ശവസംസ്കാരത്തിനെത്തിക്കുക. അതുവരെ താങ്ങിപ്പിടിച്ചു കൊള്ളക. നിയോഗരല്ലേ. സമയമാകുമ്പോൾ വീണേ പറ്റൂ... ആരായാലും." "പറഞ്ഞുവരുന്നത്?" "അതുതന്നെ... ശവം കൊണ്ടുനടക്കുക." വീണ്ടും അയാൾ മതിമറന്നു ചിരിച്ചു. പൊട്ടിച്ചിരിച്ചു, അർമാദിച്ചു. കാറ്റിന്റെ ഗതി തെറ്റിയിട്ടില്ലായിരുന്നു, സൂര്യന്റെ കൂടെ ചന്ദ്രൻ ഉദിക്കുകയില്ലല്ലോ.....

**അനുഷ സാവിത്രി ഐ.വി.**
9 ഡി, ബെം.എച്ച്.എസ്.എസ്. കാസർഗോഡ്
കാസർഗോഡ് ഉപജില്ല, കാസർഗോഡ്

# നൊമ്പരക്കാഴ്ച

“ഒഹ് ഒഹ് ഒഹ് ഒഹ് ഒഹ് ഒഹ്...” “ഇങ്ങള് എന്ത്ന്നാന്ന് ഇങ്ങനെ ചൊമക്ക്ന്നത്, പടച്ചോനെ ഇത് അത് വല്ലതുമാണോ? കാത്തോളണേ”.

താജിക്കിസ്ഥാനിൽനിന്ന് ഒരു മാസത്തെ ലീവിന് വന്ന എന്റെ ഉപ്പാന്റെ അവസ്ഥ കണ്ട് ഉമ്മ ഇങ്ങനെ പറഞ്ഞു, കൊറോണക്കാലായോണ്ടായിരിക്കും. കൊറോണയായോണ്ട് എനക്കെല്ലാം നേർത്തെ ഉസ്കൂൾ അടച്ചീനി . ഞാൻ അഞ്ചീന്ന് ആറിലേക്ക് പരീക്ഷ എഴുതാണ്ട് പാസായി. ഉഷാറായിക്ക്. ഹസീദ്ന്ന എന്റെ ഉപ്പാന്റെ പേര്. ആയിഷാ ന്ന് ഉമ്മാന്റെയും. മലപ്പുറം ജില്ലയിലെ പാമ്പാടിയിലാണ് ഞാള ബീട്. കാൽപന്തുകളീടെ നാടാണ് ഞാള നാട്. പക്ഷെ കൊറോണയായോണ്ട് ആരോടും പുറത്തിറങ്ങറീന്ന് പറഞ്ഞീന്. പുറത്തിറങ്ങിയാ പോലീസ് അപ്പം പിടിക്കും. അള്ളോ എനക്ക് ബേജാറാണേ. അതോണ്ട് ഞാൻ ഇപ്പം എന്റെ ഷിഹാനേന്റെ കൂടെ കളിക്കലാ. ഷിഹാന പെങ്ങളാണ്. ഓളൊപ്പം കളിച്ചിരുന്നാ സമയം പോണതറിയില്ല. ഞാളെ പെരേല് എന്റെ ഉമ്മാമ കദീജയുമുണ്ട്. ഉമ്മാമക്ക് ഒരു ചെറിയ കാര്യം കിട്ടിയായ്. അത് എല്ലാറോടും പിറുപിറുത്തോണ്ടേയിരിക്കും. അങ്ങനെ ഞാള കൊറോണക്കാലം മുമ്പോട്ട് പോയി.

ഉപ്പ നാട്ടിലെത്തിയ രണ്ടാം ദിവസം തൊട്ടേ ഉപ്പാക്ക് നിർത്താതെ ചുമയുണ്ടായിരുന്നു. ഇങ്ങനത്തെ രീതിയിലുള്ള ചുമയോ തലവേദനയോ ഇണ്ടേ തൊട്ടടുള്ള ആരോഗ്യകേന്ദ്രത്തില് അറിയിക്കണമെന്ന് ന്യൂസ് വച്ചപ്പോ കാണിച്ചീന്. ഉപ്പാന്റെ അസുഖം കണ്ടപ്പോ ഞാനിത് ഉമ്മച്ചീനോട് പറഞ്ഞ്. പക്ഷെ ഉമ്മ പറഞ്ഞതിങ്ങനെ , “ഹാ... ജോറായി. എനി ചുറ്റുവട്ടത്തുള്ളോർക്കെല്ലാം അതുമതി. ഉപ്പാക്ക് കൊറോണയാണെന്ന് അവരങ്ങ് പറഞ്ഞുപരത്തും. അത് സ്ഥിരീകരിക്കുകയൊന്നും വേണ്ട.” എന്നെല്ലാം പറഞ്ഞ് ഉമ്മ ഞാൻ പറഞ്ഞത് തട്ടിക്കളഞ്ഞു. എന്തുവോ ആവട്ടെ!

ദിവസങ്ങൾ കടന്നുപോയി. ഉപ്പാന്റെ ചുമ കൂടിയതല്ലാതെ ഒരു പരിഹാരവും ഉണ്ടായില്ല. ഉപ്പാന്റെ ലക്ഷണങ്ങളെല്ലാം കണ്ട് ഉപ്പാക്ക് കൊറോണയാണെന്ന് സ്വയം സ്ഥിരീകരിച്ച ഉമ്മച്ചി പിന്നീടങ്ങോട്ടുള്ള ദിവസങ്ങളിൽ ഉപ്പാനെ ചികിത്സിക്കാതെ ഒരടച്ചിട്ട മുറിയിലേക്ക് തള്ളി നീക്കി. പാവം ഉപ്പ, ഞങ്ങളോടൊന്ന് സംസാരിക്കാൻ കൂടി കഴിഞ്ഞില്ല. ഈ സമയത്തെല്ലാം ഞങ്ങൾ അവധിക്കാലം ആഘോഷിക്കേണ്ടതായിരുന്നു. വാട്സപ്പിൽ ഏതോ ഒരു മെസേജ് കണ്ട് ഉമ്മ ഉപ്പാക്ക് ചോറിന് പകരം ദിവസവും ഒരു വലിയ പാത്രത്തില് വഴുതിനിങ്ങ കൊടുക്കുന്നുണ്ടായിരുന്നു. ഞാൻ ചോദിച്ചപ്പം



പറഞ്ഞത് അത് കൊറോണ മാറാണ്ടീറ്റാണെന്നാണ്. ഇതൊക്കെ ചെലപ്പം വ്യാജവാർത്തയായിരിക്കാം. വഴുതിനിങ്ങ തിന്നാൽ കൊറോണ മാറാനാ? ഉത്തരം കിട്ടാത്ത രാത്രികൾ വീണ്ടും കടന്നുപോയിക്കൊണ്ടേയിരുന്നു. ഉപ്പാന്റെ അസുഖം ബീണ്ടും കൂടി. അവസാനം ഒരു നിവർത്തിയും ഇല്ലാണ്ട് ഉപ്പാനെ ആസ്പത്രയിൽ കൊണ്ടോവാൻ ഉമ്മ സമ്മേച്ച്. ഉപ്പാന്റെ റൂമ് തുറന്നപ്പോ എനിക്കാടന്ന് പത്തിൽ കൂടുതൽ സിഗരറ്റ് കുറ്റികൾ കിട്ടി. ഉപ്പാന്റെ കുളുമുറീന്നാണെ ഒടുക്കത്തെ സിഗരറ്റ് വാസനയും. ആസ്പത്രിയിലെത്തി. ടോട്ടറ് പറഞ്ഞതെല്ലാം ഞാൻ കേട്ടു. കൊറോണ എന്ന മഹാമാരിയെക്കാൾ മാരകമായ ക്യാൻസർ എന്ന മഹാരോഗം ഉപ്പയെ പിടികൂടിയിരിക്കുന്നു. സിഗരറ്റ് വലിച്ച് വലിച്ച് ഉപ്പയുടെ തൊണ്ടക്ക് ക്യാൻസർ വന്നു. ഇത്രയും നേരം വെളിച്ചമായിരുന്ന ഞാള കുടുംബത്തിലേക്ക് ഇരുട്ട് പതിയെ പതിയെ സ്ഥാനമുറപ്പിച്ച. എന്റെ ഷിഹാന, ഉമ്മ, ഉമ്മാമ എല്ലാവരും കണ്ണീർ കൊണ്ട് സങ്കടക്കടൽ സൃഷ്ടിച്ചു. ഇനി ഉപ്പാക്ക് ജീവിതത്തിലേക്ക് തിരിച്ചുവരാൻ പറ്റൂല എന്ന് ടോട്ടർ പറയുന്നത് കേട്ട് കണ്ണീർ പൊഴിക്കുന്ന ഉമ്മച്ചീടെ മുഖം എന്റെ മനസ്സിൽ ആഴത്തിൽ തറച്ചു. "എന്തിനാ ഉമ്മാ ഇങ്ങനെ കരയുന്നേ? ഞാനന്നേ പറഞ്ഞതല്ലേ എന്റെ ഉപ്പാനെ ആസ്പത്രില് കൊണ്ടോവാന്ന്. ഇങ്ങള് സമ്മേച്ചോ? ആ വഴുതിനിങ്ങ കഴിച്ചാ കൊറോണ മാറുമെന്നുള്ളത് ശുദ്ധ വ്യാജവാർത്തയാണുമ്മ . ഇങ്ങളതും വിശ്വസിച്ച് എന്റെ ഉപ്പാക്ക്..." പിറ്റേന്നു തന്നെ എന്റെ ഉപ്പാന്റെ മയ്യത്തടക്കം പള്ളിപ്പറമ്പിൽ നടന്നു. ഏകാന്തതയുടെ തീരങ്ങളിലേക്ക് നടന്നു നീങ്ങിയ എന്നെ നോക്കി ഉമ്മ വിളിച്ചു "മോനേ ഉബൈദേ..."

**വിനയ് നമിത്ത്**
9 ഡി, ബി.ഇ.എം.എച്ച്.എസ്സ്. വടകര
വടകര ഉപജില്ല, കോഴിക്കോട്

# അമ്മ ഒരു ഓർമ

മാളൂട്ടി രാവിലെ എഴുന്നേറ്റു ഉമ്മറത്തേക്കോടി, മുറ്റത്തെ തേന്മാവിന്റെ ചുവട്ടിൽ ഒരു പഴുത്ത മാങ്ങ വീണുകിടക്കുന്നു. അവൾ അതെടുത്തു അമ്മേ എന്നു വിളിച്ചുകൊണ്ട് അകത്തേക്കോടി. വീട്ടിനുള്ളിൽ അവൾ അമ്മയെ തിരക്കിനടന്നു. അപ്പോഴാണ് അവൾ അച്ഛന്റെ മുഖത്തേക്ക് നോക്കിയത്. അച്ഛന്റെ കണ്ണിൽനിന്നും കണ്ണീർ വീഴുന്നത് കണ്ട് അവൾക്കു സങ്കടമായി. അവൾ അച്ഛനെ കെട്ടിപ്പിടിച്ചു ചോദിച്ചു , അച്ഛാ എന്തിനാ കരയുന്നത്, അമ്മയെവിടെപ്പോയി? മോളകത്തുപോയി കളിച്ചോ. അച്ഛൻ അവളോട് പറഞ്ഞു. അവൾക്ക് ഒന്നും മനസ്സിലായില്ല. അവൾ അകത്തേക്ക് പോയി. ഒരാഴ്ച മുമ്പാണ് അവർ വിദേശയാത്രകഴിഞ്ഞ് നാട്ടിലെത്തിയത്. നാട്ടിലെത്തിയപ്പോൾ തന്നെ അവളുടെ അമ്മയ്ക്ക് കടുത്ത പനിയുണ്ടായിരുന്നു. എല്ലാവരേയും പോലെ അവർ വീട്ടിലുണ്ടായിരുന്ന മരുന്നിൽ ആശ്വാസം തേടി. ഇന്നലെ രാത്രിയായിരുന്നു അവളുടെ അമ്മയെ അബോധാവസ്ഥയിൽ ആശുപത്രിയിലേക്ക് മാറ്റിയത്. ഇതൊന്നും അറിയാതെ അവൾ ഉറങ്ങുകയായിരുന്നു. മാളൂട്ടി കളിക്കുന്നതും നോക്കി സങ്കടത്തോടെ ഇരിക്കുകയായിരുന്നു അച്ഛൻ. അപ്പോഴണ് അച്ഛന്റെ ഫോൺ ശബ്ദിക്കുന്നത് കേട്ടത്. പിന്നെ അച്ഛൻ പൊട്ടിക്കരയുന്നതാണ് അവൾ കണ്ടത്. അവളുടെ അമ്മയ്ക്ക് കൊറോണയായിരുന്നു. സ്വയംചികിത്സ കാരണം അവരുടെ ജീവൻ നിലനിർത്താൻ സാധിച്ചില്ല. അപ്പോഴാണ് മാളൂട്ടി ആംബുലൻസിന്റെ ശബ്ദം കേട്ട് പുറത്തിറങ്ങിയത്. അവളെയും അച്ഛനെയും ആശുപത്രിയിൽ ക്വാറന്റൈനിൽ നിർത്താൻ വന്നതായിരുന്നു ആംബുലൻസ്. അവസാനമായി അവളുടെ അമ്മയെ ഒരു നോക്ക് കാണാൻ സാധിച്ചില്ല. ദിവസങ്ങൾക്ക് ശേഷം രോഗം ഭേദമായി വീട്ടിൽ തിരിച്ചെത്തിയ അവൾക്ക് അമ്മ എന്നത് ഒരു ഓർമ മാത്രമായിമാറി.

**അഞ്ജന ഷിനോജ്**
7 എ, മമ്പറം.യു.പി
തലശ്ശേരി നോർത്ത് ഉപജില്ല, കണ്ണൂർ



# മുഖാവരണം

നേരം പുലർന്നു. വെയിൽ ഉദിച്ചു. മൃഗശാലയിലെ മൃഗങ്ങളെല്ലാം ഉണരുന്നതേയുള്ളൂ.ഹൊ, ഇന്നാരെയും കാണുന്നില്ലല്ലോ. എല്ലാവർക്കും എന്തുപറ്റി? അല്ലെങ്കിൽ ഈ സമയം ആളുകൾ നിറഞ്ഞ് ഒച്ചപ്പാടായിരിക്കും. കടുവയമ്മ പിറുപിറുത്തു. അതുവഴി പോയ മുയലച്ചൻ ഇതുകേട്ടു. എന്താ കടുവയമ്മേ നിന്നു പിറുപിറുക്കുന്നത്? മുയലച്ചൻ ചോദിച്ചു. ഓ, അതോ ഇന്ന് ആരെയും കാണുന്നില്ലായെന്നു പറഞ്ഞതാ. ശരിയാണല്ലോ. ഇത് ആരോടാ ചോദിക്കുക? എന്നും പറഞ്ഞ് അവരു രണ്ടുപേരും ആലോചിക്കുമ്പോഴാണ് പരിപാലകൻ ഗോപി അതുവഴി വന്നത്. പതിവില്ലാതെ മുഖമൊക്കെ മറച്ചിട്ടാണ് ഗോപിയുടെ വരവ്. എന്താ ഗോപിക്കുട്ടാ നീ മുഖമൊക്കെ മറച്ചിരിക്കുന്നത്? മുയലച്ചൻ ചോദിച്ചു. ഓ നിങ്ങളറിഞ്ഞില്ലേ ലോകത്ത് ഒരു രോഗം വന്നിട്ടുണ്ട്. കൊറോണയെന്നാ പേര്. വലിയ രോഗമാ... അതു ബാധിച്ച് കുറേപ്പേർ മരിച്ചു കഴിഞ്ഞു. അതു വരാതിരിക്കാൻ ആരോഗ്യപ്രവർത്തകർ പറഞ്ഞിട്ട് കെട്ടിയതാ ഈ മുഖാവരണം. ഓ അതെയോ, അതുകൊണ്ട് ആയിരിക്കുമല്ലേ ഇന്ന് ആരെയും കാണാത്തത്. കടുവയമ്മ പറഞ്ഞു. ശരിയാ കടുവയമ്മേ അതുകൊണ്ടാ ആരെയും കാണാത്തത്. ഗോപികുട്ടൻ ആശങ്കയോടെ പറഞ്ഞു. ഇതുവരാതിരിക്കാൻ വേറെ എന്തെങ്കിലും വഴിയുണ്ടോ ഗോപിക്കുട്ടാ? മുയലച്ചൻ ഭയാകുലനായി ചോദിച്ചു. ഉണ്ട്. കണ്ണ്, മൂക്ക്, വായ തുടങ്ങിയ ഭാഗങ്ങൾ വെറുതേ തൊടരുത്, തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും കൈ കൊണ്ട് മുഖം മറയ്ക്കുക, ഒരു നിശ്ചിത അകലം പാലിക്കുക. ഇതൊക്കെയാണ് മാർഗങ്ങൾ. ഗോപിക്കുട്ടൻ അവർക്ക് പറഞ്ഞുകൊടുത്തു. നമ്മളും ഇതൊക്കെ പാലിക്കേണ്ടിവരുമോ ഗോപിക്കുട്ടാ? കടുവയമ്മ ചോദിച്ചു. നിങ്ങളെയും കൊറോണ വിടില്ല. ഗോപിക്കുട്ടൻ പറഞ്ഞു. നമ്മൾ എല്ലാവരും ഈ നിർദേശങ്ങളെല്ലാം പാലിക്കണം.മുയലച്ചൻ പറഞ്ഞു. അതേ മുയലച്ചാ കടുവയമ്മ ഒപ്പം കൂടി. ഗോപിക്കുട്ടൻ അവർക്ക് ഭക്ഷണം കൊടുത്ത് പുറത്തേക്കുപോയി. മുയലച്ചനും കടുവയമ്മയും ഈ കാര്യം എല്ലാവരെയും അറിയിക്കാൻ ഓടിപ്പോയി. ഇതറിഞ്ഞ് എല്ലാവരും ഒത്തുകൂടി. എല്ലാവരും ഒരുമിച്ച് നിൽക്കണം. കരുതലോടെ... നമുക്ക് പ്രതിരോധിക്കാം കൊറോണവൈറസിനെ... എല്ലാവരും ഒറ്റക്കെട്ടായി ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

**ശ്രീദേവി എം.കെ**
6 എ, മാന്യഗുരു യു.പി. സ്കൂൾ കരിവെള്ളൂർ
പയ്യന്നൂർ ഉപജില്ല, കണ്ണൂർ

# കൊറോണക്കാലത്തെ സൗഹൃദം

ഒരിക്കൽ ഒരു പൂച്ച നടന്നുപോകുമ്പോൾ ഒരു വീട് കണ്ടു. അവടെ അതാ ഒരു നായ ഇരിക്കുന്നു, നായയെ കണ്ടു. പൂച്ച ചോദിച്ചു "എന്താ ചങ്ങാതി നിന്റെ വയറൊക്കെ ആകെ ചുളിഞ്ഞുകിടക്കുന്നു, ഒന്നും കഴിച്ചില്ലേ?" അപ്പോൾ നായ പറഞ്ഞു "നീ അറിഞ്ഞില്ലേ കുറുഞ്ഞീ" കൊറോണഭീഷണിയെ പേടിച്ചു വീട്ടുകാരെല്ലാം വീടുപൂട്ടി പോയിരിക്കുവല്ലേ, നമ്മുടെ നാട്ടിൽ ഇപ്പോൾ കൊറോണ പടരുന്നുപിടിക്കുവല്ലേ. അതുകൊണ്ട് വീട്ടുകാരെല്ലാം അവരുടെ നാട്ടിൽ സുരക്ഷിതമായി ഇരിക്കുയാണ്. യജമാനൻ എന്നെ വീടിനു കാവലാക്കി പോയതല്ലേ. പക്ഷെ യജമാനൻ മറന്നു, എന്നെ പട്ടിണിയാക്കിയിട്ടാണ് പോയത്. എനിക്ക് കഴിക്കാൻ യജമാനാൻ ഒന്നും ഇവിടെവച്ചില്ല. എനിക്ക് വിശന്നിട്ടുവയ്യ കുറിഞ്ഞീ. ഇതുകേട്ടപ്പോൾ കുറിഞ്ഞിക്ക് സങ്കടമായി. ഉടനെതന്നെ കുറിഞ്ഞി ഓടി തന്റെ യജമാനനോട് കാര്യങ്ങൾ പറഞ്ഞു. കുറിഞ്ഞിയുടെ മനസ്സ് കണ്ടു യജമാനന് സന്തോഷം തോന്നി. തന്റെ വീട്ടിലിരുന്ന ആഹാരങ്ങളെല്ലാം നൽകി. ആഹാരം കണ്ടതോടെ നായയുടെ കണ്ണ് നിറഞ്ഞു. ആർത്തിയോടെ കഴിക്കുന്നത് കണ്ടപ്പോൾ കുറിഞ്ഞിക്ക് സന്തോഷമായി. പിന്നീടങ്ങോട്ട് ഇരുവരും നല്ല സുഹൃത്തുക്കളായി.

**ബിലാൽ.ഇബ്നു ബഷീർ**
4, മുണ്ടേരി എൽ.പി സ്കുൾ
കണ്ണൂർ നോർത്ത് ഉപജില്ല, കണ്ണൂർ



# ഷെറിന്റെ പൊന്നാര ഉപ്പ

ഒരു കൊച്ചുഗ്രാമത്തിൽ ആണ് ഷെറിൻ താമസിക്കുന്നത്. അവളുടെ ഉമ്മയ്ക്ക് അവൾ ഒരു മകളാണ്. അവളുടെ ഉപ്പ ഇറ്റലിയിലും. അവളുടെ ഉപ്പ സമ്പാദിക്കുന്നതും ജീവിക്കുന്നതും അവൾക്കുവേണ്ടി മാത്രമാണ്? ഷെറിൻ ഇന്ന് ആറാം ക്ളാസിൽ പഠിക്കുന്നു. പതിനൊന്ന് വയസ്സാണാവൾക്ക്. അവളുടെ ഉപ്പ രണ്ട് വർഷമായി ഇറ്റലിയിൽ. അവൾക്ക് ഒൻപത് വയസ്സുള്ള സമയത്ത് പോയതാണ്. പിന്നെ തിരിച്ചുവന്നിട്ടില്ല. അവളുടെ ഉമ്മ ശബാനയെക്കാൾ അവൾക്കിഷ്ടം അവളുടെ ഉപ്പ നൗഷാദിനെയാണ്. ഷെറിന്റെ കൂട്ടുകാരൊക്കെ പറയും "എന്റെ ഉപ്പ വന്നിട്ട് എനിക്ക് ടാബ് കൊണ്ടുത്തന്നു, ചോക്ലേറ്റ് തന്നു, പുതിയ ഉടുപ്പ് തന്നു," എന്നൊക്കെ. അപ്പോൾ ഷെറിൻ ഫോൺ എടുത്തു ഉപ്പാനെ വിളിച്ചു കരയും, ഒരാഴ്ചക്കുള്ളിൽ പറഞ്ഞ സാധനം വീട്ടിൽ എത്തിക്കും. ഒരു ദിവസം ഷെറിൻ ചോദിച്ചു, "ഒക്കെ ഇങ്ങെത്തി ഇനി ഉപ്പ എപ്പോഴാ എത്തുക". നൗഷാദ് പറഞ്ഞു "ഉപ്പ വരുന്നില്ല അവിടെ എത്തിയാൽ നീ എന്താ എനിക്ക് തരിക". അവൾ ഫോണും ഇട്ട് പോയിക്കളഞ്ഞു. അപ്പോൾ ശബാന ഫോൺ എടുത്തിട്ട് ചോദിച്ചു, "നിങ്ങൾ ഇങ്ങ് വരുന്നില്ലേ, മോളെ കാണണ്ടേ, ഞാനും മോളും ഇവിടെ തനിച്ചാ". "ലീവ് കിട്ടിയാൽ വരാമെടി, പക്ഷെ ലീവ് കിട്ടണ്ടേ?" നൗഷാദ് തന്റെ നിസ്സഹായാവസ്ഥ അറിയിച്ചു. അങ്ങനെ കുറച്ചു കാലത്തിനുശേഷം നൗഷാദ് വിളിച്ചിട്ട് ആഹ്ലാദത്തോടെ പറഞ്ഞു "കിട്ടി ലീവ് കിട്ടി, മാർച്ചിൽ ഞാൻ അങ്ങെത്തും.' ഷെറിൻ ചോദിച്ചു "ഇനീം അഞ്ച് മാസമില്ലേ". "രണ്ടു കൊല്ലം കാത്തിരുന്നില്ലേ ഇനി അഞ്ച് മാസമാണോ കാത്തിരിക്കാൻ കഴിയാത്തത്?" ഷെറിൻ പിന്നെ ഓരോ ദിവസവും എണ്ണിത്തീർത്തു, ഉപ്പ അന്ന് ചോദിച്ച ചോദ്യത്തിന്ന് അവൾക്ക് ഉത്തരം കൊടുക്കണം, ഉപ്പാക്ക് എന്താ കൊടുക്കുക? അവൾ കൂട്ടുകാരോട് ചോദിച്ചു. അവർ ഓരോ ഐഡിയ പറഞ്ഞു കൊടുത്തു, ഷെറിൻ അങ്ങനെ ചിന്തിക്കുമ്പോൾ ശബാന പറഞ്ഞു "ഉപ്പാക്ക് പൂച്ചക്കുഞ്ഞുങ്ങളെ വളരെ ഇഷ്ട, നമുക്കൊന്ന് വാങ്ങിയാലോ?" അവൾ ചിന്തിച്ചു ഇത് നല്ലൊരു ഉപായമാണ്, അവളൊരു കുഞ്ഞുപ്പൂച്ചയെ വാങ്ങി, ജട നിറഞ്ഞ ഒരു പേർഷ്യൻ പൂച്ച, വെളുത്തൊരു സുന്ദരിപ്പൂച്ച. അങ്ങനെ ഫെബ്രുവരി ആയി, അപ്പോഴതാ എവിടെ തിരഞ്ഞാലും ഇറ്റലിയിൽ കൊറോണയെ കുറിച്ചുമാത്രമാണ് വാർത്ത. ഷെറിന്

ഭയമായി. അവളുപ്പയെ വിളിച്ചു പറഞ്ഞു “ഉപ്പ വേഗം ഇങ് വാ... അവിടെ കോറോണയാണ്”. അപ്പോൾ ഉപ്പ പറഞ്ഞു “എന്റെ മോളെ പ്രാർത്ഥന ഉണ്ടെങ്കിൽ ഒരു കോറോണയും ഉപ്പന്റെടുത്തേക് വരൂല”. ഏതാനും ദിവസങ്ങൾക്കു ശേഷമാണ് ആ വാർത്ത മോൾ അറിഞ്ഞത്. അവളുടെ ഉപ്പാക്ക് കോറോണയാണെന്ന്! അവളുടെ സങ്കടം അധികരിച്ചു. എന്നും പ്രാർത്ഥനയിൽ അവൾ മുഴുകി, ഉപ്പാന്റെ അസുഖം മാറാൻ വേണ്ടി. ഒടുവിൽ മോൾ പോലും കാണാതെ ഉപ്പ പോയി, അവസാന നോക്ക് പോലും കണ്ടീല, പോയി, അവസാന യാത്ര. അവളെ കാണാൻ പോലും വന്നീലാ, ഷെറിനും ഉമ്മയും പൂച്ച കുഞ്ഞും അവിടെ തനിച്ചായി, തുണയില്ലാതെ, ഒരു കുഗ്രാമത്തിൽ തനിച്ച്.

**ആമിന നൗറ പി**
7 എ, മെരുവമ്പായി എം.യു.പി. സ്കൂൾ
മട്ടന്നൂർ ഉപജില്ല, കണ്ണൂർ

# കോവിഡ് കാലത്തെ കണ്ണന്റെ അനുഭവങ്ങൾ

ജനുവരി4 ഒരു സന്തോഷകരമായ ദിവസം തന്നെയായിരുന്നു. കണ്ണനും കൂട്ടുകാരും കൂടി ഒരു പുൽമേട്ടിൽ കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. അന്നത്തെ കളിക്കു ശേഷം കണ്ണൻ അവന്റെ ഏറ്റവും പ്രിയപ്പെട്ട സുഹൃത്തായ ഹസീബിനൊപ്പം വീട്ടിലേയ്ക്ക് മടങ്ങുകയായിരുന്നു. അപ്പോൾ ഹസീബ് കണ്ണനോട് ചോദിച്ചു, “ടാ കണ്ണാ നീ വല്ലതും അറിഞ്ഞോ,” കണ്ണൻ പറഞ്ഞു “ഇല്ലെടാ ഹസീബേ, എന്തിനെക്കുറിച്ചാണ് നീ പറയുന്നത്?” “അപ്പോൾ നീ ടിവിയൊന്നും കാണുന്നില്ലേ, അതിലെ വാർത്തയിലുണ്ടായിരുന്നു ആ കാര്യം.” കണ്ണൻ പറഞ്ഞു, “ആ കൊള്ളാം നീ തന്നെ എന്റെ അടുത്ത് ഇത് ചോദിക്കണം. മുഴുവൻ സമയവും കൂട്ടുകാരുമായി കളിക്കുന്ന എന്റെ അടുത്താണോ നീ ഇത് പറയുന്നത്. ആട്ടെ എന്ത് കാര്യമാണ് നീ എന്റെ അടുത്ത് പറയാൻ വന്നത്.” “എടാ കണ്ണാ ചൈനയിലെ വുഹാനിൽ ഒരു കൊറൊണാവൈറസ് പടരുന്ന കാര്യം വാർത്തയിലുണ്ടായിരുന്നു. ഇത് വളരെ പേടിപ്പിക്കുന്ന കാര്യം തന്നെയാണ്. അവിടെ അനേകം ആളുകൾ മരിച്ചുകഴിഞ്ഞു. ഈ രോഗം മറ്റ് ആളുകളിലെക്കും രാജ്യങ്ങളിലെക്കും പകരുന്നുണ്ട്. ഇന്ത്യയിൽ ആദ്യം റിപ്പോട്ട് ചെയ്തത് നമ്മുടെ കേരളത്തിലാണ്. ഇവിടെയും അനേകം പേർക്ക് ഈ വൈറസിന്റെ ലക്ഷണങ്ങളുണ്ട്. ഈ വൈറസ് പകരുന്നത് സാധാരണമായ പനിയിലും, തൊണ്ടവേദനയിലും നിന്നാണ്. ഈ രോഗം മറ്റ് ആളുകളിൽനിന്നും പകരുന്നുണ്ട്. അത് കാരണം ഈ രോഗം ശമിക്കുന്നത് വരെ വീട്ടിൽനിന്നും പുറത്ത് ഇറങ്ങരുതെന്നാണ് അമ്മ പറയുന്നത്. അതുമല്ല ഈ രോഗത്തെപ്പറ്റി അറിഞ്ഞതോടെ എനിക്ക് വളരെ പേടിയായി ആയതിനാൽ, വീട്ടിൽനിന്നും പുറത്തിറങ്ങാൻ തോന്നിയതേയില്ല. എടാ കണ്ണാ നമ്മുക്ക് കൊറൊണ രോഗം കഴിഞ്ഞിട്ട് മാത്രം പുറത്തിറങ്ങാം, അതായിരിക്കും നല്ലത്.” “ഒന്ന് പോടാ ഹസീബേ, ഈ ചെറിയരോഗത്തിന്റെ പേരും പറഞ്ഞ് നീ വീട്ടിൽതന്നെ ഇരുന്നോ.” “എടാ ഇതിനെക്കുറിച്ച് നീ ഇത്രയ്ക്കും പേടിക്കണ്ടടാ. പണ്ട് നിപ്പ എന്നോരു വൈറസ് വന്നില്ലേ, എന്നിട്ട് അത് പെട്ടെന്നുതന്നെ പോയില്ലേ. അതുപോലെ തന്നെ കൊറോണാവൈറസ് പൊകുമെടാ.”

ഈ രോഗം അതുപോലെ തന്നെ ചെറുതാ. അങ്ങനെ കണ്ണൻ ഹസീബു പറഞ്ഞതൊന്നും അനുസരിക്കാതെ പിന്നീടും കളിക്കാൻ പോയി. അവൻ എല്ലാ ദിവസവും കളിക്കാൻ പോയി. ഒരിക്കൽ കണ്ണൻ കളികഴിഞ്ഞ് വീട്ടിൽ വന്നപ്പോൾ അമ്മ അവനോടു പറഞ്ഞു, “മോനേ കണ്ണാ, നീ ഇന്നു തൊട്ട് പുറത്തൊന്നും കളിക്കാൻ പോകണ്ടെടാ. കാരണം ഇപ്പോൾ നമ്മുടെ രാജ്യത്ത് കൊറോണ ബാധിച്ച് അനേകം പേർ മരിക്കുന്നുണ്ട്. അതുകാരണം രാജ്യത്തു മുഴുവൻ ലോക്ഡൗൺ പ്രഖ്യാപിച്ചിരിക്കുകയാണ്. അതുകൊണ്ട് നീ ഇനി ലോക്ഡൗൺ കഴിഞ്ഞിട്ട്

വീട്ടിൽ നിന്ന് പുറത്ത് കളിക്കാൻ പോയാൽ മതി. നിന്റെ അച്ഛൻ നാളെ പണി കഴിഞ്ഞ് വരും. അതിനാൽ നീ ഇനി പുറത്ത് കളിക്കാൻ പോകണ്ട." "അമ്മേ എനിക്കൊന്നും വരത്തില്ല, ഞാൻ അച്ഛൻ വരുന്നതുവരെ പുറത്ത്കളിക്കാൻ പോകുവാ."

അങ്ങനെ കണ്ണൻ അമ്മ പറയുന്നതു വകവയ്ക്കാതെ കളിക്കുവാൻ പോയി. അടുത്ത ദിവസം രാത്രി കണ്ണന് പനിയും ചുമയും അനുഭവപ്പെട്ടു. പനി കൂടിയതോടെ അവനെ ആശുപത്രി യിലേയ്ക്ക് കൊണ്ടുപോയി.

ആശുപത്രിയിലെത്തിയപ്പോൾ അവന് കൊറോണയാണോന്ന് സ്ഥിരീകരിക്കാൻ വേണ്ടി കണ്ണനെ ഡോക്ടർമാർ ഐസൊലേഷൻ വാർഡിലേയ്ക്ക് മാറ്റി. കണ്ണൻ കുറേ നാളത്തേയ്ക്ക് ആശുപത്രിയിൽ കഴിഞ്ഞു. അവിടെവച്ച് അവന്റെ കൂട്ടുകാരനും അമ്മയും പറഞ്ഞ കാര്യങ്ങൾ അവന്റെ ഓർമയിൽവന്നു. അവൻ അതീവ ദുഃഖിതനായി. അത് അനുസരിച്ചിരുന്നെങ്കിൽ തനിക്ക് ഇങ്ങനെ കിടക്കേണ്ടിവരില്ലായിരുന്നുവെന്ന് അവൻ ഓർത്തു.

കുറേ നാളുകൾക്കുശേഷം കണ്ണനെ ആശുപത്രിയിൽ നിന്ന് മാറ്റി. അവൻ രോഗമുക്തനായി. അതിനുശേഷം അവൻ വീട്ടിലെത്തി, അവിടെ കിടക്കുകയായിരുന്നു. അപ്പോൾ അവൻ അമ്മയോടു പറഞ്ഞു. അമ്മ പറഞ്ഞതൊക്കെ ഞാൻ അനുസരിച്ചിരുന്നെങ്കിൽ എനിക്കിങ്ങനെ വരുമായിരുന്നില്ല. ഇനി അമ്മ പറയുന്നതനുസരിച്ച് ഞാൻ വീട്ടിൽ കഴിഞ്ഞോളാം. അതിനുശേഷം കണ്ണൻ തന്റെ പ്രിയപ്പെട്ട സുഹൃത്തായ ഹസീബിനെ ഫോണിൽ വിളിച്ചു പറഞ്ഞു, "എടാ ഹസീബേ, നീ പറഞ്ഞതാ ശരി. അന്ന് നീ പറഞ്ഞ വാക്കുകൾക്ക് വില നൽകിയിരുന്നെങ്കിൽ എനിക്ക് ആശുപത്രിയിൽ പോകേണ്ടിവരില്ലായിരുന്നു. ഇപ്പോൾ അതിലെനിക്ക് കുറ്റബോധമുണ്ട്." ഹസീബ് പറഞ്ഞു, "ടാ അതൊക്കെവിട് ഇപ്പോൾ നിനക്ക് ഞാൻ പറഞ്ഞതിന്റെ ഗൗരവം മനസ്സിലായല്ലോ. എനിക്ക് അതുകേട്ടപ്പോ സന്തോഷമായെട. ഞാനിപ്പോൾ വീട്ടിൽ വല്യപണിയൊന്നും ഇല്ലാത്തതിനാൽ അമ്മയെ വീട്ടിലെ പണിയിലൊക്കെ സഹായിച്ച് നിൽക്കുകയാണ്. എടാ കണ്ണാ നമുക്കേ ഈ കൊറോണ സമയം കഴിഞ്ഞാലുടൻ തന്നെ കളി തുടങ്ങണം. പിന്നീട് മത്സരമൊക്കെ സംഘടിപ്പിക്കണം. എന്നാലേ ഒരു ഉഷാറൊക്കെയുള്ളൂ. അപ്പോൾ ശരി കണ്ണാ നമുക്കു കാണാം." "ഈ കൊറോണസമയം കഴിഞ്ഞിട്ട്. ഓക്കേ ഡാ ഹസീബേ, ഇടയ്ക്കൊക്കെ വിളിക്കണം കേട്ടോ. അപ്പോൾ ശരി." അതിനുശേഷം കണ്ണൻ, തന്റെ വീട്ടിൽ ചിത്രം വരയ്ക്കുകയും അമ്മയെ അടുക്കള കാര്യങ്ങളിൽ സഹായിക്കുകയും ചെയ്തു. കണ്ണൻ തന്റെ അച്ഛനോടൊപ്പം വീട്ടിൽ കൃഷി തുടങ്ങുകയും അച്ഛന്റെ കൂടെ വീട്ടിൽ ത്തന്നെ കളിക്കുകയും ചെയ്തു. തന്റെ സഹോദരങ്ങളോടൊപ്പം കണ്ണൻ തന്റെ കൊറോണക്കാലത്തെ സമയം പിന്നിട്ടുകൊണ്ടിരുന്നു.

**ആന്റണി സയറസ്**
9 എ, ലിയോ എച്ച്.എസ്.എസ്
ആലപ്പുഴ ഉപജില്ല, ആലപ്പുഴ



# ആരും നിസ്സാരരല്ല

ബാലു അന്ന് വളരെ നേരത്തെ ഉണർന്നു. എന്നത്തേയും പോലെ അവനു ആദ്യം പത്രം വായിക്കണം. പത്രം എത്തുന്നതിലും നേരത്തെ അവൻ ഉണർന്നിരിക്കുന്നു. എന്തോ വലിയ അസ്വസ്ഥത അവനിൽ കാണാം. പന്ത്രണ്ട് വയസ്സ് മാത്രം പ്രായമായ ബാലു ദേവപുരം ഗ്രാമത്തിന്റെയും അവിടുത്തെ യു.പി. സ്കൂളിന്റെയും അഭിമാനവും നായകനുമാണ്. ഏവർക്കും മാതൃക വിദ്യാർഥി. പങ്കെടുക്കുന്ന പൊതുവിജ്ഞാന മത്സരത്തിൽ എല്ലാം ഒന്നാമൻ. ഇന്ന് അവൻ പത്രം കാത്തിരിക്കുന്നു. ഏത് വാർത്തയാണ് അവനു അറിയേണ്ടത്? അമ്മ ബാലുവിന്റെ വല്ലായ്മ കണ്ട് 'എന്താ ബാലു നിനക്ക് കാപ്പി വേണോ? എന്ന ചോദ്യത്തിന് പത്രം മതി എന്ന് മറുപടി. ഇവന് എന്ത് വിവരമാ ഈ അതിരാവിലെ അറിയേണ്ടത് എന്ന ആത്മഗതത്തോടെ അമ്മ അടുക്കളയിലേക്ക് പോയി.ബാലുവിന്റെ മനസ് മുഴുവൻ ഇന്നലത്തെ ആ ഒരു വാർത്ത, വുഹാൻ എന്ന പ്രദേശവും അവിടെ രൂപം കൊണ്ട പുതിയ രോഗവും അതിന്റെ അതിവ്യാപനവും തന്നെയായി രുന്നു സൈക്കിൾ മണിയൊച്ച അവനെ ചിന്തകളിൽ നിന്നും ഉണർത്തി. തന്റെ കാത്തിരിപ്പിനു വിരാമം പത്രം കയ്യിൽ. വിശദമായി വായിച്ചു. കോവിഡ് 19 ന്റെ അതിവേഗപടരൽ ഇന്ത്യയിലേക്കും എത്തി എന്ന തിരിച്ചറിവ് അവനെ ഭയപ്പെടുത്തി. ആ കുഞ്ഞുമനസ്സിൽ മുത്തശ്ശൻ, മുത്തശ്ശി, അച്ഛൻ, അമ്മ, കൊച്ചനുജത്തി. ഈ വലിയ രോഗത്തെ തടയാൻ കൈകഴുകൽ, സമ്പർക്കം ഒഴിവാക്കൽ, മാസ്ക് ഉപയോഗിക്കൽ, തുടങ്ങി ലളിതമാർഗങ്ങളും. തന്റെ പങ്കാളിത്തം ഉറപ്പാക്കിയേ മതിയാവൂ. ചില ബാലിശചിന്തകൾ ശരിയാവില്ല. മനസ്സിൽ പിന്മാറ്റത്തിന്റെ മുരൾച്ച. വായനയിലൂടെ തന്റെ ഉള്ളിലേക്ക് കടന്നുകൂടിയ ആരാധ്യബാലികമാർ, പാകിസ്ഥാൻ ആക്ടിവിസ്റ്റ് മലാല, സ്വീഡിഷ് ആക്ടിവിസ്റ്റ് ഗ്രേറ്റ ഇവരൊക്കെ തനിക്കെന്നും ഊർജം പകർന്നവരല്ലേ. ഇല്ല, പിന്മാറാൻ എനിക്ക് കഴിയില്ല അവൻ ഉറച്ച തീരുമാനത്തിലെത്തി. ഞാനും പങ്കാളിയാകും.അമ്മയുടെ സഹായത്തോടെ മാസ്ക് നിർമിച്ചു. അച്ഛനെ സ്വാധീനിച്ച് സാനിറ്റൈസർ, സോപ്പ് തുടങ്ങിയവ വാങ്ങി, ഗ്രാമത്തിലേക്കിറങ്ങി. കുഞ്ഞുനേതാവിന്റെ വാക്കുകൾക്ക് മുന്നിൽ മുതിർന്നവർ അനുസരണയുള്ള കുട്ടികളായി. ലോകത്തിന്റെ കാവലാൾ ആകേണ്ട നാളത്തെ പൗരൻ ബാലു. കുറെ ബാലുമാർ... നല്ലൊരുനാളെയ്ക്കായി.

**റിനോ റിങ്കിൾ**
10 ജി, വി.പി.എം.എച്ച്.എസ്.എസ്. വെള്ളറട
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# ഒറ്റപ്പെടൽ

നേർത്തൊരു നെടുവീർപ്പോടെ ഹമീദ് പതിയെ മയക്കത്തിലേക്ക് വീണു. അയാളുടെ ഇരു കണ്ണുകളിൽ നിന്നും കണ്ണീർ ചാലുകൾ പതിയെ ഒഴുകുന്നുണ്ടായിരുന്നു. നടക്കുന്നതെല്ലാം ഒരു ദു:സ്വപ്നമാകണേ എന്ന പ്രാർത്ഥനയോടു കൂടിയായിരുന്നു അയാളുടെ ഓരോ ദിവസവും കടന്നുപോയ്ക്കൊണ്ടിരുന്നത്. നാട്ടിലെ ഒരു സാധാരണ കുടുംബമാണ് ഹമീദിന്റേത്. അയൽക്കാരോടും ബന്ധുക്കളോടും നിരന്തരം നല്ലൊരു ബന്ധം അയാൾ പുലർത്തിയിരുന്നു. നല്ലൊരു കർഷകനായിരുന്നു ഹമീദ്. അങ്ങിനെയിരിക്കെയാണ് ഒരിക്കൽ പാടത്ത് കൃഷി ചെയ്ത് കൊണ്ടിരിക്കുമ്പോൾ ദാമോദരേട്ടൻ ഓടിക്കിതച്ചുകൊണ്ട് വരുന്നത് കണ്ടത്. എന്തൊക്കെയോ തന്നോട് പറയാനുള്ള മട്ടിലായിരുന്നു വരവ്. ഞാൻ ചോദിച്ചു എന്താ ദാമോദരേട്ടാ? നമ്മുടെ പാടവും പറമ്പുമൊക്കെ ഇടിച്ചു നിരത്താൻ ഒരു യന്ത്രം വരുന്നുണ്ട്. ഇത് കേട്ടപ്പോൾ ആ പാവം കർഷകന്റെ നെഞ്ച് തകർന്നു പോയി. പിന്നീട് എല്ലാം വേഗത്തിലായിരുന്നു. അവിടെ ഫ്ളാറ്റുകളുയർന്നു. അങ്ങനെ കാലത്തിന്റെ പ്രയാണത്തിൽ അയാളും വാർധക്യത്തിലേക്ക് നീങ്ങി. മക്കളുടെ ആശ്രയമില്ലാതെ ഇനി മുന്നോട്ടുള്ള ജീവിതം നയിക്കാൻ ഹമീദിന് കഴിയാതെവന്നു. എന്നാൽ മക്കളാകട്ടെ അവരുടെതായ ലോകത്ത് മുഴുകി. തങ്ങളുടെ ബാപ്പയുടെ കൂടെ ഒരല്പസമയം ചെലവഴിക്കാൻ അവർ തയ്യാറായില്ല. അവരുടെ മണിസൗധത്തിലെ ഏകാന്തത്തടവറയിലായിരുന്നു പിന്നീടുള്ള അയാളുടെ ജീവിതം. തൊട്ടടുത്ത് ആരാണെന്നോ ചുറ്റും നടക്കുന്നതെന്താണെന്നോ അറിയാൻപോലും ആർക്കും സമയമില്ല. ബന്ധങ്ങളും സൗഹൃദങ്ങളും വെറും ഓൺലൈൻ. ഈ സാഹചര്യത്തിലാണ് ഏതോ ഒരു ശക്തിയുടെ പിടിയിലാണ് ലോകം എന്ന സത്യം ഹമീദ് അറിയുന്നത്. ടെക്നോളജിയുടെ വളർച്ചയ്ക്കൊപ്പം മനുഷ്യസമൂഹത്തിൽ വന്നിട്ടുള്ള മാറ്റത്തിന്റ തിരിച്ചടിയായിട്ടാണ് ഹമീദ് ഈ മഹാവിപത്തിനെ കണക്കാക്കിയിട്ടുള്ളത്. മനുഷ്യന്റെ ചെയ്തികൾ മനസ്സിലാക്കിയിട്ടെന്നോണം ഓരോ മനുഷ്യനും ഒറ്റപ്പെടാൻ തുടങ്ങി. ഹമീദും ആ മഹാമാരിക്കടിമയായി. തന്റെ മക്കളേയും പേരക്കുഞ്ഞുങ്ങളേയും ഒരിക്കൽ കൂടി വാരി പുണരാൻ കഴിയണേ എന്ന പ്രാർത്ഥനയോടെ ആശുപത്രി കിടക്കയിൽ കിടക്കുകയാണ് ആ പാവം കർഷകൻ

**നിയ വിനോദ്**
6 എ, വിഷ്ണു വിലാസം യു പി എസ്
ചൊക്ലി ഉപജില്ല, കണ്ണൂർ



# ആരും ചെറുതല്ല

ഒരിടത്ത് ഒരു നാരായണൻ നമ്പുതിരിയുണ്ടായിരുന്നു. പക്ഷേ എല്ലാരേയും പോലെ ആയിരുന്നില്ല. അദ്ദേഹം എപ്പോഴും പലതും ചിന്തിക്കുമായിരുന്നു. അങ്ങനെ ഇരിക്കെ ചിന്തിച്ചു ഈ മരങ്ങളൊക്കെ നട്ടു വളർത്തിട്ടു എനിക്ക് എന്തു നേട്ടം. അദ്ദേഹം ജീവിതത്തിൽ ഒരു തൈ പോലും നട്ടില്ല.

ഒരു ദിവസം അദ്ദേഹം പീടികയിൽ പോയി വന്ന വഴി ഒരു കൊച്ചുകുട്ടിയെ കണ്ടു. അദ്ദേഹം നോക്കുമ്പോൾ ആ കുട്ടി ഒരു വൃക്ഷത്തൈ നടുന്നതായിരുന്നു കണ്ടു. തന്റെ സംശയത്തിന് ഉത്തരം കിട്ടുമോ എന്ന് സംശയിച്ചു ആ കുട്ടിയോട് ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി. ഈ വൃക്ഷത്തൈ നടുന്നത് കൊണ്ട് നിനക്കെന്തു ഉപകാരം കിട്ടും? അപ്പോൾ ആ കുട്ടി ഒന്ന് ആ തൈയിലേക്ക് നോക്കി, രണ്ട് മിനിറ്റ് നിന്ന് പിന്നെ അദ്ദേഹത്തിന്റെ മുഖത്തു നോക്കി ഒരു പുഞ്ചിരിയോടെ പറഞ്ഞു, “ഈ വൃക്ഷം വലുതായി മറ്റുള്ളവർക്കു തണലും, ശുദ്ധവായുവും നൽകുമ്പോൾ എന്റെ മനസിന് സന്തോഷമാണ് തോന്നുന്നത്. ഒരുപാട് തെറ്റ് ചെയ്തിട്ടുണ്ട്. അതിനു പകരം ഒരു തൈ നട്ടാൽ അതിനു പരിഹാരം ആവും എന്ന് എന്റെ മുത്തശ്ശി പറഞ്ഞിട്ടുണ്ട്.”

അപ്പോൾ അദ്ദേഹത്തിന്റെ കണ്ണ് നനഞ്ഞു, കാരണം ഇത്രേം കാലം താൻ ജീവിച്ചിട്ട് ഈ കാര്യം മനസ്സിലാക്കാൻ സാധിച്ചില്ല എന്നോർത്ത്. ഈ കാര്യം ഓർത്തു അദ്ദേഹം വീട്ടിലേക്കു മടങ്ങി. വീട്ടിൽ ചെന്ന് അന്നാദ്യമായി അദ്ദേഹം ഒരു തൈ നട്ടു. ഇങ്ങനെ അദ്ദേഹത്തിന്റെ ജീവിതം മാറിമറിഞ്ഞതിനു കാരണം ആ കുട്ടി ആയിരുന്നു. അന്നുമുതൽ അദ്ദേഹം ഒരു നല്ല മനുഷ്യനായി മാറി, പ്രകൃതിയെ സ്നേഹിക്കുന്ന ഒരാളായി മാറി.

**സോബി സിബി**
8 ബി, സെന്റ് ആന്റണീസ് ഹയർ സെക്കൻഡറി സ്കൂൾ, പൂഞ്ഞാർ
ഈരാറ്റുപേട്ട ഉപജില്ല, കോട്ടയം

# ചരമക്കുറിപ്പ്

ഞാൻ കോവിഡ് 19, അപ്പൊ നിങ്ങൾ ചോദിക്കും ഈ ലൂയി പതിനാറാമൻ എന്നൊക്കെ പറേന്നപോലെയാണോ ഈ 19 വന്നെ എന്ന്. അല്ലാട്ടോ, ഏതോ മരത്തിൽ തൂങ്ങിക്കിടന്ന വവ്വാലിന്റെ ഉള്ളിൽ കിടന്ന് കാലം കഴിക്കേണ്ടി വരുമായിരുന്ന എനിക്ക് ഒരു പുതുജീവൻ കിട്ടിയത് 2019-ലാണ്. അന്ന് പേരിന്റെ ഒപ്പം കൂട്ടിയതാണീ 19. എന്നെ സ്നേഹത്തോടെ കൊറോണ എന്നും വിളിക്കാം.മനുഷ്യശരീരത്തിൽ കയറിപ്പറ്റിയ എന്നെ കാത്തിരുന്നത് അനന്തകോടി സാധ്യതകളായിരുന്നു. ചെറിയൊരു തുമ്മലിലും ചുമയിലും തുടങ്ങിയ ജീവിതം,കണ്ണടച്ചു തുറക്കുന്ന നേരം കൊണ്ട് നാടും ദേശവും കടന്ന് രാജ്യങ്ങൾക്കും ഭൂഖണ്ഡങ്ങൾക്കും വരെ അപ്പുറം വ്യാപിച്ചപ്പോൾ ഞാൻ തെല്ലൊന്നുമല്ല ആഹ്ലാദിച്ചത്. മറ്റുള്ള എല്ലാ ജീവികളെയും പിടിച്ച് കൂട്ടിലടച്ച മനുഷ്യനെ ദിനരാത്രികൾ കൊണ്ട് കൂട്ടിലടച്ചപ്പോൾ ഞാനൊരൽപ്പം അഹങ്കരിച്ചു പോയി. ചെന്നുകയറിയ രാജ്യങ്ങളിലൊക്കെ ഞാൻ സംഹാരതാണ്ഡവമാടി. ഇന്ത്യയിലേക്ക് കാലെടുത്തു വച്ചപ്പോൾ, അവിടുത്തെ ജനസംഖ്യ കണ്ടപ്പോൾ ഞാൻ ആനന്ദപുളകിതനായി.

എന്നാൽ, അഹങ്കാരം കൂടിയപ്പോൾ തോന്നിയ അതിബുദ്ധിയെന്നേ കേരളത്തിലേക്ക് വരാൻ തോന്നിയതിനെപ്പറ്റി എനിക്ക് പറയാൻ പറ്റൂ. ഇവിടെനിക്ക് ഒരു രക്ഷേം ഇല്ല.സത്യം പറയാലോ മുഴുപ്പട്ടിണിയാ, ആരുടെയെങ്കിലും ദേഹത്തു കയറിയാൽ അപ്പൊ വരും ഐസൊലേഷനും സമ്പർക്ക പട്ടികയും പിന്നെ ലോക്ക് ഡൗണും ബ്രേക്ക് ദ ചെയിനും. എന്റെ വംശം തന്നെ നശിക്കാറായി. സമൂഹ വ്യാപനംപോയിട്ട് ഒന്ന് പകരാൻ പോലും എനിക്ക് പറ്റുന്നില്ല. ലോകം മുഴുവൻ ഭീതിയിൽ നിന്നപ്പോഴും, നാളെ ജീവനോടെ ഉണ്ടാകുമോ എന്നു പോലും ഭയപ്പെട്ടു നിൽക്കുമ്പോഴും ഇവിടുത്തെ മഹിളാമണികൾ അടുത്ത കൊല്ലത്തേക്കുള്ള മാങ്ങ അച്ചാറിടാനും ചക്ക വരട്ടാനുമുള്ള തിരക്കിലാണ്. ഇവിടുത്തെ അമ്മമാർ കുഞ്ഞുങ്ങൾക്ക് ചോറു കൊടുക്കുന്നത് ഇപ്പോൾ എങ്ങനെയാണെന്നോ, 'ദേ കൊറോണ വരുന്നു' എന്നും പറഞ്ഞ്.ഇതൊക്കെ കേൾക്കുമ്പോ നാണം കൊണ്ട് എന്റെ തൊലി

പൊളിയുകയാ. എന്നാ കേരളത്തിലെ ഭക്ഷണത്തിനെങ്കിലും ക്ഷാമം വരുത്താമെന്ന് വിചാരിച്ചാ പറമ്പിലെ സകല ഇലകളും കായും കിഴങ്ങും എടുത്ത് കറിയും തോരനും വച്ച് അവർ സുലഭമായിട്ട് കഴിയുകയാണ്. ഇതൊക്കെ തിന്നു തിന്നു ഇവർക്കാണേൽ ഒടുക്കത്തെ പ്രതിരോധശേഷിയും. മറ്റു രാജ്യങ്ങളിലുള്ള എന്റെ മക്കൾ എങ്കിലും പരമ്പര തുടരുമല്ലോ എന്നായിരുന്നു ഒരാശ്വാസം. ഇപ്പൊ അതും പോയി. എല്ലാരും കേരളം മാതൃക ആക്കാൻ പോകുവാണത്രെ. ഒക്കെ എന്റെ തെറ്റാണ്. മര്യാദയ്ക്ക് ആ വവ്വാലിന്റെ ഉള്ളിൽ തന്നെ കിടന്നാ മതിയായിരുന്നു. ഇപ്പൊ കടിച്ചതും ഇല്ല,പിടിച്ചതും ഇല്ല എന്നായി.

എന്ന്,

ദിവസങ്ങൾ എണ്ണി കഴിയുന്ന കൊറോണ.

**റിയ അജിത്ത്**
8 എ, സെന്റ്. ആന്റണീസ് ഗേൾസ് ഹൈസ്കൂൾ
വടകര ഉപജില്ല, കോഴിക്കോട്

# ജന്മദിനം

ഇന്ന് എന്തെന്നില്ലാത്ത സന്തോഷം തോന്നി. നാളേയ്ക്കുള്ള ഒരുക്കങ്ങൾ എന്റെ മനസ്സിൽ മിന്നി മറഞ്ഞു.ഉണ്ടാക്കിയ ലിസ്റ്റ് പലവട്ടം വായിച്ചു നോക്കി.ബലൂൺ, മിഠായി, കേക്ക്... ഒന്നും മറന്നിട്ടില്ല. ലിസ്റ്റുമായി ഞാൻ അച്ഛന്റെ അടുത്തേക്കോടി.

അച്ഛൻ സാധാരണത്തേതിലും ഗൗരവമായി അമ്മയോട് സംസാരിക്കുന്നതു കണ്ടു. അവർ ഏതോ മഹാമാരിയെക്കുറിച്ചും ഭക്ഷ്യക്ഷാമത്തെക്കുറിച്ചും മറ്റും പറയുന്നതു കേട്ടു. എനിക്കൊന്നും മനസ്സിലായില്ല.ശ്രദ്ധിച്ചപ്പോൾ അമ്മയുടെ വക ഭാഗംവച്ചു കിട്ടിയ വയലിൽ കൃഷിയിറക്കുന്നതിനെപ്പറ്റിയും കൃഷിയുടെ ആവശ്യകതയെപ്പറ്റിയും ഒരു തുണ്ട് ഭൂമിപോലും തരിശാക്കരുതെന്നും മറ്റും.

സംസാരത്തിനിടയിൽ ഞാൻ ലിസ്റ്റുമായി ചെന്നു.അച്ഛൻ എന്നെ ശ്രദ്ധയോടെ കേട്ടു. 'മോളേ, ഇത് ആഘോഷങ്ങളുടെ കാലമല്ല. ലോകം മുഴുവൻ കോവിഡ് എന്ന മഹാമാരി പിടിച്ചിരിക്കുകയാണ്. ഇപ്പോൾ നാം ഓരോരുത്തരും ഈ മഹാമാരിക്കെതിരെ പൊരുതുകയാണ് വേണ്ടത്.''നമ്മൾ എങ്ങനെയാണച്ഛാ പൊരുതേണ്ടത്? ആരോഗ്യപ്രവർത്തകരല്ലേ അതൊക്കെ ചെയ്യേണ്ടത്." "അങ്ങനെയല്ല മോളേ, നാം ഓരോരുത്തരും വ്യക്തിശുചിത്വം പാലിച്ചും സാമൂഹിക അകലം പാലിച്ചും വീട്ടിലിരുന്നുകൊണ്ട് ഈ മഹാമാരിക്കെതിരായി പൊരുതാം." "അച്ഛാ, നമ്മൾ പ്രളയത്തെയും നിപാവൈറസിനെയും അതിജീവിച്ചപോലെ ഇതും നമ്മളെക്കൊണ്ട് സാധിക്കും. ഓരോ ആരോഗ്യപ്രവർത്തകരും അവരുടെ ജീവിതം പണയപ്പെടുത്തിയാണ് നമ്മൾക്കുവേണ്ടി ജോലി ചെയ്യുന്നത്. അതുകൊണ്ട് ആഘോഷങ്ങൾ മാറ്റിവച്ച്, സാമൂഹിക അകലം പാലിച്ച് ഈ പ്രതിസന്ധിയെ നമുക്ക് നേരിടാം."

**ദേവപ്രിയ .എസ്**
8 എ, സെന്റ്. ആന്റണീസ് ഗേൾസ് ഹൈസ്കൂൾ
വടകര ഉപജില്ല, കോഴിക്കോട്



# ജീവിതപാഠം

ജോൺ ആശുപത്രി കിടക്കയിൽ കിടന്ന് ഞെളിപിരികൊണ്ടു. നെഞ്ചത്ത് വലിയ കല്ല് എടുത്തുവെച്ച പ്രതീതി. ശ്വാസമെടുക്കുമ്പോൾ വാരിയെല്ലുകൾ വരിഞ്ഞ് മുറുകുന്നതുപോലെ. കഴിഞ്ഞ പതിമൂന്ന് വർഷങ്ങൾ താൻ എത്രയോ ശ്വാസം എടുത്തിട്ടുണ്ടാകും. ഇതുവരെ അതൊന്നും ആലോചിച്ചിട്ടില്ല. അല്ല, അതിന് എവിടെയാ നേരം. എപ്പോഴും തിരക്കോടുതിരക്ക്. സ്കൂൾ, ക്ലാസ്സ്, ട്യൂഷൻ, കളി... അങ്ങനെ അങ്ങനെ... ദൈവം നമുക്ക് സൗജന്യമായി നൽകുന്ന എത്രയോ അനുഗ്രഹങ്ങൾ. സഹോദരങ്ങൾ, ആഹാരം, മറ്റുസൗകര്യങ്ങൾ. ഇതിനൊന്നും ഒരു നന്ദിയും ഒരിക്കലും ആരോടും പറഞ്ഞിട്ടില്ല. അതെല്ലാം എന്റെ അവകാശമാണെന്ന് ചിന്തിച്ചു. ഈ ആശുപത്രിവാസം കഴിഞ്ഞിട്ടുവേണം എല്ലാവരോടും നന്ദി പറയാൻ. ജോൺ മനസ്സിൽ ഉറപ്പിച്ചു.

ശ്വാസം എടുക്കാൻ ശ്രമിക്കുന്തോറും എന്തോ കഴുത്തിലുരുണ്ടു കൂടുന്നതുപോലെ... ശക്തമായി ഒന്നു ചുമയ്ക്കുവാൻ അവൻ ആഗ്രഹിച്ചു. പക്ഷേ, മുഖത്ത് ഉറപ്പിച്ച മാസ്ക് കാരണം അതിനു കഴിയുന്നില്ല. തനിക്ക് കൃത്രിമശ്വാസം നല്കികൊണ്ടിരിക്കുകയാണെന്ന് അവന് മനസ്സിലായി. ദൈവമേ, അപ്പാപ്പൻ ഇതുപോലെ കിടക്കുന്നത് ഏകദേശം ഒരു മൂന്ന് കൊല്ലങ്ങൾക്കുമുമ്പുള്ള ഒരു ചിത്രം അവൻ ഓർമിച്ചു. ഏതാനും ദിവസങ്ങൾക്കുശേഷം ഒരു വെളുത്ത തുണിയിൽ പൊതിഞ്ഞാണ് അപ്പാപ്പനെ പിന്നെ വീട്ടിൽകൊണ്ടുവന്നത്. എനിക്കും അതുതന്നെയാകുമോ ഗതി. ഒന്ന് തിരിഞ്ഞ് കിടക്കണമെന്നുണ്ട്. പക്ഷേ, അനങ്ങാൻ സാധിക്കുന്നില്ല. തന്റെ അനക്കവും മുരൾച്ചയും കണ്ടിട്ടാകണം ആ തടിച്ച നഴ്സ് ഇങ്ങോട്ടുവരുന്നത് അവൻ പാതിമയക്കത്തിൽ കണ്ടു. എനിക്ക് ആ നഴ്സിനെ ഇഷ്ടമില്ല. താൻ വന്ന ദിവസം, തന്നെ ചീത്ത പറഞ്ഞത് അവരാണ്. എന്തിനാണെന്നോ കഞ്ഞി കുടിക്കണമെങ്കിൽ ചോക്ലേറ്റ് വാങ്ങിത്തരണമെന്ന് വാശിപിടിച്ചതിന്. പിന്നെ എപ്പോഴാണ് ഇവിടെ എത്തിയത്? ഒന്നും ഓർമ കിട്ടുന്നില്ല. മരുന്നുകളുടെയും ഇഞ്ചക്ഷന്റെയും എല്ലാം കൂടികലർന്ന രൂക്ഷഗന്ധം അവിടെ നിറഞ്ഞുനിന്നു. അവന് മനംപിരട്ടി വന്നു. പക്ഷേ, ഒന്നും ചെയ്യാൻ പറ്റുന്നില്ല. ഒന്നും മിണ്ടാൻ പറ്റുന്നില്ല. കൈകളിൽ തറച്ച ഇഞ്ചക്ഷൻ സൂചിയിലൂടെ ഏതോ ദ്രാവകം ഇറ്റിറ്റായി കയറിക്കൊണ്ടിരിക്കുന്നു. ദൈവമേ, എത്രനാൾ ഈ കിടപ്പ് വേണ്ടിവരും. എന്നാണ് ഇനി സന്തോഷിനെയും മുരളിയെയും സൽമാനെയും ആന്റണിയെയും കാണാൻ സാധിക്കുക? എന്നാണ് ഇനി അവർക്കൊപ്പം ഗ്രൗണ്ടിൽ ഫുട്ബോൾ കളിക്കാൻ സാധിക്കുക? നിസ്സഹായനായി ജോൺ അവിടെക്കിടന്നു. അപ്പനെയും അമ്മയെയും ജോഫിക്കുട്ടിയെയും കാണാൻ

അവൻ കൊതിച്ചു. അവരെല്ലാം എവിടെ? കൊറോണക്കാലത്ത് അപ്പനും അമ്മയും ടീച്ചർമാരും പറഞ്ഞതു ശ്രദ്ധിക്കാതെ നടന്നതിന്റെ ഫലമല്ലേ ഇത്.

ജോൺ തലതിരിച്ചു നോക്കിയപ്പോൾ അപ്പുറത്തായി രണ്ടു മൂന്നു പേർകൂടി കിടക്കുന്നത് അവ്യക്തമായി കണ്ടു. ആശ്വാസം. താൻ ഒറ്റയ്ക്കല്ല. അപ്പുറത്തു കിടക്കുന്നത് ഒരു സ്ത്രീയാണെന്ന് തോന്നുന്നു. ശരിയാണ്. തന്റെ അമ്മയുടെ പ്രായമുള്ള സ്ത്രീ. അപ്പോഴാണ് ആ മുഖം അവൻ ശ്രദ്ധിക്കുന്നത്. തന്റെ അമ്മ. അമ്മയ്ക്കെന്തുപറ്റി? തന്നെ ആശുപത്രിയിൽ കൊണ്ടുവന്നത് അമ്മയല്ലേ? അവന് സങ്കടം വന്നു. തനിക്ക് കഞ്ഞി കോരിതന്നതും ഡ്രസ്സ് മാറ്റിച്ചതും രാത്രിയിൽ കൂട്ടിരുന്നതുമെല്ലാം അമ്മയല്ലേ. നിശ്ചലമായിക്കിടക്കുന്ന അമ്മയുടെ രൂപം അവൻ വീണ്ടും നോക്കി. നെഞ്ച് ഉയരുന്നതും താഴുന്നതും കാണാം. അമ്മ വളരെ ആയാസപ്പെട്ടാണ് ശ്വസിക്കുന്നത്. അവൻ സകല ശക്തിയുമെടുത്ത് അമ്മയെ വിളിക്കാൻ ശ്രമിച്ചു. അമ്മേ... ശബ്ദം പൊങ്ങുന്നില്ല. വീണ്ടും അവൻ ശ്രമിച്ചു. പക്ഷേ, കഴുത്ത് വലിഞ്ഞുമുറുകുന്നു. കണ്ണുകൾ തുറിച്ച് പുറത്തേക്ക് വരുന്നതുപോലെ. ദൈവമേ, എന്നെ സഹായിക്കാൻ ആരുമില്ലേ?

“ജോണീ, എടാ ജോണിക്കുട്ടീ, രാവിലെ എത്ര മണിയാണെന്നാ നിന്റെ വിചാരം. എഴുന്നേല്ക്ക്. എട്ടു മണി കഴിഞ്ഞു.” അമ്മയുടെ ശബ്ദം. “ലോക്ഡൗൺ കാലത്ത് അവന്റെ ഒരു ഉറക്കം.'' അമ്മയുടെ ശബ്ദം വീണ്ടും. അവൻ ഞെട്ടിയുണർന്നു. താൻ എവിടെയാണ്? ആശുപത്രി കിടക്കയിലല്ല, സ്വന്തം കട്ടിലിലാണെന്ന് അവൻ തിരിച്ചറിഞ്ഞു. അപ്പോൾ എല്ലാം സ്വപ്നമായിരുന്നുവോ. ഭാഗ്യം! ആശുപത്രിയിലെ രൂക്ഷഗന്ധം ഇപ്പോഴും അനുഭവപ്പെടുന്നതുപോലെ. മിനിടീച്ചർ ക്ലാസ്സിൽ കൊറോണയെ പ്രതിരോധിക്കാൻ ശുചിത്വം പാലിക്കണമെന്നു പറഞ്ഞതും വീട്ടിൽ അപ്പനും അമ്മയും സോപ്പുപയോഗിച്ച് കൈയും മുഖവും കഴുകണമെന്നു പറഞ്ഞതും അവൻ ഓർത്തു. ഇനി താൻ എല്ലാം ശരിയായി ചെയ്യും. തനിക്കു ലഭിച്ച എല്ലാ അനുഗ്രഹങ്ങൾക്കും നന്ദിയുള്ളവനായിരിക്കും. അവൻ ഉറപ്പിച്ചു, ജോണി എഴുന്നേറ്റ് പല്ല് തേയ്ക്കുവാൻ നടന്നു.

**അലീസ ബിനോയ്**
7 എ, സെന്റ് ക്ലെയേഴ്സ് സി.ജി.എച്ച്.എസ്.എസ്. തൃശ്ശൂർ
തൃശ്ശൂർ ഈസ്റ്റ് ഉപജില്ല, തൃശ്ശൂർ

# കുഞ്ഞനുറുമ്പും കൊറോണയും

കുഞ്ഞനുറുമ്പിന്റെ അച്ഛൻ കുട്ടനുറുമ്പ് വിദേശത്തായിരുന്നു

വിദേശത്തെങ്ങും കൊറോണ ആയതുകൊണ്ട് കുട്ടനുറുമ്പ് നാട്ടിൽ തിരിച്ചെത്തി.

വീട്ടിലെത്തിയപ്പോൾ കുഞ്ഞൻ വാതിൽ തുറന്നില്ല

കുഞ്ഞൻ പറഞ്ഞു. "കൊറോണയുണ്ടോ എന്ന് പരിശോധിച്ചിട്ട് വീട്ടിൽ കയറിയാൽ മതി".

കുഞ്ഞന്റെ വാക്ക് കേട്ട് അച്ഛൻ ആശുപത്രിയിൽ പോയി .

പരിശോധനാഫലം വന്നപ്പോൾ കുഞ്ഞൻ സംന്തോഷിച്ചു. അച്ഛന് കൊറോണ ഇല്ല.

കുഞ്ഞൻ കൂട്ടുകാരോടു പറഞ്ഞു "കൂട്ടുകാരേ ഇനി പഞ്ചസാരയ്ക്ക് ചുറ്റും നമ്മുക്ക് കൂട്ടം കൂട്ടമായി നില്ക്കേണ്ട, ഒറ്റയ്ക്കൊറ്റയ്ക്ക് നടന്നാൽ മതി. കൈകൾ സോപ്പുപയോഗിച്ച് നന്നായി കഴുകുക, മാസ്ക് ധരിക്കണം". എല്ലാരും തല കുലുക്കി സമ്മതിച്ചു.

**ഗോപിക ടി എം**
5 എ, സെൻറ് ജോസഫ്സ് യു.പി. സ്കൂൾ ജോസ്ഗിരി
പയ്യന്നൂർ ഉപജില്ല, കണ്ണൂർ

# പ്രത്യാശയുടെ നാൾവഴികൾ

തന്റെ മാതാപിതാക്കളുടെ കൈയ്യും പിടിച്ച് സേതു അമേരിക്കയിൽ നിന്ന് നാട്ടിലേക്ക് വരുകയാണ്. അവന് അമേരിക്ക വിട്ട് നാട്ടിലേക്ക് വരുവാൻ താല്പര്യമില്ലാഞ്ഞിട്ടുകൂടി സേതു നാട്ടിലെത്തി. സേതു വന്നു എന്നറിഞ്ഞ് അവന്റെ കൂടെ കളിക്കുവാൻ കുറെ കൂട്ടുകാർ വന്നിരുന്നു. സേതു അവരുടെ കൂടെ കുറച്ച് നേരം മാത്രമേ കളിക്കുവാൻ കൂടുകയുണ്ടായിരുന്നുള്ളൂ. ബാക്കി സമയം മുഴുവൻ ടിവിയിലും ഗെയ്മിലും സമയം കളഞ്ഞിരുന്നു. ഈ കാലയളവിൽ അവൻ തന്റെ മാതാപിതാക്കളോടൊപ്പം തീയേറ്ററിലും പാർക്കിലും എല്ലാം പോയിരുന്നു. കുറച്ച് ദിവസം കഴിഞ്ഞപ്പോൾ സേതുവിനെ കുറേശേ പനിക്കുവാൻ തുടങ്ങി. അതുമൂലം സേതുവിനെ അവന്റെ മാതാപിതാക്കൾ ഒരു കൊച്ചു ക്ലിനിക്കിൽ കൊണ്ടുപോയി.

കുറച്ചു ദിവസം കഴിഞ്ഞിട്ടുകൂടി പനി മാറാത്തതുകൊണ്ട് സേതുവിനെ നല്ലൊരു ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ വെച്ച് നടത്തിയ ബ്ലഡ് ടെസ്റ്റിൽ സേതുവിന് കൊറോണയുണ്ടെന്ന് തെളിഞ്ഞ് ആശുപത്രിയിലെ നിരീക്ഷണത്തിലേക്ക് മാറ്റുവാൻ നിർദ്ദേശിച്ചു. തന്റെ മാതാപിതാക്കളുടെ കൈവിട്ട് പോകുവാൻ സേതു കൂട്ടാക്കിയില്ല. എങ്കിലും അവനെ നിരീക്ഷണത്തിലേക്ക് ബലമായി മാറ്റേണ്ടി വന്നു.

ചുമരിലെ സമയകാല സൂചി ഇപ്പോൾ 12 മണിയിലേക്ക് വഴുതിവീഴുകയാണ്. രാത്രിയുടെ യാമങ്ങളിൽ തന്റെ മാതാപിതാക്കളേയും ബന്ധുക്കളേയും ഓർത്ത് സേതു വിലപിക്കുന്നുണ്ട്. തന്റെ മാതാപിതാക്കളിൽനിന്ന് മാറിയത് മൂലം കണ്ണീർ ഒഴിഞ്ഞ നേരമില്ലെങ്കിലും , അവൻ അതിനിടയിൽ തന്നെ ശുശ്രൂഷിക്കുന്ന നേഴ്സ്മാരിലേക്ക് കണ്ണോടിക്കുകയാണ്. തന്റെ സങ്കടങ്ങൾ പരമാവധി മാറ്റിയെടുക്കാൻ നഴ്സുമാർ അവന്റെ കൂടെ ഇരിക്കുകയാണ്. അവർ, സേതു തന്റെ കൊച്ചു പ്രായത്തിന്റെ വികൃതികൾ ഏറെ ചെയ്യുന്നുണ്ടെങ്കിലും, ഒരു കൊച്ച് അനുജനെ എന്ന പോലെ അവന്റെ കൂടെ കൂടും. മാതാപിതാക്കളെ പിരിഞ്ഞ് ഇരിക്കുന്ന ഈ കാലം സേതുവിന് പ്രയാസമാണെങ്കിലും അവൻ അതിലേക്ക് പൊരുത്തപ്പെടുവാൻ തുടങ്ങി. അവസാനം സേതുവിന്റെ അസുഖം മാറിയപ്പോൾ ഒരു ചെറുചിരിയോടെ തന്റെ മാതാപിതാക്കളുടെ കൈയ്യും പിടിച്ചു അവൻ കൊറോണ വാർഡിന്റെ പടിയിറങ്ങി .

**ജോജു ജോസഫ്**
9 എ, സെന്റ് തോമസ് ഹൈസ്ക്കൂൾ മരങ്ങാട്ടുപിള്ളി
കുറവിലങ്ങാട് ഉപജില്ല, കോട്ടയം

# അനിയത്തിപ്രാവ്

പണ്ട് പണ്ട് ഒരു കാട്ടിൽ ഒരു അനിയത്തി പ്രാവും ഒരു ചേട്ടത്തിപ്രാവും ഉണ്ടായിരുന്നു. അനിയത്തിപ്രാവിന് ഒട്ടും ശുചിത്വം ഉണ്ടായിരുന്നില്ല അതിന്റെ പേരിൽ രണ്ടുപേരും തമ്മിൽ എന്നും വഴക്കുണ്ടാകുമായിരുന്നു. എങ്കിലും അനിയത്തിപ്രാവിന് ഒരു കുലുക്കവും ഉണ്ടായിരുന്നില്ല. കൂടും പരിസരവും വൃത്തിയാക്കി ഇടാത്തതിനാൽ ചേട്ടത്തിപ്രാവ് ഒരിക്കൽ അനിയത്തിപ്രാവിനെ വളരെയധികം ശകാരിച്ചു. ദേഷ്യം വന്ന അനിയത്തിപ്രാവ് ചേട്ടത്തിപ്രാവിനെ കൊത്തി മുറിവേൽപ്പിച്ചതിനുശേഷം പറന്നു പോയി. അവൾ മറ്റൊരു കൂട്ടിൽ താമസം തുടങ്ങി. ശേഖരിക്കുന്ന ഗോതമ്പുമണികളെല്ലാം അവൾ കൂട്ടിൽ കൂട്ടിയിട്ടു. ഒരു വൃത്തിയുമില്ലാത്തതിനാൽ അതെല്ലാം ചീത്തയായി. താൻ ഇതുവരെ ശേഖരിച്ച ഗോതമ്പുമണികളെല്ലാം തനിക്കു നഷ്ടപ്പെട്ടു എന്ന് മനസ്സിലാക്കിയ അനിയത്തിപ്രാവ് ഉറക്കെ കരഞ്ഞു. കരച്ചിൽ കേട്ട ചേട്ടത്തിപ്രാവ് അവൾക്കരികിലെത്തി. കാര്യങ്ങൾ ചോദിച്ചറിഞ്ഞു. ചേട്ടത്തിപ്രാവ് താൻ സൂക്ഷിച്ചുവച്ചിരുന്ന ഗോതമ്പുമണികൾ അനിയത്തിപ്രാവിനും നൽകി. വൃത്തിയില്ലായ്മകൊണ്ടാണ് ഗോതമ്പുമണികളെല്ലാം നഷ്ടമായതെന്ന് അവളെ പറഞ്ഞു മനസ്സിലാക്കി. അന്നുമുതൽ അവൾ വൃത്തിയോടെ ജീവിക്കും എന്ന് തീരുമാനമെടുത്തു.

**സാനിയ സണ്ണി**
2 എ, എസ് എൽ ടി എൽ.പി.സ്കൂൾ ഭരണങ്ങാനം
പാലാ ഉപജില്ല, കോട്ടയം

# നക്ഷത്രക്കണ്ണുള്ള പെൺകുട്ടി

ആ പെൺകുട്ടി മരിച്ചു. പാവപ്പെട്ട അച്ഛനും അമ്മയും കുട്ടിയുടെ അടുക്കൽ വിതുമ്പിക്കൊണ്ട് തളർന്നിരിക്കുന്നു.കരഞ്ഞു കരഞ്ഞു കലങ്ങിയ കണ്ണുകളിൽ പ്രതീക്ഷയുടെ ഒരു നുറുങ്ങുവെട്ടം പോലുമില്ല. മുഖാവരണങ്ങളോടുകൂടിയായതിനാൽ പലരേയും മനസ്സിലാക്കാൻ കഴിഞ്ഞില്ല. എങ്കിലും,'ഈ കുട്ടിക്ക് ഈ കോവിഡ് കാലത്ത് തന്നെ മരിക്കണമായിരുന്നോ? 'എന്ന് അയൽവക്കക്കാരായ ചിലരുടേയെങ്കിലും മുഖത്ത് നിന്ന് എനിക്ക് വായിച്ചെടുക്കാമായിരുന്നു. എങ്കിലും,ചിലരുടെ മനസ്സിൽ ആ പെൺകുട്ടിയെപ്രതി ഒരു തരം അനുഭൂതിയും ഉണ്ടായിരുന്നു. അയൽവക്കക്കാരായ ഞങ്ങൾ കുറച്ചുപേരെ അവിടെയുള്ളൂ. വരുന്നവരാകട്ടെ, കണ്ടപാടെ തിരികെ പോവുകയായി. പാവപ്പെട്ട ഒരു കുടുംബമാണത്. ഒരു അണുകുടുംബം.എങ്കിലും, വളരെ വിശേഷപ്പെട്ട ഒന്നായിരുന്നു അത്. സ്നേഹത്തിന്റെ യഥാർത്ഥമാതൃക. പണത്തിന് സ്ഥാനമില്ലാത്ത ഇടങ്ങളിൽ സ്നേഹവും സന്തോഷവും എപ്പോഴും കുടികൊള്ളുന്നതുപോലെ. ഇതു പലപ്പോഴും ഞാൻ അമ്മയുമായി പങ്കുവയ്ക്കാറുമുണ്ട്. പക്ഷേ, ഒരിക്കൽ ഇതേപ്പറ്റിയുള്ള ചർച്ചയ്ക്കിടയിൽ അമ്മ ഒരു മറുചോദ്യം ചോദിച്ചു. പണമില്ലാതെ എങ്ങനെ ജീവിക്കും? എനിക്ക് പൂർണമായി നിഷേധിക്കാൻ കഴിയാത്ത വിഷയമാകയാൽ അതേപ്പറ്റി ഒരു വാക്കുപോലും പിന്നീട് ഞാൻ സംസാരിച്ചില്ല. പക്ഷെ, ചിന്തകൾ പല വഴിയേ പ്രവഹിക്കുകയായിരുന്നു. ആ പെൺകുട്ടിക്ക് നക്ഷത്രകണ്ണുകളാണ് എന്ന് അമ്മ ഇടയ്ക്കിടെ പറയുമായിരുന്നു. ഒരിക്കലേ ഞാൻ ആ പെൺകുട്ടിയേ അടുത്ത് കണ്ടിട്ടുള്ളൂ.അന്ന് എന്നെ ഏറെ ആകർഷിച്ചത് ആ കുട്ടിയുടെ സുന്ദരമായ കണ്ണുകളായിരുന്നു.വലിയ,തിളങ്ങുന്ന, നക്ഷത്രക്കണ്ണുകൾ. അന്ന്, ആ കണ്ണുകൾ നിറയുന്നത് ഞായറാഴ്ച കണ്ടിരുന്ന. കാൻസറുള്ള കുട്ടിയല്ലേ, നല്ല വേദനയുണ്ടാകും എന്നാണ് ഞാൻ കരുതിയത്. വേദനയല്ല, അസഹ്യമായ അവഹേളനവും പരിഹാസവുമാണ് അതിനു കാരണം എന്ന് ഇപ്പോൾ എനിക്ക് മനസ്സിലാകുന്നുണ്ട്. ജീവിതത്തിൽ പ്രകാശമായിത്തീരുവാൻ തന്റെ കണ്ണുകൾക്ക് സാധിക്കില്ല എന്നതുകൊണ്ടായിരിക്കാം കണ്ണുകൾ ദാനം ചെയ്യണം എന്ന വലിയ ആഗ്രഹം അവൾ തന്റെ മാതാപിതാക്കളെ അറിയിച്ചിരുന്നു. ഈ കോവിഡ് കാലത്ത് ആർക്കാണ് കണ്ണ് വേണ്ടത്? ചീഞ്ഞളിഞ്ഞ ദുർഗന്ധം വമിക്കുന്ന ഈ ലോകത്ത് ശവപ്പെട്ടിയുടെയുള്ളിൽ ശരീരത്തോടൊപ്പം



രത്നം പോലുള്ള ആ കണ്ണുകളും അഴുകിച്ചേരണമെന്നാണോ സ്രഷ്ടാവിന്റെ കല്പന. ലോക്ഡൗൺ കാലത്ത് ഇങ്ങനേയും ചിലർക്ക് ദുരനുഭവങ്ങളുണ്ടാകുമല്ലോ എന്ന് അച്ഛൻ പറഞ്ഞു. ഞാനും അത് ശരിവച്ചു. പിറ്റേ ദിവസം രാത്രി, പ്രധാനമന്ത്രിയുടെ ആഹ്വാനപ്രകാരമുള്ള ദീപം തെളിക്കൽ ദിവസമാണ്. ഞാനും എന്റെ വീട്ടുകാരും ഇതൊക്കെയൊരു രസമല്ലേയെന്നോണം സമയമായി കാത്തിരുന്നു. വീട്ടിലെ വെളിച്ചമെല്ലാം കെടുത്തി. കൈകളിൽ കരുതിയിരുന്ന ലൈറ്റുകളും ടോർച്ചുകളൂം എടുത്തുതെളിച്ചു. നാടൊന്നാകെ അൽപസമയത്തേക്ക് ഒന്നാറാടി. ശേഷം എല്ലാം പഴയതുപോലെന്നോണം വീടുകളിലേക്ക് കയറി. അപ്പോഴാണ് ആ പെൺകുട്ടി യുടെ വീട്ടിൽനിന്ന് വെളിച്ചം. എല്ലാ ലൈറ്റുകളും അണച്ച് ഒരു മെഴുകുതിരിയുടെ വെളിച്ചത്തിൽ ആ അച്ഛനും അമ്മയും വിതുമ്പുന്നു. കാലത്തിന്റെ മൂഢത ഈ കോവിഡ് കാലത്തെയും മായ്ക്കും. തങ്ങളുടെ കുടുംബത്തിന്റെ വെളിച്ചം കെട്ടുപോയാലും, തങ്ങളുടെ കുഞ്ഞിന്റെ അവസാന ആഗ്രഹം സഫലമായില്ലെങ്കിലും, കാലം കടന്നുപോകുമ്പോൾ ഈ കഥകളെല്ലാം മാഞ്ഞു പോയാലും, ഒരു നുറുങ്ങുവെട്ടം പോലെ ലോകത്തിന്റെ മുമ്പിൽ അവൾ പ്രകാശിക്കും. അവളുടെ നക്ഷത്രക്കണ്ണുകളും. തിരിവെളിച്ചം കെട്ടു. ആ വീട്ടിൽ അന്ധകാരം നിറഞ്ഞു. എങ്കിലും, ലോകം സന്തോഷിക്കുന്നതോർത്ത് തങ്ങളേയും കൂടെക്കൂട്ടും എന്ന വിശ്വാസത്തോടെ ആ വീട് കുലുങ്ങിച്ചിരിക്കുന്നതായി എനിക്ക് തോന്നി.

**ലിയ ആൻ മാത്യു**
8 എ, സെന്റ്. ജോൺസ് എച്ച്.എസ്. പാലാവയൽ
ചിറ്റാരിക്കാൽ ഉപജില്ല, കാസർഗോഡ്

## AMMU'S FLYING DISK

There was a girl named Ammu who lives in a small city with her parents and elder sister. Ammu had a lot of friends in the flat which she lives. There was a big play ground in the flat and Ammu and her friends spends their free time there. It was a summer vacation and their play time was really amazing and long.

One day Ammu went to her friends house to call them for playing. But, Ammu was disappointed to know that they all went for outing and the only one who was present was a girl named Priya. They both played for two hours,but it was really boring to play without others. Ammu went to a small tree and sat beside it. Priya was also disappointed to see. Ammu like this and she went to her house and took a flying disk and they both played with it. But it went out of the wall and became dirty because it has been fallen to a dirty liquid. Ammu didn't care about it and took the flying disk, after this they both went for snacks. Ammu had biscuits without washing her hands after eating she went to her mother. Priya noticed that Ammu's hand was dirty and asked her to wash it. After sometime Ammu got sick and started vomitting, her mother told that this was because of dirty hands which she used for eating biscuits and Ammu understood the important of being clean.

**ആഗ്നസ് ആന്റണി**
8 ഡി, സെന്റ്. തെരേസാസ് സി.ജി.എച്ച്.എസ്.എസ്, എറണാകുളം
എറണാകുളം ഉപജില്ല , എറണാകുളം



# അലീനയുടെ പിറന്നാൾ

ഒരായിരം പൂക്കളുടെ നടുവിൽ നിന്ന് ചിരിക്കുന്ന തന്നെ സ്വപ്നം കണ്ടു കൊണ്ടാണ് അലീന എഴുന്നേറ്റത്. അവൾ ഓർത്തു ഇന്ന് എന്റെ ഏഴാം പിറന്നാളാണ്. കേക്ക് മുറിക്കണം. അധ്യാപകർക്കും, കൂട്ടുക്കാർക്കും മധുര പലഹാരങ്ങൾ വിതരണം ചെയ്യണം. പെട്ടെന്ന് അവൾ ഓർത്തു ഇന്ന് സ്കൂൾ ഇല്ല. കോവിഡ് 19 എന്ന മഹാമാരി കാരണം സ്കൂൾ അടച്ചിരിക്കുകയാണ്. കൂട്ടുകാരെ കാണാൻ പറ്റുകയില്ല. ഇന്ന് തന്റെ അമ്മയും കേക്ക് മുറിക്കാൻ ഇല്ലല്ലോ എന്നോർത്തപ്പോൾ അതിലേറെ വിഷമം തോന്നി. കാരണം അവളുടെ അമ്മ സിറ്റി ഹോസ്പിറ്റലിലെ നേഴ്സായി ജോലി നോക്കുകയാണ്. കോവിഡ് രോഗികളെ പരിചരിക്കുന്നതിനാൽ അമ്മ വീട്ടിൽ വരുന്നത് വളരെ താമസിച്ചാണ്. താൻ ഉണരും മുമ്പേ അമ്മ പോവുകയും ചെയ്യും. പിന്നെ എന്നെ കാണുന്നില്ല, മിണ്ടുകയുമില്ല. ഫോണിലൂടെ മാത്രമെ സംസാരിക്കുകയുള്ളൂ. അവൾ കുളിച്ച് അച്ഛൻ വാങ്ങി തന്ന പുത്തൻ ഉടുപ്പിട്ട് നിൽക്കുമ്പോൾ പെട്ടെന്ന് അച്ഛൻ വിളിച്ചു. മോളെ, കേക്ക് മുറിക്കാം. മനസില്ലാ മനസ്സോടെ അവൾ ചെന്നു. പെട്ടെന്ന് അവൾ കണ്ടു. വരാന്തയിൽ ഗ്ലാസിട്ട മുറിയിൽ അമ്മ തന്നെ നോക്കി ചിരിക്കുന്നു. അവൾക്ക് ഒത്തിരിയേറെ സന്തോഷം തോന്നി. സന്തോഷത്തോടെ അവൾ കേക്ക് മുറിച്ച് അച്ഛന് കൊടുത്തു. അമ്മക്ക് കൊടുക്കുവാനായി കേക്കുമായി ഓടിച്ചെന്നു. എന്നാൽ അമ്മ പറഞ്ഞു. വേണ്ടാ അടുത്തു വരരുത്. നമ്മൾ നമ്മുടെ നാടിനും, വീടിനും വേണ്ടി സാമൂഹ്യഅകലം പാലിക്കേണ്ട സമയമാണിത്. നമ്മൾ കാരണം നാടിന് ഒരാപത്തും ഉണ്ടാകരുത്. പെട്ടെന്ന് വണ്ടിയുടെ ശബ്ദം കേട്ടു. അമ്മയെ കൊണ്ടുപോകാൻ വന്ന വണ്ടിയാണ്. അമ്മ റ്റാറ്റ തന്നുപോയി. അകന്നകന്നുപോകുന്ന അമ്മയെ നോക്കി അവൾ തിരിച്ചുനടന്നു.

**നേഹ സാന്റോ**
5 എ, സെന്റ് പോൾസ് ഹൈസ്കൂൾ മുത്തോലപുരം
കൂത്താട്ടുകുളം ഉപജില്ല, എറണാകുളം

# അമ്മുവിന്റെ അവധിക്കാലം

അവധിക്കാലത്ത് അമ്മു എന്നും അതിരാവിലെ എഴുന്നേല്ക്കുമായിരുന്നു. അവൾ മുറ്റവും, വീടും, പരിസരവും എന്നും വൃത്തി യാക്കും. ഒരു ദിവസം അവൾ എല്ലാ പണിയും കഴിഞ്ഞ് കൂട്ടുകാരുടെ കൂടെക്കളിക്കാൻ പോകുക പതിവായി രുന്നു. അവളുടെ കൂട്ടുകാരി മിങ്കിയുടെ വീട്ടിലാണ് കളിക്കുന്നത്. മിങ്കിയുടെ വീടിന്റെ ഗേറ്റു കടന്ന് അവർ പുറത്തേക്ക് നോക്കി. നിറയെ ചപ്പും ചവറുമാണ്. അമ്മു പറഞ്ഞു: "നമുക്ക് ഇവിടം ഒന്ന് വൃത്തിയാക്കാം." കൂട്ടുകാർ സമ്മതിച്ചു. അവർ ഉടൻ തന്നെ പണിയാരംഭിച്ചു. എല്ലാം കഴിഞ്ഞ് പതിവുപോലെ മിങ്കിയുടെ അമ്മയുണ്ടാക്കിയ ചക്കവറുത്തതും വാഴയ്ക്കാഉപ്പേരിയും കഴിക്കുമായിരുന്നു. ക്ഷീണിച്ചുവന്ന അവർ കൈകൾ കഴുകിയില്ല. മിങ്കിയുടെ അമ്മ സോപ്പും വെള്ളവും കൊടുത്ത് കൈകൾ നന്നായി കഴുകി. അവർ സന്തോഷത്തോടെ ഉപ്പേരി കഴിക്കാൻ തുടങ്ങി. അപ്പോഴാണ് വൈറസുകളുടെ നീണ്ടനിര വരുന്നത് കണ്ടത്. ഏറ്റവും പിന്നിൽ ഭീകരനായ കൊറോണ. എല്ലായിടവും വൃത്തിയായി കിടക്കുന്നത് കണ്ടതിനാൽ അവർ നിരാശരായി. അവസാനം വന്ന കൊറോണയാകട്ടെ സോപ്പും വെള്ളവും കണ്ടപ്പോൾ ഉരുണ്ട് മറിഞ്ഞ് അടുത്ത സ്ഥലം തേടിപ്പോയി. വ്യക്തിശുചിത്വവും പരിസരശുചിത്വവുമുണ്ടെങ്കിൽ ഏതു രോഗങ്ങളെയും അകറ്റി നിർത്താം.

**ജ്യോതിസ് ജോജോ**
4 ബി, സെന്റ് മേരീസ് എൽ.പി.എസ്. ളാലം പാലാ
പാലാ ഉപജില്ല, കോട്ടയം



# ദേശാടനക്കിളി

ഞാൻ ഒരു ദേശാടനക്കിളിയാണ്. എല്ലാവരും എന്നെ അമ്മുക്കിളി എന്നു വിളിക്കും. അതാ അവിടെ ഒരു പച്ചപ്പ് കാണുന്നു.ദൂരെയായിക്കണ്ട പച്ചപ്പ് ലക്ഷ്യമാക്കി ഞാൻ പറന്നു, പറക്കുന്തോറും പച്ചപ്പ് അകന്നകന്നുപോകുന്നതുപോലെ തോന്നി, എന്നിട്ടും നിരാശയാകാതെ പറന്നു. താഴെ വരണ്ട പാടങ്ങളും തരിശുഭൂമികളുമാണ് കാണുന്നത്. അല്പനേരം വിശ്രമിക്കണമെന്നു തോന്നി പക്ഷേ ഒരു മരച്ചില്ല പോലും കാണാനില്ല അല്പം കൂടി പറന്നപ്പോൾ ഒരു തണുത്ത കാറ്റ് വീശീ, പച്ചപ്പ് അധികം അകലെയല്ല എന്ന് ഇളംകാറ്റ് എന്നോടു കിന്നാരം പറഞ്ഞു. എനിക്ക് ഉത്സാഹമായി, അതാ കൺകുളിർപ്പിക്കുന്ന കാഴ്ചകൾ. നദികളിൽ ആനക്കൂട്ടങ്ങൾ നീരാടുന്നു, പുള്ളിമാനുകൾ വെള്ളം കുടിക്കുന്നു, കിളികൾ മതിമറന്നാനന്ദിക്കുന്നു. മനുഷ്യവാസമില്ലാത്ത സ്ഥലം പോലെ തോന്നി. പക്ഷിമൃഗാദികൾ ഭയമില്ലാതെ കളിച്ചു രസിക്കുന്നു. താഴെ ധാരാളം വീടുകൾ കാണുന്നുണ്ടെങ്കിലും ഒരു മനുഷ്യകുഞ്ഞിനെ പോലും കാണുന്നില്ലല്ലോ ....

ഇവിടെ എന്താണ് സംഭവിച്ചത്.ആ കാണുന്ന മഞ്ഞക്കിളിയോട് ചോദിച്ചു നോക്കാം. "ഹായ് മഞ്ഞക്കിളിയേ... എന്താണ് ഇവിടെ മനുഷ്യവാസമില്ലാത്ത സ്ഥലമാണോ?" കിളി ചിരിച്ചുകൊണ്ടു പറഞ്ഞു. "ഹേയ് അല്ല... എല്ലാവരും വീടിനുള്ളിൽ ഇരിക്കുകയാണ്." ഞാൻ ചോദിച്ചു, "എല്ലാവരും എന്തിനാണ് വീടിനുള്ളിൽ ഇരിക്കുന്നത്." മഞ്ഞക്കിളി എന്നോട് പറഞ്ഞു, "കൊറോണ എന്ന രോഗം ലോകമാകെ പടർന്നുപിടിച്ചിരിക്കുകയാണ്." "കൊറോണയോ അതെന്താണ്?" ഞാൻ ചോദിച്ചു. "അത് ഒരു വൈറസ് രോഗമാണ്. ഈ കൊറോണയ്ക്ക് വൃത്തിയില്ലാതെ നടക്കുന്നവരെ ഒത്തിരി ഇഷ്ടമാണ്. വൃത്തിഹീനമായി നടക്കുന്നവർക്കെ ഈ രോഗം ബാധിക്കുകയുള്ളൂ. ശുചിത്വത്തോടെ ഇരിക്കുന്നവരെ ഈ രോഗത്തിന് ഭയമാണ്."

ഇതു കേട്ടതും പൊട്ടിച്ചിരിച്ചുകൊണ്ട് ഞാൻ പറഞ്ഞു എന്നാണ് അല്ലേ? ഇന്നത്തെ അവസ്ഥ പക്ഷികളും മൃഗങ്ങളും പുറത്ത് കറങ്ങിനടക്കുമ്പോൾ, മനുഷ്യർ വീടിനുള്ളിൽ കഴിയുന്നു ഹ... ഹ... ഹ അപ്പോൾ മഞ്ഞക്കിളി എന്നോട് പറഞ്ഞു, "നീ ചിരിക്കണ്ട ഇന്ന് മനുഷ്യരെല്ലാം ഒറ്റക്കെട്ടായി ഈ രോഗത്തിനെതിരെ പോരാടികൊണ്ടിരിക്കുകയാണ്. അങ്ങനെ അവർ കൊറോണയെന്ന മഹാമാരിയെ ജയിക്കുകതന്നെ ചെയ്യും. സന്തോഷത്തിന്റെ ഒരു നല്ല നാളെ ഉണ്ടാകുക തന്നെ ചെയ്യും", ഇത്രയും പറഞ്ഞുകൊണ്ട് ആ കിളി തന്റെ കൂട്ടിലേക്ക് പറന്നുപോയി.

**അഭിജിത്ത്.പി.എസ്**
4 ബി, സെന്റ് മേരീസ് എൽ.പി.എസ്. ളാലം പാലാ
പാലാ ഉപജില്ല, കോട്ടയം

# വിടരാത്ത മലരുകൾ

ഇന്നുമുണ്ട് ആ ഊഞ്ഞാൽ മാവിൻകൊമ്പിൽ ആരെയോ പ്രതീക്ഷിച്ചുകൊണ്ട്. രണ്ടു മാസത്തിനു മുൻപ് അപ്പു പിടി വാശി കാണിച്ച് അപ്പൂപ്പനെ കൊണ്ട് കെട്ടിച്ചതാണത്. അത് കാണുമ്പോൾ അപ്പൂപ്പന്റെ യും അമ്മൂമ്മയുടെയും കണ്ണുകളിൽ സങ്കടപ്പുഴയൊഴുകും. ഇനിയൊരിക്കലും അപ്പു ഊഞ്ഞാലാടാൻ വരില്ലല്ലോ എന്നോർത്ത്. കഴിഞ്ഞമാസം വെക്കേഷന് അമ്മയ്ക്കും അച്ഛനും ഒപ്പം അമേരിക്കയിൽ നിന്നും വന്നതാണ് അപ്പു. അവന് നാട്ടിൽ വരാൻ ഒത്തിരി ഇഷ്ടമാണ്. എന്നാൽ കുറച്ചു ദിവസമേ നാട്ടിൽ നിൽക്കാൻ കഴിഞ്ഞുള്ളൂ. വളരെ പെട്ടെന്ന് തിരികെ പോകേണ്ടിവന്നു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അപ്പൂപ്പന് അമേരിക്കയിൽ നിന്നും ഒരു ഫോൺ കോൾ വന്നു. അപ്പുവിനും അവന്റെ അച്ഛനും അമ്മയ്ക്കും കൊറോണ എന്ന അസുഖമാണെന്ന്. അപ്പൂപ്പന് അത് എന്താണെന്ന് പെട്ടെന്ന് മനസ്സിലായില്ല. പിന്നീടാണ് ആ അസുഖത്തിനെക്കുറിച്ചും അതിന്റെ തീവ്രതയെക്കുറിച്ചും അപ്പൂപ്പൻ അറിഞ്ഞത്. കുറച്ചു നാളത്തെ ആശുപത്രി ജീവിതത്തിനൊടുവിൽ അപ്പു വിന്റെ അമ്മയ്ക്കും അച്ഛനും അവരുടെ ആരോഗ്യം വീണ്ടെടുക്കാൻ കഴിഞ്ഞു. എന്നാൽ അപ്പോഴേക്കും അവരുടെ മകൻ കൊറോണ യുടെ കരവലയത്തിൽ ആയി. തങ്ങളുടെ പൊന്നോമനയെ അവസാനമായി ഒരുനോക്കു കാണാൻ പോലും ആ മാതാപിതാക്കൾക്ക് കഴിഞ്ഞില്ല. ഈ അപ്പുവിനെ പോലെ ധാരാളം കുട്ടികളും മുതിർന്നവരും കൊറോണയുടെ കരവലയത്തിൽ ആണ്. അതിനാൽ എന്റെ പ്രിയ സുഹൃത്തുക്കളെ നമുക്ക് സർവ്വശക്തിയും എടുത്തു ഒറ്റക്കെട്ടായി നിന്ന് പോരാടാം. അപ്പുവിനെപ്പോലെ ഒരു കുട്ടി പോലും മാതാപിതാക്കൾക്ക് നഷ്ടമാവാതിരിക്കട്ടെ. ഈ മഹാമാരിയെ തുരത്താനുള്ള യുദ്ധത്തിലാണ് നാമിപ്പോൾ, നാം ഓരോരുത്തരെയും വിജയത്തിലേക്ക് നയിക്കാൻ സർവേശ്വരൻ അനുഗ്രഹിക്കട്ടെ.

**ആസിയ**
3 ഡി, സെൻറ് ഫിലോമിനാസ് ഗേൾസ് എച്ച്.എസ്. പൂന്തുറ
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# ശീലമില്ലാത്ത ശീലം

ണീം... ണീം. മണിയടി ശബ്ദം കേട്ടാണ് ഞാൻ എണീറ്റത്. കണ്ണ് തുറന്നു നോക്കുമ്പോൾ ഉമ്മച്ചി അടുക്കളയിൽ തിരക്കിലാണ്. ജനാലവഴി പുറത്തുനോക്കുമ്പോൾ വാപ്പച്ചി സോപ്പിട്ടു കൈകഴുകുന്നു. സാനിറ്റൈസർ പുരട്ടുന്നു. ഇപ്പോൾ ഇങ്ങനെയാ. കൊറോണ വരാതിരിക്കാനുള്ള മുൻകരുതലാണത്രേ. ഇപ്പോൾ വാപ്പച്ചിയെ കാണുമ്പോൾ ചിരിവരും. മുൻപ് ഹെൽമറ്റ് തല കാണുമ്പോളാണെങ്കിൽ ഇപ്പൊ മാസ്കും കെട്ടി പോണ കാണാൻ നല്ല രസമാണ്. ആലോചിച്ച് നിന്ന് നേരം പോയി. ഉമ്മച്ചീ വിശക്കുന്നു. കഞ്ഞി തായോ... പോ... പോയി കൈയും മുഖവും കഴുകി വാ. ഹോ! ഈ കോറോണേടെ ഒരു കാര്യം. എപ്പോഴും വൃത്തിയാക്കലും കഴുകലും തന്നെ. പിറുപിറുത്തുകൊണ്ട് ഞാൻ പൈപ്പിന് ചോട്ടിലേക്കോടി. വാഷ് ചെയ്തുവന്നു കഞ്ഞികുടിക്കാനിരുന്നു. അപ്പോഴാണ് മേശപ്പുറത്തിരിക്കുന്ന കളർ പേപ്പർ കണ്ടത്. ഹായ്.. വാപ്പച്ചി പട്ടമുണ്ടാക്കാൻ വാങ്ങി വച്ചതാണ്. ഇന്നലെയും പട്ടം പറത്തി.. കൊറോണയെ ക്കൊണ്ട് ഇങ്ങനെ ഒരു സഹായമുണ്ട്. മുൻപൊക്കെ വാപ്പച്ചി എപ്പോഴും ബിസി ആണ്. അല്ലെങ്കിൽ ഉറക്കം. ഞങ്ങളുടെ കൂടെ കളിക്കാൻ വരാറില്ല. ഇപ്പൊ എന്നും കൂടെ കളിക്കും പടം വരക്കും ഗെയിം കളിക്കും. അങ്ങനെ നല്ല രസമാണ്. സ്വപ്നം കണ്ടോണ്ടിരിക്കാതെ കഞ്ഞി കുടിച്ചേ. ഉമ്മച്ചിടെ വിളികേട്ടു ഞാൻ ഞെട്ടി, കുടിക്കുവല്ലേ. ഞാൻ പതിയെ കഞ്ഞി കുടിച്ചുതുടങ്ങി. ഭക്ഷണം കഴിഞ്ഞതും ഉമ്മച്ചി പാത്രം എടുക്കാൻ തുടങ്ങി. അപ്പോൾ എന്നെ ഞെട്ടിച്ചുകൊണ്ട് വാപ്പച്ചിയതാ പാത്രം ഒക്കെ എടുത്തു കഴുകാൻ കൊണ്ട് പോകുന്നു. ഉമ്മച്ചി കള്ളച്ചിരിയോടെ ഒന്ന് നോക്കി. എന്നിട്ട് പറഞ്ഞു. ഹാ... ശീലമില്ലാത്തതൊക്കെ ഇപ്പോൾ ശീലമായി. എന്റെ കോറോണേ.

**ആലിയ ഫാത്തിമ**
1 ഡി, സെൻറ് ഫിലോമിനാസ് ഗേൾസ് എച്ച്.എസ്. പൂന്തുറ
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# ഇത് സ്വപ്നമല്ല, വരുംകാലം

ഈ കൊറോണ കാലത്ത് കുടുംബത്തോടൊപ്പം പങ്കുവെച്ച ചില സന്തോഷ നിമിഷങ്ങൾ മാത്രം മനസ്സിൽ. ഒരു ദിവസത്തിലെ 24 മണിക്കൂറിൽ 12 മണിക്കൂർ ഉറങ്ങി തീർത്തും ബാക്കിസമയം ന്യൂസ്ചാനലും സിനിമാചാനലും മാറ്റി മാറ്റി എന്തൊക്കെയോ വായിലിട്ട് കൊറിച്ചുകൊണ്ടുനടന്നതും ഞാനോർക്കുന്നു. ഇത്രയും ദിവസം വീടിനുള്ളിൽമാത്രം ചിറകടിച്ചുയർന്ന എനിക്ക് പുറംലോകം എന്തു പോലെ തോന്നും എന്നറിയില്ല. എന്തായാലും വരുന്നിടത്ത് വച്ച് കാണാം. ഈ കൊറോണാക്കാലം നമുക്ക് അതിജീവനത്തിന്റെ കരുത്തുതന്നു എന്നു ഞാനോർത്തു.

ലോക്ഡൗൺ കഴിഞ്ഞിട്ട് ഇന്ന് ഒന്നരമാസം തികയുന്നു. ചില സന്തോഷ വാർത്തകൾ മനസ്സിനെ ആനന്ദക്കണ്ണീരിലാഴ്ത്തുന്നു. മറ്റൊന്നുമല്ല രാജ്യത്തെ എല്ലാരോഗികളും സുഖം പ്രാപിച്ചു. അതിനിടയിൽ ഒരു സന്തോഷം കൂടി; നാളെ നമുക്ക് ഒരു പുതിയ അധ്യയനവർഷം ആരംഭിക്കുന്നു. അതിന്റെ തിരക്കിലാണ് ഞാനിപ്പോൾ. ആ തിടുക്കത്തിനിടയിൽ എഴുതുന്ന വാക്കുകൾക്ക് അക്ഷരത്തെറ്റിനേക്കാൾ വലിയ തെറ്റുകളുണ്ടാകും എന്ന് എനിക്കറിയാം. എന്നാലും ചിലതൊക്കെ എഴുതാതിരിക്കാൻ കഴിയില്ലല്ലോ. അങ്ങനെ പല നല്ല പ്രതീക്ഷകൾ കൂട്ടിവച്ച് ഒരു പുതിയ അധ്യയന വർഷം ആരംഭിക്കുന്നു. കടകൾ അധികമൊന്നും തുറന്നിട്ടില്ലാത്തതിനാൽ കഴിഞ്ഞ ആണ്ടിൽ ഉപയോഗിക്കാത്ത നോട്ട് പുസ്തകങ്ങളും പേനകളും മാത്രമുപയോഗിച്ച് എന്റെ സ്കൂൾബാഗ് ഞാൻ നിറച്ചു. ഇന്ന് ഞാൻ ആദ്യമായല്ല സ്കൂളിൽ പോകുന്നത്. എന്നാലും എപ്പോഴൊക്കെയോ ഒരു പുതിയ അനുഭവം പോലെ. എല്ലാ ആണ്ടിലേയും പോലെ ആദ്യം ബാഗിൽ എടുത്തുവയ്ക്കാൻ പുതുമണം ഉള്ള ശാസ്ത്രത്തിന്റെയും ഗണിതത്തിന്റെയും ടെക്സ്റ്റ്ബുക്കുകൾ ഒന്നുമില്ല. എവിടെയൊക്കെയോ എന്തൊക്കെയോ മറന്നെന്നൊരു തോന്നൽ .

അതെ, നാളെ നേരം വെളുക്കുമ്പോൾ ഞാൻ ഒരു പുതിയ ക്ലാസ്സിലേക്ക് പോവുകയാണ്. പുതിയ ചില കൂട്ടുകാർ പുതിയ അറിവുകൾ. അങ്ങനെ ഒരു പുതിയ ഒത്തുചേരൽ തന്നെ. ഇതൊക്കെ ഓർത്തുനിന്നാൽ ബാഗിൽ നാളത്തേക്ക് ആര് സാധനങ്ങൾ നിറക്കും? അതേ ബാഗ് റെഡി ആക്കിയിട്ടുവേണം നേരത്തെ കിടന്നുറങ്ങാൻ. പുസ്തകങ്ങൾ എല്ലാം അടുക്കിവച്ചു, പക്ഷേ എന്തോ മനസ്സിനെ അലട്ടുന്നു. എന്തായിരുന്നു അതെന്നു ഓർക്കുന്നില്ലല്ലോ. എന്തോ ഒരു സാധനം എടുക്കാൻ മറന്നതുപോലെ, അയ്യോ! മനസ്സിന്റെ ഒരു നെടുവീർപ്പ്. എപ്പോഴത്തെയും പോലെ അങ്ങോട്ടുമിങ്ങോട്ടും നടന്നപ്പോൾ മനസ്സിലെന്തോ തട്ടി. ആ അതേ മാസ്ക് തന്നെ. ഇതെടുക്കാൻ മറന്നിരുന്നേൽ നാളത്തെ എന്റെ

സ്കൂളിൽ പോക്ക് മുടങ്ങിയേനെ. ഞാൻ എന്നോട് തന്നെ പിറുപിറുത്തു. കാരണം മാസ്കില്ലാത്ത കുട്ടികളുടെ സ്ഥാനം സ്കൂളിന് പുറത്താണെന്നു പത്രങ്ങളും ന്യൂസ് ചാനലുകളും ഇടയ്ക്കിടെ പറയുന്നുണ്ടായിരുന്നുവല്ലോ, അല്ല അവരല്ല അതു ശരിക്കും പറഞ്ഞത്; മറിച്ച് അത് നമുക്കായുള്ള കേന്ദ്രസർക്കാറിന്റെ ഒരു കരുതലാണ് . അതെ അത് കേന്ദ്രത്തിന്റെ ഒരു ഓർഡർ ആണ്. ഇങ്ങനെ ചിന്തിച്ചു നിൽക്കുന്നത് അമ്മ കണ്ടെന്നുതോന്നുന്നു. ഉറങ്ങാനായുള്ള അമ്മയുടെ ഓർഡർ വന്നു. രാവിലെ എഴുന്നേറ്റ് കുളിച്ച് യൂണിഫോം എല്ലാം ഇട്ട് ഇന്നലെ എടുത്ത് വച്ച് മാസ്ക് ഉചിതമായ രീതിയിൽ ഞാൻ മുഖത്തണിഞ്ഞു. എന്നിട്ട് ബാഗുമെടുത്ത് സ്കൂളിലെത്തി. സ്കൂളിലെ ചില മാറ്റങ്ങൾ ഞാൻ ശ്രദ്ധിച്ചു; സ്കൂളിൽ കേറുന്നത് സാനിറ്റൈസർ പുരട്ടി. ക്ലാസ്സിലെത്തിയപ്പോഴോ കൂട്ടുകാരെല്ലാം മാസ്ക് ധരിച്ചിരിക്കുന്നു. “പണ്ടത്തെപ്പോലെ ഇഷ്ടമുള്ളടത്തൊന്നും ഇരിക്കാൻ പറ്റില്ല കേട്ടോ.” എന്നു ടീച്ചർ നമ്മളോട് ഹാസ്യവാചകമായി പറഞ്ഞു. അത് അപ്പോഴൊരു കുട്ടിക്കളിയായി നമ്മൾ എടുത്തെങ്കിലും പിന്നീട് നമുക്ക് സത്യാവസ്ഥ മനസിലായി എന്തെന്നാൽ ഇനി മുതലങ്ങോട്ടെന്നും ഒരു ബെഞ്ചിൽ രണ്ടുപേർ മാത്രം .

കുറച്ച് കഴിഞ്ഞപ്പോഴാണ് ശ്രദ്ധിച്ചത് ടീച്ചറും മാസ്ക് ധരിച്ചിരിക്കുന്നു. അങ്ങനെ പഠിപ്പിക്കുന്ന ടീച്ചറും ക്ലാസ്സിൽ ഇരിക്കുന്ന ഞങ്ങളുമെല്ലാം മാസ്കിനുള്ളിൽ തന്നെ. ബ്രേക്കിനുപോലും മാസ്ക്കിന് പുറത്തുകടക്കാനാവാതെ ഒരു അവസ്ഥ. കൂട്ടുകാരോടൊത്ത് അകലത്തിലെ നിൽക്കാൻ പാടുള്ളു.

ദേ പ്രിൻസിപ്പലിന്റെ വക ചില നിർദേശങ്ങൾ മൈക്ക് സിസ്റ്റത്തിലൂടെ കേൾക്കുന്നു. “അയ്യോ അതിനിടയിൽ എങ്ങനെ അമ്മയുടെ ശബ്ദം?” എന്റെ മനസിൽ ഈ ചോദ്യം ഉദിച്ചതും; ഉറക്കം ഇതുവരെ എണീക്കാറായില്ലേ എന്ന അമ്മയുടെ ചോദ്യം കേട്ടതും ഒന്നിച്ചായിരുന്നു.

ദേ, കട്ടിലിനു മുന്നിൽ ഒരു വടിയുമായി അമ്മ നിൽക്കുന്നു. പെട്ടെന്നുതന്നെ ഞാൻ പുതപ്പ് മാറ്റി കണ്ണുകൾ തിരുമ്മികൊണ്ട് കാലുകൾ രണ്ടും നിലത്ത് പതിപ്പിച്ചു. അങ്ങനെ ഒരു ലോക്ഡൗൻ സുപ്രഭാതം വരുംകാലാത്തിലെ ചില ഓർമകൾ കൊണ്ട് ഞാൻ തുന്നിയെടുത്തു.

അതൊരു സ്വപ്നമായിരുന്നുവെന്നോ അതോ വരുംകാലാത്തിലേക്കുള്ള ഒരു എത്തിനോട്ടം ആയിരുന്നോ എന്നും എനിക്ക് ഇപ്പോഴും ഓർത്തെടുക്കാനാവുന്നില്ല.

**അലു കൃഷ്ണ**
9 എ, സർവോദയ സെൻട്രൽ വിദ്യാലയ തിരുവനന്തപുരം തിരുവനന്തപുരം നോർത്ത് ഉപജില്ല , തിരുവനന്തപുരം

# സൂപ്പർഹീറോ കിങ്ങിണികാക്ക

ഒരു ദിവസം രാവിലെ അപ്പുവും കൂട്ടുകാരും റോഡിൽ കളിക്കുകയായിരുന്നു. അപ്പോൾ ആ വഴി വന്ന കിങ്ങിണി കാക്ക ഇത് കണ്ടു. ഉടനെ തന്നെ കിങ്ങിണി കാക്ക അവരുടെ അടുത്തെത്തി. "എന്തിനാ കൂട്ടുകാരേ നിങ്ങൾ ഈ സമയത്ത് റോഡിൽ കൂട്ടം കൂടി കളിക്കുന്നത്?" കിങ്ങിണി കാക്ക ചോദിച്ചു. "വീട്ടിൽ തന്നെ ഇരുന്ന് മടുത്തു, അതുകൊണ്ടാണ് ഞങ്ങൾ കളിക്കാൻ ഇറങ്ങിയത്", എന്ന് അപ്പു പറഞ്ഞു. ഇതുകേട്ട കിങ്ങിണി കാക്ക അത്ഭുതപ്പെട്ടുകൊണ്ടു അവരോട് ചോദിച്ചു, "കുട്ടികളേ, നമ്മുടെ നാട് കൊറോണ എന്ന വൈറസിനെതിരെ പൊരുതുന്ന ഈ സമയത്ത് നാം വീട്ടിൽ ഇരിക്കുകയല്ലേ ചെയ്യേണ്ടത്! വീട്ടിൽ നിങ്ങൾക്ക് ചെയ്യാവുന്ന എന്തെല്ലാം നല്ല കാര്യങ്ങളുണ്ട്. അതിന് നിങ്ങളെ അധ്യാപകരും രക്ഷകർത്താക്കളും സഹായിക്കും. പുസ്തകങ്ങൾ വായിക്കാം പൂന്തോട്ടം ഒരുക്കാം അങ്ങനെ എന്തെല്ലാം ചെയ്യാം! ഇനി മുതൽ അങ്ങനെ ചെയ്യണം കേട്ടോ." ഇതെല്ലാം കേട്ടപ്പോൾ അപ്പുവിനും കൂട്ടുകാർക്കും തങ്ങളുടെ തെറ്റ് മനസ്സിലായി. അതുകൊണ്ട് ഈ കൊറോണക്കാലത്ത് വീട്ടിൽ തന്നെയിരുന്ന് തങ്ങളുടെ സമയം നല്ല കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി ചിലവഴിക്കാൻ അവർ തീരുമാനിച്ചു. കിങ്ങിണികാക്കയോട് നന്ദി പറഞ്ഞ് എല്ലാവരും അവരവരുടെ വീടുകളിലേക്ക് പോയി.

**അശ്വിൻ.ആർ**
5 ബി, അമൃത വി.എച്ച്.എസ്.എസ്. കോന്നി
കോന്നി ഉപജില്ല, പത്തനംതിട്ട

# അമ്മയ്ക്ക് കൂട്ടായി

മോനേ മുത്തേ... അമ്മയുടെ വിളി കേട്ടാണ് എണീറ്റത്. ഇത്തവണ പത്താം തരത്തിലാണ്. അച്ഛൻ ഞങ്ങൾക്ക് വേണ്ടിയാണ് അകലെ ചെന്നൈ എന്ന പട്ടണത്തിലേക്ക് ജോലി തേടിപോയത്. ഇപ്പോൾ അവിടെ നല്ലൊരു കമ്പനിയിൽ ഉദ്യോഗസ്ഥനാണ്. ഞാൻ അമ്മയുടെ ഏക മകനും. വീട്ടിൽ എനിക്കും അമ്മയ്ക്കും കൂട്ടായി രണ്ടു പേർ കൂടിയുണ്ട്. അപ്പൂപ്പനും അമ്മൂമ്മയും. അങ്ങനെ അന്നും പതിവായി എന്റെ ദിനചര്യകളൊക്കെ കഴിഞ്ഞ് പുസ്തകങ്ങളുമായി മേശപ്പുറത്തേക്ക് നടന്നുനീങ്ങി. ജനാലകൾ തുറന്നു. പഠിച്ച് മടുപ്പുതോന്നുമ്പോൾ എന്റെ കണ്ണുകൾ ജനാലയുടെ പുറത്തേക്കൊന്ന് തിരിയും. അവിടെയുണ്ട് എന്റെ കണ്ണുകൾക്കും കാതുകൾക്കും കുളിർമയേകുന്ന എന്തും. ഒത്തിരി മരങ്ങൾ, പക്ഷികൾ, പഴങ്ങൾ. മാമ്പഴക്കാലമായതിനാൽ മാവുകൾ നിറയെ മാമ്പഴമാണ്. ഒന്നു നന്നായി കണ്ണോടിച്ചു നോക്കിയാൽ കാണാം അവിടെ അമ്മയെ. അമ്മ എന്നും അങ്ങനെയാണ്. എന്നെ നോക്കുന്നത് എങ്ങനെയാണോ അത് പോലെയാണ് അമ്മയ്ക്ക് ചെടികൾ. അവയുടെ ഇലകൾ ഒന്ന് വാടിയാൽപോലും അമ്മയ്ക്ക് വിഷമമാണ്. ഒരിക്കൽ ഞാൻ കളിയാക്കിയപ്പോൾ അമ്മ പറഞ്ഞു. മോനേ... പ്രകൃതിയാണ് നമ്മുടെ അമ്മ. വൃക്ഷങ്ങളെയും ചെടികളെയും എന്തിനേറെ എല്ലാ പക്ഷിമൃഗാദികളെയും ഞങ്ങളുടെ ജീവൻ തന്നെ നിലനിർത്തുന്നത് ഈ പ്രകൃതിയാണ്. അത് നമുക്ക് നിലനിർത്താൻ കഴിഞ്ഞില്ലെങ്കിൽ നാളെ നമുക്ക് ജീവന്റെ വായുതന്നെ നിലനിർത്താൻ പറ്റാതെ വരും. അമ്മയുടെ വാക്കുകൾ കേട്ട് ഞാനൊരു ചെറുപുഞ്ചിരിയോടെ അമ്മയെത്തന്നെ നോക്കി. യഥാർത്ഥത്തിൽ ഒന്ന് കളിയാക്കിയെന്ന് പറയാം. അങ്ങനെ രാവിലെയുള്ള പഠനവും ഒക്കെ കഴിഞ്ഞു. പതിവുപോലെ സ്കൂളിലേക്ക് യാത്രയായി. ടീച്ചർ ക്ലാസ്സിൽ അന്തരീക്ഷ മലിനീകരണത്തെക്കുറിച്ചും ഓക്സിജൻ ഇല്ലാതായാലുള്ള മനുഷ്യന്റെ നിലനിൽപ്പിനെക്കുറിച്ചുമൊക്കെ പറഞ്ഞു. ചെടികളും പക്ഷിമൃഗാദികളും ഇല്ലാതായാലുള്ള അവസ്ഥയും പറഞ്ഞു. വരാനിരിക്കുന്ന വിപത്തിനെ ആരോ കണ്ണിൽ പതിപ്പിക്കുന്നതുപോലെ തോന്നി. നമ്മുടെ വയലുകളും പാടങ്ങളും ഒക്കെ നികത്തി പട്ടണങ്ങളാകുമ്പോൾ എത്ര ദുരന്തങ്ങളാണ് ഉണ്ടാവാൻ പോകുന്നത്. വൈകുന്നേരം വീട്ടിലേക്ക് മടങ്ങുമ്പോൾ റോഡരികിൽ കണ്ട മരങ്ങളെയൊക്കെ ഞാൻ നന്ദിയോടെ വീക്ഷിച്ചു. അവ എന്നോട് പുഞ്ചിരിക്കുന്ന പോലെയും കാറ്റിൽ ഇലകൾ പരസ്പരം കുശലം പറയുന്ന പോലെയും തോന്നി. വീടിന്റെ ഗേറ്റ് തുറന്ന് മുറ്റത്തെത്തിയപ്പോൾ അമ്മ തോട്ടത്തിൽ ചെടികൾ നനച്ചുകൊണ്ടിരിക്കുന്നു. വൃക്ഷത്തിന്റെ ചില്ലകളിൽ പക്ഷികൾക്കായി വെള്ളംനിറച്ച പാത്രങ്ങൾ തൂക്കിയിട്ടിരിക്കുന്നു. അന്ന് ഞാൻ അമ്മയെ നിറകണ്ണുകളോടെ നോക്കി. പ്രകൃതിയോട് അമ്മയ്ക്കുള്ള സ്നേഹം എന്തെന്ന് ഞാൻ മനസ്സിലാക്കി.

**ജയദീപ് പി പി**
6 എ, അഴീക്കോട് നോർത്ത് യു.പി. സ്കൂൾ, പാപ്പിനിശ്ശേരി ഉപജില്ല, കണ്ണൂർ

# അവധിക്കാല പാഠങ്ങൾ

അമലാപുരി എന്ന ഒരു ഗ്രാമം. അവിടെ ടിങ്കു എന്ന് പേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു. അവൻ മാലിന്യങ്ങൾ പരിസരങ്ങളിലേക്കും വീട്ടുവളപ്പുകളിലേക്കും വലിച്ചെറിയുമായിരുന്നു. ചെളിയിലും മറ്റും കളിച്ചിട്ട് അവൻ കൈ കഴുകാതെ ഭക്ഷണം കഴിക്കും. അവന്റെ ഈ ശീലം ആർക്കും ഇഷ്ടമല്ലായിരുന്നു. പലരും അവനെ ഉപദേശിച്ചു നോക്കി. എന്നിട്ടും അവന്റെ ഈ ശീലങ്ങൾ അവൻ മാറ്റിയിട്ടില്ല. അവൻ അവിടുത്തെ അയൽവാസികൾക്കും ശല്യമായിരുന്നു. അങ്ങനെ ആ ഗ്രാമത്തിൽ വസിക്കുന്നവർ അവനെ വെറുക്കാൻ തുടങ്ങി.

ഒരു ദിവസം പതിവുപോലെ അവൻ പുറത്ത് കളിച്ചിട്ട് വീട്ടിൽ വന്ന് ഭക്ഷണം കഴിക്കാൻ തുടങ്ങി. അപ്പോൾ അവന്റെ വീട്ടുകാർ വിലക്കി. കൈകഴുകാൻ പറഞ്ഞപ്പോൾ അവൻ അത് നിരസിച്ച് കൈ കഴുകാതെ ഭക്ഷണം കഴിച്ചു. പിറ്റേന്ന് രാവിലെ അവന് കിടക്കയിൽനിന്ന് എഴുന്നേൽക്കാൻ കഴിഞ്ഞില്ല. അവന് കലശലായ എന്തോ രോഗം ബാധിച്ചു. അവന്റെ കരച്ചിൽ കേട്ട് ഓടിവന്ന വീട്ടുകാർ കണ്ടത് തളർന്നു കിടക്കുന്ന ടിങ്കുവിനെയാണ്. വീട്ടുകാർ അവനെ ആശുപത്രിയിൽ കൊണ്ടുപോയി. ആശുപത്രിയിൽ വച്ച് ഡോക്ടർ ടിങ്കുവിന്റെ അച്ഛനോട് ചില കാര്യങ്ങൾ പറഞ്ഞു. ടിങ്കുവിന് ശുചിത്വമില്ലാത്തതുകൊണ്ടാണ് അവന് ഈ രോഗം ബാധിച്ചതെന്ന കാര്യം ഡോക്ടർ അറിയിച്ചു. കൈ കഴുകാതെ ഒരിക്കലും ഭക്ഷണം കഴിക്കാൻ പാടില്ല എന്ന് ഡോക്ടർ ടിങ്കുവിനോട് നിർദ്ദേശിച്ചു. ആശുപത്രിയിൽ നിന്ന് കിട്ടിയ മരുന്നുമായി അവൻ വീട്ടിലേക്ക് പോയി. ഒരാഴ്ച്ചയ്ക്ക് ശേഷം അവന്റെ രോഗം പൂർണ്ണമായി മാറി. ക്ഷീണമൊക്കെ കുറഞ്ഞപ്പോൾ അവൻ പറമ്പിലും, പൊതുവഴികളിലും, അയൽവാസികളുടെ വീട്ടുവളപ്പിലും വലിച്ചെറിഞ്ഞിരുന്ന മാലിന്യങ്ങൾ അവൻ തന്നെ വൃത്തിയാക്കി. വൃത്തിയായി നടക്കുവാനും സോപ്പുപയോഗിച്ച് നന്നായി കൈ കഴുകുവാനും തുടങ്ങി. എല്ലാവർക്കും അതൊരു അതിശയമായി തോന്നി.

അങ്ങനെയിരിക്കുമ്പോഴാണ് അവന്റെ കൂട്ടുകാരൻ തങ്കു അവനെ കാണാൻ വരുന്നത്. വിവരങ്ങളൊക്കെ ചോദിച്ചറിഞ്ഞ തങ്കു ടിങ്കുവിനോട് ചോദിച്ചു: “നമുക്ക് ഒരു പച്ചക്കറിത്തോട്ടം ഉണ്ടാക്കിയാലോ?” ടിങ്കു സമ്മതം പറഞ്ഞു. ടിങ്കുവും തങ്കുവും അവരവരുടെ വീട്ടിലുണ്ടായിരുന്ന പച്ചക്കറി വിത്തുകൾ കൊണ്ടുവന്ന് ടിങ്കുവിന്റെ പറമ്പിലും വീടിന്റെ

ടെറസ്സിൽ ചാക്കുകളിലുമായി കൃഷി ചെയ്യാനാരംഭിച്ചു. ടിങ്കുവിന്റെയും തങ്കുവിന്റെയും കൃഷിയിൽ അവരുടെ മാതാപിതാക്കൾ സഹായകരമായി മാറി. കുറേ ദിവസങ്ങൾക്ക് ശേഷം അതിൽ പൂക്കൾ വിരിയാൻ തുടങ്ങി. അവരുടെ കൃഷി വൻവിജയമായിത്തീർന്നു. പയറും വഴുതനയും മത്തനും വെള്ളരിയും മുളകും പാവലും പടവലവും എല്ലാം കായകൾ കൊണ്ട് നിറഞ്ഞു. ടിങ്കുവും തങ്കുവും അവരുടെ വീട്ടാവശ്യത്തിനുള്ള ഫലങ്ങൾ എടുത്ത ശേഷം ബാക്കിവന്നവ അയൽവാസികൾക്കും ബന്ധുക്കൾക്കും നൽകി. ടിങ്കുവിന്റെ ഈ പ്രവൃത്തി നാട്ടുകാർക്കുപോലും വിശ്വസിക്കാനായില്ല. എങ്ങനെയാണ് ടിങ്കു ഇത്രയും മാറിയത് എന്നായിരുന്നു പലരുടെയും സംശയം. മുമ്പ് അവൻ പുറമേ നിന്ന് വാങ്ങുന്ന പലഹാരങ്ങളും ഫാസ്റ്റ് ഫുഡ്ഡും ആയിരുന്നു കഴിച്ചിരുന്നത്. ഇപ്പോൾ അവൻ അത് നിർത്തി. വീട്ടിൽ ഉണ്ടാക്കുന്ന ഭക്ഷണവും സ്വയം കൃഷി ചെയ്തുണ്ടാക്കിയ പച്ചക്കറികളും ആണ് ഇപ്പോൾ അവന്റെ ആഹാരം. വീട്ടിലെ കാർഷികവിളകൾ ആണ് ടിങ്കുവിന്റെ അമ്മ ഇപ്പോൾ ഭക്ഷണത്തിനായി ഉപയോഗിക്കുന്നത്. പിന്നീടൊരിക്കലും ചന്തയിൽനിന്നും വിഷമടങ്ങിയ പച്ചക്കറികൾ ടിങ്കുവിന്റെയും തങ്കുവിന്റെയും വീട്ടിൽ വാങ്ങിയിട്ടില്ല. അവരുടെ വീട്ടിലേക്ക് വേണ്ട വിളകൾ വീട്ടിൽ തന്നെ അവർ ഉത്പാദിപ്പിച്ചു. ജൈവവളം മാത്രമേ അവർ അതിന് ഉപയോഗിച്ചുള്ളു. ടിങ്കു പ്രകൃതിയോടിണങ്ങി ശുചിത്വത്തോടെയുള്ള ജീവിതം ആരംഭിച്ചു. അങ്ങനെ ഒരു അവധിക്കാലം ഫലപ്രദമായി ചിലവഴിക്കാൻ കഴിഞ്ഞതിൽ ടിങ്കുവിന് വളരെ സന്തോഷമായി.

**എമിൽ എമ്മാനുവേൽ ജിജോ**
7 ബി, അസംപ്ഷൻ എച്ച്.എസ്. പാലമ്പ്ര
കാഞ്ഞിരപ്പള്ളി ഉപജില്ല, കോട്ടയം

# ജനനം

വലിയ വലിയ ജോലികൾ ലഭിച്ചു സ്വന്തം നാട്ടിൽ നിന്ന് മറുനാട്ടിലേക്ക് പോകാൻ ആഗ്രഹിക്കുന്നവരാണ് എല്ലാവരും. അവിടെയെത്തി വളരെ നാളുകൾക്കുശേഷം പലരും സ്വന്തം നാടിനെക്കുറിച്ച് മറന്നു പോകാറുമുണ്ട്. എന്നാൽ ചിലരുടെ മനസ്സിൽ ചെറുപ്പത്തിലെ ചില ഓർമ്മകൾ മായാതെ കിടക്കും. അങ്ങനെ ഓർമ്മകൾ മായാത്ത ഒരു വ്യക്തിയുടെ കഥയാണിത്. അയാളാണ് രമേശ് കൃഷ്ണൻ. നല്ല രീതിയിൽ തന്നെ മാതാപിതാക്കൾ രമേശിനെ പഠിപ്പിച്ചു. നല്ല വരുമാനം ഉള്ള ജോലി തന്നെ നേടി. അയാൾ സുമിത്ര എന്ന പെൺകുട്ടിയെ വിവാഹം ചെയ്തു. ജോലി സൗകര്യത്തിനായി രമേശ് കുടുംബത്തോടെ നഗരത്തിലേക്ക് മാറി. ആൾ തിരക്ക്, ഇടുങ്ങിയ വീട് ആകെപ്പാടെ രമേശൻ ഒരു ബുദ്ധിമുട്ട് അനുഭവിച്ചു. എങ്കിലും ജോലി ഉപേക്ഷിക്കാൻ അയാൾ തയ്യാറായില്ല. അങ്ങനെയിരിക്കെ ഒരു ദിവസം രമേശ് തന്റെ കുട്ടിക്കാലം ഓർത്തു. രാവിലെ എഴുന്നേറ്റു തോട്ടിൽ പോകുന്നതും, പാടവരമ്പത്തുകൂടി ഓടുന്നതും, പറമ്പിൽ ഓടി കളിച്ചതും, കൂട്ടുകാരുമൊത്തു മാവിൽ കയറി മാമ്പഴം പറിച്ച് കഴിച്ചതും എല്ലാം അയാൾ ഓർത്തു. ഒരു ദിവസം രമേശ് തന്റെ ഫ്ളാറ്റിൽ ചില പരിഷ്ക്കാരങ്ങൾ വരുത്തി. ഒരു ഫിഷ്ടാങ്ക്, ഒരു റോസാച്ചെടി എന്നിവ വാങ്ങി വച്ചു. രമേശിന്റെ മക്കൾ റോസാച്ചെടി ഇന്നേവരെ കണ്ടിട്ടില്ലാത്തതുപോലെ നൂറു നൂറു ചോദ്യങ്ങൾ ചോദിച്ചു. ഇതെന്താ അച്ഛാ? പൂവ് ഉണ്ടാകുമോ? വലുതാകുമോ? അങ്ങനെ കുറേ ചോദ്യങ്ങൾ.

ആ ചെടി വളർന്നു കഴിഞ്ഞപ്പോൾ അതിന്റെ പേരിൽ വീട്ടിൽ ബഹളമായി. ഇവർ എന്തിനാണ് ബഹളം വയ്ക്കുന്നത്? രമേശിന് മനസിലായില്ല. എങ്ങനെയാണ് ഇപ്രകാരം ജീവിക്കുന്നത്? രമേശൻ അവശനായി. ഒരു നല്ല കാര്യം ചെയ്താൽ കൂടെ നിൽക്കാൻ ആരുമില്ല.

രമേശന് അടുപ്പം പ്രകൃതിയോടാണ്. കാരണം അയാളുടെ കുട്ടിക്കാലം പ്രകൃതിയോട് ചേർന്നതായിരുന്നു. രമേശ് തന്റെ ജോലിക്കിടയിലും പ്രകൃതിയെപ്പറ്റി പഠിച്ചുതുടങ്ങി. അങ്ങനെ മുന്നോട്ട് പോകുമ്പോൾ അയാൾക്ക് ഒരു വലിയ കാട്ടിലേക്ക് പോയി പഠനം നടത്താൻ അവസരം കിട്ടി. ജോലി സംബന്ധമായി മറ്റൊരു സ്ഥലത്തേക്ക് പോകണമെന്നു പറഞ്ഞു അയാൾ കാട്ടിലേക്ക് പോകാനൊരുങ്ങി. കുടുംബമായി താമസിക്കുവാൻ സൗകര്യമില്ലെന്നും സുമിത്രയോട് രമേശൻ പറഞ്ഞു.



അങ്ങനെ സുമിത്ര സങ്കടത്തോടെയാണെങ്കിലും പോയിട്ട് പെട്ടെന്ന് വരണമെന്ന് പറഞ്ഞു.

നൂറു പേരടങ്ങിയ ടീം ആയിരുന്നു അത്. പത്ത് പേരടങ്ങിയ ചെറുടീമുകളായി അവർ കാട്ടിലേക്ക് കയറി. പുതിയതായി കണ്ടെത്തുന്ന കാര്യങ്ങൾ അവർക്ക് നൽകിയ പ്രത്യേക ബുക്കിൽ രേഖപ്പെടുത്തണം. പത്ത് ദിവസം നീണ്ടു നിൽക്കുന്നതായിരുന്നു കാട്ടിലെ ആ യാത്ര. യാത്രയുടെ അവസാനത്തിൽ കാട്ടിൽ നിന്നും ധാരാളം കാര്യങ്ങൾ ഇനിയും പഠിക്കാനുണ്ടെന്ന് രമേശനു മനസിലായി. തന്റെ ടീം കണ്ടെത്തിയ കാര്യങ്ങൾ രമേശൻ പതിനൊന്നാം ദിവസം അവതരിപ്പിച്ചു. അങ്ങനെ ഓരോ ടീമുകളും. നല്ല ടീമായി രമേശന്റെ ടീമിനെയാണ് തെരഞ്ഞെടുത്തത്.

വീട്ടിൽ നിന്നും മാറി നിന്നിട്ട് ഇപ്പോൾ ഇരുപതു ദിവസം കഴിഞ്ഞു. ആദ്യമായാണ് ഇങ്ങനെ പിരിഞ്ഞിരിക്കുന്നത്, മടക്ക യാത്രയിൽ രമേശൻ ഓർത്തു. വീട്ടിൽ എത്തിയപ്പോഴേക്കും കുട്ടികൾ സ്കൂളിൽ പോയിരുന്നു. രമേശനെ കണ്ടതും സുമിത്ര ഓടി വന്നു അയാളെ കെട്ടിപ്പിടിച്ചു. കാട്ടിലൂടെയുള്ള യാത്ര സുഖമായിരുന്നോ? ഇനി നിങ്ങൾ പോകുമ്പോൾ ഞങ്ങളെയും കൊണ്ടു പോകണം' സുമിത്രയുടെ ഈ വാക്കുകൾ രമേശിനെ അത്ഭുതപ്പെടുത്തി. ആരും കാണാതെ സൂക്ഷിച്ച ഒരു ബുക്ക് സുമിത്ര രമേശനു നൽകി. കോളേജിൽ പഠിക്കുമ്പോൾ പ്രകൃതിയെപ്പറ്റി സുമിത്ര എഴുതിയ ലേഖനങ്ങളായിരുന്നു അവ നിറയെ. രമേശ് കൃഷ്ണൻ പ്രകൃതിയെക്കുറിച്ച് ആധികാരികമായി പഠിക്കാൻ തീരുമാനിച്ചു. സുമിത്ര അതിനുവേണ്ട എല്ലാ സഹായങ്ങളും നൽകി. പലപ്പോഴും സുമിത്രയും രമേശനോപ്പം കൂടി. ലോകം അറിയപ്പെടാനിരുന്ന രണ്ടു പ്രകൃതി സംരക്ഷകരുടെ ജനനമായിരുന്നു അത്.

**റിയ അച്ചാമ്മ കുര്യൻ**
9 ബി, അസംപ്ഷൻ എച്ച്.എസ്. പാലമ്പ്ര
കാഞ്ഞിരപ്പള്ളി ഉപജില്ല, കോട്ടയം

# മരം ഒരു വീട്

ഒരിക്കൽ രാമു എന്ന് പേരുള്ള ഒരാൾ പട്ടണത്തിൽ താമസിച്ചിരുന്നു. രാമുവിന്റെ വീടിനു പിറകിൽ നല്ലൊരു തോട്ടം ഉണ്ടായിരുന്നു. ആ തോട്ടത്തിൽ നിറയെ ചെടികളും പൂക്കളും ഉണ്ടായിരുന്നു. ആ തോട്ടത്തിന്റെ ഒരറ്റത്ത് ഒരു മാവും നിന്നിരുന്നു. കുട്ടിക്കാലത്ത് ആ മാവിന്റെ ചുവട്ടിൽ പോയി കളിച്ചിരുന്നു. അവന് വിശക്കുമ്പോൾ മധുരമുള്ള മാമ്പഴങ്ങൾ കഴിച്ചിരുന്നു. കാലം മുന്നോട്ടു പോയപ്പോൾ മാവിനും പ്രായം ചെന്നു. രാമുവും വളർന്നു. ഇപ്പോൾ വല്ലപ്പോഴുമേ മാമ്പഴം ഉണ്ടാവുകയുള്ളൂ. രാമു ആ മാവ് മുറിക്കാൻ തീരുമാനിച്ചു. ആ മരത്തിൽ ഒത്തിരി കിളികളും പക്ഷികളും കൂട് കൂട്ടിയിരുന്നു.

പിറ്റേദിവസം രാമു മരം മുറിക്കാൻ വന്നപ്പോൾ ആ മരത്തിൽ ഉണ്ടായിരുന്ന കിളികളും പക്ഷികളും മരംമുറിക്കല്ലേ... മരംമുറിക്കല്ലേ... ഈ മരം ഞങ്ങളുടെ വീടാണെന്നും മരം മുറിച്ചാൽ ഞങ്ങളുടെ വീട് നഷ്ടപ്പെടുമെന്നും ഞങ്ങൾക്ക് പോകാൻ വേറെ ഇടമില്ലന്നും കിളികൾ രാമുവിനോട് പറഞ്ഞു. അപ്പോൾ രാമു മരത്തിലേക്ക് നോക്കി. അതിൽ ഒത്തിരി പക്ഷികളുടെ കൂട് കാണാമായിരുന്നു. കുട്ടിക്കാലത്ത് തനിക്ക് തണൽ തരുകയും ഒത്തിരി ഓർമ്മകൾ നൽകുകയും ചെയ്ത മരത്തെ നന്ദിയോടെ അപ്പോൾ രാമു സ്മരിച്ചു. ആ ഒരു നിമിഷം രാമു തന്റെ കുട്ടിക്കാലത്തേക്ക് മടങ്ങിപ്പോയി. വിശക്കുമ്പോൾ വയറുനിറയെ മാമ്പഴം കഴിച്ചതും കിളികൾ പാട്ടുപാടി തന്നതും അങ്ങനെയെല്ലാം ഓരോന്നായി രാമു ഓർത്തെടുത്തു.

രാമുവിന് തന്റെ തെറ്റ് മനസ്സിലായി. രാമു മരം മുറിക്കുന്നതിൽ നിന്നും പിന്മാറി. കിളികളോടും പക്ഷികളോടും ഇനി എത്ര നാൾ വേണമെങ്കിലും ഇവിടെ കഴിഞ്ഞൊള്ളൂ, ഞാനീ മരം വെട്ടുകയില്ലയെന്നു രാമു പറഞ്ഞു. കിളികൾക്കെല്ലാം സന്തോഷമായി. അവർ നന്ദി സൂചകമായി നല്ലൊരു പാട്ട് രാമുവിന് പാടി ക്കൊടുത്തു.

**റുമൈസ റയാൻ**
4 ബി, അസംപ്ഷൻ എച്ച്.എസ്. പാലമ്പ്ര
കാഞ്ഞിരപ്പള്ളി ഉപജില്ല, കോട്ടയം



# മിസ്റ്റർ കീടാണു

ഒരുദിവസം ബിട്ടുവും കൂട്ടുകാരനായ ബിച്ചുവും മുറ്റത്തുനിന്ന് കളിക്കുകയായിരുന്നു. അപ്പോൾ ബിച്ചുവിന് വിശക്കാൻ തുടങ്ങി. "ഇനി എന്തെങ്കിലും കഴിച്ചിട്ട് കളിക്കാം", ബിച്ചു പറഞ്ഞു. അതു കേട്ടു ബിട്ടു നേരെ വീട്ടിനുള്ളിലേയ്ക്ക് ഓടി. ബിട്ടു ബിസ്ക്റ്റ് എടുക്കാൻ പോയതാണെന്ന് മിസ്റ്റർ കീടാണുവിന് മനസിലായി. അവൻ തക്കം പാർത്തുനിൽക്കുകയായിരുന്നു. ഇവർക്ക് അസുഖം വരുത്താൻ ഇതുതന്നെ പറ്റിയ സമയം. മി. കീടാണുവിനു സന്തോഷമായി. ബിട്ടു ഒരു പാക്കറ്റ് ബിസ്ക്കറ്റുമായി തിരികെ വന്നു. "ഇതാ ബിസ്ക്കറ്റ് കഴിച്ചോളൂ.'' പെട്ടെന്ന് ബിട്ടുവിന്റെ കാലു തെറ്റി. ബിട്ടുവിന്റെ കൈയിലിരുന്ന ബിസ്ക്കറ്റ് എല്ലാം മുറ്റത്തേക്ക് ചിതറിവീണു. "അയ്യോ ബിസ്ക്കറ്റ് നിലത്തു വീണല്ലോ.'' ബിട്ടു വിഷമത്തിലായി. ഈ തക്കംനോക്കി കീടാണു ബിസ്ക്കറ്റിൽ കയറിയിരുന്നു. "ഹി... ഹി... ബിസ്ക്കറ്റ് കഴിക്കുമ്പോൾ അവരുടെ വയറ്റിൽ എത്താം", മി. കീടാണു കരുതി. ബിട്ടുവും ബിച്ചുവും മുറ്റത്തുനിന്ന് ബിസ്ക്കറ്റ് എല്ലാം പെറുക്കിയെടുത്തു. അപ്പോഴാണ് ബിട്ടുവിന്റെ അമ്മ അവിടേക്ക് വന്നത്. നിലത്തുവീണ ബിസ്ക്കറ്റുകൾ കുട്ടികൾ പെറുക്കിയെടുക്കുന്നത് കണ്ട്, നിലത്തുനിന്ന് അതെടുത്ത് കഴിക്കരുത്, അതിൽ കീടാണു കാണുമെന്ന് പറഞ്ഞു. അവരുടെ കൈയിൽനിന്നും ആ ബിസ്ക്കറ്റ് അമ്മ വാങ്ങി. ബിട്ടുവിനും ബിച്ചുവിനും വിഷമമായി. എന്നാൽ അമ്മ അകത്തുപോയി വേറെ ബിസ്ക്കറ്റ് എടുത്തു കൊണ്ടുവന്നു. ബിച്ചുവും ബിട്ടുവും കൈയും മുഖവും കഴുകി ബിസ്ക്കറ്റ് കഴിക്കാനായി വന്നു. നിലത്തുവീണ ബിസ്ക്കറ്റ് അമ്മ കിറ്റി പൂച്ചയ്ക്ക് കൊടുത്തു. പൂച്ചയുടെ കടി കിട്ടാതെ മി. കീടാണു ഒറ്റ ഓട്ടം!

**ഇർഫാന ഫാത്തിമ**
3 എ, അസംപ്ഷൻ എച്ച്.എസ്. പാലമ്പ്ര
കാഞ്ഞിരപ്പള്ളി ഉപജില്ല, കോട്ടയം

# വൈറസ് നൽകിയ പാഠം

ഒരു ഗ്രാമത്തിൽ ദാമു എന്ന കുട്ടി ഉണ്ടായിരുന്നു. അവൻ പത്താം ക്ലാസ്സ് വിദ്യാർത്ഥിയാണ്. അവൻ പഠനത്തിൽ പിന്നിലായിരുന്നു. പരീക്ഷകളെല്ലാം അവനു പേടിയായിരുന്നു. അങ്ങനെയിരിക്കെ എസ്. എസ്. എൽ. സി. പരീക്ഷയായി. ആദ്യ ദിവസത്തെ മലയാളം പരീക്ഷ കഴിഞ്ഞു. അവന് ഒരു പ്രതീക്ഷയും ഇല്ലായിരുന്നു. പിറ്റേദിവസത്തെ പരീക്ഷക്കുവേണ്ടി പഠിക്കുന്നതിനു പകരം അവൻ കളിച്ചു നടന്നു. അന്ന് വൈകിട്ടത്തെ വാർത്തയിൽ എഴുതി കാണിച്ചു എസ്. എസ്. എൽ. സി. പരീക്ഷകൾ മാറ്റി വച്ചുവെന്ന്. കാരണം കോവിഡ് 19. അവന് ഏറെ സന്തോഷമായി.

വൈകിട്ട് അച്ഛൻ വീട്ടിൽ വന്നു. അച്ഛന് ശക്തമായ പനിയും ജലദോഷവും. അമ്മ പനിക്ക് നൽകുന്ന ഗുളിക നൽകി. നേരം പുലർന്നു. അച്ഛന് പനി കുറഞ്ഞില്ല. രണ്ടു ദിവസമായി, മൂന്നു ദിവസമായി. അവനും അച്ഛനും അമ്മയ്ക്കും കുഞ്ഞനുജനും എല്ലാർക്കും പനി പിടിച്ചു. അയൽവാസികളും ചില ആരോഗ്യ പ്രവർത്തകരും ചേർന്ന് ആംബുലൻസിൽ അവരെ ആശുപത്രിയിൽ എത്തിച്ചു. കൊറോണ പരിശോധനയിൽ അവർ നാലുപേരുടെയും ഫലം പോസിറ്റീവ്. ആരോഗ്യ പ്രവർത്തകരും മറ്റും ചേർന്ന് റൂട്ട് മാപ്പും തയ്യാറാക്കി. പറഞ്ഞു മാത്രം അറിയാമായിരുന്ന ആ മഹാമാരി നേരിട്ട് അവർ അനുഭവിക്കാൻ പോകുന്നു. ആദ്യം അവർക്ക് അതിനെ ഉൾക്കൊള്ളാൻ സാധിച്ചില്ല. ആരോഗ്യപ്രവർത്തകരുടെയും ഡോക്ടർമാരുടെയും സമയോചിത ഇടപെടൽകൊണ്ട് അവർ അതിനെ നേരിട്ടു. ക്രൂരവും പേടിപ്പെടുത്തുന്നതുമായ അവസ്ഥയിലൂടെ അവർ കടന്നുപോയി. അച്ഛനും അമ്മയ്ക്കും ദാമുവിനും രോഗം ഭേദമാകാൻ തുടങ്ങി. എന്നാൽ അനുജൻ രക്ഷപ്പെടാൻ സാധ്യതയില്ലെന്ന് ഡോക്ടർ പറഞ്ഞു. കാരണം അവന് ജന്മനാ ശ്വാസസംബന്ധമായ അസുഖങ്ങൾ ഉണ്ടായിരുന്നു. അവർ ഈശ്വരനോട് പ്രാർത്ഥിച്ചു. ആരോഗ്യ പ്രവർത്തകർ രക്ഷപ്പെടുത്താൻ അക്ഷീണം പരിശ്രമിച്ചു. അച്ഛനും അമ്മയും സങ്കടം ഒതുക്കി ആശുപത്രിയിൽ കഴിഞ്ഞു. ദാമു ഈശ്വരനൊടു പ്രാർത്ഥിച്ചു, തന്റെ അനുജനെ രക്ഷിക്കണേയെന്ന്. ആത്മ വിശ്വാസം അവൻ കൈവിട്ടില്ല.

ദിവസങ്ങൾ കഴിയുന്തോറും അനിയന്റെ നില ഗുരുതരമായി തന്നെ തുടർന്നു.ഒരു ദിവസം രാത്രിയിൽ കുഞ്ഞനുജൻ മരണത്തിന് കീഴടങ്ങി. കുഞ്ഞനുജൻ മരിക്കുന്നത് അവൻ നേരിൽ കണ്ടു. അവന്റെ ആത്മവിശ്വാസം നഷ്ടപ്പെട്ടു. അവനെയും അച്ഛനെയും അമ്മയെയും വിട്ട് കുഞ്ഞനുജൻ യാത്രയായി. അവനെ അവസാനമായി ഒന്ന് കാണാൻ വേണ്ടി അവർ കാത്തിരുന്നു. ഒന്ന് തൊടാൻ സാധിക്കാതെ, അന്ത്യ ചുംബനം നൽകാൻ സാധിക്കാതെ, മുഖമൊന്നു കാണാൻ

സാധിക്കാതെ, ഒരു പെറ്റമ്മ സ്വന്തം കുഞ്ഞിനെ പൊതിഞ്ഞ നിലയിൽ ദൂരെ നിന്ന് നോക്കി കണ്ടു. ദാമുവിന് താൻ ഒറ്റയ്ക്കായി പോയതായി തോന്നി. അനാഥ ശവത്തെ പോലെ അനുജൻ മണ്ണിനടിയിലായി. അവർ മൂവരും രോഗം ഭേദമായി അനുജനില്ലാത്ത വീട്ടിലേയ്ക്ക് വന്നു. എങ്ങും മൂകത. അവർ പരസ്പരം ഒന്നും സംസാരിച്ചില്ല. അമ്മ ഇടക്കിടയ്ക്ക് പൊട്ടി കരഞ്ഞു. ഇത് കണ്ടു സഹിക്കവയ്യാതെ ദാമുവും കരഞ്ഞു. അവൻ കരഞ്ഞു കരഞ്ഞു രാത്രിയിൽ എപ്പോഴോ ഉറങ്ങിപ്പോയി.ഇടയ്ക്കു ഞെട്ടി എഴുന്നേറ്റു.

രണ്ടാഴ്ച അവർ പുറത്തിറങ്ങാതിരുന്നു. അയല്പക്കക്കാരോ ബന്ധുക്കളോ ആരും വീട്ടിൽ വന്നില്ല. രോഗത്തിന്റെ മൂർച്ഛിച്ച അവസ്ഥ അവന്റെ കുഞ്ഞനുജനിൽ കണ്ടു. അവന്റെ പ്രാർത്ഥനയിൽ ഡോക്ടർമാരെയും നേഴ്സുമാരെയും ഉൾപ്പെടുത്തി. രണ്ടാഴ്ചക്കു ശേഷം ഒരു തിങ്കളാഴ്ച അവൻ വാർത്തയിൽ കണ്ടു എസ്. എസ്. എൽ. സി. പരീക്ഷ അടുത്ത മാസം ഉണ്ടാകുമെന്ന്. അവന് പേടിയായി. തന്റെ കുഞ്ഞനുജനുവേണ്ടി പഠിച്ചു നല്ല മാർക്ക് മേടിക്കുമെന്ന് അവൻ മനസ്സിൽ ഉറപ്പിച്ചു. അന്നു മുതൽ അവൻ നന്നായി പഠിച്ചു. സംശയമുള്ള ഭാഗങ്ങൾ കൂടുതൽ പഠിച്ചു. രാത്രി സമയങ്ങൾ പഠിക്കാൻ ചിലവിട്ടു.

തുടർന്നുള്ള ദിവസങ്ങളിൽ അവൻ കഷ്ടപ്പെട്ടു പഠിച്ചു. അവന്റെ മനസ്സിൽ മറ്റൊന്നും അപ്പോൾ ഉണ്ടായിരുന്നില്ല; കുഞ്ഞനുജന്റെ മുഖമല്ലാതെ. അതിനു ശേഷമുള്ള ഒരു ബുധനാഴ്ച പരീക്ഷ ആരംഭിച്ചു. എല്ലാ പരീക്ഷകളും അവന് നന്നായി എഴുതാൻ കഴിഞ്ഞു. പഠിച്ചാൽ വിജയിക്കാം എന്നവന് മനസിലായി. നാലാഴ്ചയ്ക്കു ശേഷം റിസൾട്ട് വന്നു. അവന് ഒൻപത് എ പ്ലസും ഒരു ബി പ്ലസും. അവൻ നന്നായി പഠിച്ച വിഷയത്തിനെല്ലാം എ പ്ലസ്. അവന്റ അച്ഛനും അമ്മയ്ക്കും സന്തോഷമായി. ടീച്ചർമാർ അവനെ അഭിനന്ദിച്ചു. അവന് ധാരാളം സമ്മാനങ്ങൾ ലഭിച്ചു.

ഒരു കുഞ്ഞു വൈറസിന് പലരുടെ ജീവിതത്തെയും മാറ്റാൻ സാധിച്ചു. അതിലൊന്ന് മാത്രമാണ് ദാമുവിന്റെ ജീവിതം. ലോകത്ത് കോവിഡ് മുഴുവനായും ഭേദമായില്ലെങ്കിലും എല്ലാം പൂർണ്ണമായും മാറും എന്ന പ്രത്യാശ അവനുണ്ട്. അവൻ ദൈവത്തോടും ആരോഗ്യ പ്രവർത്തകരോടും നന്ദി പറഞ്ഞു. ആരോഗ്യ പ്രവർത്തകർക്ക് വേണ്ടി പ്രാർത്ഥിച്ചു. കാരണം ഈ രണ്ടു പേർക്കും ഇടയിലായിരുന്നു അവന്റ ജീവൻ. ദാമുവിന്റെ വീട്ടിൽ പഴയ സന്തോഷം മെല്ലെ മെല്ലെ തിരിച്ചെത്തി...

**ശ്രീമയ് സാബു**
10 ബി, അസംപ്ഷൻ എച്ച്.എസ്. പാലമ്പ്ര
കാഞ്ഞിരപ്പള്ളി ഉപജില്ല, കോട്ടയം

# ലക്ഷ്മണരേഖ

ഞാനൊരു കിളി. ഒരു പാവം കൊച്ചുകിളി. ഞാനിവിടെ ഒരു കൊച്ചുവീടിന്റെ ചായ്പിൽ സുഖമായി കഴിയുന്നു. എനിക്ക് കാര്യമായ ലോകവിവരമൊന്നും ഇല്ല എങ്കിലും സാമാന്യവിവരമൊക്കെയുണ്ട്. എന്റെ കാര്യം മാത്രം കേട്ടിട്ട് നിങ്ങൾക്ക് മടുപ്പ് തോന്നുന്നുണ്ടോ? ഇല്ലേ , എങ്കിൽ കേട്ടോളൂ.

കുറച്ചുകാലം മുമ്പ് എല്ലായിടവും അലഞ്ഞുനടന്ന് സകലരെയും ശല്യപ്പെടുത്തിയിരുന്ന ഞാൻ കാലം കുറച്ചേ ആയുള്ളൂ ഇവിടെയെത്തിയിട്ട്. അതിന് മുമ്പ് ദേശാടനപ്പക്ഷിക്ക് തുല്യമായിരുന്നു എന്റെ ജീവിതം. ഇവിടെ എത്തിയതിൽപ്പിന്നെ ജീവിതത്തിന് ഒരു അടുക്കും ചിട്ടയുമൊക്കെ കൈമുതലായി വന്നു, ഒരു ദിനചര്യയുണ്ടായി. പുലർച്ചെ ഉണരും. കുറച്ച് പറക്കും. ശേഷം അപ്പുറത്തെ പറമ്പിൽപോയി ചവറ്റിലക്കിളിയോടും ഓലഞ്ഞാലിയോടും രണ്ട് വിശേഷം പറഞ്ഞിരിക്കുമ്പോഴേക്കും മഞ്ഞക്കിളിയുടെയും ഉപ്പന്റെയും വരവായി. പിന്നെ കളിച്ചുതിമിർക്കും. അതുകഴിഞ്ഞ് അടുക്കളമുറ്റത്ത്പോയി കൊത്തിപ്പെറുക്കും. ഇങ്ങനെയൊക്കെപ്പോകുന്നു കാര്യങ്ങൾ. ഒരു ദിവസം കളിച്ചുക്ഷീണിച്ച് ഞാൻ പിന്നാമ്പുറത്തുകൂടി നടക്കുമ്പോൾ അവിടെ എന്തോ തിളങ്ങുന്നതുകണ്ടു. അതെന്താണെന്ന് അറിയുന്നതിനുള്ള സ്ഥിരകൗതുകത്തോടെ ഞൻ അടുത്തേക്കുചെന്നു. അപ്പോഴതാ എന്നെപ്പോലെതന്നെ ഒരുപക്ഷെ എന്നേക്കാളും ഭംഗിയുള്ള ഒരു പക്ഷി, ആഹാ! പുതിയൊരു കൂട്ടുകിട്ടി എന്നു പറഞ്ഞപ്പോഴേക്കും ആ വീട്ടിലെ ചേച്ചി വന്നു. അതിന്റെ മുമ്പിൽ വന്നുനിന്ന് ചരിഞ്ഞിരുന്ന പൊട്ട് നേരെ വച്ചു. ഞാൻ നോക്കുമ്പോൾ ആ ചേച്ചിയെപ്പോലിരിക്കുന്ന ഒരു ചേച്ചിയെ ഞാനതിൽ കണ്ടു. കാര്യമായിട്ടെന്തോ സംഭവിച്ചമട്ടിൽ ഞാൻ പിൻവാങ്ങി. പിറ്റേദിവസം കളിക്കിടയിൽ ഉപ്പനാണ് പറഞ്ഞത് അതിന്റെ പേര് കണ്ണാടി എന്നാണെന്ന്. ബുദ്ധിയുടെ കാര്യത്തിൽ അവനും ഓലഞ്ഞാലിയുമാണ് മുൻപന്തിയിൽ.

ഉം, ഇന്ന് നല്ലൊരു ദിവസമാണ്. തെളിഞ്ഞകാലാവസ്ഥയാണ്. ഇന്ന് പതിവിലേറെനേരം കളിക്കാമെന്നു തോന്നുന്നു. കൂടിന് പുറത്തേക്കിറങ്ങി. ആ വീട്ടിലെ കാർ അവിടെത്തന്നെ കിടക്കുന്നു . ങേ, എന്തൊരത്ഭുതം ഇതുവരെ ഈ സമയം ഈ കാർ ഇവിടെ കിടക്കുന്നത് കണ്ടിട്ടില്ല. ഞാൻ റോഡരികിലേക്ക് പോയി നോക്കി, വാഹനങ്ങൾ തെല്ലുമില്ലാതെ വിജനമായ റോഡ്. പുകമണമില്ലാത്ത ശാന്തവും സുന്ദരവുമായ അന്തരീക്ഷം. ഞാൻ തിരികെ കൂടിനടുത്തേക്ക് വന്നു. അവിടുത്തെ കുട്ടികളുടെ സൈക്കിളും

വെളിയിൽതന്നെയുണ്ട്. ആരേയും വെളിയിലേക്ക് കാണുന്നേയില്ല. സമരമോ ഹർത്താലോ മറ്റോആണോ? എന്തായാലും അപ്രതീക്ഷിതമായികണ്ട ഈ കാഴ്ചകൾ മനസ്സിനെ കെടുത്തി. ആരുടെയും മുഖം ഒന്നും കണ്ടില്ല. ധൃതിയിൽ പറമ്പിലേക്ക് പറന്നു. സാധാരണ ഈ സമയമാകുമ്പോഴേക്ക് ചവറ്റിലക്കിളിയും ഓലഞ്ഞാലിയുമെങ്കിലും എത്തേണ്ടതാണ്. എന്തായാലും വന്നതല്ലേ കുറച്ച് സമയം കാക്കാം. ഉപ്പനും വന്നില്ല. ഓലഞ്ഞാലിയും വന്നില്ല. ചവറ്റിലക്കിളിയും വന്നില്ല. മഞ്ഞക്കിളിയും വന്നില്ല, വിഷമത്തോടെ തിരിച്ചുപറക്കുമ്പോൾ അതാ വരുന്നു ഓലഞ്ഞാലി. അവളുടെ മുഖത്ത് പരിഭ്രമത്തിന്റെ നേരിയ നിഴൽ കാണാനാവുന്നുണ്ട്. അവളുടെ മുഖം കണികണ്ടതേതായാലും ഭാഗ്യമായി.കാണാത്ത മട്ടിൽ പറക്കാൻ തുടങ്ങിയ അവളെ ഞാൻ വിളിച്ചശേഷമാണ് വന്നത്. എന്തുപറ്റി? എന്റെ നേരെ വന്നിട്ടും അവൾ അകലെയാണ് നിൽക്കുന്നത്. ഞാൻ അടുക്കുന്തോറും അവൾ അകലുകയാണ്. കളിപ്പിക്കുകയാണോ പെണ്ണ്. എന്തായാലും ആ കളി എനിക്ക് ഇഷ്ടപ്പെട്ടില്ല . മുഖം വീർപ്പിച്ച് ഞാൻ ചായിപ്പിലേക്ക് പറന്നു. തിരിഞ്ഞുനോക്കി അവൾ പിന്നാലെ വരുന്നുണ്ട് ഓ, അപ്പോൾ കളിപ്പിക്കുകയാണ്. എനിക്കീക്കളി ഇഷ്ടമായില്ലെന്ന് ഞാൻ തീർത്തുപറഞ്ഞു. അവളെന്നെ ഒരുപാട് വഴക്കുപറഞ്ഞു. എടാ മണ്ടാ, ഇയിടെയായി ചൈന എന്ന സ്ഥലത്ത് ഒരു വൈറസ് പൊട്ടിപ്പുറപ്പെട്ടിട്ടുണ്ടെന്ന് ഉപ്പൻ പറഞ്ഞില്ലായിരുന്നോ? നീ അതുമറന്നോ? ആ വൈറസ് നമ്മുടെ രാജ്യത്തും മറ്റുമെല്ലാം പടർന്നിരിക്കുന്നു എന്നു പറഞ്ഞില്ലേ ഞാൻ. ഇത് രാജ്യവ്യാപകമാകാതിരിക്കാൻവേണ്ടി നമ്മുടെ സർക്കാർ പറഞ്ഞതാണ് വീടിന് പുറത്ത് ഇറങ്ങേണ്ടെന്ന്, ഇനി ഇറങ്ങിയാൽത്തന്നെ ഒരു മീറ്റർ അകലം പാലിക്കണമെന്ന്. മനസ്സിലായോ? ഓ, അങ്ങനെയാണോ, ഉം. അങ്ങനെയെങ്കിൽ വേഗം പൊയ്ക്കോ. തന്റെ അയലത്തെ കൊച്ചുകൂട്ടിലേക്ക് പറന്നുപോയ ഓലഞ്ഞാലിയെ നോക്കി അന്തംവിട്ട് ഞാൻ നിന്നു. കൂട്ടുകാരെ ഞങ്ങളിപ്പോൾ ഞങ്ങളുടെ കളികൾ അവസാനിപ്പിച്ച് പുറത്തിറങ്ങാതായി. വീട്ടുവളപ്പിൽതന്നെ ഭക്ഷണംതേടിക്കഴിയുന്നു. ദയവുചെയ്ത് നിങ്ങളും ഈ പറയുന്നതെല്ലാം പാലിക്കൂ. നല്ലൊരു നാളേക്കായി നമുക്കും നമ്മുടെ നാടിനുമായി ഇപ്പോൾ വീട്ടിലിരിക്കാം.

**ദയ. സി.ആർ**
7 ജി, ആദിത്യവിലാസം ഗവ.എച്ച്.എസ്. തഴവ
കരുനാഗപ്പള്ളി ഉപജില്ല, കൊല്ലം

# നൻമ മരം


വളരെ പണ്ട് ഒരു ഗ്രാമത്തിൽ ഒരു മരം വെട്ടുകാരൻ ഉണ്ടായിരുന്നു. അയാളുടെ പേര് ഭോലാറാം എന്നാരുന്നു. ഒരു ദിവസം അയാൾ ജോലി കഴിഞ്ഞു മടങ്ങുപോൾ താൻ വെട്ടിയ മരത്തിന്റെ താഴെ മരച്ചുവട്ടിൽ ഒരു പക്ഷികുഞ്ഞ് വീണുകിടക്കുന്നത് കണ്ടു. അയാൾ അതിനെ കൈയിലെടുത്തു. മകൾക്ക് കളിക്കാൻ നൽകാം എന്നുകരുതി വീട്ടിലേക്കു നടന്നു. വീട്ടിലെത്തി ആ കുരുവിക്കുഞ്ഞിനെ കുട്ടിക്കു നല്കി. അവൾക്കു ആ കുരുവികുഞ്ഞിനെ കണ്ടപ്പോൾ സങ്കടം വന്നു. അച്ഛനോട് പറഞ്ഞു ഇതിനെ അതിന്റെ അമ്മയ്ക്കും അച്ഛനും നൽകിയേക്കു, കുട്ടിയുടെ വാക്കിൽ മനസ്സ് വേദനിച്ചു അതിനെ തിരികെ മരം വെട്ടിയ സ്ഥലത്തുകൊണ്ടു വച്ചു. അയാൾ മനസ്സിൽ ഒരു തീരുമാനം എടുത്തു. ഒരു മരം ഞാൻ വെട്ടിയാൽ അവിടെ പത്തു മരങ്ങൾ വച്ചുപിടിപ്പിക്കും. “മരം ഒരു വരമാണ്”, പരിസ്ഥിതിയെ നമുക്ക് സംരക്ഷിക്കാം.

**അനീറ്റ കെ ബിനു**
ക്ലാസ്, 3 ലിറ്റൽ ഫ്ളവർ എൽ.പി.എസ്. ആറ്റുവത്താൽ കൈനകരി
മങ്കൊമ്പ് ഉപജില്ല, ആലപ്പുഴ

# ചേരക്കുട്ടന്റെ ലോക്ഡൗൺ യാത്ര

ഹോ, ഈ മാളത്തിലിരിക്കാൻ തുടങ്ങിയിട്ട് കുറെ ദിവസമായല്ലോ? പുറത്തേക്കു ഒന്ന് ഇറങ്ങാം. ഹായ് നല്ല തണൽ, നല്ല നിശബ്ദത. പച്ച മാങ്ങയും തൂക്കി മുത്തച്ഛൻ മാവ് നിൽക്കുകയാണ്. അതിൽ കയറി. ഒന്ന് ഊഞ്ഞാലാടാൻ തോന്നുന്നു. പതുക്കെ ഇഴഞ്ഞു മരത്തിൽ കയറി. പെട്ടെന്ന് ബൗ... ബൗ... നായക്കുട്ടൻ എന്നെ നോക്കി കുറയ്ക്കാൻ തുടങ്ങി. ഹോ നാശം എല്ലാവരും ഓടിയെത്തി. കലപില ശബ്ദം. ചിലർ കല്ലെടുത്തെറിഞ്ഞു. ഹോ! എന്തൊരു മണം. ശരീരം എല്ലാം പൊള്ളുന്ന പോലെ മണ്ണെണ്ണ എന്നൊക്കെ ഉറക്കെ പറയുന്നു. ഞാൻ ഓടി മാളത്തിൽ എത്തി. ഹോ കൊറോണക്കാലം ആയാലും അനുസരിക്കാത്തവർ പുറത്തുണ്ടെന്ന് മനസ്സിലായി.

**അഭിനവ് ആർ.സി**
1 എ, ആർ.സി.എൽ.പി.എസ്. ഉച്ചക്കട
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം





# അച്ഛന്റെ തീരുമാനം അമ്മയുടെ വാക്കുകൾ

ചിന്നുവിന്റെ വീട്ടിലെ ബഹളം കേട്ടാണ് അന്ന് സൂര്യൻ ഉദിച്ചത്. രണ്ട് ദിവസമായി അവിടെ യുദ്ധക്കളമാണ്. കാരണം വളരെ നിസ്സാരം. അവൾക്ക് അവളുടെ സുഹൃത്തിനെ കാണാൻ പോകണം. കൊറോണ ആയതിനാൽ അവളെ പുറത്തേക്ക് വിട്ടില്ല. ആദ്യ കണ്ണീരിൽ തന്നെ അമ്മ വീണിരുന്നു. പക്ഷേ അച്ഛൻ അല്പം കർക്കശക്കാരനായതുകൊണ്ട് തന്റെ നിലപാട് മാറ്റിയില്ല. സർക്കാരിന്റെയും ആരോഗ്യവകുപ്പിന്റെയും നിർദ്ദേശം ലംഘിക്കാൻ ആ അച്ഛൻ തയ്യാറായിരുന്നില്ല. പക്ഷേ ചിന്നു അവരുടെ വാക്കുകൾക്ക് വിലകൽപ്പിക്കുന്നില്ല. അവൾക്ക് അവളുടെ ഫ്രണ്ടിനെ കണ്ടേ മതിയാകൂ. മൂന്നുനാല് വീടിന്റെ അപ്പുറത്താണ് ഹിമ എന്ന അവളുടെ കൂട്ടുകാരിയുടെ വീട്. പ്ലസ്‌വണ്ണിൽ പഠിക്കുന്ന ഹിമയുടെയും ചിന്നുവിനെയും കൂട്ടുകെട്ട് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. അവർ എന്നും എന്തിനും ഒരുമിച്ചായിരിക്കും. ഒരുനേരം പോലും പിരിഞ്ഞിരിക്കാൻ വയ്യ. അവരുടെ ബഹളം തുടർന്നുകൊണ്ടിരുന്നു. അമ്മ ഇടയ്ക്കുകയറി പറഞ്ഞു, “അവളെ അങ്ങ് വിട്ടേക്ക് ഇവിടെ നോക്കിയാൽ കാണുന്ന വീടല്ലേ പോട്ടെ ഇനിയുമീ കണ്ണീരും കലാശോം കാണാൻ വയ്യ”, പക്ഷേ അച്ഛൻ തന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു. അങ്ങനെ അവൾ അടുത്ത അടവും പയറ്റി നോക്കി. അവൾ നിരാഹാരം തുടങ്ങി. രാവിലെയും ഉച്ചയ്ക്കും അവൾ ഭക്ഷണം കഴിച്ചില്ല. ഒരുപാട് നിർബന്ധിച്ചെങ്കിലും കഴിക്കാൻ അവൾ കൂട്ടാക്കിയില്ല. അന്നാണെങ്കിലോ അവളുടെ അനിയൻ അപ്പുക്കുട്ടൻ ഭക്ഷണം കഴിച്ചുകൊണ്ട് അവളുടെ മുൻപിലൂടെ പോകും. ഇടയ്ക്കിടെ അപ്പുക്കുട്ടൻ ചിക്കൻ കാലും കടിച്ച് തന്നെ നോക്കി കൊഞ്ഞനം കുത്തും. ഒക്കെക്കൂടി അവളെ ഭ്രാന്ത് പിടിപ്പിച്ചു. രാത്രി ആയപ്പോഴേക്കും അവൾ സ്വയം കീഴടങ്ങി. വിശപ്പ് അവളെ കീഴടക്കി എന്ന് പറയുന്നതാവും ശരി. ഇനി താൻ എന്ത് പറഞ്ഞിട്ടും കാര്യമില്ല എന്ന് മനസ്സിലായതോടെ അവൾ സമരം അവസാനിപ്പിച്ചു. അങ്ങനെ രണ്ടുമൂന്നു ദിവസം ടിവി കാണലും ഉറങ്ങലും ഭക്ഷണം കഴിക്കലും ആയി അവൾ കഴിച്ചുകൂട്ടി. അന്ന് ഒരു തിങ്കളാഴ്ചയായിരുന്നു. അവൾ

എഴുന്നേറ്റപ്പോൾ തന്നെ 10 മണി ആയി കാണും. അടുക്കളയിൽ ചെന്ന് ഒരു കപ്പ് ചായയും എടുത്തു സിറ്റൗട്ടിലേക്ക് നടന്നു. അവിടെ ടീപോയിൽ കിടന്നിരുന്ന പത്രം അവൾ എടുത്തു. പത്രം വായിക്കുന്നതിനിടയിൽ തന്റെ കൂട്ടുകാരിയുടെ ഫോട്ടോ കണ്ട് അവൾ ആകെ അമ്പരന്നു. അവൾ വാർത്ത വായിച്ചു. ''യുവതിക്കും കുടുംബത്തിനും കൊറോണ സ്ഥിരീകരിച്ചു. ഇന്നലെയാണ് റിപ്പോർട്ട് വന്നത്. യുവതിയും അച്ഛനും അമ്മയു ംസഹോദരനും അടങ്ങുന്ന നാലംഗ കുടുംബത്തിന് മുഴുവൻ പോസിറ്റീവ് ആയിരുന്നു. സർക്കാരിന്റെ നിയമം ലംഘിച്ച് ഇവർ ഒരാഴ്ചയ്ക്ക് മുൻപ് പുറത്തിറങ്ങിയിരുന്നു...'' വാർത്ത മുഴുവൻ വായിക്കാൻ അവൾക്ക് ശക്തി ഉണ്ടായിരുന്നില്ല. കണ്ണിൽ ഇരുട്ട് കയറുന്നതുപോലെ. അപ്പോൾ അടുക്കളയിൽനിന്ന് നേർത്ത സ്വരത്തിൽ അമ്മ പറയുന്നത് കേട്ടു "നിന്റെ അച്ചൻ അങ്ങനെ തന്നെയാണ്. അങ്ങേരുടെ സ്വഭാവം നിനക്ക് അറിയാവുന്നതല്ലേ. നീ കാര്യമാക്കണ്ട. അങ്ങേര് ഇന്ന് സാധനം മേടിക്കാൻ പുറത്തേക്ക് പോകുന്നുണ്ട് അപ്പോൾ മോള് ഹിമയുടെ വീട്ടിൽ പൊയ്ക്കോ ട്ടോ."

**ഫിദ**
9 ഇ, ആർ.എം.എച്ച്.എസ്. മേലാററൂർ
മേലാറ്റൂർ ഉപജില്ല, മലപ്പുറം



# സാക്ഷിയായി നീലിമല

തണുത്ത് വിറച്ച് നീലിമല എന്ന ഒരു ചെറിയഗ്രാമത്തിലേക്ക് ഞങ്ങൾ ബസ്സിൽ നീങ്ങുകയായിരുന്നു. "നമ്മൾ ഈ സ്കൂളിൽനിന്ന് പോകുന്ന അവസാന വിനോദയാത്രയാണ്. ഇത് നമുക്കൊരിക്കലും മറക്കാത്ത ഓർമയാക്കി മാറ്റണം." മീനു അവളുടെ സുഹൃത്തുക്കളോടായി പറഞ്ഞു. എല്ലാവരും വളരെയധികം ആവേശത്തോടെ മീനുവിനോട് തല കുലുക്കി സമ്മതിച്ചു. ഓരോരുത്തരായി പറഞ്ഞുകൊണ്ടിരുന്നു, ഇവിടുന്ന് കിട്ടുന്ന അറിവുകൾ, ഓരോ സൂക്ഷ്മമായ കാഴ്ചകൾ, ചരിത്രസംബന്ധമായ സംഭവങ്ങൾ എല്ലാം മനസ്സിന്റെ ഒരു കോണിൽ നിറഞ്ഞുനിൽക്കുന്നതാക്കണം. അങ്ങനെ അവർ നീങ്ങിക്കൊണ്ടിരുന്നു. പെട്ടെന്ന് മുന്നിൽനിന്നും അവരുടെ അധ്യാപകന്റെ ശബ്ദം കേട്ടു. "വാ, കുട്ടികളെ നമുക്ക് ഒരു ചായ കുടിച്ചിട്ട് പോകാം." എല്ലാവരുമിറങ്ങി ചായ കുടിക്കുകയാണ്. മീനു ആ സമയത്തും നീലിമലയുടെ സൗന്ദര്യഭംഗി ആസ്വദിക്കുകയായിരുന്നു. പെട്ടെന്ന് അവളുടെ ശ്രദ്ധ ചായക്കടയുടെ സമീപമുള്ള ബസ്സ്സ്റ്റോപ്പിലേക്ക് തിരിഞ്ഞു. അവിടെ "ഡോ. സൂര്യയുടെ ഓർമയ്ക്ക്" എന്നെഴുതിയത് മീനു ശ്രദ്ധിച്ചു. അങ്ങനെ അവർ വീണ്ടും യാത്ര തുടർന്നു.

പോകുന്ന വഴിയെല്ലാം, ''മാതൃകയാക്കാം നമ്മുടെ സൂര്യയെ'' എന്നെഴുതിയതും അവളുടെയുള്ളിൽ സംശയം ഉണർത്തി. അങ്ങനെ അവർ സാർ പറഞ്ഞ ആ ഗ്രാമത്തിലേക്ക് നടക്കുകയാണ്. അവസാനം അവർ ഒരു മലയുടെ മുകളിലെത്തി.'ഈ മലയുടെ താഴെയാണ് ആ ഗ്രാമം. അതേ നീലിമല, സാർ പറഞ്ഞു. ഈ ഒരു കാഴ്ച ആരും ഒട്ടും പ്രതീക്ഷിച്ചിരുന്നില്ല. അത് ആവേശം നിറഞ്ഞ കാഴ്ചയായിരുന്നു. "സാർ, ഈ ഗ്രാമത്തിൽ എന്താ ഇത്ര പ്രത്യേകതയുള്ളത്?" കുട്ടികളിൽ ഒരാൾ ചോദിച്ചു. "ഈ ചോദ്യത്തിന്റെ ഉത്തരത്തിനാണ് നമ്മളിവിടെ വന്നത്", സാർ പറഞ്ഞു. കുറച്ച് വർഷങ്ങൾക്കു മുമ്പ് നടന്ന സംഭവമാണിത്. എല്ലാവർക്കും കേൾക്കാൻ തിടുക്കമായി. സാർ ആ സംഭവം പറഞ്ഞു തുടങ്ങി.

''അന്ന് ഈ നീലിമലഗ്രാമം ഇന്നത്തേക്കാൾ എത്രയോ മനോഹരമായിരുന്നു. ഗ്രാമത്തിലെ എല്ലാവരും വളരെ സന്തോഷത്തോടെയാണ് ജീവിച്ചിരുന്നത്. അന്ന് ഈ ഗ്രാമത്തിൽ ഒരു വലിയ

പണക്കാരനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകൻ വിദേശത്തായിരുന്നു പഠിച്ചിരുന്നത്. അവരുടെ ഗ്രാമത്തിലുണ്ടായിരുന്ന ഒരേ ഒരു ഡോക്ടറായിരുന്നു. ഡോ. സൂര്യ, ഗ്രാമവാസികളുടെയെല്ലാം കണ്മണി." പെട്ടെന്ന് മീനു സാറിനോട് പറഞ്ഞു, "സാർ ഈ ഡോക്ടറെപ്പറ്റിയുള്ള ബോർഡ്, നമ്മൾ സഞ്ചരിച്ച വഴികളിലൊക്കെ ഉണ്ടായിരുന്നു." "അതെ, സാർ വീണ്ടും തുടർന്നു. ഒരു ഡോക്ടറായി നീലിമലയിൽ തന്നെ ജോലി ചെയ്യണമെന്നായിരുന്നു സൂര്യക്ക് ആഗ്രഹമുണ്ടായിരുന്നത്. അത് സാധിച്ചു. മകന്റെ പിറന്നാളാഘോഷത്തിന് നാടൊട്ടാകെ വിരുന്നിൽ പങ്കെടുത്തു. വിദേശത്തുനിന്നും തന്റെ സുഹൃത്തുക്കളോടൊപ്പമായിരുന്നു മകൻ വന്നിരുന്നത്. അങ്ങനെ ഒരു ദിവസം സൂര്യ തന്റെ ഗ്രാമവാസികളോടായി ഒരു പ്രധാനപ്പെട്ട കാര്യം പറഞ്ഞു, "നമ്മുടെ ലോകത്തെ അതിഭയങ്കരമായ ഒരു വൈറസ് പിടിപ്പെട്ടിരിക്കുകയാണ്. കൊറോണ എന്ന മഹാമാരി." അപ്പോൾ മീനു ചോദിച്ചു, "സാർ, ഈ കൊറോണ മനുഷ്യരിൽനിന്ന് മനുഷ്യരിലേക്ക് പകരുന്നതല്ലേ?" "അതെ". സാർ വീണ്ടും തുടർന്നു. "അവസാനമായി ആ ഡോക്ടർ പറഞ്ഞു, ഭീതിയല്ല ജാഗ്രതയാണ് വേണ്ടത്. എന്നാൽ പിറ്റേദിവസം തന്നെ സൂര്യയുടെ അടുത്ത് അസുഖങ്ങളുമായി കുറെ ആളുകൾ വന്നു. എല്ലാ ദിവസത്തെയും പോലെയായിരുന്നില്ല പിന്നെയുള്ള നാളുകൾ. രോഗികൾ വർദ്ധിച്ചുകൊണ്ടിരുന്നു. ഇതിൽ എന്തോ അപകടസൂചന തോന്നിയ ഡോ. സൂര്യ കൊററോണയെക്കുറിച്ച് കൂടുതൽ പഠിച്ച് തീർച്ചപ്പെടുത്തി, കൊറോണ നീലിമലയെ ലക്ഷ്യമിട്ടിരിക്കുകയാണ്. പിറന്നാളാണ് അതിന്റെ വഴിയെന്നും മനസ്സിലായി. കാരണം, ആ വിരുന്നിൽ വിദേശത്ത് നിന്നുമാണ് ആ പണക്കാരന്റെ മകനും കൂട്ടുകാരുമെത്തിയത്.

നീലിമലയിലെ ചെറിയ പൊടിക്കുഞ്ഞിനെപ്പോലും കൊറോണ വെറുതെവിട്ടില്ല. സൂര്യക്കും കൊറോണ ഉറപ്പായിരുന്നു, കാരണം അദ്ദേഹം അന്ന് ആ ചടങ്ങിൽ പങ്കെടുത്തിരുന്നു. എന്നാൽ സ്വന്തം ജീവൻ നോക്കാതെ പരിശ്രമിച്ചുകൊണ്ടിരുന്നു, നീലിമലയെ രക്ഷിക്കാൻ. ആ ദിവസങ്ങൾ നീലിമലയിൽ സങ്കടത്തിന്റെ രാവും പകലുമായിരുന്നു. ഒരു വാശിയായി, സ്വന്തം ജീവൻ പണയപ്പെടുത്തി സൂര്യ നീലിമലയ്ക്കുവേണ്ടി തന്റെ ആരോഗ്യനിലമറന്ന് പൊരുതിക്കൊണ്ടിരുന്നു. കാരണം, താൻ ഒരു ഡോക്ടറാണ്, ജീവൻ രക്ഷിക്കുകയാണ് തന്റെ കർത്തവ്യമെന്നും. കൊറോണയുമായുള്ള ഈ മഹായുദ്ധത്തിൽ ഒരു രാജാവിനെപ്പോലെ

നിന്ന് തന്റെ പ്രജകളെ രക്ഷിക്കുവാൻ വേണ്ടി പോരാടിക്കൊണ്ടിരുന്നു. അങ്ങനെ ജനങ്ങളിൽ രോഗം കുറെശ്ശെ ഭേദപ്പെട്ടുക്കൊണ്ടിരുന്നു. അങ്ങനെ ഒരാൾ മാത്രം ശേഷിക്കെ അവരെയും രക്ഷിച്ച്, അടുത്ത നിമിഷത്തിൽ കൊറോണ എന്ന മഹാമാരിക്ക്, നീലിമലയ്ക്ക് വേണ്ടി, ഡോ.സൂര്യ എന്ന വ്യക്തി നീലിമലയിലെ ആദ്യത്തെ കൊറോണ രോഗിയായി മരണപ്പെട്ടു. ഈ സംഭവം കഴിഞ്ഞ് ഇത്രയായിട്ടും നീലിമലയിലെ ജനങ്ങൾ സൂര്യയെ മറന്നിട്ടില്ല. മനുഷ്യന് മരണമുണ്ടെങ്കിലും മായാത്ത നന്മയ്ക്ക് മരണമുണ്ടാകില്ല. സൂര്യയെപ്പോലുള്ള ആരോഗ്യപ്രവർത്തകരെ നമ്മൾ ഒരിക്കലും മറക്കരുത്. കാരണം, അവരാണ് സ്വന്തം ജീവൻപോലും പണയപ്പെടുത്തി നമുക്കുവേണ്ടി പോരാടിയത്.'' അവസാനം മീനു ചോദിച്ചു, "സാറിനെങ്ങനെയാണ് ഈ സംഭവങ്ങളെല്ലാം ഇത്ര വ്യക്തമായി അറിയുന്നത്?" സാർ പറഞ്ഞു, "ഞാൻ ജനിച്ചുവളർന്ന നാടും, അവിടെ നടന്ന സംഭവങ്ങളും കൊറോണ എന്ന മഹാമാരി എന്നെ പിടിച്ചപ്പോൾ രക്ഷിച്ച ഡോ. സൂര്യയെയും ഒരിക്കലും മറക്കാൻ കഴിയില്ലല്ലോ?"

**SANIYA K**
8 എ, ഇക്ബാൽ ഹയർ സെക്കണ്ടറി സ്കൂൾ, അജാനൂർ
ബേക്കൽ ഉപജില്ല, കാസർഗോഡ്

# അങ്ങനൊരു കാലത്ത്

കിച്ചുവും രാജുവും കൂടി തല്ലു കൂടുന്ന സമയത്താണ് അവരുടെ അമ്മ അവിടേക്ക് കടന്നു വന്നത്. രണ്ടുപേരെയും പിടിച്ചുമാറ്റി. 'എന്തിനാ രണ്ടുപേരുംകൂടി അടി കൂടുന്നത്' അമ്മ ചോദിച്ചു. വെറുതെയിരുന്നു ബോറടിക്കുന്നു അതുകൊണ്ടാണ് അമ്മേ അടി കൂടിയത്. ഹഹ ഇതു നല്ല തമാശ വേറെ എന്തൊക്കെ കാര്യങ്ങളുണ്ട് ചെയ്യാൻ എന്നിട്ടാണോ? അമ്മേ, അമ്മേ എന്നാൽ ഞങ്ങൾക്ക് ഒരു കഥ പറഞ്ഞു തരുമോ. ശരി മക്കളെ ശ്രദ്ധിച്ചുകേൾക്കുക:

ഞാൻ ഒരു നേഴ്സ് ആണ്. അതുകൊണ്ടുതന്നെ ഒരുപാട് അനുഭവങ്ങൾ എനിക്കുണ്ടായിട്ടുണ്ട് അതിലൊന്നായിരുന്നു ആ കൊറോണാ കാലം. ഭീതിനിറഞ്ഞ ഒരു കാലമായിരുന്നു അത്. ലോകത്തെ മുഴുവൻ ഞെട്ടിപ്പിച്ച ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവനെടുത്തു നൃത്തമാടിയ ഒന്നായിരുന്നു കൊറോണാ വൈറസ്. നമ്മുടെ ഈ രാജ്യത്തുപോലും എന്തിന് പറയുന്നു നമ്മുടെ ഈ നാട്ടിൽ പോലും അത് എത്താതിരുന്നില്ല. നൂറുകണക്കിന് ആളുകൾ മരിച്ചു. എന്നെപോലുള്ള നിരവധി നഴ്സുമാരുടെയും ആരോഗ്യ പ്രവർത്തകരുടെയും അതുപോലെതന്നെ പോലീസുകാരുടെയും ഉത്തരവാദിത്വമുള്ള പൗരന്മാരുടെയും സഹായത്തോടെയും സഹകരണത്തോടെയും മഹാമാരിക്കു മുന്നിൽ തോൽക്കാതെ ഒരു പരിധി വരെ നമുക്ക് ഇവിടെ പിടിച്ചുനിൽക്കാൻ സാധിച്ചു. അതുകൊണ്ടുതന്നെ അതിനെ ഇല്ലായ്മ ചെയ്യുവാൻ സാധിക്കുകയും ചെയ്തു.

മക്കളെ ഞാൻ ഇത് പറഞ്ഞത് ഭാവിയിലും ഇങ്ങനെയുള്ള രോഗങ്ങൾ വന്നുകൂടായ്കയില്ല അതുകൊണ്ടുതന്നെ അത്തരത്തിലുള്ള സന്ദർഭങ്ങൾ വരികയാണെങ്കിൽ ഉത്തരവാദിത്വത്തോടുകൂടി നല്ല പൗരന്മാരായി ജാഗ്രതയോടെ കൂടി നിൽക്കണം.

അമ്മയുടെ കഥ കേട്ട് രാജുവും കിച്ചുവും ഒരു പ്രതിജ്ഞ എടുക്കുകയും ചെയ്തു: "നല്ല നാളേക്കായി നല്ല രീതിയിൽ പ്രവർത്തിക്കുമെന്നും, ഏതൊരു പ്രതിസന്ധിയിലും നാടിനുവേണ്ടി ജീവിക്കുമെന്നും."

**ഫർഹ ഫാത്തിമ**
ക്ലാസ് 4, ഉളിയിൽ സെൻട്രൽ എൽ.പി.എസ്
ഇരിട്ടി ഉപജില്ല, കണ്ണൂർ

# മലിനമായിരുന്ന കുളം

ജനലിലൂടെ തെന്നിയെത്തിയ ഇളം വെയിൽ കണ്ണിലടിച്ചിട്ടും എഴുന്നേൽക്കാൻ മടിപിടിച്ച് കിടക്കുകയായിരുന്നു മീനു. മോളേ മീനു എത്ര നേരമായി വിളിക്കുന്നു. എഴുന്നേക്ക്. അമ്മയുടെ ശബ്ദമുയർന്നപ്പോൾ അവൾ മനസ്സില്ലാമനസ്സോടെ എഴുന്നേറ്റു. പ്രഭാതകർമങ്ങളെല്ലാം കഴിഞ്ഞ് അവൾ ഭക്ഷണം കഴിക്കാനിരുന്നു. എന്റെ മീനുമോൾക്ക് ഒരു സന്തോഷവാർത്തയുണ്ട്, അച്ഛൻ പറഞ്ഞു. എന്താ അച്ഛാ സന്തോഷവാർത്ത, മീനു ചോദിച്ചു. അത് നാളെ നമ്മൾ നാട്ടിൽപോവാണ്. അത് കേട്ടതും അവൾക്ക് സന്തോഷം അടക്കാനായില്ല. അവൾ തന്റെ ഗ്രാമത്തെ ഓർത്തു. പഞ്ചാരപ്പുഴ എന്ന അവളുടെ ഏറ്റവും പ്രിയപ്പെട്ട നാട്. നിറയെ തോടും പുഴയും വയലുകളും നിറഞ്ഞ തന്റെ ഗ്രാമത്തിൽ എല്ലാ വേനലവധിക്കും മീനു എത്താറുണ്ട്. അവിടെ അവളുടെ മുത്തശ്ശിയും കൂടെ അമ്മാവനുമാണുള്ളത്. അന്ന് രാത്രി സന്തോഷത്തോടെ അവൾ ഉറങ്ങി. രാവിലെ നേരത്തെതന്നെ ഉണർന്ന് എല്ലാം പെട്ടന്ന് തീർത്തു. അവൾ കാറിലേക്ക് കയറി. അവളുടെ സുന്ദരഗ്രാമത്തിലേക്ക് യാത്രയായി. അവിടെ എത്തിയപ്പോൾ മുത്തശ്ശി ഉമ്മറത്ത് തന്നെ കാത്തിരിക്കുന്നുണ്ട്. മുത്തശ്ശീ... എന്ന് വിളിച്ച് മീനു മുത്തശ്ശിയുടെ അടുത്തേക്കോടി. മുത്തശ്ശി അവളെ വാരിപ്പുണർന്നു. ശേഷം അവൾ അമ്മാവനെത്തേടി. അമ്മാവൻ പറമ്പിലാണെന്ന് മുത്തശ്ശി പറഞ്ഞു. മീനു പറമ്പിലേക്കോടി. അമ്മാവനെ കണ്ടു. മുത്തശ്ശിയോടൊപ്പവും അമ്മാവനോടൊപ്പവും അവൾ മനം മറന്നു സന്തോഷിച്ചു. “അമ്മാവാ നമുക്ക് കുളത്തിൽ പോവാം”, എന്നവൾ ചോദിച്ചു. വേണ്ട മോളേ... കുളമൊക്കെ മരിച്ചു. മരിച്ചെന്നോ! അതേ, ആളുകൾ എല്ലാ മാലിന്യങ്ങളും തള്ളുന്നത് കുളത്തിലേക്കാണ്. അതിനാൽ കുളം മലിനീകരണപ്പെട്ടിരിക്കുന്നു. എന്താണ് അമ്മാവാ... പരിസ്ഥിതിശുചിത്വമൊന്നും ആരും നോക്കാറില്ല... അമ്മാവാ നമുക്ക് എല്ലാവരെയും ഈ മലിനീകരണത്തിന്റെ തീവ്രത മനസ്സിലാക്കിക്കൊടുത്ത് ഒന്നിച്ച് കുളം വൃത്തിയാക്കണം. “ശരിയാണ് മോളേ.” അടുത്തദിവസം തന്നെ മീനുവും അമ്മാവനും അവിടെയുള്ള വീട്ടുകാരുടെ അടുത്തുപോയി പരിസ്ഥിതി ശുചിത്വത്തിന്റെ തീവ്രതയും പരിസ്ഥിതിമലിനമായാലുണ്ടാകുന്ന പ്രശ്നങ്ങളും അവരെ ബോധ്യപ്പെടുത്തി. എല്ലാവരും ഒന്നിച്ച് കുളം വൃത്തിയാക്കി. പരിസ്ഥിതി ശുചീകരണത്തെക്കുറിച്ച് ബോധവാൻമാരായതിൽ മീനുവിനെ അവർ അഭിനന്ദിച്ചു.

**അബീറ**
4 ബി, എ.എം.എൽ.പി.എസ്. നൂറൻതോട്
താമരശ്ശേരി ഉപജില്ല, കോഴിക്കോട്

# ശുചിത്വം പ്രധാനം

ഉറങ്ങാതെ കിടക്കുകയാണ് കുഞ്ഞൂട്ടൻ. അമ്മ വന്നിട്ടുവേണം നാളെ അസംബ്ലിയിൽ പറയേണ്ട ശുചിത്വത്തെ ആസ്പദമാക്കിയുള്ള കഥ പറഞ്ഞു തരാൻ.

അമ്മ വന്നു, കഥ പറഞ്ഞു തരാമെന്ന് വാക്കുകൊടുത്തതൊക്കെ അമ്മയുണ്ടോ ഓർത്തുവെക്കുന്നു. ലൈറ്റിട്ടപ്പോൾ കുഞ്ഞൂട്ടൻ കണ്ണും മിഴിച്ചിരിക്കുന്നതാണ് കണ്ടത്. "എന്താ ഇന്ന് ഉറങ്ങാതെകിടക്കുന്നത്?" അമ്മ ചോദിച്ചു. "അമ്മ മറന്നോ? ഞാൻ നേരത്തെ പറഞ്ഞ കഥ..." കുഞ്ഞൂട്ടൻ ഓർമ്മിപ്പിച്ചു. അമ്മ കുഞ്ഞുട്ടനെ മാറോട് ചേർത്തുപിടിച്ചു. എന്നിട്ട് പറഞ്ഞു "അമ്മ മോന് കഥ പറഞ്ഞു തരാട്ടോ." കുഞ്ഞൂട്ടൻ സന്തോഷത്തോടെ തലയാട്ടി. അച്ഛന്റെയും അമ്മയുടെയും കൂടെയാണ് മനു താമസിച്ചിരുന്നത്. മാവിലൻകോട്ട മലയുടെ അടിവാരത്ത് വൃത്തിയും വെടിപ്പുമുള്ള ഒരു കൊച്ചു വീട്. അവന്റെ കുടുബം നല്ല വൃത്തിയും ശുചിത്വവും പാലിച്ചിരുന്നു. മനു നല്ല കുട്ടിയായിരുന്നു. അധ്യാപകർക്കും കൂട്ടുകാർക്കും അവനെക്കുറിച്ച് നല്ല അഭിപ്രായമാണ്. അവൻ എല്ലാത്തിനും കൃത്യനിഷ്ഠ പാലിച്ചിരുന്നു. പഠിക്കുന്ന കാര്യത്തിലും ഒന്നാമതായിരുന്നു. പഴങ്ങളും പച്ചക്കറികളും ധാരാളം കഴിക്കും. അതിനാൽ അവൻ നല്ല ആരോഗ്യവാനായിരുന്നു. എല്ലാവരും അവന്റെ കഴിവുകൾ കണ്ട് അവനെ പ്രശംസിക്കുകയും പ്രോത്സാഹാപ്പിക്കുയും ചെതിട്ടുണ്ട്. അവരുടെ അയൽക്കാരായിരുന്നു മധുവും കുടുംബവും. അവിനൊരു വികൃതിക്കുട്ടിയായിരുന്നു. കണ്ണിൽ കാണുന്നതൊക്കെ വലിച്ചുവാരിത്തിന്നും. ഫാസറ്റ്ഫുഡ് ഏറെ കഴിക്കുമെങ്കിലും പഴങ്ങളും പച്ചക്കറികളും തൊടല്ല. മനുവിനെ കണ്ടുപഠിക്കെന്ന് മധുവിനോട് പറഞ്ഞാൽ അവൻ പുച്ഛിച്ച് തള്ളാറേയുള്ളൂ. മധു പലപ്പോഴും സ്കൂളിൽ പേകാറില്ല. അതിനാൽ അവന്റെ പരീക്ഷാമാർക്ക് വളരെ കുറവാണ്. കണക്ക് ക്ലാസ്സിലും സയൻസ് ക്ലാസ്സിലും ഉറക്കം തൂങ്ങിയിരിക്കും, ഇംഗ്ലീഷ് ക്ലാസ്സിൽ വായും തുറന്നിരിക്കും മലയാളം ക്ലാസ്സിൽ തലയ്ക്ക് കൈയും കൊടുത്തിരിക്കും. അവൻ രണ്ടിൽ പഠിക്കുകയാണെങ്കിലും അവന്റ ഭാരം 30 കിലോഗ്രാം ആയിരുന്നു. കുട്ടികളിൽ വച്ച് ഏറ്റവും തടിയൻ അവനായിരുന്നു. ദിവസം കൂടുന്തോറും അവന്റെ മടി കൂടിക്കൂടി വന്നു. അങ്ങനെ അവധിക്കാലം വന്നു. രാവിലെ കുളിക്കില്ല, പല്ല് തേയ്ക്കാതെ ഭക്ഷണം കഴിക്കും, എന്നിങ്ങനെ നീണ്ടുപോയി മധുവിനെക്കുറിച്ചുള്ള പരാതികൾ. ക്രമേണ അവന് അലർജി പിടിപെട്ടു. ശരീരമൊട്ടാകെ

തടിച്ചുപൊങ്ങി എന്നിട്ടും അവൻ അത് മാതാപിതാക്കളോട് പറഞ്ഞില്ല. ആ ചൊറിച്ചൽ വ്രണങ്ങളാകാൻ തുടങ്ങി. അത് അവനെ വല്ലാതെ അലട്ടാൻ തുടങ്ങി. അവൻ ആവുന്നതും സഹിച്ചു. ഒരു ദിവസം അവൻ അമ്മയോട് കാര്യം പറഞ്ഞു. അമ്മ വേഗം അവനെ ആശുപത്രിയിൽ കൊണ്ടുപോയി. ഡോക്ടർ അവനെ പരിശോധിച്ചു. എന്നിട്ട് മധുവിന്റെ അമ്മയോട് പറഞ്ഞു മകന് വ്യക്തി ശുചിത്വം തീരെ കുറവാണ്. അതിനാൽ വരുന്ന അസുഖമാണത്. സാരമില്ല ഈ മരുന്ന് പുരട്ടിയാൽ മതി. എന്നിട്ട് മധുവിനെ നോക്കിപ്പറഞ്ഞു. ഇനിയെങ്കിലും ശുചിത്വം പാലിക്കുക. രാവിലെ ഭക്ഷണം കഴിക്കുന്നതിനു മുൻപും രാത്രി ഭക്ഷണത്തിനു ശേഷവും പല്ലുതേയ്ക്കുക. ഭക്ഷണത്തിന് മുൻപും ശേഷവും കൈ കഴുകുക. എല്ലാദിവസവും കുളിക്കുക. അമിതമായി ഫാസ്റ്റ് ഫുഡ് കഴിക്കാതിരിക്കുക. പഴങ്ങളും പച്ചക്കറികളും ധാരാളം കഴിക്കുക. ഡോക്ടർ ഉപദേശിച്ചു. അപ്പോൾ മധു തലതാഴ്ത്തി നിന്നതേയുള്ളൂ. “കുഞ്ഞൂട്ടാ...” അമ്മ പതുക്കെ നീട്ടിവിളിച്ചു. അപ്പോഴേക്കും അവൻ ഉറക്കത്തിലേക്ക് വഴുതി വീണിരുന്നു

**നിരഞ്ജന്യ എസ് നായർ**
5 ബി, എ.യു.പി.എസ്. കരിവേടകം
കാസർഗോഡ് ഉപജില്ല, കാസർഗോഡ്

# സല്യൂട്ട്

ഇത് ബിനോയ്. ഒരു സാമൂഹ്യപ്രവർത്തകനാണ്. വീട്ടിൽ ഒറ്റയ്ക്കാണ് താമസം. ഭാര്യ ഖത്തറിൽ നേഴ്സാണ്. നാടിന്റെ പുരോഗമനത്തിനും വികസനത്തിനും വേണ്ടി കഷ്ടപ്പെടുന്ന ഒരു സാധാരണക്കാരൻ. റബർ, കവുങ്ങ് തുടങ്ങിയ കൃഷികളുണ്ട്. രണ്ടുവർഷം മുൻപാണ് ഖത്തറിലെ ഒരു വലിയ ആശുപത്രിയിൽ ഭാര്യ അംബികയ്ക്ക് ജോലി ലഭിച്ചത്. വർഷത്തിൽ ഒരുമാസം നാട്ടിലേക്ക് വരാറുണ്ട്. അങ്ങനെയിരിക്കെയാണ് ചൈനയിലെ വുഹാനിൽ കൊറോണ എന്ന വൈറസ് പടർന്നുപിടിച്ചത്. പതിനായിരക്കണക്കിന് ആളുകൾക്ക് രോഗം പിടിപെട്ടു. പലയാളുകളും മരിച്ചുവീണു. ഖത്തറിലും കൊറോണയെത്തി. അംബികയ്ക്ക് ഒരു കൊറോണരോഗിയെ പരിചരിക്കേണ്ടിവന്നു. അയാൾക്ക് കൊറോണ വളരെ രൂക്ഷമായിപിടിപെട്ടു. മനസ്സിൽ ആളിക്കത്തുന്ന തീയായിരുന്നു. തനിക്ക് എന്തെങ്കിലും സംഭവിക്കുമോ എന്ന ഭയം. ഖത്തറിൽ മാത്രമല്ല ഇന്ത്യയിലും എത്തി മഹാമാരി. രോഗിയെ പരിചരിക്കുന്നതിനിടെ അംബികയ്ക്ക് ചെറിയ തലവേദന അനുഭവപ്പെട്ടിരുന്നു. ആദ്യം അത്ര കാര്യമാക്കിയില്ല. തലവേദന കടുത്തപ്പോൾ ലീവ് ആവശ്യപ്പെട്ടു. ഹോസ്പിറ്റൽ മാനേജർ ലീവെടുക്കാൻ അനുവദിച്ചില്ല. ഒടുവിൽ ചെക്കപ്പ് നടത്തിയപ്പോൾ നെഗറ്റീവ് റിസൾട്ടാണ് വന്നത്. ബിനോയ് അവളോട് നാട്ടിലേക്കുവരാൻ ആവശ്യപ്പെട്ടു. മാനേജരോട് അപേക്ഷിച്ച് ലീവ് എടുത്ത് നാട്ടിലേക്കുവന്നു. വന്ന ദിവസംതന്നെ ഐസോലേഷനിലേക്ക് മാറ്റി. അപ്പോഴാണ് ബിനോയ്ക്ക് ഒരു ഫോൺകോൾ വരുന്നത്. കൊറോണയെത്തുടർന്ന് നിരീക്ഷണത്തിലുള്ളവർക്ക് ഭക്ഷണം എത്തിക്കാൻ സഹപ്രവർത്തകർ വിളിച്ചതാണ്. പല വീടുകളിലും ഒന്നും പ്രതീക്ഷിക്കാതെ ഭക്ഷണങ്ങളും മരുന്നുകളും മറ്റ് അവശ്യ സാധനങ്ങളും എത്തിച്ചുകൊടുത്തു. ഈ സമയം അംബികയുടെ റിസൾട്ട് വരാനിടയായി. പോസിറ്റീവ് റിസൾട്ടാണ് വന്നത്. ബിനോയി കാര്യം അറിഞ്ഞിട്ടും പ്രതികരിച്ചില്ല.

നാടിനുവേണ്ടി ത്യാഗം ചെയ്യുകയായിരുന്നു. ദിവസങ്ങൾ കടന്നുപോയി. നാടിന്റെ അവസ്ഥയും വഷളായി. അങ്ങനെയിരിക്കെ ഒരു ദിവസം ബിനോയ് ഒരു ഹൃദ്രോഗിയുമായി അത്യാസന്നനിലയിൽ ആംബുലൻസിൽ കർണാടകയിലേക്ക് പോവുകയായിരുന്നു. കർണാടക അതിർത്തി കഴിഞ്ഞ് മംഗലാപുരം കൊണ്ടുപോകാനാണ് ശ്രമം. അതിർത്തി മണ്ണിട്ട് തടഞ്ഞിരിക്കുന്നു. നിരാശാജനകമായ നിമിഷം, ആ ജീവൻ രക്ഷപ്പെട്ടില്ല. നെഞ്ചു വിറയ്ക്കുന്നു, അല്ല ഫോൺ കോൾ വന്നതാണ്. “ഹലോ, അംബികയുടെ ഭർത്താവ് അല്ലേ.” “അതെ”. ഇത് സിറ്റി ഹോസ്പിറ്റലിൽ നിന്നാണ്. “എന്താ... സോറി ഞങ്ങൾക്ക് രക്ഷിക്കാനായില്ല.” പൊട്ടിത്തെറിച്ച ഹൃദയത്തോടെ അവൻ നിശ്ചലനായി, കണ്ണുകലങ്ങി. ഒന്നും കാണാൻപോലും സമ്മതിച്ചില്ല.

**അതുൽ ദേവ്**
7 എ, എ യു പി എസ് മുന്നാട്
കാസർഗോഡ് ഉപജില്ല, കാസർഗോഡ്

# കാവതി

മിനു : "കാവതീ, എനിക്കു ദാഹിച്ചിട്ടു വയ്യ."

കാവതി : "മിനു വാ, നമുക്ക് ആ വീട്ടിൽ പോവാം."

മിനു : "അവിടെ വെള്ളം ഉണ്ടാവുമോ?

കാവതി : "ഉം, ഉണ്ടാവും. വാ, ഇപ്പോൾ കുറെയായിട്ട് ഈ നാട്ടിലെല്ലാം നല്ല വൃത്തിയാ."

മിനു : "എല്ലാവർക്കും ശുചിത്വബോധം വന്നുല്ലേ... ഇവിടെ നിന്നോ?"

കാവതി : "അതെ, ഈ വീട്ടിൽ നമുക്ക് വേണ്ടത്ര വെള്ളം കിട്ടും. ഇവിടെയുള്ളവർ നല്ല ആളുകളാ."

മിനു : "പക്ഷേ ഞാനിന്നലെ...."

കാവതി : "അതുപോട്ടെ, നീ വാ. അയ്യോ! വെള്ളം ആകെ ചീത്തയായിട്ടുണ്ടല്ലോ."

മിനു : "ഞാൻ അപ്പോഴേ പറഞ്ഞില്ലേ."

കാവതി : "അതുകുഴപ്പമില്ല ,ഒരു വഴിയുണ്ട്."

മിനു : "എന്താ... എന്താ പറയ്?"

കാവതി : "പക്ഷേ കുറച്ചുനേരം ക്ഷമിച്ച് ഇവിടെയിരിക്കണം."

മിനു : "ശരി, ഐഡിയ പറ."

കാവതി : "ഈ വീട്ടിലെ കുട്ടി പുറത്തിറങ്ങുമ്പോൾ ദേ ആ കാണുന്ന പൈപ്പിൽ നിന്നും തുള്ളിയായി വീഴുന്ന വെള്ളം നീയും ഞാനും തല്ലുകൂടി കുടിയ്ക്കണം .അതു കാണുമ്പോൾ അവർ നല്ല വെള്ളം വച്ചു തരും. എങ്ങനെയുണ്ട്?"

മിനു : "ഇതു നടക്കുമോ?"

കാവതി : "പിന്നെന്താ, അവർ ചീത്തവെള്ളം മാറ്റി നല്ലതു വയ്ക്കാൻ മറന്നതാവും."

മിനു : "ഇന്നലെ എന്റെയും എന്റെ മക്കളുടെയും കുളിയും കുടിയുമൊക്കെ ഇവിടെ നിന്നായിരുന്നു. നമ്മൾ തന്നെയാ അത് അഴുക്കാക്കിയത്."

കാവതി : "അവരതു മറന്നുകാണും. ദേ ,ആ കൊച്ചുവരുന്നു. വേഗം വാ"

കുട്ടി : "വെള്ളം ചീത്തയായി അല്ലേ, ഞാനിപ്പോൾ മാറ്റിത്തരാം."

കാവതി : "നല്ല കുട്ടി."

മിനു : "ഇപ്പോൾ ഈ വെള്ളത്തിനെന്താ സ്വാദ്! ഇതുകൊള്ളാം കാവതീ."

അങ്ങനെ എല്ലാ കഥയിലെയുംപോലെ എന്റെ കഥയിലും നമ്മുടെ ഹീറോ കാവതിയായി.

**മേഘ.ഒ.വി**
6 സി, എ.യു.പി. സ്കൂൾ അടയ്ക്കാപുത്തൂർ
ചെർപ്പുളശ്ശേരി ഉപജില്ല, പാലക്കാട്

# കൊറോണ എനിക്കു സമ്മാനിച്ചത്

ലില്ലി ഇന്നും വളരെയധികം ഉല്ലാസത്തോടെയാണ് ഉണർന്നത്. കാരണം ഇന്നും അവൾക്കു സ്കൂൾ അവധിയാണ്. സ്കൂൾ അടച്ചിട്ട് ഇന്നേക്ക് ഒരു മാസമായി. ബെഡ്ഡിൽ നിന്നെഴുന്നേറ്റു പതിവുകർമങ്ങൾ ചെയ്തു. അടുക്കളയിലേക്കുനടന്നു. അടുക്കള വാതിലിനടുത്തു കണ്ട കാഴ്ചയിൽ കുറച്ചുനേരം സ്തംഭിച്ചുനിന്നു. പപ്പയും മമ്മിയും ഒരേ സ്നേഹത്തോടെ കളിയും ചിരിയുമായി പാചകം ചെയ്യുകയും അടുക്കളയിലെ മറ്റു ജോലികളിൽ മുഴുകുകയും ചെയ്തിരിക്കുന്നു. ആ മനോഹരക്കാഴ്ച്ച അവളെ കൂടുതൽ ആനന്ദത്തിലാക്കി. അവൾ പതിയെ തിരിച്ചു പപ്പയുടെയും മമ്മിയുടെയും റൂമിലേക്കുനടന്നു. വാതിൽ മെല്ലെ തുറന്നുനോക്കി. ഇസ്സഹ വളരെ സുഖമായി ഉറങ്ങുന്നു. അവൾ വാതിൽ പതിയെ ചാരി. ഫ്ളാറ്റിന്റെ ബാൽക്കണിയിലേക്കു നടന്നു. ബാൽക്കണിയിൽ മമ്മി വളർത്തിയ ഹാങ്ങിങ്.

ചെടികൾക്കിടയിൽനിന്ന് പെട്ടെന്നൊരു കുരുവി പാറിയകലുന്നതു കണ്ടു. സൂക്ഷ്മമായി നിരീക്ഷിച്ചപ്പോൾ ആ വള്ളിപ്പടർപ്പുകൾക്കിടയിൽ ഒരു കുഞ്ഞിക്കിളിക്കൂട്. അവൾ പുറത്തേക് നോക്കി. എത്ര ശാന്തമാണ് ലോകം. ഒരു കുഞ്ഞു വൈറസ് കാരണം ലോകം മൊത്തം അനങ്ങാതെ വീട്ടിലിരിപ്പാണ്. ഈ വൈറസ് കാരണം ഒരുപാടുപേർക്ക് ജീവിതം നഷ്ടപ്പെട്ടു. ഒരുപാടുപേർ രോഗബാധയേറ്റു മരണത്തിനും ജീവിതത്തിനും ഇടയിൽക്കിടന്ന് വൈറസിനോട് ഏറ്റുമുട്ടുന്നു. ആരെയും മരണത്തിനു വിട്ടുകൊടുക്കില്ല നമ്മൾ. അതിജീവിക്കും എന്ന മുദ്രവാക്യം ഉയർത്തി സ്വന്തം ജീവൻ പണയം വെച്ച് വൈറസിനോട് പൊരുതുന്നു.

എനിക്ക് ഈ അവധിക്കാലം തിരിച്ചുതന്നത് എന്റെ പപ്പയും മമ്മിയും ആണ്. എന്റെ കുഞ്ഞുസന്തോഷങ്ങളെയാണ്. എന്റെ കുടുംബത്തെ തന്നെയും. ഇത്രയെല്ലാം ഓർത്തു ലില്ലി ദീർഘശ്വാസംവിട്ടു. അപ്പോഴേക്കും പിന്നിൽനിന്ന് "ലില്ലി..." എന്ന വിളി. പപ്പയും മമ്മയും ഇസ്സഹായെ എടുത്ത് ഹാളിലിരിക്കുന്നു. അവരുടെ കണ്ണുകളിൽ വാത്സല്യം നിറഞ്ഞുനിൽക്കുന്നുണ്ടായിരുന്നു.

**ഫാത്തിമ ഷിഫ .പി പി**
2 ബി, എ.എം.എൽ.പി. സ്കൂൾ ചെങ്ങര
അരീക്കോട് ഉപജില്ല, മലപ്പുറം

# സൂര്യകാന്തിയും കൂട്ടുകാരും

സുന്ദരമായ ഒരു കാട്ടിൽ നാലു കൂട്ടുകാർ താമസിച്ചിരുന്നു. മിന്നുപ്പൂമ്പാറ്റയും ചിന്നു വണ്ടും കുഞ്ഞിപ്പുഴുവും സൂര്യകാന്തിപ്പൂവും. ഒരു ദിവസം വണ്ട് പൂമ്പാറ്റയോട് ചോദിച്ചു. "ഇന്നെന്താ സൂര്യകാന്തി പ്പൂവിന്റെ സുഗന്ധം വീശി കാണുന്നില്ലല്ലോ, എന്തു പറ്റി? നമുക്ക് അന്വേഷിച്ചു നോക്കാം."

അവർ പുറപ്പെട്ടു, വഴിയിൽ അതാ കുഞ്ഞിപ്പുഴു സങ്കടത്തിൽ ഇരിക്കുന്നു. "എന്തു പറ്റി കുഞ്ഞിപ്പുഴൂ?" രണ്ടുപേരും ഒന്നിച്ചുചോദിച്ചു. "സൂര്യകാന്തി എന്നെ അവളുടെ ചെടിയിൽനിന്നും താഴെയിറക്കി, എന്തോ ഒരു അസുഖത്തിൽ നിന്നും രക്ഷനേടാനാണെന്ന് പറഞ്ഞു." കുഞ്ഞിപ്പുഴു പറഞ്ഞതുകേട്ടു മൂന്നുപേരും കൂടി സൂര്യകാന്തിയുടെ അടുത്തേക്കു ചെന്നു.

"എന്തു പറ്റി സുന്ദരീ?" ചിന്നുവണ്ട് ചോദിച്ചു." നമ്മുടെ നാട്ടിൽ കൊറോണ എന്നൊരു അസുഖം പടർന്നിട്ടുണ്ട്, അതിൽനിന്നും രക്ഷപ്പെടാൻവേണ്ടിയാണ് ഞാൻ ഈ മാസ്കും ധരിച്ചു ഇരിക്കുന്നത്. കുറച്ച് ദിവസം പൂന്തേനുണ്ണാൻ എന്റെ അടുത്തുവരരുത്. എല്ലാവരും അകലം പാലിച്ചു സുരക്ഷിതരായിരിക്കൂ. നമുക്ക് വീണ്ടും സന്തോഷത്തോടെ ഒത്തുകൂടാൻ ഇപ്പോൾ പൊയ്ക്കോളൂ."

കുഞ്ഞിപ്പുഴുവിന് ആശ്വാസമായി. ആരാ ഇതൊക്ക പറഞ്ഞത്? കുഞ്ഞിപ്പുഴു വീണ്ടും ചോദിച്ചു. മുകളിൽ ചിരിച്ചുനിൽക്കുന്ന സൂര്യൻ ചേട്ടനാണ്. അവർ സൂര്യനോട് നന്ദി പറഞ്ഞു വേഗം തിരിച്ചുനടന്നു.

**ദിയ പി**
3 എ, എ.എം.എൽ.പി. സ്കൂൾ കീഴ്മുറി, കൊണ്ടോട്ടി
കൊണ്ടോട്ടി ഉപജില്ല, മലപ്പുറം

# പ്രകൃതിയുടെ മഹത്വം

ഒരു ഗ്രാമത്തിൽ ബിജു എന്നും ഷൈജ എന്നും പേരുള്ള രണ്ടു പേരുണ്ടായിരുന്നു. അവർ വിവാഹിതരായി. അവർക്ക് രണ്ട് ആൺകുഞ്ഞുങ്ങളുണ്ടായി. മൂത്തവൻ ബാലുവും ഇളയവൻ മനുവുമായിരുന്നു. അവരിൽ മനുവിന് ഗ്രാമമാണിഷ്ടം. ഒരിക്കൽ അവരുടെ സ്കൂളടച്ചപ്പോൾ അവർ ഗ്രാമത്തിലേക്ക് വന്നു. ഗ്രാമം ബാലുവിന് ഇഷ്ടമല്ലായിരുന്നു. കുറച്ചുദിവസങ്ങൾ കഴിഞ്ഞു. ബാലു ഒരു ദിവസം രാവിലെ അതുവഴിപോകുന്ന മരം വെട്ടുകാരനോട് പറഞ്ഞു: "ഈ പുഴയുടെ അക്കരെയും ഇക്കരെയുമുള്ള മരങ്ങൾ വെട്ടിക്കൊണ്ടുപോവുക". ഇതെല്ലാം കണ്ടിരുന്ന അമ്മ പറഞ്ഞു: "മോനേ, അങ്ങനെയൊന്നും ചെയ്യാൻപാടില്ല. നീ പ്രകൃതിയെയാണ് നശിപ്പിക്കുന്നത്. അത് നല്ലതല്ല. നീ ഒരിക്കൽ വെള്ളവും പഴങ്ങളും കിട്ടാതെ അലയും". അപ്പോൾ അവൻ പറഞ്ഞു: "എന്റെ അച്ഛൻ വലിയ കോടീശ്വരനാണ്, അമ്മ ഇതിലിടപെടേണ്ട. ക്ഷാമവർഷത്തേക്ക് എനിക്കിഷ്ടമുള്ളതെല്ലാം അച്ഛൻ വാങ്ങും." അവൻ രാത്രി ഉറക്കമായപ്പോൾ മനു അമ്മയോട് പറഞ്ഞു: "നമ്മുടെ ചേട്ടനേ ഒരു പാഠം പഠിക്കും".

അങ്ങനെ ക്ഷാമവർഷം വന്നു. അവരുടെ വീട്ടിൽ അവശേഷിക്കുന്നത് റൊട്ടിയും അരഗ്ലാസ് വെള്ളവും മാത്രം. വീട്ടു സാധനങ്ങളെല്ലാം തീർന്നുപോയിരുന്നു. കാശ് കുറച്ചേ ഉണ്ടായിരുന്നുള്ളൂ. ബാലുവിന്റെ അച്ഛൻ തേപ്പുപണിക്കും മലമുകളിലെ ഒരു വീട്ടിൽ വീട്ടുവേലയ്ക്കും പോയിക്കിട്ടുന്ന തുച്ഛമായ കാശുകൊണ്ട് റൊട്ടി വാങ്ങാൻ മാത്രമേ തികയുമായിരുന്നുള്ളു. അവർക്കുള്ള ഭക്ഷണം മേശപ്പുറത്ത് എടുത്തുവച്ചിരുന്നു. മനു വന്നു ഭക്ഷണം കഴിച്ചു പന്തുതട്ടിക്കളിക്കാൻ പോയി. ബാലു വന്നു നോക്കുമ്പോൾ വെള്ളവും റൊട്ടിയും കണ്ടു. അവൻ അതു തട്ടിയിട്ടു. അമ്മ വന്ന് അതൊക്കെ വൃത്തിയാക്കി. എന്നിട്ട് അമ്മ മോനോട് പറഞ്ഞു: "നിനക്കിഷ്ടമുള്ള ഭക്ഷണം വാങ്ങാൻ കാശില്ല". അവൻ അന്ന് ഭക്ഷണം കഴിച്ചില്ല. പിറ്റേന്ന് അവൻ വിശപ്പുസഹിക്കാനാകാതെ കിടന്നു കരഞ്ഞു. ഇതുകണ്ട അവന്റെ അമ്മ പറഞ്ഞു: "നീ പ്രകൃതിയെ നശിപ്പിച്ചതുകൊണ്ടല്ലേ നിനക്ക് വെള്ളവും റൊട്ടിയും മാത്രം കഴിക്കേണ്ടിവന്നത്. നീ നാളെപ്പോയി പുഴയുടെ ഇരുവശത്തും ഫലവൃക്ഷങ്ങളും പുല്ലുകളും വച്ചുപിടിപ്പിക്കണം." അമ്മ പറഞ്ഞതുപോലെ അവൻ ചെയ്തു. വറ്റിവരണ്ട പുഴ നീരൊഴുക്ക് വീണ്ടെടുത്തു. പിന്നീട് അവർ സന്തോഷത്തോടെ ജീവിച്ചു.

**നിദ ഫാത്തിമ**
5 ഇ, എ.എം.യു.പി. സ്കൂൾ കുറ്റിത്തറമ്മൽ
വേങ്ങര ഉപജില്ല, മലപ്പുറം



# ഒരു നല്ല പ്രഭാതം

ഞാൻ പതിവുപോലെ രാവിലെ എണീറ്റു സ്കൂളിൽ പോകാൻ റെഡിയായി. പ്രഭാതഭക്ഷണം കഴിച്ച് സ്കൂൾ യൂണിഫോം ധരിച്ചു. വീട്ടിൽനിന്നും ഇറങ്ങാൻ സമയം ഉമ്മയുടെ ഫോൺ ശബ്ദിച്ചു. ഉമ്മ ഫോൺ എടുത്തു. മറുതലയ്ക്കൽ ഉപ്പയുടെ ശബ്ദം. ശബ്ദത്തിൽ ഒരു ഇടർച്ച.

ഉപ്പ: "കുട്ടി സ്കൂളിൽ പോയോ? നീ അവനെ പുറത്തു വിടല്ലേ."

ഉമ്മ: "എന്താ കാര്യം?"

ഉപ്പ: "നീ ടി.വിയൊന്ന് ഓൺ ചെയ്യ്. ഇന്ന് ലോക്ഡൗണാണ്."

ഉമ്മ: "എനിക്ക് അതൊന്നും അറീല." എന്നും പറഞ്ഞു ടി.വി. തുറന്നുനോക്കി. എങ്ങും ആളുകൾ ജീവനുവേണ്ടി യാചിക്കുന്നു. എങ്ങും ശൂന്യത. അതിനിടയിൽ ചില മാലാഖമാർ സ്വന്തം ജീവൻ ത്യജിച്ചു കർമരഹിതരാകുന്നു. റോഡിൽ എങ്ങും സഹായഹസ്തവുമായി കാക്കിയണിഞ്ഞ ദൈവദൂതരെ പോലെ പോലീസ്സുകാർ. ഇതെല്ലാം ഒറ്റനോട്ടത്തിൽ ഞാൻ ടി.വിയിൽ കണ്ടു.

ഉമ്മയോടു ഞാൻ ചോദിച്ചു: "ഉമ്മ എന്താണ് ഇത്? എനിക്ക് ഇന്ന് എക്സാം എഴുതണം." സ്കൂളുകൾ തുറക്കരുത്, വീട്ടിൽ ഇരിക്കുക, ശുചിത്വം, അകലം, ജാഗ്രത എന്ന വാർത്ത സർക്കാർ അറിയിച്ചിരിക്കുന്നു. എന്താണ് കാരണമെന്ന് നോക്കിയപ്പോൾ ലോകം മുഴുവൻ കോറോണ ബാധിച്ചിരിക്കുന്നു. ഈ വാർത്ത കണ്ട് ഞാൻ ഞെട്ടിപ്പോയി. എന്റെ എല്ലാ കൊച്ചു സ്വപ്നവും തകിടംമറിഞ്ഞു. സ്കൂൾ അവധിക്കുശേഷം പട്ടം പറത്തുന്നതും കളിക്കുന്നതും. ഇന്ന് ഞാൻ അനുഭവിച്ചറിയുന്നു ഏകാന്തതയുടെ അർഥം.

വീട്ടിൽനിന്നും പുറത്തേക്കുനോക്കി എങ്ങും ശൂന്യം. കിളികളോ, മനുഷ്യരോ, മൃഗമോ, എന്തിന്... ഒരു ചിത്രശലഭത്തെപ്പോലും കാണാൻ സാധിക്കുന്നില്ല. മനുഷ്യന് അഹങ്കാരത്തിനു കിട്ടിയശിക്ഷ. കാട് വീടാക്കിയ മനുഷ്യന് വീട് കാരഗൃഹമായി. ഈ തടവിൽനിന്നും ഈ കാത്തിരിപ്പിന് എന്ന് വിരാമമാകും?

**ഷഹദ് പാങ്ങാട്ട്**
2 ബി, എ.എം.യു.പി. സ്കൂൾ കുന്നത്തുപറമ്പ
പരപ്പനങ്ങാടി ഉപജില്ല, മലപ്പുറം

# ചിന്നുക്കുട്ടി

ഒരു ഗ്രാമത്തിൽ ചിന്നു എന്ന് പേരായ ഒരു കുട്ടി ഉണ്ടായിരുന്നു. അവൾ സ്കൂളിൽ പോകുന്നവഴിയിൽ ആൾപ്പാർപ്പില്ലാത്ത ഒരു വീട് എന്നും ശ്രദ്ധിക്കുമായിരുന്നു. ആ വീടിനുചുറ്റും മാലിന്യങ്ങൾ കുന്നുകൂടി ക്കിടക്കാറുണ്ട്. അതിനടുത്തുള്ള താമസക്കാർക്ക് എന്തുമാത്രം ബുദ്ധിമുട്ടാകുമെന്ന് അവൾ ചിന്തിക്കാറുണ്ട്. കാരണം അവിടെ തെരുവു പട്ടികളുടെ വിഹാരകേന്ദ്രമാണ്. പ്ലാസ്റ്റിക്മാലിന്യങ്ങൾ അവിടെല്ലാം ചിതറിക്കിടക്കുന്നു. ഈ കാര്യങ്ങൾ അമ്മയോട് അവൾ ഇടയ്ക്കിടെ പറയാറുണ്ട്. കൂടാതെ അവൾ എഴുതുന്ന ഡയറിക്കുറിപ്പുകളിൽ ഈ കാഴ്ചകൾ കുറിക്കാറുണ്ടായിരുന്നു. ഇത് ശ്രദ്ധയിൽപെട്ട ടീച്ചർ ഈ വിവരം മറ്റധ്യാപകരുമായി ചർച്ചചെയ്തു. ഗാന്ധിജയന്തിദിനാഘോ ഷത്തിന്റെ ഭാഗമായി സ്കൂൾ പരിസരത്തുള്ള ആ വീടിന്റെ പരിസരം വൃത്തിയാക്കാൻ അധ്യാപകർ തീരുമാനത്തിലെത്തി. പഞ്ചായത്ത് ജീവനക്കാരുടെ ഒത്താശയോടെ അവിടമാകെ വൃത്തിയാക്കി. പരിസരവാസികൾ നന്ദി രേഖപ്പെടുത്തി.

ചിന്നുവിന്റെ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. അവൾ വിവരങ്ങളെല്ലാം അമ്മയോട് പറഞ്ഞു. അടുത്ത ദിവസം സ്കൂൾ അസംബ്ലിയിൽ പ്രഥമാധ്യാപകൻ ചിന്നുവിനെ വാനോളം പുകഴ്ത്തി. കുട്ടികളെല്ലാം കരഘോഷം മുഴക്കി. നമ്മുടെ വീടും പരിസരവും വൃത്തിയാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഹെഡ്മാസ്റ്റർ കുട്ടികളെ ബോധ്യപ്പെടുത്തി. ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കണമെങ്കിൽ നാം ശുചിത്വം പാലിക്കണമെന്ന പ്രതിജ്ഞ കുട്ടികളെക്കൊണ്ട് ചൊല്ലിച്ചു. അന്ന് മുതൽ ചിന്നുവിനെ കൂട്ടുകാർ വൃത്തിക്കാരി എന്ന് വിളിക്കാൻ തുടങ്ങി. അധ്യാപകരും കുട്ടികളും സ്കൂൾ പരിസങ്ങളിൽ, ചപ്പുചവറുകൾ വലിച്ചെറിയരുതെന്ന് ബോർഡുകൾ സ്ഥാപിച്ചിരുന്നു. അതുകൊണ്ട് തന്നെ മാലിന്യങ്ങൾ വലിച്ചെറിയാൻ ആളുകൾ മടിച്ചു.

**അവന്തിക**
6 അ, എ.എം.യു.പി.എസ് അയിരൂർ
വർക്കല ഉപജില്ല, തിരുവനന്തപുരം



# ഒഴിവുകാലം

രാമുവും രാജുവും അടുത്ത കൂട്ടുകാരാണ്. കൂടാതെ അയൽവാസികളുമാണ്. രാമു അനുസരണയുള്ള മിടുക്കനായ ഒരു കുട്ടിയാണ്. എന്നാൽ രാജുവാകട്ടെ അൽപം അനുസരണക്കേട് കാട്ടുന്ന കൂട്ടത്തിലാണ്.

കൊറോണ കാരണമുണ്ടായ വീട്ടിലിരിപ്പ് രാമുവിനെ ഒരുപാട് വിഷമത്തിലാക്കിയിരിക്കുകയാണ്. കൂടാതെ വാർഷിക പരീക്ഷ വേണ്ടെന്ന് വെച്ചതും അവനെ തെല്ലൊന്നുമല്ല വിഷമത്തിലാക്കിയത്. അവൻ എപ്പോഴും ഈ സങ്കടങ്ങൾ അവന്റെ അമ്മയോടു പറഞ്ഞുകൊണ്ടിരിക്കും. അപ്പോഴൊക്കെ അവന്റെ അമ്മ അവനെ സമാധാനിപ്പിക്കും. "മോനേ... നമ്മുടെ ആരോഗ്യം സംരക്ഷിക്കാൻ വേണ്ടിയല്ലേ വീട്ടിലിരിക്കേണ്ടിവന്നതും പരീക്ഷ വേണ്ടാന്ന് വെച്ചതും. മോൻ ഈ ഒഴിവുകാലം നല്ല രീതിയിൽ ഉപയോഗപ്പെടുത്തൂ."

അവൻ അമ്മയുടെ വാക്കുകൾ അനുസരിച്ച് പുസ്തകങ്ങൾ വായിച്ചും അമ്മയെ സഹായിച്ചും അവന്റെ ഒഴിവു സമയം ചിലവഴിച്ചു. കൂടാതെ അമ്മയുടെ കൂടെ പച്ചക്കറികൃഷി ചെയ്യാനും വീടിനു ചുറ്റും വൃത്തിയാക്കാനും അവൻ മറന്നില്ല. വെള്ളം കെട്ടിക്കിടക്കാൻ സാധ്യതയുള്ള പ്ലാസ്റ്റിക്ക്, ചിരട്ട, കുപ്പി പോലുള്ളവയെല്ലാം പെറുക്കി വൃത്തിയാക്കി.

എന്നാൽ രാജുവാകട്ടെ, അവന്റെ ഒഴിവു സമയം മുഴുവൻ ടി.വി കണ്ടും മൊബൈലിൽ കളിച്ചും ഉറങ്ങിയും കഴിച്ചുകൂട്ടി. രാജുവും അവന്റെ വീട്ടുകാരും അവരുടെ ലോക്ഡൗൺ സമയം വീടിനകത്ത് മാത്രം ഒതുങ്ങി. അടുക്കളത്തോട്ടം നിർമിക്കാനോ പരിസരം വൃത്തിയാക്കാനോ ശ്രമിച്ചില്ല.

അങ്ങനെ വേനൽമഴ എത്തി. മുറ്റവും തൊടിയും എല്ലാം വേനൽമഴയിൽ നനഞ്ഞു കുതിർന്നു. എല്ലായിടത്തും മഴവെള്ളം നിറഞ്ഞുനിന്നു. രാജുവിന്റെ വീട്ടുമുറ്റത്തും തൊടിയിലും പ്ലാസ്റ്റിക് മാലിന്യങ്ങളിലും മഴവെള്ളം കെട്ടിക്കിടന്നു.

വൈകാതെ ഒരു ദിവസം രാമുവിന്റെ അമ്മ രാമുവിനോട് പറഞ്ഞു:

മോനേ രാജുവിന്റെ വീട്ടിൽ എല്ലാവർക്കും പനിയാണത്രെ! അമ്മയൊന്ന് അവിടംവരെ പോയി അവരുടെ വിശേഷങ്ങൾ അന്വേഷിച്ചുവരാം.

ഇതു കേട്ടപ്പോൾ രാമുവിന് ഭയവും വിഷമവുമായി. അവൻ അമ്മയോട് ചോദിച്ചു:

അമ്മേ, അവർക്ക് കൊറോണയെങ്ങാനും പിടിപെട്ടോ? എനിക്ക് എന്റെ കൂട്ടുകാരനെ ഇനി കാണാൻ പറ്റില്ലേ?

രാമുവിന്റെ വിഷമം കണ്ടപ്പോൾ അമ്മക്ക് സങ്കടമായി. അമ്മ അവനോടു പറഞ്ഞു:

മോനേ, അവർക്ക് കൊറോണയൊന്നുമല്ല പിടിപെട്ടിട്ടുള്ളത്; കൊതുക് പരത്തുന്ന ഒരുതരം പനി. അത് പെട്ടെന്നു സുഖമായിക്കൊള്ളും. മോൻ അവർക്ക് വേണ്ടി പ്രാർത്ഥിച്ചോളൂ. ഇത് കേട്ടപ്പോൾ രാമുവിന് സമാധാനമായി.

അപ്പോൾ അവൻ ഓർത്തു, താനും തന്റെ കുടുംബവും കൊതുകു കാരണമുള്ള ഈ അസുഖത്തിൽ നിന്ന് രക്ഷപ്പെട്ടത് തന്റെ വീടിന്റെ പരിസരം വൃത്തിയാക്കിയത് കൊണ്ടാണല്ലോ.

**നഷ് വാൻ ഇൽയാസ് പി പി**
4 എ, എൽ.പി. സ്കൂൾ തൊടികപ്പുലം
വണ്ടൂർ ഉപജില്ല, മലപ്പുറം



# രാജുവിന്റെ വീട്

വെക്കേഷൻ കാലമായതിനാൽ രാജുവും മീനയും ഉറക്കത്തിൽനിന്ന് ഉണരാൻ ഇന്നും വൈകി. അടുക്കളയിൽനിന്ന് അമ്മയുടെ നിർത്താതെയുള്ള വിളി കേട്ടുകൊണ്ടാണ് അന്നും എഴുന്നേറ്റത്. എഴുന്നേറ്റയുടൻ തന്നെ പ്രഭാതകൃത്യങ്ങളൊക്കെ കഴിച്ച് രണ്ടുപേരും കളിക്കാനിറങ്ങി. ഇന്നു രണ്ടുപേർ മാത്രമേയുള്ളൂ. അടുത്തവീട്ടിലെ കുട്ടികളെല്ലാവരും പനിപിടിച്ച് കിടപ്പിലാണ്. ഇനി കുറച്ചു ദിവസത്തേക്കു ആരെയും കളിക്കാൻ കാണില്ല. മണ്ണപ്പം ഉണ്ടാക്കലും പാവകളിയുമൊക്കെ യായി സമയം പോയതറിഞ്ഞില്ല.

"ഇടയ്ക്കുപോയി രണ്ടുപേരും വെള്ളം കുടിക്കാൻ മറന്നേക്കല്ലേ." അമ്മ ഓർമിപ്പിച്ചു. വെള്ളമെടുക്കാൻ രാജു അടുക്കളയിലേയ്ക്കോടി. പാത്രത്തിൽനിന്നും വെള്ളമെടുക്കുന്ന നേരത്താണ് ആരോ സംസാരിക്കുന്നതായി അവനു തോന്നിയത്. ഫ്രിഡ്ജിനടുത്തു നിന്നാണ് സംസാരം. അവൻ കാതോർത്തു. രണ്ടു കൊതുകുകൾ തമ്മിലാണ് സംഭാഷണം. "അടുത്തവീട്ടിലൊക്കെ നമ്മുടെ പണി വിജയിച്ചു. എല്ലാ വീട്ടുകാരും ഡങ്കിപ്പനിപിടിച്ച് കിടപ്പിലായിട്ടുണ്ട്. ഇവിടെ വിശ്രമിക്കാൻ സൗകര്യമുള്ളതുകൊണ്ട് അടുത്ത കുറേദിവസം ഇവിടെ കഴിയാം. ഇവിടെയുള്ള കുട്ടികൾക്കും കൂടി രോഗം പരത്തണം." ഫ്രിഡ്ജിന്റെ പിറകിലുള്ള അഴുക്കു വെള്ളത്തിൽ നിന്നാണ് കൊതുകുകൾ സംസാരിക്കുന്നതെന്ന് രാജുവിന് മനസ്സിലായി. പെട്ടെന്നുതന്നെ അവൻ അമ്മയോട് കാര്യം പറഞ്ഞു. അമ്മ ഉടൻ തന്നെ കൊതുകുകളുടെ കഥ കഴിച്ചു. അടുക്കളയിലും തൊടിയിലുമുള്ള അഴുക്കുവെള്ളത്തിൽ എല്ലാം കൊതുകുനാശിനി തളിച്ചു. തക്കസമയത്ത് അപകടം മനസ്സിലാക്കി പ്രവർത്തിച്ച രാജുവിനെ അമ്മ അഭിനന്ദിച്ചു.

**ഇഷാന .സി .**
ക്ലാസ് 1, എ.എൽ.പി.എസ്. തിമിരി
ചെറുവത്തൂർ ഉപജില്ല, കാസർഗോഡ്

# കാത്തിരിപ്പ്

അമ്മുക്കുട്ടി മുറ്റത്തുനിന്ന് ആകാശത്തേക്കു നോക്കി. വിമാനമൊന്നും പറക്കുന്നത് കാണാറേയില്ല. വിമാനം പറന്നാൽ അച്ഛൻ വരും, അവൾ സന്തോഷത്തോടെ മന്ത്രിച്ചു. അവൾ മെല്ലെ നടന്നു. കഴിഞ്ഞപ്രാവശ്യം അച്ഛൻ വന്നപ്പോ വാങ്ങിയ കാറിന്റെ അടുത്തെത്തി. അതിനെ തൊട്ടുതലോടി പറഞ്ഞു. “അമ്മുക്കുട്ടിയുടെ അച്ഛൻ വന്നിട്ടുവേണം പുതിയ സ്കൂളിൽ ചേരാൻ പോവാൻ ട്ടൊ.” അച്ഛന്റെ കൂടെ പുതിയ കാറിൽ എങ്ങോട്ടും പോകാൻ പറ്റിയില്ല. അപ്പോഴേക്കും അച്ഛന് പോകാറായി. സങ്കടപ്പെട്ടു നടന്നുകൊണ്ടു വിചാരിച്ചു. അച്ഛന്റെ വീഡിയോക്കാളും കുറവാണല്ലോ ഇപ്പൊ. അമ്മു മുത്തശ്ശന്റെ അടുത്തെത്തി. “മുത്തശ്ശാ എന്നാ അച്ഛൻ വരാ?” മുത്തശ്ശന്റെ മുഖം മങ്ങി അത് കേട്ടപ്പോ. അവളെ ചേർത്തുപിടിച്ചു മുത്തശ്ശൻ പറഞ്ഞു. “അമ്മുക്കുട്ടിയുടെ അച്ഛന് സുഖമില്ലാതിരിക്കല്ലേ. അതല്ലേ ലീവായിട്ടും ഇങ്ങോട്ട് വരാൻ പറ്റാത്തതു, വിമാനവും ഇല്ല. അസുഖമൊക്കെ മാറീട്ടുവേണം വരാൻ ട്ടൊ.” അവൾക്ക് കണ്ണു നിറഞ്ഞു. “മുത്തശ്ശാ, അച്ഛൻ ജോലിക്ക് പോയി വന്നിട്ട് കൈ ഒന്നും കഴുകാഞ്ഞിട്ടാണോ അസുഖം വന്നേ, കൈ സോപ്പിട്ടു കഴുകണം മാസ്കും ധരിക്കണം. ടിവിലൊക്കെ കാണിച്ചില്ലേ?” മുത്തശ്ശൻ പറഞ്ഞു. “അതുമാത്രല്ല മോളെ അച്ഛന്റെകൂടെ താമസിക്കുന്നവർക്ക് ഈ രോഗം വന്നത്രേ. അതാ അച്ഛനും വന്നേ കൊറോണ.” അവൾ ടിവിയിൽ എപ്പോഴും കേൾക്കണ പേരോർത്തു. അമ്മ അവൾക്ക് കഴിക്കാനുള്ള ദോശയുമായി വന്നു വിളിച്ചു. പഞ്ചാരചേർത്ത് കഴിക്കാനാ അമ്മുക്കുട്ടിക്കിഷ്ടം. പക്ഷെ അവൾക്ക് അതിൽ അന്ന് മധുരമേ തോന്നിയില്ല. ഉപ്പായിരുന്നു കണ്ണീരിന്റെ ഉപ്പ്.

**അനീന. വി**
ക്ലാസ് 4, എ.എൽ.പി.എസ്. കയറാട്ട്
ഒറ്റപ്പാലം ഉപജില്ല, പാലക്കാട്



# ഞാൻ കൊറോണ

എന്നെ മനസ്സിലായോ? ഞാനാണ് കോവിഡ് 19. ആരേയും ഒന്നിനേയും എനിക്ക് പേടിയില്ല. അഹങ്കാരംനിറഞ്ഞ ഈ ലോകത്തെ മനുഷ്യരെ ഒരു പാഠം പഠിപ്പിക്കാനാണ് ഞാൻ വന്നത്. എനിക്ക് മനുഷ്യന്റെ ജാതിയോ മതമോ പണക്കാരോ പാവപ്പെട്ടവനോ എന്നൊന്നും വ്യത്യാസമില്ല. ഞാൻ എന്റെ ഇഷ്ടത്തിന് ഇങ്ങോട്ടു വന്നതല്ല.

എന്നെ വിളിച്ചുവരുത്തിയതാണ്. ഞാനും മനുഷ്യനും യുദ്ധം തുടങ്ങിയിട്ട് കുറച്ചുനാളായി. എന്റെ എല്ലാ ശക്തിയുമെടുത്ത് ഒരുപാടു മനുഷ്യരെ വിഴുങ്ങിയിട്ടും എന്റെ വിശപ്പ് മാറുന്നില്ല.

ഇനി എത്രനാൾ എനിക്കിവിടെ നിൽക്കാൻ കഴിയുമെന്നറിയില്ല. ഞാൻ വന്നതോടെ മനുഷ്യരുടെ അഹങ്കാരം കുറഞ്ഞു, സ്നേഹം കൂടി. സമയത്തിന് പ്രാധാന്യം നൽകിയ മനുഷ്യൻ കുടുംബത്തിനുവേണ്ടി സമയം കണ്ടെത്തി. മനുഷ്യരെ പുറത്തിറങ്ങാനാവാതെ ഞാൻ ചങ്ങലയ്ക്കിട്ടു. എന്നെ പിടിച്ചുകെട്ടാനായാൽ മനുഷ്യൻ വിജയിച്ചു. അല്ലെങ്കിൽ ഞാൻ ഈ ലോകത്തെ വിഴുങ്ങും!

**നിതുൽ മനോജ്.എം.**
2 എ, എ.എൽ.പി.എസ്. വിളയൂർ യൂണിയൻ
പട്ടാമ്പി ഉപജില്ല, പാലക്കാട്

# ചെളിഭൂതം

മാലതിയമ്മയുടെ ഒരേ ഒരു മോനാണ് അപ്പു. രണ്ടാംക്ലാസ്സിലാണ് അവൻ പഠിക്കുന്നത്. ഒട്ടും അനുസരണയില്ലാത്ത കുട്ടിയാണ്. അമ്മ പറയുന്നതൊന്നും കേൾക്കില്ല, കൂടാതെ ഒട്ടും വൃത്തിയില്ലാത്ത കുട്ടിയുമായിരുന്നു. ഒരു ദിവസം അവൻ മുറ്റത്തു കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. പെട്ടന്ന് അവന്റെ മുന്നിൽ ഒരു ഭൂതം പ്രത്യക്ഷപ്പെട്ടു. ഒരു ചെളിഭൂതം. എപ്പോഴും ചേറിലും ചെളിയിലും കളിക്കുന്ന അപ്പുവിന് ചെളിഭൂതത്തെ ഒത്തിരിയങ്ങിഷ്ടമായി. അപ്പു അവനോട് കൂട്ടുകൂടാൻ തുടങ്ങി. അവർ നല്ല കൂട്ടായി, ചെളിഭൂതം എപ്പോഴും അപ്പുവിന്റെ കൂടെതന്നെയുണ്ടാവും. അപ്പുവിന്റെ നഖത്തിനടിയിലും കൈകളിലെ ചെറിയ ചുളിവുകൾക്കിടയിലും ഒക്കെയായിരുന്നു ഭൂതത്തിന്റെ താമസം, എങ്ങനെയെങ്കിലും അപ്പുവിന്റെ ശരീരത്തിൽ കയറിക്കൂടണം എന്നതായിരുന്നു ഭൂതത്തിന്റെ ലക്ഷ്യം. പാവം അപ്പു ഇതൊന്നും അറിയാതെ അവന്റെ വൃത്തിയില്ലാത്ത കൈകഴുകാതെ ഭക്ഷണം കഴിക്കും, നമ്മുടെ ചെളിഭൂതം ആണെങ്കിലോ അപ്പുവിന്റെ ഈ സ്വഭാവം കൊണ്ട് പതിയെപ്പതിയെ അവന്റെ വയറ്റിലെത്തി. ഒരു ദിവസം രാവിലെ എണീറ്റപ്പോൾ അപ്പുവിന് ഭയങ്കര വയറുവേദന. അവൻ വേദനകൊണ്ടു പുളയാൻ തുടങ്ങി. വീട്ടുകാർ അവനെ ആശുപത്രിയിൽ കൊണ്ടുപോയി. ഭക്ഷണത്തിലൂടെ അണുക്കൾ വയറ്റിലെത്തീട്ടുണ്ട്. അതാണ് വേദനക്ക് കാരണം എന്ന് ഡോക്ടർ പറഞ്ഞു. ഒരാഴ്ച ഇവിടെക്കിടക്കേണ്ടിവരും. ദിവസവും ഓരോ ഇഞ്ചക്ഷനുണ്ട്. ഇഞ്ചക്ഷനെന്ന് കേട്ടപ്പോഴേ അപ്പു കരയാൻ തുടങ്ങി , അതവന് ഭയങ്കര പേടിയാണ്. അങ്ങനെ ഒരാഴ്ച കടന്നുപോയി. വയറിന്റെ വേദനയും ഇഞ്ചക്ഷന്റെ വേദനയും പേടിയുമെല്ലാം അവനു ജീവിതത്തിൽ മറക്കാൻ കഴിയാത്ത നീറുന്ന അനുഭവമായിരുന്നു. പിന്നീടൊരിക്കലും അവൻ കൈകഴുകാതെ ഭക്ഷണം കഴിച്ചിട്ടില്ല. എപ്പോഴും വൃത്തിയുള്ള വസ്ത്രം ധരിക്കാനും വൃത്തിയിൽ നടക്കാനും അവൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

**റിൻഷാദ് പി**
2 എ, എ.യു.പി. സ്കൂൾ പൂക്കോട്ടുംപാടം
നിലമ്പൂർ ഉപജില്ല, മലപ്പുറം

# INFECTED

A man called Raman was sitting on his bed. It was a pleasant saturday morning,he was thinking about his visit to kerala. He hadn't seen his family in 4 years. He was very excited.It was the time of the corona virus outbreak. He had booked his flight for sunday next week.

Raman on sunday woke up with a pleasant smile on his face excited to visit his family after 4 long years. He packed his bag and started his journey. On the flight,the passenger sitting beside Raman started sneezing, coughing etc. Raman was somewhat scared because he had also heard about the corona virus and the damage it could cause.

Raman had the fear of getting infected and when he lands he could also infect his wife and children. So he had a great idea. Immediatly after landing Raman called his wife and asked her to tell their children that his flight was cancelled and he will only reach two weeks later

Raman had built a beautiful two storey house in Kerala. Only his wife and children were staying there. The children were very young so they slept with their mother. No one used the first floor of the house. Ramu after landing went home in a taxi. After reaching home he without the knowledge of his children went straight to the second floor.

Raman for the safety of his children didn't even see them on the first day. The next day the children were playing outside. He stepped out to the balcony. He saw them playing. Tears falling from his eyes, not even able to lift up and kiss his children after him staying abroad for 4 years. He had a strong and a brave mind so he stopped crying thinking this was all for his family. Only his wife knew that he was there. They would take all the nescessary precautions when dealing with each other.

After some days Raman started to cough,he had a severe breathing issue, He was "Infected". Raman realising this called the health department and explained his issue. An ambulance soon arrived. He told the ambulance not to come in to his

house because if the children sees it they would be doubtful.He went in the ambulance to the hospital.

He was tested positive for corona virus. Raman was not scared. He went under treatment for fourteen days at the hospital. On the 15th day his test was negative. Raman won his fight against the corona virus, not only by him getting well but also by taking the nescessary precautions and not infecting his family or his villagers By the help of the Kerala government and the hardworking doctors and all the medical staff.

After getting well Raman went back home,straight to his kids and wife hugged and kissed them. Raman was praised and thanked by all his villagers and family for his brave work.

**റോഹൻ എസ് ലാൽ**
9 എ, എ.വി.എസ്.ജി.എച്ച്.എസ്.എസ്. കരിവെള്ളൂർ
പയ്യന്നൂർ ഉപജില്ല, കണ്ണൂർ



# ഭൂമിക്കൊരു പുനർജന്മം

പച്ചപുല്ലു വിരിച്ച നെൽപ്പാടങ്ങൾ, മനോഹരമായ പൂന്തോട്ടങ്ങൾ, കളകള ശബ്ദത്തിൽ നീങ്ങുന്ന നദികളും, അരുവികളും, നീർച്ചാലുകളും. എന്തുകൊണ്ടും സംതൃപ്തിയാണ് ഭൂമി. അതിനുപരി വളരെ ആഹ്ലാദത്തിലുമാണ് ഭൂമി. ഇതെല്ലാം മറ്റുള്ളവരെ അറിയിക്കാൻ ഭൂമിക്ക് തിടുക്കമായി. തന്റെ പരിക്രമണ പാതയിലൂടെ ഓടി ഭൂമി ബുധനോടും, ചൊവ്വയോടും, മറ്റു ഗ്രഹങ്ങളോടും ഈ വിവരം പറഞ്ഞു. ഈ വാർത്ത അറിഞ്ഞ മറ്റു ഗ്രഹങ്ങൾക്ക് ഭൂമിയോട് അസൂയ മൂത്തു. എന്നാൽ ഭൂമി ഈ വിവരം സൂര്യനോട് മാത്രം പറഞ്ഞില്ല. കാരണം കത്തിക്കൊണ്ടിരിക്കുന്ന സൂര്യൻ ഈ വിവരം അറിഞ്ഞാൽ ഭൂമിയേ നശിപ്പിക്കുമെന്നു ഭൂമി ഭയന്നു. അതുകൊണ്ട് ഭൂമി ഈ വിവരം സൂര്യനോട് പറഞ്ഞതേയില്ല.

അങ്ങനെ വർഷങ്ങൾ, നൂറ്റാണ്ടുകൾ കടന്നു പോയി. ഭൂമി തന്റെ ഗ്രഹത്തിലെ വിശേഷങ്ങൾ അറിയാൻ ആഗ്രഹപ്പെട്ടു. അങ്ങനെ ഭൂമി ഗ്രഹത്തിലെ സ്ഥിതി അന്വേഷിച്ചു. ഭൂമി അമ്പരന്നു പോയി. കാരണം ഭൂമിയിലെ മനുഷ്യർ പ്രകൃതിയെ നശിപ്പിക്കുന്നു. മരങ്ങൾ വെട്ടുന്നു, കുളം മണ്ണിട്ടു നികത്തുന്നു, ഇതെല്ലാം കണ്ടു ഭൂമി നിരാശയായി. ഭൂമി മനസ്സിൽ പറഞ്ഞു :'കുറച്ചു നാളുകൾ ആയി ഞാൻ അനുഭവിച്ച വേദന മനുഷ്യർ പ്രകൃതിയെ നശിപ്പിക്കുന്നതായിരുന്നോ. . . . . ' ഭൂമി ആകെ വിഷമഭരിതയായി. ഭൂമിയെ കണ്ട് ബുധൻ ചോദിച്ചു:'എന്താ ഭൂമീ നിനക്കെന്തുപറ്റി. നീ ആകെ വിഷമിച്ചിരിക്കുന്നു 'ഭൂമി കുറേ നേരം കരഞ്ഞു പിന്നീട് ബുധനോട് തന്റെ വിഷമം പറഞ്ഞു.

ബുധൻ ഈ തക്കം മുതലാക്കി. എങ്ങനെയെന്നാൽ ബുധൻ മറ്റു ഗ്രഹങ്ങളോടും ഈ വിവരം ഓടി നടന്നു പറഞ്ഞു. ഭൂമിയ്ക്ക് ഇതു വിഷമമുളവാക്കുന്ന കാര്യമാണ്. എങ്കിലും മറ്റു ഗ്രഹങ്ങൾക്ക് ഇത് സന്തോഷരാവ് ആയി മാറി. ഭൂമിയോട് അസൂയ മൂത്ത ഇവർ ഇങ്ങനെ ഒരു സാഹചര്യത്തിനു വേണ്ടി കാത്തിരിക്കുകയായിരുന്നു. ഇവരെല്ലാം ഈ അവസരം മുതലക്കി. നിരാശയായ ഭൂമിയുടെ അടുത്ത് ചെന്നു പരിഹസിക്കാൻ തുടങ്ങി. വ്യാഴം പറഞ്ഞു :'അല്ല ഭൂമി നിന്റെ കളകള ശബ്ദത്തിൽ പോകുന്ന നദിയിൽ നിന്ന് കുറച്ചു വെള്ളം തരുമോ :' വ്യാഴം പറയുന്നത് കേട്ട ചൊവ്വ ഇങ്ങനെ പറഞ്ഞു :'വ്യാഴം നീ അറിഞ്ഞില്ലേ ഭൂമിയിലെ ജലമെല്ലാം മനുഷ്യർ മണ്ണിട്ടു നികത്തി' വ്യാഴവും, ചൊവ്വയും, മറ്റു ഗ്രഹങ്ങളും ചിരിക്കാൻ തുടങ്ങി ഹ. . . . ഹ.

ഇതെല്ലാം സഹിക്കാൻ ഭൂമിയ്ക്ക് സാധിച്ചില്ല. ഭൂമി പൊട്ടിക്കരഞ്ഞു. ഭൂമിയുടെ പൊട്ടിക്കരച്ചിൽ കേട്ടു സൂര്യൻ വിവരം തിരക്കാൻ വന്നു. സൂര്യൻ പറഞ്ഞു :'എന്തു പറ്റി ഭൂമി. നിനക്കെന്തുണ്ടെങ്കിലും എന്നോട് പറ. പറ്റുമെങ്കിൽ ഞാൻ

പരിഹരിക്കാം 'സൂര്യന്റെ ഈ വാക്കുകൾ ഭൂമിയ്ക്ക് ആശ്വാസമേകി. ഭൂമി തന്റെ ഇതുവരെ ഉള്ള കഥയെല്ലാം സൂര്യനോട് പറഞ്ഞു. ഇതറിഞ്ഞു സൂര്യനും അമ്പരന്നു പോയി. സൂര്യൻ ഭൂമിയെ ആശ്വാസിപ്പിച്ചു. ഭൂമി സൂര്യനോട് തേങ്ങിക്കരഞ്ഞു കൊണ്ട് ചോദിച്ചു :'സൂര്യാ നിനക്കെന്നെ സഹായിക്കാൻ പറ്റുമോ ?' സൂര്യൻ കുറച്ചുനേരം ആലോചിച്ചിട്ട് ഭൂമിയോട് തന്റെ ബുദ്ധി വിസ്തരിച്ചു. ഭൂമിക്കും ഈ ആശയം നന്നായി തോന്നി. അങ്ങനെ അവർ അത് പ്രാവർത്തികമാക്കാൻ തുടങ്ങി. കത്തിക്കൊണ്ടിരിക്കുന്ന സൂര്യൻ ഭൂമിയിലേക്ക് വേനൽ കൊണ്ടുവന്നു. ഇത് സാധാരണ വേനലല്ല. കൊടും വേനൽ. ഈ കൊടും വേനലിൽ മരങ്ങൾ ഉണങ്ങിക്കരിഞ്ഞു, നദികളിലെയെല്ലാം വെള്ളം വറ്റി വരണ്ടു.

ഭൂമിയിലെ മനുഷ്യർ വലയാൻ തുടങ്ങി. അവർക്ക് കുടിക്കാൻ ഉള്ള വെള്ളം എല്ലാം തീർന്നു. അവർ വളരെ നിരാശരായി. വിളകൾ എല്ലാം ഉണങ്ങി. മനുഷ്യരെല്ലാവരും ദുരിതത്തിലായി. ഈ കാര്യം മറികടക്കുന്നതിനെ കുറിച്ചാലോചിക്കാൻ മനുഷ്യരെല്ലാം മൈതാനത്ത് ഒത്തുകൂടി. ഓരോരുത്തരും ഓരോ ആശയം മുന്നോട്ടു വെച്ചു. കൂട്ടത്തിലെ ബുദ്ധിശാലി ഒരു ആശയം പറഞ്ഞു. അദ്ദേഹം പറഞ്ഞത് ഇങ്ങനെ ആയിരുന്നു. 'ഈ കൊടും വേനൽ പ്രകൃതി നമുക്ക് നൽകുന്ന ശിക്ഷയാണ്. ഓരോരുത്തരും പ്രകൃതിയെ ചൂഷണം ചെയ്യുന്നതാണ് പ്രശ്നം. ഇതിനെ മറികടക്കാൻ ഒരു മാർഗമേ ഉള്ളു. 'ജനങ്ങൾ കൂട്ടത്തോടെ ചോദിച്ചു :'എന്താ മാർഗം?' അദ്ദേഹം പറഞ്ഞു :'നാം പ്രകൃതിയെ പൂർവ്വസ്ഥിതിയിലാക്കുക. 'കൂട്ടത്തിലെ ഒരാൾ എഴുന്നേറ്റു നിന്ന് ചോദിച്ചു :'അതെങ്ങനെ ' അദ്ദേഹം തുടർന്നു :'നാം മരങ്ങൾ വച്ചുപിടിപ്പിക്കുക, ജലാശയങ്ങൾ സംരക്ഷിക്കുക. ഓരോ മനുഷ്യനും ഒരു വൃക്ഷ തൈ വീതം നട്ടാൽ നമുക്ക് പ്രകൃതിയെ നമുക്ക് പൂർവ്വ സ്ഥിതിയിലാക്കാം 'മറ്റുള്ളവർ പറഞ്ഞു :'അതെ. . . അതെ ഇതു നല്ല ആശയമണ്. വരൂ. . . . നമുക്ക് വൃക്ഷതൈ നടാം അങ്ങനെ ഓരോ മനുഷ്യനും ഒരു വൃക്ഷത്തൈ വീതം നടാൻ തുടങ്ങി. ഇതെല്ലാം കാണുന്ന ഭൂമിയ്ക്കും സൂര്യനും സന്തോഷമായി. മഴ വർഷിക്കാൻ തുടങ്ങി. താൻ ചെയ്ത തെറ്റ് തിരിച്ചറിഞ്ഞ് പരിഹാരം കണ്ടെത്തിയതിൽ പ്രകൃതി നൽകിയതാണ് മഴ എന്ന് മനുഷ്യർക്ക് മനസ്സിലായി ഭൂമി അതിസന്തോഷത്തിൽ ആയിരുന്നു. താൻ ചെയ്ത തെറ്റ് ഏറ്റുപറഞ്ഞ് ഭൂമി സൂര്യനോട് ക്ഷമ ചോദിച്ചു. നമുക്കും ഈ വേനൽ കാലത്ത് ഒരു വൃക്ഷ തൈയെങ്കിലും നടാം. ഭൂമിയ്ക്ക് പുനർജന്മം നൽകാം.

**നജ്‌ല വി. പി.**
7 എ, ഗവ. യു. പി. സ്കൂൾ കാളികാവ് ബസാർ
വണ്ടൂർ ഉപജില്ല, മലപ്പുറം



# മരണമേ മാപ്പ്

കണ്ണൊന്നു ചിമ്മിത്തുറക്കും മുന്നേ മാറിമറിഞ്ഞ ജീവിതത്തെക്കുറിച്ച് വേവലാതിപ്പെടുകയാണയാൾ. ഇന്നീ നാലുചുമരിനുള്ളിൽ ഒതുക്കേണ്ടി വന്ന ദിനങ്ങൾ. ഒരു നിമിഷം അയാൾ വീടിനുള്ളിലെ ആ സ്ത്രീയെക്കുറിച്ചോർത്തു. ജീവിതകാലം മുഴുവൻ ക്വാറൻറ്റൈനിൽ കഴിയുന്നവളെ. ഇന്നീ ഐസൊലേഷൻ വാർഡിലെ കിടക്കയിൽ രണ്ടു ദിവസം കൊണ്ട് മടുത്തു. എന്നുതീരുമെന്ന് യാതൊരു അറിവുമില്ല. പോസിറ്റീവാണെന്ന് അറിഞ്ഞ മുതൽ കിടക്കുന്ന കിടപ്പാണ്. ഇടക്കിടെ വരാറുള്ള മാലാഖമാരുടെ സ്നേഹവാക്കുകളാണ് ഏക ആശ്വാസം. ഒരു നിമിഷം ഒന്ന് പിറകോട്ട് ചിന്തിച്ചാൽ തെറ്റ് മുഴുവൻ തന്റേതുതന്നെ ആയിരുന്നു. കൊടുത്തത് മുഴുവൻ ഒറ്റശ്വാസത്തിൽ കാർക്കിച്ചുതുപ്പിയ പ്രളയം കൊണ്ടും പഠിക്കാത്തവൻ. ചിതലരിച്ച ഭൂമിയുടെ ആത്മാവിന് ശ്വാസത്തിന്റെ തുടിപ്പുണ്ടെന്ന് തെളിയിക്കാൻ തന്നതാണ് ഈ പരീക്ഷണം.

രണ്ടു മാസം മുന്നെയാണ് നാട്ടിലെത്തിയത്. ഇവിടം എത്തുംവരെ പതിനായിരക്കണക്കിന് ആളുകളെ കാണേണ്ടി വന്നിട്ടുണ്ട്. പരിശോധിക്കണമെന്ന് ജീവനക്കാർ തറപ്പിച്ചു പറഞ്ഞിട്ടും അവരുടെ കണ്ണുവെട്ടിച്ച് ഒരു വിധം പുറത്തെത്തി. തനിച്ച് വീട്ടിൽ പോകണമെന്ന ഓഫീസറുടെ വാക്കിനെ ഒറ്റയടിക്ക് ആണിയടിച്ച് കൊണ്ട് വീട്ടുകാരുടെ ഒരു കൂട്ടം എയർപോട്ടിൽ എത്തിയിരുന്നു.വീട്ടിലെത്തിയപ്പൊഴേക്ക് നാട്ടുകാർക്കും വീട്ടുകാർക്കും മുഴുവൻ സലാം പറഞ്ഞിരുന്നു. വീട്ടിൽ 15 ദിവസം ക്വാറൻറ്റൈനിൽ ഇരിക്കണമെന്ന വാക്കിന് പുല്ലുവില നൽകാൻ അയാൾക്കത്ര പ്രയാസമൊന്നും ഉണ്ടായിരുന്നില്ല. വീട്ടിലുള്ളതിനേക്കാൾ അങ്ങാടിയിൽ ഒതുക്കിയ രാത്രിയും പകലും. തുടക്കം ഒരു ചെറുചൂടായിരുന്നു. “പനിയുണ്ട് ആശുപത്രിയിൽ പോയാലോ” എന്നുള്ള വീട്ടിലെ വാക്കിന് ഉരുളയ്ക്കുപ്പേരി എന്ന പോലെ “ഇതല്ല ഇതിനപ്പുറം കണ്ടിട്ടുണ്ട്, പിന്നെയല്ലേ ഒരു പനി” എന്നായിരുന്നു മറുപടി.

പിന്നീടുള്ള ദിവസങ്ങൾ എണ്ണപ്പെട്ടതായിരുന്നു. ഒടുവിൽ ഈ കിടക്ക വരെ... കൈ കഴുകാതെയും കുളിക്കാതെയും വീട്ടിൽ കയറരുതെന്ന് ആയിരം വട്ടം പറഞ്ഞിട്ടുണ്ട്. അതിനോടുള്ള വാശിക്ക് വീട്ടിലുള്ള സാനിട്ടൈറസുകൾ എറിഞ്ഞുടച്ചു. അതുകൊണ്ടാവണം ഇന്ന് അയാൾക്കൊപ്പം വീട്ടിലുള്ളവർ കൂടി വാർഡിലായത്. അയാൾക്ക് വേണ്ടി കരയാൻ ഇന്നാരുമില്ല. തെറ്റ് തന്റേതെന്നറിയിക്കാൻ കാലം തന്ന രോഗം. ഇതിന്റെ മധുരം അയാൾ അറിഞ്ഞേ മതിയാകൂ എന്ന വാശി അതിനുമുണ്ടാകണം. വ്യക്തിശുചിത്വം

എന്ന വാക്കിനെ എടുത്തെറിയാൻ അയാൾ കാണിച്ച ആ ചങ്കുറപ്പിന് ഇന്ന് ഇതല്ലാതെ എന്ത് പ്രതിഫലം. കണ്ണടച്ചു തുറക്കുന്ന നേരം കൊണ്ടാണ് ഇവിടെ എത്തേണ്ടി വന്നത്. അന്നൊന്നും ഭയം തോന്നിയില്ല. പിന്നീട് ഇടക്കിടെ പോകുന്ന ശ്വാസത്തെ തിരിച്ചുപിടിക്കാൻ അൽപം പാടുപെട്ടു. വായയിലൂടെ കുതിച്ചിറങ്ങുന്ന ഉമിനീരിന്റെ ഓരോ ചലനവും തിരിച്ചറിഞ്ഞു. മരണം മുന്നിൽ കാണേണ്ടി വന്ന നിമിഷങ്ങൾ. അറിയാതെയെപ്പോഴോ ജീവിതത്തോട് ഒരറപ്പ് തോന്നി. ഇന്ന് ഒലിച്ചിറങ്ങുന്ന ഈ കണ്ണീർ തുടക്കുന്ന അതേ കരങ്ങൾ കൊണ്ടായിരുന്നു അന്ന് ആളിക്കത്തിയ അഹങ്കാരം കൊണ്ട് ഈ മഹാമാരിയെ മറ്റു ജീവനിലേക്ക് പകുത്തു നൽകിയത്. കൂടിയിരിക്കരുതെന്ന് അറിവുള്ളതായിട്ടും പോലീസുകാരുടെ കണ്ണുവെട്ടിച്ച് മനപ്പൂർവം കാട്ടിക്കൂട്ടിയ ചില പരാക്രമങ്ങൾ. യഥാർത്ഥത്തിൽ തോറ്റുപോയത് അയാൾ തന്നെയായിരുന്നു.

ഇന്നയാളുടെ കൂടെയുള്ളവർ കരയുകയാണ്. വെറുതെ അടച്ച ആ കണ്ണുകളെ പിന്നീടൊരിക്കലും അയാൾക്ക് തുറക്കാൻ കഴിഞ്ഞില്ല. അപ്പോഴേക്കും മരണ ലിസ്റ്റിലെ അടുത്ത നമ്പർ അയാൾ ഏറ്റുവാങ്ങിയിരുന്നു. അരികിലെ ആ രണ്ടു വരികൾ കൊണ്ട്... മരണമേ മാപ്പ്... എല്ലാം പിഴുതെറിഞ്ഞ എനിക്ക് സത്യമെന്ന നിന്നെ മാത്രം തോൽപ്പിക്കാൻ കഴിഞ്ഞില്ല.

**നൂറുൽ ഹന്ന. എ. ടി**
9 എ, ജി.എച്ച്.എസ്. അഞ്ചച്ചവടി
വണ്ടൂർ ഉപജില്ല, മലപ്പുറം



# വെള്ളവുമായി വരുന്ന വണ്ടി

മുത്തു മോൾ സ്കൂളിലേക്ക് നടക്കുകയാണ്. മരങ്ങൾ മുറിച്ച നാട്ടുവഴികൾ പിന്നിട്ട്, പ്ലാസ്റ്റിക് മാലിന്യങ്ങൾ നിറഞ്ഞ റോഡിലൂടെ അവൾ സ്കൂളിലെത്തി. മലതുരന്ന് പണിത ക്ലാസ്സ് മുറിയിൽ ഇരുന്ന് മുത്തുമോൾ പുറത്തേക്ക് നോക്കുകയായിരുന്നു, അപ്പോഴതാ മുരൾച്ചയോടെ ഒരു ടാങ്കർ ലോറി കുന്നുകയറി വരുന്നു. കുട്ടികൾക്കും അധ്യാപകർക്കുമുള്ള കുടിവെള്ളമായിരുന്നു ആ ടാങ്കർ ലോറിയിൽ. അപ്പോഴാണ് ക്ലാസ് തുടങ്ങാനുള്ള ബെല്ല് അടിച്ചത്. ഒന്നാം പിരിയഡിൽ ബിന്ദു ടീച്ചറുടെ ക്ലാസ്. അന്ന് പരിസ്ഥിതിദിനമായിരുന്നു. നമ്മുടെ നാട്ടിൽ കുടിവെള്ളം ലഭിക്കാനുള്ള ബുദ്ധിമുട്ടുകൾക്ക് കാരണം മരങ്ങൾ മുറിച്ചു മഴ പെയ്യാത്തതും, പ്ലാസ്റ്റിക്കുകൾ കൊണ്ടിട്ട് മണ്ണ് നാശമാക്കിയതിനാലുമൊക്കെയാണെന്ന് ടീച്ചർ പറഞ്ഞു. ക്ലാസ്സിന് ശേഷം മുത്തുമോളും കൂട്ടുകാരും പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന ഒന്നും ഇനി ചെയ്യില്ലെന്ന് പ്രതിജ്ഞ ചെയ്തു.

**അലി അഷ് ഫഖ്**
3 എ, ജി.എച്ച്.എസ്. വടശ്ശേരി
അരീക്കോട് ഉപജില്ല, മലപ്പുറം

# തിരിച്ചറിവ്

അനുവും മനുവും സ്കൂളിൽ പോകുന്ന സമയത്താണ് ആ കാഴ്ച കണ്ടത് .

വടക്കേ അറ്റത്തുള്ള കുന്നിൽമുകളിൽ കയറി ജെ.സി.ബി കുന്നിനെ ഇടിച്ചുനിരത്തുന്നു. അവർ ആ കാഴ്ച കണ്ട് കുറെ നേരം നിന്നു.

സ്കൂൾ വിട്ട് തിരികെ പോന്നപ്പോൾ ആ കുന്ന് അപ്രത്യക്ഷമായിരിക്കുന്നു. അധികം വൈകാതെ കാലവർഷവും വന്നു.

ഒഴിഞ്ഞു പോവാത്ത പേമാരിയിൽ നാടും വീടും മുങ്ങിയപ്പോൾ അവർ തിരിച്ചറിഞ്ഞു നഷ്ടപ്പെട്ട ആ മലയുടെ വില.

പ്രകൃതി ദുരന്തങ്ങളിൽ നിന്ന് നമ്മെ മലകളും മരങ്ങളും പുഴകളും കുന്നുകളും സംരക്ഷിക്കുന്നു. അതുകൊണ്ട് നമുക്ക് പ്രകൃതിയെ സംരക്ഷിക്കാം...

**അംന ബിൻത് അലി**
2 എ, ജി.എൽ.പി.സ്കൂൾ. ഒളകര
വേങ്ങര ഉപജില്ല, മലപ്പുറം

# യാത്രയെ ഇഷ്ടപ്പെടുന്ന ഒരാൾ

അയാളുടെ വിനോദം ഒരുപാട് രാജ്യങ്ങൾ കാണുകയും അറിയുകയും ചെയുക എന്നതായിരുന്നു. അയാൾ ചെറുപ്പം മുതലേ ആഗ്രഹിച്ചിരുന്ന ഒരു കാര്യം ആയിരുന്നു അത്. മുതിർന്ന ഒരു പൗരൻ ആയപ്പോൾ, സാഹചര്യങ്ങൾ ഒത്തു വന്നപ്പോൾ, അയാൾ അയാളുടെ ആഗ്രഹം സാധിക്കാൻ വേണ്ടി എങ്ങോട്ടെന്നില്ലാതെ അയാൾ വണ്ടി കേറി.ദിവസങ്ങൾ മാസങ്ങൾ വർഷങ്ങൾ പിന്നിട്ടു. ഇടക്ക് എപ്പോഴെങ്കിലും അയാളെ കണ്ടെങ്കിൽ ആയി. അല്ലാത്ത സമയങ്ങളിൽ എല്ലാം അയാൾ യാത്രയിലായിരുന്നു. അയാൾ എവിടേക്കു പോകുന്നുവെന്നോ എവിടെ നിന്ന് വരുന്നു എന്നോ ആരും ചോദിക്കാറും അന്വേഷിക്കാറും ഇല്ല. മൊത്തത്തിൽ ലോകം മുഴുവൻ കണ്ട ഒരു മനുഷ്യനായിരുന്നു അയാൾ.

രാജ്യങ്ങൾ ചുറ്റി സഞ്ചരിക്കുമ്പോൾ അയാൾക്ക് അനുഭവപ്പെടുന്ന കാര്യങ്ങൾ അയാൾ ഡയറിയിൽ എഴുതി വെക്കുമായിരുന്നു. അങ്ങനെ ആയിരിക്കെ കോവിഡ്19ന്റെ കാലം വന്നു. അയാൾ പെട്ടെന്ന് തന്നെ തന്റെ നാട്ടിലെത്തി. പുറത്തിറങ്ങാൻ പറ്റാതെ അയാൾ വീട്ടിൽ തന്നെ കഴിച്ചു കൂട്ടി. മുഷിപ്പോടെ അയാൾ വീട്ടിൽ ഇരുന്നു. എന്നാൽ പിന്നീട് അത് അയാൾക്ക് ആശ്വാസമായി തോന്നിത്തുടങ്ങി.

അയാളുടെ ഒരുപാട് ഉത്തരമില്ലാത്ത ചോദ്യങ്ങൾക്ക് അയാൾക്ക് തന്നെ ഉത്തരം കിട്ടി തുടങ്ങി. രാജ്യങ്ങൾ ചുറ്റിനടന്നു ആസ്വദിക്കുന്നതിനിടയിൽ അയാൾക്ക് ഒരുപാട് കാര്യങ്ങൾ മനസ്സിലക്കാൻ കഴിഞ്ഞു. പല രാജ്യങ്ങളിലും പല വിധ മനുഷ്യ ജന്മങ്ങൾ. പലവിധ മതക്കാർ,പല വേഷക്കാർ, പല ആചാര അനുഷ്ഠാനങ്ങൾ. എവിടെ നോക്കിയാലും കുത്തഴിഞ്ഞ ജീവിതം നയിക്കുന്ന ജനങ്ങൾ. പരസ്പര സ്നേഹമില്ലാത്തവർ. അക്രമങ്ങൾ, അനീതികൾ, കയ്യൂക്കുള്ളവർ കാര്യക്കാർ, കൊള്ള, കൊല, പിടിച്ചുപറി, വാഹനാപകടം.

പഞ്ച നക്ഷത്ര ഹോട്ടലുകളിൽ നടക്കുന്നത് കണ്ട് കണ്ണ് മഞ്ഞളിച്ചു നില്ക്കു കയായിരുന്നു അയാൾ. അയാൾ മൗനമായി ലോകത്തോട് ചോദിച്ചിരുന്ന ഒരുപാട് ചോദ്യങ്ങൾക്ക്, അയാൾക്ക് കോവിഡ് കാലത്ത് ഉത്തരം കിട്ടി.

ആ സമാധാനത്തിൽ അയാൾ ഡയറി എഴുതാൻ തുടങ്ങി. ചൂട് ഒരുപാട് ദൂരെ ആണെങ്കിലും അരികിൽ എത്തിയ സൂര്യകിരണങ്ങൾ ജീവജാലങ്ങളെയും തളർത്തുന്നു. പുലരിയിൽ തളിർക്കുന്ന ഇലകളെ പോലും മരണത്തിലേക്ക് തള്ളിയിട്ടു. എല്ലാം ജീവജാലങ്ങളും സൂര്യനു താഴ്ന്നു കൊടുത്തപ്പോളും മനുഷ്യ ജന്മങ്ങൾ മാത്രം അതിനൊക്കെ

എത്രയോ മുകളിലായിരുന്നു. അഹങ്കാരം കൊണ്ട് അവർ ഒന്നും കണ്ടിരുന്നില്ല, അറിഞ്ഞിരുന്നില്ല. സൂര്യകിരണങ്ങൾക്ക് ചൂട് അപ്പോഴും കുറഞ്ഞിരുന്നില്ല. കോവിഡ് 19 കാണാക്കണ്ണുകളിൽ നിന്നെത്തി മനുഷ്യനെ ഇരയാക്കി ലോകം ഭരിക്കുന്നു. ഒടുവിൽ ആശുപത്രികളിൽ രോഗികൾ കുറഞ്ഞു. പലതും പൂട്ടി. പലതും കോവിഡ് രോഗികൾക്ക് വേണ്ടി തുറന്നു കൊടുത്തു 100ഉം, 200ഉം ടോക്കൺ കൊടുത്തിരുന്ന ഡോക്ടർമാരുടെ വീടുകളും ശൂന്യം. മരുന്ന് കടകളിലെ കച്ചവടം കുറഞ്ഞു. കെണി വെച്ച് ഇരകളെ കാത്തിരുന്ന ലാബുകൾ പൂട്ടി. സ്കാനിംഗ് ഇല്ല. മാസാന്ത ചെക്കപ്പില്ല. എന്നിട്ടും മനുഷ്യൻ ഒരു കുഴപ്പവും ഇല്ലാതെ ജീവിക്കുന്നു. സത്യത്തിൽ ജനങ്ങളുടെ രോഗം എന്തായിരുന്നു? അവരുടെ രോഗങ്ങൾ എവിടെ പോയി? അപ്പോൾ മരുന്നുകളും രോഗങ്ങളും അതും ജനങ്ങൾക്ക് ഒരു ആഘോഷമായിരുന്നു. എല്ലാ വാഹനാപകടങ്ങളും കുറ്റകൃത്യങ്ങളും ഒതുങ്ങി. മരണം പോലും ഉത്സവം ആക്കിയിരുന്ന ജനങ്ങൾ നന്നാവാൻ ഒരണു മതിയെന്നു ചുരുക്കം.

ഇനിയെങ്കിലും ഈ മനുഷ്യ ജന്മങ്ങൾ ഒന്ന് മാറി ചിന്തിച്ച് സമചിത്തതയോടെ ഈ പുത്തൻ ജീവിത രീതികൾ മുന്നോട്ടു കൊണ്ടു പോയെങ്കിൽ ഈ ലോകം മുഴുവൻ നന്നാകുമായിരുന്നു. അയാൾ ദീർഘമായി ഒന്ന് നിശ്വസിച്ചു. അയാൾ ഡയറി മടക്കി ഷെൽഫിൽ വെച്ചു പുറത്തേക്കിറങ്ങി.

**അദ് നാൻ**
5 ജി, ജി.എച്ച്.എസ്.എസ്. കരുവാരക്കുണ്ട്
വണ്ടൂർ ഉപജില്ല, മലപ്പുറം

# രാജുവിന്റെ പരിസ്ഥിതിദിനം

ഒരു ഗ്രാമത്തിൽ രാജു എന്നു പേരുള്ള ഒരു കുട്ടിയും അവൻറെ കുടുംബവും താമസിച്ചിരുന്നു.

അവന്റെ അച്ഛൻ അവന്റെ സ്കൂളിലെ അധ്യാപകനായിരുന്നു. അങ്ങനെയിരിക്കെ അവന്റെ അച്ഛന് അവിടെ നിന്ന്സ്ഥലംമാറ്റം കിട്ടി. അതൊരു പട്ടണത്തിലെ സ്കൂളിലേക്ക് ആയിരുന്നു.

അച്ഛന് ദുഃഖമാണെങ്കിലും പട്ടണത്തിലേക്ക് സ്ഥലം മാറ്റം കിട്ടിയതിൽ രാജുവളരെ സന്തോഷിച്ചു.

എന്നാൽ പട്ടണത്തിൽ എത്തിയതിനുശേഷമാണ് രാജുവിന് അച്ഛൻ വിഷമിച്ചതിന്റെ കാരണം മനസ്സിലായത് ഗ്രാമവും പട്ടണവും തമ്മിൽ ഒരുപാട് വ്യത്യാസമുണ്ട്.

പട്ടണത്തിൽ കളിക്കാൻ സ്ഥലവും കൂട്ടുകാരുമില്ല. നല്ലൊരു അന്തരീക്ഷവും ഇല്ല .താമസിക്കാൻ സൗകര്യം കുറവാണ്. രാജുവിന് പട്ടണത്തിലെ സ്കൂൾ പിടിച്ചില്ല.

അങ്ങനെയിരിക്കെ ജൂൺ 5 വന്നെത്തി. ഞായറാഴ്ചയായിരുന്നതിനാൽ അവധിയായിരുന്നു രാജുതന്റെവീടും പരിസരവും വൃത്തിയാക്കാൻ തീരുമാനിച്ചു അവൻ ഗ്രാമത്തിലെ പോലെ ട്രൗസറും ഷർട്ടും ഇട്ട് പരിസരം വൃത്തിയാക്കാൻ ഇറങ്ങി. അവിടെ എല്ലാം ചിന്നി ചിതറി കിടക്കുന്ന ചപ്പുചവറുകളും പ്ലാസ്റ്റിക് ബോട്ടിലുകളും എല്ലാം പെറുക്കി കൂട്ടി. ആവെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങളിലെ വെള്ളം ഒഴിവാക്കി. തൊണ്ടി പോലുള്ള വസ്തുക്കൾ കമിഴ്ത്തി വെച്ചു.

ഇതുകണ്ട് അച്ഛനുമമ്മയും പുറത്തേക്ക് വന്നു.

എന്താ മോനെ നീ ചെയ്യുന്നത്.

അച്ഛാ... അച്ഛൻ മറന്നു പോയോ.. ഇന്ന് ജൂൺ 5 പരിസ്ഥിതി ദിനം. നമ്മുടെ ഗ്രാമത്തിൽ ആയിരിക്കുമ്പോൾ എന്തൊരു ഉത്സാഹത്തിലാണ് സ്കൂളും പരിസരവും, അതുപോലെതന്നെ വീടും പരിസരവും വൃത്തിയാക്കുന്നത്. പക്ഷേ ഇപ്പോൾ ഇവിടെ എത്തിയശേഷം അതൊന്നും ആർക്കും ഓർമ്മയില്ല.

വീടും പരിസരവും വൃത്തിയാക്കാൻ രാജു പറഞ്ഞപ്പോഴാണ് അച്ഛന് ഇന്നത്തെ ദിവസം ഓർമവന്നത്.



അതേ മോനെ ഞാനത് മറന്നു. രാജു ബോട്ടിലിൽ ഇരുന്ന വെള്ളം ഒഴിവാക്കി നല്ല വെള്ളം നിറച്ചു.

അതു അമ്മകണ്ടു മോനെ നീ ചെയ്യുന്നത് എന്താണ്?

ഗ്രാമത്തിലെ സ്കൂളിലെ ഞങ്ങളുടെ പരിസ്ഥിതി ക്ലബ്ബിലെ കുഞ്ഞുണ്ണിമാഷ് പറഞ്ഞിരുന്നു 6 ദിവസത്തോളം വേണം കൊതുകിന്റെ മുട്ട വളരാൻ. ഇതിൽ 6 ദിവസമായി. അതുകൊണ്ടാണ് ഞാൻ ഇങ്ങനെ ചെയ്തത്. ഇങ്ങനെ ചെയ്താൽ കൊതുക് ശല്യം ഒഴിവാക്കാം പരിസരവും വൃത്തിയായി സൂക്ഷിക്കുക. പരിസ്ഥിതി ദിനം മറക്കാതിരിക്കുക.

**അൻഷിദ്**
2 ബി, ജി.എൽ.പി.സ്കൂൾ. ഒളകര
വേങ്ങര ഉപജില്ല, മലപ്പുറം

# തുരത്താം ഈ മഹാമാരിയെ

'ഉണ്ണി ... ഊണ് കഴിക്കാൻ വന്നേ... '

വീട്ടുമുറ്റത്ത് മണ്ണപ്പം ചുട്ട് കളിച്ചു കൊണ്ടിരിക്കുകയായിരുന്ന ഉണ്ണിക്കുട്ടൻ അമ്മയുടെ വിളി കേട്ട് കളിമതിയാക്കി ഓടി അമ്മയുടെ അടുത്തേക്ക് വന്നു. ' അല്ല മോനെ, നീ കൈ കഴുകിയില്ലെ? മോനോട് ഞാൻ പറഞ്ഞിട്ടില്ലെ മണ്ണിലൊക്കെ കളിച്ചു കഴിഞ്ഞാൽ കൈകൾ സോപ്പിട്ട് കഴുകണമെന്ന് ...?' അമ്മ പറഞ്ഞതു കേട്ട് ഉണ്ണിക്കുട്ടൻ തന്റെ ഇരു കൈകളിലേക്കും നോക്കി.അമ്മ പറഞ്ഞത് ശരി തന്നെ. എന്തൊരു അഴുക്കാണ് എന്റെ കയ്യിൽ ..! ഉണ്ണിക്കുട്ടന് തന്നോട് തന്നെ വെറുപ്പ് തോന്നി.അവൻ ഓടിച്ചെന്ന് സോപ്പുപയോഗിച്ച് കൈകഴുകാൻ തുടങ്ങി. കുറച്ച് സമയമെടുത്ത് കഴുകാം. എല്ലാ അണുക്കളും നശിക്കട്ടെ. കൈ കഴുകിയ ശേഷം അവൻ കൈകളിലേക്ക് നോക്കി.ഹായ്! എന്തൊരു വൃത്തി! അമ്മയ്ക്ക് കാണിച്ചു കൊടുക്കാം.അവൻ അടുക്കളയിലേക്ക് ഓടി. 'അമ്മേ എന്റെ കയ്യൊന്നു നോക്കിയേ...' അമ്മ പുഞ്ചിരിച്ചു. 'നല്ല കുട്ടി, ഇനി അച്ഛന്റെ കൂടെയിരുന്ന് ഊണ് കഴിച്ചോ'. അവൻ തീൻമേശയുടെ അടുത്തേക്ക് ചെന്നു. അച്ഛൻ ആദ്യമേ എത്തിയിട്ടുണ്ടായിരുന്നു. 'ഹാ.. അച്ഛന്റെ മോൻ വന്നിരുന്നേ...' അച്ഛൻ വിളികേട്ട് ഉണ്ണിക്കുട്ടൻ ഓടി വന്നിരുന്നു.

'അല്ല, അച്ഛനിന്ന് ഓഫീസിൽ പോയില്ലേ? ഓ.. . ഞാൻ മറന്നു... ലോക്ഡൗൺ ആണല്ലേ? ഈ കൊറോണയൊക്കെ ഇനിയെന്നാണ് മാറുക അച്ഛാ..?' ഒരു ആറു വയസ്സുകാരന്റെ സംശയങ്ങൾ കേട്ട അച്ഛൻ പുഞ്ചിരിച്ചു കൊണ്ട് പറഞ്ഞു:

'ഉം..... അതൊക്കെ പോകും മോനേ....പക്ഷേ, അത് നമ്മളാണ് തീരുമാനിക്കേണ്ടത്. സമൂഹത്തിലെ ഓരോരുത്തരും ഒന്ന് വിചാരിച്ചാൽ മാത്രം മതി'. ഉണ്ണിക്കുട്ടന് സംശയം,'അതെങ്ങനെ.....?'

' ഒരോരുത്തരും സ്വന്തം വീട്ടിലിരുന്നു കൊണ്ട് സാമൂഹിക അകലം പാലിക്കുകയും പൊതു പരിപാടികളിലൊന്നും കുറച്ചു കാലത്തേക്കെങ്കിലും പങ്കെടുക്കാതിരിക്കുകയും ചെയ്യണം. അതു കൊണ്ടല്ലേ അച്ഛനിപ്പോൾ ഓഫീസിൽ പോലും പോവാത്തത് '. ഉണ്ണിക്കുട്ടൻ തലയാട്ടി.

'കൂടാതെ ഓരോരുത്തരും നിർബന്ധമായും വ്യക്തി ശുചിത്വം പാലിക്കുകയും വേണം. ഇടവിട്ട് ഇടവിട്ട് കൈകൾ കഴുകണം, വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണം, നല്ല ആഹാരം കഴിക്കണം, വ്യായാമം ചെയ്യണം,.... തുടങ്ങിയ കാര്യങ്ങളെല്ലാം നമ്മൾ ചെയ്താൽ നിഷ്പ്രയാസം ഈ മഹാമാരിയെ നമുക്കൊരുമിച്ച് തുരത്താം'. അച്ഛൻ പറഞ്ഞു നിർത്തി. അമ്മയുണ്ടാക്കിയ സ്വാദിഷ്ടമായ ഭക്ഷണം കഴിച്ച് ഉണ്ണിക്കുട്ടൻ കൈകഴുകാനായി ഓടി.

**ഫാത്തിമ മർവ**
2 സി, ജി.എൽ.പി.എസ്. കരുവാരകുണ്ട്
വണ്ടൂർ ഉപജില്ല, മലപ്പുറം



# ശുചിത്വമാണ് പ്രധാനം

'അച്ചു, ജ്ജ് ബേഗം ബാ' സ്കൂൾ വിട്ടപ്പോൾ ഐസ് വാങ്ങാൻ വേണ്ടി ഓടുന്ന കുട്ടികളുടെ കൂട്ടത്തിൽ അച്ചുവിനെ വിളിച്ചു കൊണ്ട് അബു വേഗത്തിൽ ഓടി. സ്കൂൾ വിട്ടാൽ ഐസുകാരന് എന്നും കുശാലാണ് .ഐസ് എന്നും പെട്ടെന്ന് തന്നെ കഴിയും അതുകൊണ്ടാണ് കുട്ടികൾ ഇത്ര ധൃതി പിടിച്ച് ഓടുന്നത്. ഐസുകാരൻ അപ്പുവേട്ടന് കുട്ടികളെ ഏറെ ഇഷ്ടമാണ് അതുകൊണ്ടാവാം അയാളുടെ മുഖത്ത് ആ സങ്കടം. ഇനി അടുത്ത രണ്ട് മാസക്കാലം സ്ക്കൂൾ അവധിയാണല്ലോ  ഈ കൊല്ലവർഷത്തിലെ അവസാന ദിനങ്ങളാണെങ്കിലും അബുവിനും അച്ചുവിനും മനസ്സുനിറയെ സന്തോഷമാണ്  ഈ അവധിക്കാലം മുഴുവൻ കളിക്കേണ്ട കളികളെല്ലാം അവർ മുന്നേ തീരുമാനിച്ചുറപ്പിച്ചിട്ടുണ്ട്  അങ്ങനെ അവർ രണ്ടുപേരും സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങി 'അച്ചു ,ഇനിയും എഴുന്നേൽക്കാറായില്ലേ? മണി പത്ത് കഴിഞ്ഞു'.അച്ചുവിന്റെ അമ്മ ഉച്ചത്തിൽ വിളിച്ചു. 'അമ്മേ, കുറച്ചു സമയം കൂടി കിടന്നോട്ടെ' .പുതപ്പ് പുതച്ചു കൊണ്ട് അച്ചു കിടക്കാൻ തുടങ്ങി. വൈകുന്നേരം അബു ധൃതി പിടിച്ചു കൊണ്ട് അച്ചുവിന്റെ വീട്ടിലേയ്ക്ക് കളിയ്ക്കാൻ പോയി  അച്ചു അബുവിന്റെ വരവ് കാത്തിരിക്കുകയായിരുന്നു.അങ്ങനെ അവർ രണ്ടു പേരും കളി തുടങ്ങി. കളിച്ചും ചിരിച്ചും അവർ സമയം തള്ളി നീക്കി. അങ്ങനെ ദിവസങ്ങൾ കൊഴിഞ്ഞു വീണു .ഒരു ദിവസം അച്ചു അമ്മാവന്റെ വീട്ടിലേയ്ക്ക് വിരുന്നു പോയി. അവിടെ നിന്ന് തിരിച്ച് നാട്ടിലേയ്ക്ക് വന്ന അച്ചുവിന് വിരുന്നു വിശേഷങ്ങൾ പങ്കുവെയ്ക്കാൻ തന്റെ ആത്മമിത്രത്തിന്റെ അടുത്തേയ്ക്ക് പോകാൻ മനസ്സിൽ വെമ്പൽ കൊണ്ടു. അബുവിന്റെ വീട്ടിലേയ്ക്ക് പോകുമ്പോഴാണ് അവൻ രോഗബാധിതനാണെന്ന് അറിഞ്ഞത്. അബൂ,എന്ത് പറ്റി നിനക്ക്?' അച്ചു ചോദിച്ചു.' 'നീ വിരുന്നു പോയപ്പോൾ തുടങ്ങിയതാ അച്ചു, പനിയും ഛർദ്ദിയും വയറിളക്കവും.'അബു പറഞ്ഞു. 'ഡോക്ടർ എന്ത് പറഞ്ഞു? 'അച്ചു ചോദിച്ചു. ഒരു ഡോക്ടറെപ്പോലെ അബു പറയാൻ തുടങ്ങി..' അച്ചൂ, കൈകാലുകൾ നല്ലവണ്ണം വൃത്തിയാക്കണം. നഖം മുറിയ്ക്കണം. ദിവസവും കുളിയ്ക്കണം. അഴുക്കുള്ള കൈ കൊണ്ട് ഭക്ഷണം കഴിക്കാൻ പാടില്ല. ശുചിത്വമില്ലാത്ത ജീവിത ശൈലി നമുക്ക് മാരക രോഗങ്ങൾ സമ്മാനിക്കും ' ... അച്ചു ആശ്ചര്യത്തോടെ ചോദിച്ചു. 'അബൂ നിനക്കെന്തു പറ്റി? ' ഒരു കള്ളച്ചിരിയോടെ അബു പറഞ്ഞു.'എടാ അച്ചൂ, സ്കൂൾ അവധിക്കാലം ഞാൻ ഇക്കാര്യങ്ങളൊന്നും ശ്രദ്ധിക്കാറില്ലായിരുന്നു. ഡോക്ടർ പറഞ്ഞപ്പോഴാണ് ഞാനറിയുന്നത്. നീ നല്ലവണ്ണം ശ്രദ്ധിയ്ക്കണേ..'നിന്റെ രോഗം ഭേദമാവാൻ ഞാൻ പ്രാർഥിക്കും  ഞാൻ വരുന്ന കാര്യം അമ്മയോടു പറഞ്ഞിട്ടില്ല. ഞാൻ പോവട്ടെ'. തന്റെ സുഹൃത്തിന് വന്ന അസുഖത്തിൽ സങ്കടത്തോടെയും അതിലുപരി പെട്ടെന്ന് ഭേദമാകണമെന്ന പ്രാർഥനയോടെയും അച്ചു വീടിന്റെ പടിയിറങ്ങി.

**ഫാത്തിമ സഹ്‌ല**
5 ഡി, ജി.എൽ.പി.സ്കൂൾ കിഴിശ്ശേരി
കിഴിശ്ശേരി ഉപജില്ല, മലപ്പുറം

# പുഴയെ രക്ഷിച്ച കുട്ടി

അവധിക്കാലത്ത് നന്ദന മുത്തശ്ശിയുടെ വീട്ടിൽ എത്തി . അവിടുത്തെ കാഴ്ചകൾ അവൾക്ക് ഒത്തിരി ഇഷ്ടമായി. നല്ല മണമുള്ള കാറ്റും, മരങ്ങളും , പൂക്കളും അവൾക്ക് ഇഷ്ടമായി. അവൾ പാടത്തിന് അടുത്തുകൂടി നടന്നു . പാടത്തു മേയുന്ന പൈക്കളും വരമ്പിലിരിക്കുന്ന കൊക്കുകളും പാറിപ്പറക്കുന്ന തത്തകളും പീലി നിവർത്തിയാടുന്ന കേരമരതകതോപ്പും അവൾ സന്തോഷത്തോടെ നോക്കി രസിച്ചു. എങ്കിലും ഏറ്റവും ഇഷ്ടപ്പെട്ടത് പാടത്തിനു നടുവിലൂടെ ഒഴുകുന്ന പുഴയായിരുന്നു. പുഴക്കരയിലിരുന്ന് അവൾ പാട്ടു പാടി , പുഴയുടെ ചിത്രം വരച്ചു. അവധിക്കാലം തീർന്നു. അവൾ സങ്കടത്തോടെ തിരിച്ചു പോയി. പിന്നെ രണ്ട്, മൂന്ന് വർഷം കഴിഞ്ഞാണ് അവൾ ഗ്രാമത്തിലെത്തിയത്.പഴയ ഗ്രാമം ആയിരുന്നില്ല അത് . മലകളും, മരങ്ങളും, പൂക്കളും ഇല്ല ,പാടം ഉണങ്ങി കിടക്കുന്നു. പുഴയിൽ കുറച്ചുവെള്ളം മാത്രം. നിറയെ പ്ലാസ്റ്റിക് മാലിന്യങ്ങളും മാംസാവശിഷ്ടങ്ങളും. അവൾ ഞെട്ടിപ്പോയി. പുഴയുടെ ചിത്രം നോക്കി അവൾ പൊട്ടിക്കരഞ്ഞു .'എന്താ മോളെ കരയുന്നത്? 'ചെറിയച്ചൻ ചോദിച്ചു .അവൾ ചിത്രം കാണിച്ചിട്ട് പുഴയിലേക്ക് ചൂണ്ടി. ചെറിയച്ചന് കാര്യം മനസിലായി. ' മോള് വിഷമിക്കണ്ട പരിഹാരം ഉണ്ടാക്കാം '. അദ്ദേഹം ഗ്രാമാധികാരിയുമായി സംസാരിച്ചു . വേഗം തന്നെ പുഴയിലെ മാലിന്യം നീക്കി പുഴ വൃത്തിയാക്കി .പുഴ മലിനമാക്കരുതെന്ന ബോർഡും വച്ചു. നന്ദന സന്തോഷത്തോടെ പുഴയെ നോക്കി.

**രേഷ്മ. ആർ. ബി**
2 ബി, ജി. എൽ. പി.എസ്., വെൺകുളം
വർക്കല ഉപജില്ല, തിരുവനന്തപുരം



# കാടിൻെറ നന്മ

ഈ മനുഷ്യരുടെ കാര്യം ഇങ്ങനെയാ മാലിന്യം മുഴുവൻ ഈ കാട്ടിൽ കൊണ്ടു വന്നിടും എന്താ ചെയ്യാ, മണിയൻ മുയൽ വേദനയോടെ പിറുപിറുത്തു. എന്താ മണിയൻ മുയലേ വിഷമിച്ച് നിൽക്കുന്നത്? മന്ത്രി കുറുക്കൻ മുയലിനോട് കാര്യം തിരക്കി. മണിയൻ വിഷമത്തോടെ എല്ലാം പറഞ്ഞു. നമുക്ക് ഒരു കാര്യം ചെയ്യാം മന്ത്രി കറുക്കൻ പറഞ്ഞു. കാട്ടിലെ മൃഗങ്ങളെ എല്ലാവരെയും വിളിച്ചു കൂട്ടി ഒരു യോഗം നടത്തി. അതിൽ ഓരോരുത്തരും അവരുടെ അഭിപ്രായങ്ങൾ പറഞ്ഞു. കാട്ടിലെ രാജാവായ സിംഹം പറഞ്ഞു. ഈ മനുഷ്യരെ ഇങ്ങനെ വിട്ടാൽ ശരിയാവില്ല. നമ്മുടെ കാട് മുഴുവൻ മനുഷ്യർ നശിപ്പിക്കും. അവർക്ക് തക്കതായ ശിക്ഷ കൊടുക്കണം. കടുവയും പുലിയും കാട്ടുപോത്തും ആനയുമൊക്കെ പിന്താങ്ങി. മിട്ടു കുരങ്ങൻ പറഞ്ഞു. ഇപ്പോൾ ഈ മാലിന്യങ്ങൾ എന്തു ചെയ്യണമെന്നതാണ് മുഖ്യം. നമുക്ക് മാലിന്യത്തിലെ പ്ലാസ്റ്റിക്കു കവറുകളിൽ മണ്ണ് നിറച്ച് പഴങ്ങളുടെയും പച്ചക്കറികളുടെയും വിത്തുകൾ നട്ടുവളർത്താം. മാലിന്യങ്ങളിൽ ചിലത് വളമായി ഉപയോഗിക്കാം. ബാക്കി ഉള്ളവകുഴിയിൽ മൂടാം. മണിയൻ മുയലിനും ചങ്ങാതിമർക്കും മിട്ടു കുരങ്ങൻെറ അഭിപ്രായം ഇഷ്ടപ്പെട്ടു. അങ്ങനെ ചെയ്യാൻ യോഗത്തിൽ തീരുമാനിച്ചു എല്ലാവരും ചേർന്ന് ജോലി ഭംഗിയാക്കി. ആനച്ചാർ വലിയ കുഴിയെടുത്ത് ബാക്കിയായ മാലിന്യം കുഴിച്ചുമൂടി. അങ്ങനെ കാട് മാലിന്യ മുക്തമായി.' പഴങ്ങളും പച്ചക്കറികളും വളർന്നു നിൽക്കുന്നതാണ് വീണ്ടും മനുഷ്യരെത്തിയപ്പോൾ കണ്ട കാഴ്ച്ച. എല്ലാം അറിയുന്നവൻ എന്ന് അഹങ്കരിക്കുന്ന മനുഷ്യൻ കാട്ടിലെ മൃഗങ്ങളുടെ മുൻപിൽ ഇളിഭ്യരായി കൊണ്ടുവന്ന മാലിന്യമായി അവർ മടങ്ങി.

**സാരംഗി എസ്.രാഗേഷ്**
2 ഡി, ജി. എൽ. പി. എസ്., വട്ടേനാട്
തൃത്താല ഉപജില്ല, പാലക്കാട്

# കോരനും മിട്ടുവും

കോരൻ ചെന്നായയും മിട്ടുക്കുറുക്കനും കൂട്ടുകാരായിരുന്നു.അവർ പകൽ നേരങ്ങളിൽ ഓടിക്കളിച്ചു നടക്കും. വൈകുന്നേരം ആഹാരമായി ഏതെങ്കിലും ചെറിയ ജീവികളെ പിടിച്ചു അവരവരുടെ ഗുഹകളിലേക്ക് പോകും. ഖുറാൻ തന്റെ ഗുഹ ഒട്ടും വൃത്തിയില്ലാതെയാണ് സൂക്ഷിച്ചിരുന്നത്. തിന്നുന്ന ഭക്ഷണത്തിന്റെ അവശിഷ്ടങ്ങൾ ഗുഹയിൽ മുഴുവൻ ചിതറിക്കിടക്കുമായിരുന്നു. അതിൽനിന്നെല്ലാം എപ്പോഴും വല്ലാത്ത നാറ്റവുമായിരുന്നു. എന്നാൽ മിട്ടുവാകട്ടെ തന്റെ വാസസ്ഥലം വളരെ വൃത്തിയായി സൂക്ഷിച്ചിരുന്നു. ബാക്കി വരുന്ന ഭക്ഷണാവശിഷ്ടങ്ങൾ അവൻ നിത്യവും ഗുഹയിൽ നിന്നും മാറ്റിയിരുന്നു. തന്റെ ഗുഹയും പരിസരവും എന്നും തൂത്തു വൃത്തിയാക്കുമായിരുന്നു.വല്ലപ്പോഴും കോരന്റെ ഗുഹയിൽ എത്തുന്ന മിട്ടു അവനോട് പറയും,'എടാ കോരാ, നിനക്ക് ഇവിടം ഒന്ന് വൃത്തിയാക്കിക്കൂടെ? നിന്റെ വീടല്ലേ? എന്തൊരു നാറ്റമാണ് ..! നിനക്ക് എന്തെങ്കിലും അസുഖം വരില്ലേ? 'അപ്പോൾ ഖുറാൻ മിട്ടുവിനെ കളിയാക്കുമായിരുന്നു,'എടാ മണ്ടാ,ബാക്കി വരുന്ന ഭക്ഷണം കളയാതിരുന്നാൽ എനിക്ക് അടുത്ത ദിവസം കഴിക്കാമല്ലോ. അൽപ്പം പഴകിയാലും തീറ്റ തേടി നടക്കണ്ടല്ലോ. എനിക്ക് ഒരു അസുഖവും വരില്ല.' മിട്ടു അത് കേട്ട് പറഞ്ഞു,'നിന്റെ ഇഷ്ടം ..എന്തെങ്കിലും അസുഖം പിടിക്കുമ്പോൾ മാത്രമേ നീ പഠിക്കൂ ..' ഒരു ദിവസം കോരനെ പതിവ് പോലെ പുറത്തു കണ്ടില്ല.വൈകുന്നേരം മിട്ടു അവനെ അന്വേഷിച്ചു അവന്റെ ഗുഹയിൽ എത്തി. അപ്പോൾ ഖുറാൻ അതാ ഛർദിച്ചു അവശനായി അനങ്ങാൻ പോലും ആകാതെ ഗുഹയിൽ കിടക്കുന്നു. 'അയ്യോ ....കോരാ ...എന്തുപറ്റി? 'മിട്ടു ചോദിച്ചു.' മിട്ടൂ ഇന്നലെ പുഴവക്കിൽ നിന്നും അൽപം പഴകിയ ഇറച്ചി കിട്ടിയിരുന്നു.അത് തിന്നപ്പോൾ മുതൽ തുടങ്ങിയതാ ഈ ഛർദിൽ ....അയ്യോ ...അമ്മേ ...എനിക്ക് വയ്യേ.....'കോരൻ വേദന കൊണ്ട് കരയാൻ തുടങ്ങി.മിട്ടു കോരനെ എഴുന്നേൽപ്പിച്ചു.എന്നിട്ട് പറഞ്ഞു,'വാ....നമുക്ക് വൈദ്യർ ബാലുക്കരടിയെ കാണാം.'അവർ വൈദ്യന്റെ അടുത്തെത്തി.അൽപനേരം കോരന്റെ വയറ്റിൽ അമർത്തിയും ഞെക്കിയും പരിശോധിച്ചുകൊണ്ട് വൈദ്യർ ചോദിച്ചു,'എന്താ കോരാ ഇന്നലെ തിന്നത് ?'പഴയ ഇറച്ചി തിന്ന കാര്യം അവൻ വൈദ്യരോട് പറഞ്ഞു.'ആ....അത് തന്നെ കാര്യം.'വൈദ്യർ പറഞ്ഞു.'വൃത്തിയില്ലാത്ത ആഹാരം കഴിക്കുന്നത് കൊണ്ടും പരിസരം ശുചിയായി സൂക്ഷിക്കാത്തതു കൊണ്ടുമാണ് എങ്ങനെ വന്നത് .മിട്ടു തക്ക സമയത്തു എത്തിച്ചതുകൊണ്ട് രക്ഷപ്പെട്ടു.ഇല്ലെങ്കിൽ ചിലപ്പോൾ ചത്തുപോയേനെ ...!സാരമില്ല,പുഴയിൽ നിന്ന് പിടിക്കുന്ന മീൻ ഈ പച്ചമരുന്നിൽ മുക്കി രണ്ടു ദിവസം കഴിച്ചാൽ മതി.'വൈദ്യർ പറഞ്ഞതുപോലെ രണ്ടു ദിവസം പഴകാത്ത ഭക്ഷണവും മരുന്നും കഴിച്ചപ്പോൾ അവന്റെ അസുഖം ഭേദമായി .പിന്നീട് ഒരിക്കലും അവൻ ശുചിത്വമില്ലാതെ ജീവിച്ചിട്ടില്ല.

**രവിതേജ്**
2 ബി, ജി.എൽ.പി.എസ്, മുത്താന
വർക്കല ഉപജില്ല, തിരുവനന്തപുരം

# പരിണാമം

ചുറ്റും കറുത്ത പുകയാണ്. അത് ഓരോ മൂക്കുകളിലും ചുഴലികൾ ഉണ്ടാക്കി അസ്വസ്ഥതകൾ സൃഷ്ടിച്ചുക്കൊണ്ടിരുന്നു. എങ്ങും വിളറി വെളുത്ത മുഖങ്ങൾ, രക്തയോട്ടം നിലച്ച കണ്ണുകൾ. അനന്തതയിലേക്ക് നീളുന്ന തരിശു ഭൂമികൾ. അത്ഭുതം! ആകാശത്തിനും ഭൂമിയ്ക്കും ഒരേ നിറം. കുറേ മനുഷ്യ ക്കോലങ്ങൾ അവിടവിടങ്ങളിലായി കുന്തിച്ചിരിക്കുന്നു. എല്ലുപൊന്തിയ ദേഹങ്ങൾ പരസ്പരം നിർഭയമായി കൊതിയോടെ നോക്കുന്നു. ചിലർ പച്ചയിറച്ചി തന്നെ കടിച്ചുവലിക്കുന്നു, പ്രാകൃതരാണവർ. പ്രകൃതിയുടെ നിലച്ച സമയം ചത്തുനാറുന്നുണ്ടായിരുന്നു, ആ ഗന്ധം അവിടെയെല്ലാം വിഴുങ്ങിക്കഴിഞ്ഞിരുന്നു. പീളയടഞ്ഞ കാഴ്ചകൾ അവിടെ അലഞ്ഞുതിരിഞ്ഞു. ആകാശവും ഭൂമിയും ശൂന്യമാണ്.വീണ്ടും ഭയാനകം! മുൻപ് അവിടെ അങ്ങനെ ആയിരുന്നില്ലെന്ന് ചിലർ അഭിപ്രായപ്പെടുന്നു. പുഴകളും മരങ്ങളും തെളിഞ്ഞ ആകാശവുമൊക്കെ ഉണ്ടാ യിരുന്നു. പിന്നെ അവർ പരസ്പരം പഴിചാരി, ചിലർ തമ്മിൽ ആക്രമണമുണ്ടായി. ഈ 'പരിണാമത്തിന്റെ ഉത്തരവാദിത്വം' എന്ന കനത്ത ഭാരം ആര് താങ്ങും എന്ന് ചില ചിന്തകൾ പൊന്തിവന്നു. ആ ഭാരം പലരിലായി തട്ടിക്കളിച്ചു. കഷ്ടം! അവസാനം അവർ അതു പങ്കിട്ടെടുത്തു. ഒരുമയുള്ള ജീവികൾ! ഒരു കാലത്ത് അവരിവിടം പിച്ചിക്കീറി, തുരന്നു തുരന്ന് മാളങ്ങൾ സൃഷ്ടിച്ചു. ശുദ്ധവായുവിന്റെ ശവസംസ്കാരം നടത്തി, അവർ അങ്ങനെ മണ്ണിന്റെ മുതലാളിമാർ ആയി. ഇന്നവർ നിസ്സഹായർ, ഒന്നുമില്ലാത്ത ദരിദ്രർ.കണ്ടതെല്ലാം കട്ടു മുടിച്ചു,കിട്ടിയതെല്ലാം തിന്നു തീർത്തു

ബാക്കിയുള്ളത് കുറച്ച് തരിശു മാത്രം. ഭൂമി പിന്നേയും ഉരുകിയൊലിക്കുന്നു. അതിൽ ചിലർ വെന്ത് മരിക്കുന്നു. പലരുടെയും തൊണ്ടകൾ വിണ്ടുകീറി രക്തം പൊടിയുന്നു. മനുഷ്യനും ഭൂമിയും പുതിയ പരിണാമത്തിനു സാക്ഷികളാകുന്നു. ബധിരരായ, മൂകരായ, പൊട്ടന്മാരായ സാക്ഷികൾ. കൂട്ടത്തിൽ നിന്നും ഏറ്റവും തലമൂത്ത മനുഷ്യൻ മുന്നിലേക്ക് വന്നു.അയാൾ തന്റെ പൊട്ടിയ ശബ്ദം നേരെയാക്കി ഉറക്കെ പറഞ്ഞു,

* മക്കളെ ഇനിയെങ്കിലും നമുക്ക് ഇവിടെയൊക്കെ നന്നാക്കി ജീവിക്കണം.എന്റെ കാലം കഴിഞ്ഞാൽ നിങ്ങൾ ഇവിടം സ്നേഹിക്കണം,പ്രകൃതിയെ സംരക്ഷിക്കണം. 'ആ വൃദ്ധന്റെ കണ്ണുകൾ മഞ്ഞളിച്ചു. എവിടെനിന്നോ ഒരുതരി നീർ പൊന്തി വന്നു.പൊടുന്നനെ കൂട്ടത്തിൽ നിന്നൊരു കുട്ടിയുടെ ചോദ്യം 'എന്താണ് മുത്തച്ഛ, പ്രകൃതി?' ഈ ചോദ്യം കേട്ടുടനെ അയാളുടെ തലയോട്ടിയിൽ നിന്ന് കണ്ണുകൾ വേരറ്റു താഴെക്കുരുണ്ടു . അവ കണ്ടെത്താൻ അവർ ആകാശവും ഭൂമിയും ഒരുപോ ലെ തിരഞ്ഞു.

**ശ്രദ്ധ ഡി.പി**
12 (കോമേഴ്സ്), ഗവണ്മെന്റ് മോഡൽ ബി.എച്ച്.എസ്.എസ്. ആറ്റിങ്ങൽ
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം

# മുറ്റത്തെ മാവ്

'ഇനിയും ഇതിവിടെ നിർത്തിക്കൂടാ.....'

മരുമകളുടെ സ്വരം ഒരലർച്ചപോലെ കേശവന് തോന്നി. മുറ്റത്തെ മാവിനെപ്പറ്റിയാണ് പരാമർശം. കാര്യം നിസ്സാരമാണ്. മരുമകൾ ലാളിച്ചുവളർത്തിയ മുന്തിയ ഇനം ചെടിയുടെ മേൽ മാവിന്റെ ഒരു ശിഖരം വന്നു വീണു. അതിന്റെ ഒരു തണ്ടൊടിഞ്ഞു! അത്രേയുള്ളൂ. 'അതവിടെനിന്നാൽ എന്താ ശോഭേ പ്രശ്നം? ഒന്നുമില്ലെങ്കിലും ആണ്ട് തോറും മാങ്ങയെങ്കിലും കിട്ടുന്നില്ലേ?' മകൻ വിറച്ചുകൊണ്ടാണെങ്കിലും പറഞ്ഞൊപ്പിച്ചു. 'നിങ്ങൾക്കെന്തറിയാം? മാങ്ങ വേണമെങ്കിൽ പുറത്തുനിന്നു വാങ്ങാം. ഈ ചെടിക്കെന്ത് വിലയുണ്ടെന്നറിയോ? ' 'ശോഭേ..... !' 'ഒന്നും പറയണ്ട ഞാൻ മരം മുറിക്കാനുള്ള ഏർപ്പാട് ചെയ്തോളാം, നിങ്ങൾക്ക് വയ്യെങ്കിൽ പറ.' 'വേണ്ട ഞാൻ എന്താന്ന് വെച്ചാൽ ചെയ്തോളാം.' മുറ്റത്ത് കളിച്ചുകൊണ്ടിരുന്ന കൊച്ചുമകൾ ഓടിവന്നു. 'എന്താ അപ്പൂപ്പാ പ്രശ്നം?' അമ്മയുടെ അട്ടഹാസം കേട്ട കുട്ടി വല്ലാതെ പേടിച്ചിരുന്നു. 'ഒന്നുമില്ല മോളെ... ആ മാവില്ലേ? അതങ്ങ് മുറിക്കുന്നു അത്ര തന്നെ.' അയാൾ കുഞ്ഞിന്റെ തലയിൽ വാത്സല്യത്തോടെ തടവി. 'എന്തിനാ ഇപ്പോ.....?' 'കാലം കഴിയുമ്പോൾ എല്ലാം പഴയതാ മോളേ.പുതിയ പുതിയ ആളുകൾ വരും.... കൂടെ മാറ്റങ്ങളും' 'ഈ മാവ് മുറിച്ചാൽ അതിലെ അണ്ണാനും കിളികളുമൊക്കെ എവിടെ പോകും?' 'ഒന്നുപോയാൽ മറ്റൊന്ന് ' 'എല്ലാ വീട്ടിലേയും അമ്മമാർ മാവുകൾ മുറിച്ചാലോ?' നിഷ്കളങ്കമെങ്കിലും വരാൻ പോകുന്ന വിപത്തിലേക്ക് ആ ചോദ്യം വിരൽചൂണ്ടി. ഒരു ദീർഘനിശ്വാസത്തിൽ കേശവൻ അതിന്റെ ഉത്തരം ഒതുക്കി. 'മോളേ.... നീയിതെവിടെയാ?' 'ഇവിടെയുണ്ടമ്മേ, അപ്പൂപ്പന്റെ മുറിയിൽ ' അവൾ പെട്ടെന്ന് അവിടേയ്ക്കു വന്ന് കുട്ടിയെയുംകൊണ്ടു പോയി, കൂടെ പിറുപിറുക്കലും: 'ഓരോന്ന് പറഞ്ഞ് കുഞ്ഞിനെ ചീത്തയാക്കിക്കോളും.'

പിറ്റേന്ന് പുലർച്ചെ തന്നെ ഒരു വണ്ടിയിൽ മരംമുറിപ്പുകാർ എത്തി. മരം മുറിക്കാനുള്ള ഒരുക്കങ്ങൾ തുടങ്ങി. ആദ്യ വെട്ടു വെട്ടിയപ്പോൾ കേശവന്റെ നെഞ്ച് ഒന്നു പിടഞ്ഞു. കിളികൾ ഭയന്ന് ഉയരേക്ക് പറന്നു. എല്ലാത്തിനും സാക്ഷിയാകുന്ന സൂര്യൻ മേഘങ്ങൾ കൊണ്ട് കണ്ണുപൊത്തി. മന്ദമാരുതൻ പോലും നിശ്ചലനായി. പ്രകൃതി രോഷം കൊള്ളുമ്പോലെ മഴ തുടങ്ങി. 'മരംമുറിപ്പ് നടക്കട്ടെ ഇന്നുച്ചയ്ക്ക് മുന്നേ തീർക്കണം.' മരുമകളുടെ ആജ്ഞയെത്തി.



കണ്ണിനു കാഴ്ച്ച തീരെയില്ലെങ്കിലും ചുള്ളിക്കമ്പുപോലെയുള്ള ആ കാലുകൾ എടുത്തൂന്നി കേശവൻ മുറ്റത്തേയ്ക്ക് വന്ന് പടിയിലിരുന്നു. ഓരോ ശാഖകയും ഒടിഞ്ഞുവീണുകൊണ്ടിരുന്നു. അപ്പോഴെല്ലാം കേശവന്റെ ശരീരമാണ് വേദനിച്ചത്. ഓർമകൾ അയാളുടെ കണ്ണുകളിൽ ഇരച്ചുകയറി.

താനും സഹോദരങ്ങളും കൂടിച്ചേർന്നാണ് ഈ മാവുനട്ടത്. ഏറ്റവും അവസാനം ഈ പുരയിടത്തിൽ നട്ട മാവ്.... ഏറ്റവും ഇളയവനായ ഞാൻ തന്നെ നട്ടു, വെള്ളമൊഴിച്ചു. ആദ്യം മാവു പൂത്തപ്പോൾ കേശവന്റെ മനസ്സിൽ സന്തോഷം അലതല്ലി. പലരും ഭാഗം വയ്ക്കൽ കഴിഞ്ഞ് പലവഴി പോയി. എനിക്ക് കിട്ടിയത് ഈ വീടുംപുരയിടവും. കാലം കഴിഞ്ഞു. പരിഷ്കാരിയായ മരുമകളെത്തി. ഓരോരോ കാരണം നിരത്തി മകനെക്കൊണ്ട് വീട്ടുവളപ്പിലെ എല്ലാ മരങ്ങളും നിഷ്കരുണം വെട്ടിമാറ്റി. അവസാനത്തെ ഊഴം ഈ മാവിനായവൾ മാറ്റി വച്ചു. സഹോദരങ്ങളെല്ലാം മരിച്ചു. ഇനി ഞാനും മാവും മാത്രം ബാക്കി. ഇപ്പോഴിതാ... ഈ മാവും പോകുന്നു!

മരം വെട്ട് ഒരുത്സവമായിത്തന്നെ നടക്കുന്നു. മഴ കൂടുതൽ കടുത്തപ്പോൾ പണിക്കാർ തൽക്കാലം പണി നിർത്തി വരാന്തയിലേയ്ക്കിരുന്നു. വലിയൊരു കാറ്റ് വീശി. കേശവനെന്തോ വല്ലാത്തൊരു അസ്വസ്ഥത. ഹൃദയം നുറുങ്ങുന്ന വേദന. ഒരു വലിയ അലർച്ചയോടെ മരം കടപുഴകി വീണു. ഒരു ചെടിക്കുപോലും ദോഷമുണ്ടാക്കാതെ സ്വസ്ഥമായി.ശോഭ ഓടി വന്നു. അവളുടെ മുഖത്ത് സന്തോഷത്തിന്റെ നിഴൽ മായാതെ നിന്നു.

“അയ്യോ.... അമ്മാവാ... !” പണിക്കാരിൽ ആരോ ഒരാൾ വിളിച്ചു.

കേശവന്റെ കണ്ണുകളടയുന്നു, കാതുകളിലേയ്ക്ക് ചില ശബ്ദങ്ങൾ മാത്രം കടന്നുവരുന്നു. ആരോക്കെയോ തന്നെ എടുത്തുപൊക്കുന്നതായി കേശവന് തോന്നി. അനങ്ങാൻ കഴിയുന്നില്ല. സൂര്യൻ മെല്ലെ പൊത്തിയ കണ്ണുകൾ തുറന്നു. പ്രകൃതി ശാന്തയായി. സർവത്ര പരന്ന നിശബ്ദത ഒരു കൊലയാളിയെപ്പോലെ എല്ലാവരെയും തുറിച്ചുനോക്കി!

**അഞ്ജന എസ്. എസ്.**
11 (സയൻസ്), ഗവണ്മെന്റ് മോഡൽ ബി.എച്ച്.എസ്.എസ്. ആറ്റിങ്ങൽ
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം

# എന്റെ നിള

ഞാൻ ചിന്നു. എന്റെ കൂട്ടുകാരിയാണ് നിള. അതെ നിങ്ങളുടെ ഊഹം ശരി തന്നെ. നമുക്കെല്ലാവർക്കും സുപരിചിതയായ ഭാരതപുഴയാണവൾ. അവളിന്ന് വളരെയധികം ദു:ഖിതയാണ്. വേനൽക്കാലത്ത് എല്ലാവരും ഒരു തുള്ളി വെള്ളത്തിനായി പരക്കംപായുന്നു. ഒരു പ്രളയം നാടിനെയാകെ വെള്ളത്തിനടിയിലാക്കിയിട്ടിപ്പോൾ മാസങ്ങളേ ആയുള്ളൂ. ഇപ്പൊ കുടിനീരിനുനെട്ടോട്ടമാണ്. എന്റെ നിള വരണ്ടുണങ്ങി. ആ കാഴ്ച എന്നെ സങ്കടപ്പെടുത്തി. ഞാനവളെക്കാണാൻ പോകുമ്പോൾ എനിക്ക് തണലേകുന്നത് എന്റെ ചങ്ങാതിമാരായ തേന്മാവും, പേരാലുമാണ്... പേരാലുണങ്ങിയത് എന്നെ വേദനിപ്പിച്ചു.ഈയിടെ നല്ല ഒരു വേനൽ മഴ കിട്ടി. അതിനു ശേഷം ഞാൻ പോയപ്പോൾ അത്ഭുതം തോന്നി: കുറച്ചു വെള്ളമുണ്ട്. അന്ന് കണ്ടതിൽ നിന്നും നല്ല മാറ്റം. എന്നെ കണ്ടപ്പോൾ അവൾ കളകളനാദത്തിൽ പാടി ഒഴുകി വന്നു. എനിക്ക് സന്തോഷമായി. എന്റെ കാല് നോവാതിരിക്കാൻ അവളവിടെ മണൽ വിരിച്ചിരുന്നു. തേന്മാവ് എനിക്കൊരു മാമ്പഴം തന്നു. ഞാനത് ആർത്തിയോടെ തിന്നുന്നത് കണ്ട് നിള പൊട്ടിച്ചിരിച്ചു. മാമ്പഴം തിന്ന ശേഷം കൈ കഴുകാൻ അവൾ വെള്ളം തന്നു. അത് അവളുടെ കണ്ണുനീരായിരുന്നു. കുറേ പ്ലാസ്റ്റിക് മാലിന്യം മുന്നിലൂടെ ഒഴുകി. അവളെ ചവറ്റുകുട്ടയാക്കുന്നതു കൊണ്ട് ഇവിടുത്തെ ആളുകളെ പകർച്ചവ്യാധികൾ പിടികൂടുമെന്ന് അവൾ എന്നോടു പറഞ്ഞു. ആളുകൾക്ക് ബോധമില്ലല്ലോ. അവളെ കൊല്ലാനായി അപ്പുറത്ത് ലോറികൾ നിരന്നു നിന്നു.ഞാൻ സങ്കടം കൊണ്ട് വീട്ടിലേക്കോടി. അവളെന്നും പഴയപോലെ സുന്ദരിയായി, സന്തോഷവതിയായി അവിടെത്തന്നെ ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാനാശിച്ചു.

**അക്ഷര പി. എച്ച്.**
6 ഡി, ജി. യു. പി. എസ്. കടമ്പഴിപ്പുറം
ചെർപ്പുളശ്ശേരി ഉപജില്ല, പാലക്കാട്



# പ്രകൃതിയുടെ നൊമ്പരങ്ങൾ

മരങ്ങൾ വെട്ടിനശിപ്പിക്കുന്ന പുതു തലമുറക്ക് പ്രചോദനമായേക്കുന്ന ഒരു കഥ. ഒരു മരം വെട്ടിയാൽ പകരം പത്ത് മരങ്ങൾ വച്ചുപിടിപ്പിക്കണം. ആ മരത്തിന്റെ ഒരു താളു കൊണ്ടാകില്ലേ നാമിന്നെഴുതുന്ന ഓരോ പേപ്പറും. എത്രയെത്ര പേപ്പറുകളാണ് ദിനംപ്രതി നാം നാശമാക്കുന്നത്. ഒരു ദിവസമെങ്കിലും ചിന്തിച്ചിട്ടുണ്ടോ?. അങ്ങനെയൊരു കടലാസ്സിന്റെ നൊമ്പരമാണ് എന്റെ കഥയിലെ താരം. ഞാൻ വെറുമൊരു നോട്ടുബുക്കിലെ കടലാസായിരുന്നു. ഈ നോട്ടുബുക്കിന്റെ ഉടമസ്ഥൻ ആകാശ് എന്നൊരു വികൃതിപ്പയ്യനാണ്. തൊട്ടതിനും തുണഞ്ഞതിനുമെല്ലാം ദേഷ്യം വരുന്ന ആളാണ് ആകാശ്. ദേഷ്യമെല്ലാം തീർക്കൽ എങ്ങനെയെന്നോ?. പുസ്തകത്താളുകൾ കീറിയും ചുരുട്ടിയും എല്ലാം ദേഷ്യം തീർക്കും. ചിലപ്പോൾ ആകാശത്തേക്ക് റോക്കറ്റുകൾ എറിഞ്ഞു കളിക്കും. അവന്റെ അച്ഛനുമമ്മയും രാപ്പകൽ പണിയെടുത്ത് ഉണ്ടാക്കുന്ന തുച്ഛവരുമാനം കൊണ്ടാണ് പുസ്തകങ്ങളും പേനയും പേനയും പെൻസിലുമെല്ലാം വാങ്ങിക്കൊടുക്കുന്നത്. പാവം അച്ഛനുമമ്മയും. മകനൊരു പ്രകൃതി സ്നേഹിയാകാനായിരുന്നു ആ മാതാപിതാക്കളുടെ ആഗ്രഹം. എന്നാൽ മകനതിന് വിപരീതമായി വളരുമ്പോൾ ആ അമ്മ മനസ്സിൽ എത്ര നൊമ്പരപ്പൂക്കൾ വിരിഞ്ഞിട്ടുണ്ടാകും. അങ്ങനെ ആകാശിന്റെ അടുത്ത സ്കൂൾ ദിനം തുടങ്ങുകയായി. സാധാരണ വരാറുള്ള സ്മിത ടീച്ചറല്ല ഇന്നു വന്നത്. ഇതൊരു പുതിയ ടീച്ചറാണ്. എല്ലാവരും ആകാംക്ഷയോടെ ടീച്ചറെ ഉറ്റുനോക്കിക്കൊണ്ടിരുന്നു. ടീച്ചർ എല്ലാവരെയും പരിചയപ്പെട്ടു. എന്റെ പേര് റോസി എന്ന് ടീച്ചർ പറഞ്ഞു. എല്ലാവർക്കും ആകാംക്ഷ ടീച്ചർ എന്താവും പഠിപ്പിക്കുന്നത്? കണക്കാകല്ലേ. ചിലർ അടക്കം പറഞ്ഞു. പെട്ടന്ന് ടീച്ചർ തുടങ്ങി. പ്രകൃതി പാഠങ്ങൾ. എല്ലാവരും നിശ്ശബ്ദമായി. വികൃതിയായ ആകാശ് പോലും. പ്രകൃതിയെ എങ്ങനെ സംരക്ഷിക്കണമെന്നും പരിപാലിക്കണമെന്നുമെല്ലാം റോസി ടീച്ചർ പറഞ്ഞു കൊടുത്തു. ഇതു കേട്ട ആകാശിന്റെ മനസ്സിൽ ഒരു ചിന്ത നാമ്പിട്ടു. ഞാനൊരു പ്രകൃതി സ്നേഹി ആകണമെന്നുള്ള ചിന്ത. അന്നു മുതൽ ആകാശ് അതിനുള്ള പരിശ്രമങ്ങൾ ചെയ്തു തുടങ്ങി. അവൻ എട്ടാം ക്ലാസിലാണ് പഠിക്കുന്നത്. അവന് താഴെയുള്ള കുട്ടികൾ ചെടികൾ

പിഴുതെടുക്കുന്നത് കണ്ടാൽ ശാസിക്കാതെ പറഞ്ഞു മനസ്സിലാക്കി. ടീച്ചർമാർക്കൊക്കെ സംശയം ഇത് ആകാശ് തന്നെയാണോ? ആകാശിന് പരീക്ഷ സമയമെത്തി. അവൻ കിണഞ്ഞു പരിശ്രമിച്ചു. ഒമ്പതാം ക്ലാസിലേക്കവൻ ഒന്നാം റാങ്കോടെ ജയിച്ചു. ക്ലാസിലെ പഠിപ്പിസ്റ്റുകൾ അന്തം വിട്ടു. തങ്ങളെ ആകാശ് തോൽപിച്ചിരിക്കുന്നു. ഒമ്പതാം ക്ലാസിലും അവൻ വിജയിച്ചു.ഇനി പത്താം ക്ലാസല്ലേ.. ആകാശിനെ എങ്ങനെയെങ്കിലും തറപറ്റിച്ചിട്ട് മുന്നേറണമെന്ന വാശി എല്ലാവർക്കുമുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷാ ദിനങ്ങൾ ഒന്നൊന്നായി കൊഴിഞ്ഞു വീണു. ഇനി റിസൾട്ടിനുള്ള കാത്തിരിപ്പുകൾ മാത്രം. റിസൽറ്റ് വന്നു. ആകാശിന് എല്ലാം ഏ+ അവന്റെ അമ്മക്ക് ഇതിലും വലിയ സന്തോഷം ഇനിയില്ല. ആകാശിപ്പോൾ ഒരു പ്രകൃതി സ്നേഹി മാത്രം. അവനിപ്പോൾ പ്രകൃതിയെ കുറിച്ച് ക്ലാസെടുക്കുന്നു. പ്രകൃതിസംരക്ഷണത്തിനായ് പോരാടുന്നു.മരങ്ങൾ വെട്ടുന്നതിനെ ശക്തമായി എതിർക്കുന്നു. ഇപ്പോൾ ആകാശിന് തിരക്കൊഴിഞ്ഞ സമയമില്ല. പ്രകൃതിയോടൊപ്പം ആകാശും വളരുന്നു.

**ഫാത്തിമ സന.സി.കെ.**
5 ഡി, ജി.യു.പി. സ്കൂൾ ക്ലാരി
വേങ്ങര ഉപജില്ല, മലപ്പുറം

# പ്രകൃതിയുടെ നന്മ

ഒരു ദിവസം ബാലുവും അമ്മുവും റോഡിലൂടെ നടന്നു പോകുകയായിരുന്നു.

അപ്പോൾ അതാ ഒരു വീട്ടിൽ നിന്നും മാലിന്യങ്ങൾ റോഡിലെ ഓടയിലേക്ക് വലിച്ചെറിയുന്നു. അതു കണ്ട് അമ്മു ബാലുവിനോട് പറഞ്ഞു.

“ബാലു നീ അതു കണ്ടോ..?”

ആ വീട്ടിലെ മാലിന്യങ്ങൾ എല്ലാം അവർ ഓടയിലേക്കാണ് വലിച്ചെറിയുന്നത്. ഇവരെ പോലുള്ളവരാണ് പ്രകൃതിയെ മലിനമാക്കുന്നത്. അതുകേട്ട് ബാലു പറഞ്ഞു. അതിനെന്താ എന്റെ വീട്ടിലെ മാലിന്യങ്ങളും എന്റെ അമ്മ ഓടയിലേക്കാണ് വലിച്ചെറിയുന്നത്. നമുക്ക് നമ്മുടെ വീട് മാത്രം വൃത്തിയാക്കിയാൽ പോരെ? അമ്മു പറഞ്ഞു “പോരാ നമ്മുടെ പരിസരവും റോഡും എല്ലാം നമ്മൾ വൃത്തിയാക്കണം.” മഴക്കാലത്ത് നമ്മൾ വലിച്ചെറിയുന്ന മാലിന്യങ്ങൾ ഒഴുകി നമ്മുടെ പുഴകളിലും, കുളങ്ങളിലും , കിണറുകളിലും എത്തുന്നു. അങ്ങനെ നമ്മൾ ശ്വസിക്കുന്ന വായുവും, കുടിക്കാനും, കുളിക്കാനും മറ്റും ഉപയോഗിക്കുന്ന വെള്ളവും മലിനമാക്കുന്നു. പരിസരം മലിനമായാൽ പലവിധ രോഗാണുക്കളും പെരുകി നമുക്ക് പല അസുഖങ്ങളും ഉണ്ടാവുന്നു. നമുക്ക് ശ്വസിക്കാൻ ശുദ്ധവായുവും കുടിക്കാൻ ശുദ്ധജലവും തരുന്ന പ്രകൃതിയോട് നമ്മൾ ചെയുന്ന ക്രൂരതയാണിത്. പ്രകൃതിയെ സംരക്ഷിക്കൽ നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. “എനിക്ക് ഇതൊന്നും അറിയില്ലായിരുന്നു. അമ്മു നീ പറഞ്ഞപ്പോഴാണ് പ്രകൃതിയുടെ നന്മയെ കുറിച്ച് മനസ്സിലായത്. പിന്നെ നിന്റെ വീട്ടിലെ മാലിന്യങ്ങൾ എല്ലാം എന്താണ് ചെയ്യുന്നത്” ബാലു ചോദിച്ചു. അമ്മു പറഞ്ഞു :“എന്റെ വീട്ടിലെ പച്ചക്കറി മാലിന്യങ്ങൾ ഉപയോഗിച്ചു ജൈവവളം ഉണ്ടാക്കും. മണ്ണിൽ അലിയുന്ന മാലിന്യങ്ങൾ ഒരു കമ്പോസ്റ്റു കുഴി ഉണ്ടാക്കി അതിൽ സംഭരിക്കും.” “എന്നാൽ എന്റെ വീട്ടിലെ മാലിന്യങ്ങളും ഇനി അങ്ങനെ ചെയ്യണം. നമുക്ക് വേഗം എന്റെ വീട്ടിലേക്ക് പോകാം.” അവർ ബാലുവിന്റെ വീട്ടിലെത്തി. ബാലു ഓടിച്ചെന്ന് അമ്മയോട് പറഞ്ഞു. “അമ്മേ? നമ്മൾ മനുഷ്യർ തന്നെ ആണ് പ്രകൃതിയേ നശിപ്പി ക്കുന്നത്.

അമ്മ ബാലു വിനോട് ചോദിച്ചു? "എന്താ നീ പറയുന്നത്?" "നമ്മൾ നമ്മുടെ വീട്ടിലെ മാലിന്യങ്ങൾ എല്ലാം ഓടയിലേക്ക്എല്ലേ വലിച്ചെറിയുന്നത്. അത് നമ്മൾ പ്രകൃതിയോട് ചെയ്യുന്ന ക്രൂരതയല്ലേ?"

നമുക്ക് എല്ലാം കനിഞ്ഞു തരുന്ന പ്രകൃതിയെ സംരക്ഷിക്കൽ നമ്മുടെ കടമ എല്ലേ അമ്മേ? ശെരിയാണ് മോനെ നീ പറഞ്ഞത്. "പിന്നെ നമ്മുടെ വീട്ടിലെ മാലിന്യങ്ങൾ എന്താണ് ചെയ്യുക?" "പച്ചക്കറി മാലിന്യങ്ങൾ ഉപയോഗിച്ച് ജൈവവളം ഉണ്ടാക്കാം. മണ്ണിൽ അലിയുന്ന മാലിന്യങ്ങൾ ഒരു കമ്പോസ്റ്റു കുഴി ഉണ്ടാക്കി അതിലേക്ക് നിക്ഷേപിക്കാം. അങ്ങനെ നമുക്ക് നമ്മുടെ വീടും പരിസരവും വൃത്തിയാക്കാം. അങ്ങനെ നമ്മുടെ പ്രക്രതിയെ നമുക്ക് സംരക്ഷിക്കാം."

"ആരാണ് മോനെ നിനക്ക് ഇതെല്ലാം പറഞ്ഞു തന്നത്?" "അമ്മുവാണ് അമ്മേ എനിക്ക് പ്രകൃതിയുടെ നന്മയെ കുറിച്ച് മനസ്സിലാക്കി തന്നത്." ബാലുവിന്റെ അമ്മയും, ബാലുവും അമ്മുവിനോട് നന്ദി പറഞ്ഞു.

**ഫാത്തിമ റിസ്നി. കെ.**
5 ബി, ജി.യു.പി.എസ്., നരിപ്പറമ്പ്
പട്ടാമ്പി ഉപജില്ല, പാലക്കാട്



# പ്രകൃതിയുടെ ശബ്ദം

ഒരിടത്ത് ഒരു ഗ്രാമമുണ്ടായിരുന്നു. പവിഴമലയുടെ അടിവാരത്തിലുണ്ടായിരുന്ന ഈ ഗ്രാമം പവിഴ ഗ്രാമം എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. സ്നേഹസമ്പന്നരായ കർഷകർ ഒത്തൊരുമയോടെ താമസിച്ചിരുന്ന ഈ ഗ്രാമത്തിനു കാവലാളായി പവിഴമലമുകളിൽ പുരാതനമായ ഒരു ക്ഷേത്രവുമുണ്ടായിരുന്നു. അതുകൊണ്ടു തന്നെ ഗ്രാമവാസികൾക്ക് പവിഴമലയും ദൈവതുല്യമായിരുന്നു.

അങ്ങനെയിരിക്കേ ആ ഗ്രാമത്തിലേക്ക് ഒരു ദിവസം ആഡംബര വസ്ത്രധാരിയായ ഒരാൾ ഗ്രാമമുഖ്യനെ കാണാനായെത്തി. താൻ പട്ടണത്തിൽ നിന്നാണെന്നും തന്റെ പേര് വിശാൽമേത്ത എന്നാണെന്നും ഗ്രാമമുഖ്യനെ കണ്ട് ഒരു സുപ്രധാന കാര്യം അറിയിക്കാനാണ് വന്നതെന്നും അറിയിച്ചു. ഗ്രാമമുഖ്യൻ ആദരവോടെ അദ്ദേഹത്തെ സ്വീകരിച്ചിരുത്തി എന്താ കാര്യമെന്നന്വേഷിച്ചു. താൻ ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന പ്രശസ്തമായ കൺസ്ട്രക്ഷൻസ് എന്ന നിർമ്മാണ കമ്പനിയുടെ സൂപ്പർവൈസർ ആണെന്ന് വിശാൽ പറഞ്ഞു. കമ്പനി പുതുതായി പവിഴമലയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന പഞ്ചനക്ഷത്രഹോട്ടലിന്റെ നിർമ്മാണ വുമായി ബന്ധപ്പെട്ടാണവിടെ എത്തിയതെന്നു ഗ്രാമമുഖ്യനോടു പറഞ്ഞു. ഇതു കേട്ട ഗ്രാമുഖ്യൻ അമ്പരന്നു. 'ഹോട്ടലോ? ഇവിടെയോ? ആർക്കുവേണ്ടി? പാവങ്ങളായ ആൾകാർക്ക് ഇവിടെയുള്ള രാമനുണ്ണിയുടെ ചായപ്പീടിക തന്നെ ധാരാളം.. പിന്നെന്തിനാ ഇത്രയും വലിയൊരു ഹോട്ടൽ.. 'ഗ്രാമമുഖ്യന്റെ സംശയങ്ങൾ കേട്ട വിശാൽ ഉറക്കെ ചിരിച്ചു.. 'ഹ ഹ ഹ.... ഈ അഞ്ചു നില ആഡംബര ഹോട്ടൽ ഇവിടുത്തെ പട്ടിണി പാവങ്ങളായ നാട്ടുകാർക്കല്ല. നിങ്ങൾക്കറിയില്ല ഇപ്പോൾ ഈ ഗ്രാമത്തിന്റെ മാർക്കറ്റ് വില? ഇവിടെ ഇത്തരം സംവിധാനങ്ങളുണ്ടെന്നറിഞ്ഞാൽ വിദേശികളും സ്വദേശികളുമായ സഞ്ചാരികളുടെ പ്രവാഹമായിരിക്കും ഇവിടെ. ആ മലമുകളിൽ ഉടനെ തന്നെ ഒരു മണിമന്ദിരം ഉയരും. ഞങ്ങളിവിടെ ഒരു ബിസിനസ് സാമ്രാജ്യം പടുത്തുയർത്തും' വിശാൽ തുടർന്നു....

ഗ്രാമമുഖ്യന് സ്വന്തം കാതുകളെ വിശ്വസിക്കാനായില്ല.. 'ഇല്ല... അത് നടക്കില്ല.... ഞങ്ങളുടെ ദൈവമാണ് പവിഴമല... ഞങ്ങളുടെ ജീവനും ജീവിതവും ഈ മലനിരകളെയും അതിൽ നിന്നൊഴുകുന്ന പുഴയെയും ആശ്രയിച്ചാണ്.... ഇത്തരമൊരു നിർമാണം ഞങ്ങളുടെ പവിഴമലയുടെ നാശത്തിനു കാരണമാകും.. അതു കൊണ്ട് ദയവു ചെയ്ത് നിങ്ങൾ ഈ പദ്ധതി ഉപേക്ഷിക്കണം....' ഗ്രാമമുഖ്യൻ വിശാലിനോട് അപേക്ഷിച്ചു.'

ഉപേക്ഷിക്കാനോ....ഹ ഹ ഹ ...ഒരിക്കലും സാധ്യമല്ല ..എല്ലാ നടപടികളും പൂർത്തിയാക്കി ഗവൺമെന്റിന്റെ അനുമതിയുമായി നാളെത്തന്നെ പണി തുടങ്ങാനുള്ള എല്ലാ ഏർപ്പാടുകളുമായാണ് ഞാനെത്തിയത്... ഒരു മര്യാദയുടെ പേരിൽ നിങ്ങളോട് പറഞ്ഞെന്നു മാത്രം...' ഇത്രയും പറഞ്ഞ് വിശാൽ പോയി.

ഹൃദയം പൊട്ടുന്ന വേദനയുമായി ഗ്രാമമുഖ്യൻ നിന്നു. ജനിച്ച നാൾ മുതൽ ഈ മലയും പുഴയും ക്ഷേത്രവും ജീവന്റെ ഭാഗമാണ്. അതിനെ നശിപ്പിക്കാൻ സമ്മതിക്കരുത്. ഗ്രാമമുഖ്യൻ ഉടനെ തന്നെ ഗ്രാമ വാസികളെ വിളിച്ചുകൂട്ടി വിവരം ധരിപ്പിച്ചു. അവരും ഗ്രാമമുഖ്യനോടൊപ്പം നിന്നു. പവിഴമലയുടെ നാശം തങ്ങളുടേയും നാശമാണെന്നവർക്കറിയാം.. ഇനിയൊരു നിർമ്മാണം പവിഴമലയ്ക്കു താങ്ങാനാവില്ലെന്നുള്ള കാര്യം വിശാലിനെ പറഞ്ഞു ബോധ്യപ്പെടുത്താൻ അവർ തീരുമാനിച്ചു.

പിറ്റേ ദിവസം ഗ്രാമവാസികൾ കണി കണ്ടത് നിരനിരയായി വരുന്ന ലോറികളെയും തൊഴിലാളികളെയുമാണ്. സംഭ്രാന്തരായ ഗ്രാമീണർ ഗ്രാമമുഖ്യനൊപ്പം പവിഴമലയിലെത്തി പണിക്കാർക്ക് നിർദ്ദേശങ്ങൾ കൊടുക്കുന്ന വിശാലിനെ കണ്ടു. അവർ എല്ലാ കാര്യങ്ങളും വിശാലിനെ പറഞ്ഞു ബോധ്യപ്പെടുത്താൻ ശ്രമിച്ചു. എന്നാൽ അയാൾ ഗ്രാമീണരെ പരിഹസിച്ചു തള്ളി. യന്ത്രങ്ങൾ തങ്ങളുടെ പവിഴമലയെ വിഴുങ്ങുന്നതു കണ്ടു നിൽക്കാനാകാതെ ഗ്രാമീണർ നിരാശരായി മലയിറങ്ങി. പെട്ടെന്ന് വലിയൊരലർച്ചയും പാറകൾ വീഴുന്ന ശബ്ദവും കേട്ട ഗ്രാമവാസികൾ ഞെട്ടിത്തിരിഞ്ഞു നോക്കി. അവർക്ക് വിശ്വസിക്കാനായില്ല. അതെ അത് സംഭവിച്ചു കഴിഞ്ഞു. പവിഴമലയിൽ ഉരുൾ പൊട്ടി. പാറയും മണ്ണുമായി പവിഴമലയിതാ താഴേക്കൊഴുകുന്നു. പാറകൾക്കടിയിൽപ്പെട്ട് ജീവനുവേണ്ടിയുള്ള വിശാലിന്റെ തൊഴിലാളികളുടെ നിലവിളി അവർക്ക് കണ്ടു നിൽക്കാനായില്ല. പരമാവധി പേരുടെ ജീവൻ അവർ രക്ഷിച്ചു. ആ ശ്രമത്തിനിടയിൽ ചില ഗ്രാമവാസികളുടെ ജീവനും പൊലിഞ്ഞു. കൂട്ടത്തിൽ വിശാലിനും ജീവൻ നഷ്ടമായി.

അതേ, സ്വാർത്ഥരായ മനുഷ്യരുടെ ഹീനമായ പ്രവൃത്തികൾക്കെതിരെ ഒരു നാൾ ഈ പ്രകൃതി ശബ്ദമുയർത്തുക തന്നെ ചെയ്യും. പേമാരിയായും, കൊടുങ്കാറ്റായും മഹാവ്യാധിയായും.

**അഭിശ്രീ.**
9 എ, ജി. വി. എച്ച്. എസ്സ്. എസ്സ്. ആലംകോട്
ആറ്റിങ്ങൽ ഉപജില്ല, തിരുവനന്തപുരം



# ഓർമപ്പെടുത്തൽ

ലളിതമായ ജീവിതം നയിക്കുക.

നിക്കു , ചിക്കു കാക്കകൾ സുബ്രഹ്മണ്യ ക്ഷേത്രത്തിന്റെ കാമ്പസിലെ ഒരു വലിയ മരത്തിലാണ് താമസിക്കുന്നത്. അടുത്തുള്ള തണൽ മരത്തിന്റെ കൊമ്പുകളിൽ കൂടുണ്ടാക്കാൻ അവർ തീരുമാനിച്ചു.

പിറ്റേന്ന് രാവിലെ തന്നെ അവർ ജോലി ആരംഭിച്ചു. നിക്കു ബാക്കിയുള്ള കാക്കകളുടെ കാര്യത്തിലെന്നപോലെ തൊണ്ടു കളുടെ ചകിരിയും മാലിന്യ പേപ്പറുകളും മരങ്ങളുടെ ഉണങ്ങിയ വിറകുകളും ശേഖരിക്കാൻ തുടങ്ങി. എന്നാൽ അഭിമാനിയായ ചിക്കു കൂടുണ്ടാക്കുന്ന പഴയ ശൈലിയിൽ ലജ്ജ തോന്നി, നിക്കുവിന്റെ പഴയ രീതിയിലുള്ള പ്രവർത്തനത്തെ പരിഹസിച്ചു. അവൾ പറഞ്ഞു 'ഈ പഴയ ശൈലിയിലുള്ള കൂട്ടിൽ താമസിക്കുന്നതിൽ നിങ്ങൾക്ക് ലജ്ജയില്ലേ? ഇത്തരത്തിലുള്ള പഴയ ശൈലിയിലുള്ള കൂട്ടിൽ താമസിക്കാൻ എനിക്ക് അറപ്പാണ് . ഞാൻ നിങ്ങളുടേതിനേക്കാൾ നൂറിരട്ടി മികച്ച ഒരു കൂടുണ്ടാക്കാൻ പോകുന്നു. നിങ്ങൾക്ക് കാത്തിരുന്ന് കാണാനാകും. ചിക്കു വിന്റെ പ്രതികരണം വളരെ വേദനിപ്പിക്കുന്നതും വേദനാജനകവുമായിരുന്നുവെങ്കിലും നിക്കു മിണ്ടാതിരുന്നു.

ചിക്കു തന്റെ ആധുനികവും നൂതനവുമായ കൂടുണ്ടാക്കാൻ മികച്ച വസ്തുക്കൾ തേടി വനത്തിലും പട്ടണത്തിലും അലഞ്ഞു. പട്ടണത്തിലെ ഒരു വീടിനുള്ളിൽ ചുറ്റിക്കറങ്ങുമ്പോൾ സ്വർണ്ണ മാലകളുടെ അത്ഭുതകരമായ കാഴ്ച കണ്ട് അവൾ ഞെട്ടി. 'കൊള്ളാം, സ്വർണ്ണത്തിൽ നിന്ന് ഒരു കൂടുണ്ടാക്കുന്നത് വളരെ നല്ലതാണ്. സ്വർണ്ണത്തിൽ നിന്ന് ഒരു കൂടുണ്ടാക്കുന്ന ലോകത്തിലെ ആദ്യത്തെ കാക്കയായിരിക്കും ഞാൻ '. ചിക്കു പിറുപിറുത്തു. അവൾ പല വീടുകളിലും ചുറ്റി സ്വർണ്ണ മാലകൾ തട്ടിയെടുത്തു.

കാക്കയുടെ അത്യാഗ്രഹകരമായ പ്രവർത്തനങ്ങൾ നോക്കുമ്പോൾ നിക്കു അവളെ ഓർമ്മിപ്പിച്ചു. 'ചിക്കു, നിങ്ങൾ ധാരാളം അപകടകരമായ പ്രവർത്തനങ്ങൾ ചെയ്യുന്നു, ശ്രദ്ധിക്കുക. ഉറങ്ങാൻ നിങ്ങൾക്ക് എന്തിനാണ് അതിരുകടന്ന കൂടു ആവശ്യമുള്ളത്?

എന്നാൽ നിക്കുവിന്റെ വാക്കുകൾ കേൾക്കാനുള്ള മാനസികാവസ്ഥ ചിക്കു വിന് ഉണ്ടായിരുന്നില്ല. സ്വർണ്ണാഭരണങ്ങളുടെ എല്ലാ അലങ്കാരങ്ങളും കൊണ്ട് മനോഹരവും തിളക്കമാർന്നതുമായ ഒരു വീട് അദ്ദേഹം നിർമ്മിച്ചു.

ഒരു നല്ല പ്രഭാതത്തിൽ ഒരു കാൽനടയാത്രക്കാരൻ ചിക്കുവിന്റെ കൂടുള്ള മരത്തിന്റെ ചുവട്ടിൽനിന്ന് കുറച്ചുനേരം വിശ്രമിക്കുവാനായി മലർന്ന് കിടന്നു. അവൻ അവിടെ ഉറങ്ങുമ്പോൾ അയാളുടെ കണ്ണുകൾ അറിയാതെ ചിക്കുവിന്റെ സ്വർണ്ണ കൂടിൽ ശ്രദ്ധിച്ചു. ഈ കാഴ്ചയിൽ അദ്ദേഹത്തെ അമ്പരപ്പിച്ചു, അല്പ സമയത്തിനുള്ളിൽ തന്നെ അദ്ദേഹം മരത്തിൽ കയറി സ്വർണ്ണ കൂടിലെത്തി. കൂട്ടിൽ നിന്ന് സ്വർണ്ണാഭരണങ്ങളെല്ലാം തട്ടിയെടുത്ത അദ്ദേഹം അത് പൂർണ്ണമായും നശിപ്പിച്ച് സ്ഥലം വിട്ടു. നിക്കു ഓർമ്മിപ്പിച്ച കാര്യങ്ങളെല്ലാം ചിക്കു ദു:ഖത്തോടും സങ്കടത്തോടും കൂടി ഓർത്തു; ഞാൻ നിങ്ങളെ മനസ്സിലാക്കണമായിരുന്നു നിക്കൂ, എന്നോട് ക്ഷമിക്കൂ, കാരണം ഞാൻ നിങ്ങളോട് ബഹുമാനവും അനുസരണവുമില്ലായിരുന്നു. എനിക്ക് ജീവിക്കാൻ ലളിതമായ ഒരു കൂടു മാത്രമേ ആവശ്യമുള്ളൂ '.

അതിരുകടന്നതും ആഡീബരവുമായ ജീവിതത്തോടുള്ള പ്രവണത നിങ്ങൾക്കുണ്ടാകുമ്പോൾ, ഈ കഥ നിങ്ങളെ അടിസ്ഥാനപരവും ലളിതവുമായ ഒരു ജീവിതം നിലനിർത്തുന്നതിനുള്ള ഒരു ഓർമ്മപ്പെടുത്തലായിരിക്കട്ടെ.

**നന്ദന**
11 (വി എച്ച് എസ് ഇ) ജി.വി.എച്ച്.എസ്സ്.എസ്സ്. ആര്യാട്
ആലപ്പുഴ ഉപജില്ല, ആലപ്പുഴ

# ഒരു പാഠം കൂടി

'അങ്ങനെ നീയും ഇവിടെ എത്തി അല്ലേ ... ഈ ഒരു കൂടിക്കാഴ്ച നീയൊട്ടും പ്രതീക്ഷിച്ചിട്ടുണ്ടാവില്ല അല്ലെ.. മരണത്തിനുശേഷം പിന്നൊരു ജീവിതമില്ലെന്ന് വിശ്വസിച്ച നീ ഇപ്പോൾ എന്തു പറയുന്നു....'

ജോസഫെന്ന ജനകീയ ഡോക്ടറുടെ ദാരുണ അന്ത്യം നാടിനെ നടുക്കി . ജനങ്ങളുടെ നന്മക്ക് വേണ്ടി മാത്രം ചികിത്സിച്ച വ്യക്തി. പത്രത്തിലൂടെയാണ് ആ ദുരവസ്ഥ അറിയുന്നത്. ഇന്ത്യയിലും പൊലിഞ്ഞു ഒരു ഡോക്ടറുടെ ജീവൻ, പരിശോധനയ്ക്കിടെ രോഗികളിൽ നിന്ന് വൈറസ് പകർന്ന് മരണം.

ജോസഫ് ആരാണ്? എന്തിന് ഇത്രയേറെ ജനങ്ങൾ സ്നേഹിക്കുന്നു?

ഒരുപക്ഷേ കേൾക്കുന്നവർക്ക് അർത്ഥമില്ലാത്ത ചോദ്യങ്ങൾ .എന്നാൽ അതിനുള്ള ഉത്തരങ്ങൾ എല്ലാവർക്കുംലഅറിയാമായിരുന്നു . കോവിഡ് എന്ന മഹാമാരിയെ നാട്ടിൽ നിന്നും നിർമാർജനം ചെയ്യാൻ അഹോരാത്രം പ്രയത്നിച്ച ഡോക്ടർ.

ഇപ്പോൾ ജോസഫ് എന്ന അവിശ്വാസി ദൈവത്തിൻറെ മുന്നിൽ ഇരിക്കുന്നു.!

'ദൈവം എന്നൊന്നില്ല എന്ന് പറഞ്ഞു നടന്ന ഡോക്ടർ ഇവിടെ തോറ്റു പോയോ'

വിശ്വാസം ഇല്ലാതിരുന്ന അയാൾ ദൈവത്തിന്റെ മുന്നിലും തലതാഴ്ത്തിയില്ല.

'ഇപ്പോൾ മനസ്സിലായില്ലേ ദൈവം എന്നൊന്നുണ്ടെന്ന്.'

'ക്ഷമിക്കണം ,ഞാൻ ഇത്രയും കാലം ദൈവത്തെ തള്ളിപ്പറഞ്ഞു.'

'ദൈവത്തോട് ക്ഷമ ചോദിക്കേണ്ട ആവശ്യമില്ല കുഞ്ഞേ.. ഇവിടെ ഒരു ചടങ്ങുണ്ട് .. സ്വർഗത്തിലേക്കോ.. നരകത്തിലേക്കോ...ഒന്ന് സ്വയം വിശകലനം ചെയ്യാനുള്ള അവസരം...ഉള്ള കാര്യങ്ങൾ ജനനം മുതൽ നിരീക്ഷിക്കാം..'

'ഞാൻ കരുതി എന്നെ പോലെയുള്ളവർക്ക് നരകത്തിലാണ് സ്ഥാനമെന്ന്.'

'ഇല്ല ദൈവം നീതിമാനാണ് മകനെ...'

ഒരിക്കൽ ഭീഷ്മരുടെ 74 ജന്മങ്ങൾ പുറകിൽ പോയി അദ്ദേഹം ചെയ്ത ഭാഗം ഒപ്പം കാണിച്ചുകൊടുത്ത മിത്തിക്കൽ കഥ ഡോക്ടർ ഓർത്തു ..ഇവിടെ ഒരൊറ്റ ജന്മം മാത്രമേ വിശകലനം ചെയ്യേണ്ടൂ..

കാലം ജോസഫിൻറെ മുന്നിലൂടെ കടന്നുപോയി. കണ്ടിട്ടും കണ്ടില്ലെന്ന് നടിച്ച് പ്രതികരിക്കാതെ പോയ പലതും.. തന്റെ ചുറ്റു പാടും നടന്ന അനന്തമായ പ്രകൃതി ചൂഷണങ്ങൾ..അശാസ്ത്രീയമായ പാറപൊട്ടിക്കൽ, വനനശീകരണം, അശാസ്ത്രീയമായ നഗരവൽക്കരണം, അശാസ്ത്രീയമായ കരിമണൽ ഖനനം,

മണലൂറ്റൽ, തണ്ണീർത്തടങ്ങളും വയലുകളും ഇല്ലായ്മ ചെയ്യൽ, ഫാക്ടറികളിൽ നിന്നുള്ള രാസമാലിന്യങ്ങൾ പുറന്തള്ളൽ തുടങ്ങി പ്രകൃതിയെ നിരന്തരം ചൂഷണം ചെയ്തു കൊണ്ടിരിക്കുന്ന മനുഷ്യന്റെ അഹന്തയുടെ നേർക്കാഴ്ചകൾ. കണ്ടിട്ടും കണ്ടില്ലെന്നു നടിച്ചു. ഇത് എന്നെ പോലെയുള്ളവരുടെ തെറ്റ്. ജോസഫ് തലകുനിച്ചു.

''നിന്റെ 45 വർഷങ്ങളിൽ നീ ചെയ്ത പാപങ്ങൾ പൊറുക്കുവാൻ പറ്റാവുന്നതേയുള്ളൂ, നീ നല്ലവനാണെടോ.''

"ആയിരിക്കാം ...നിങ്ങളോ ? നിങ്ങളൊരു ക്രൂരനാണ്."

"എന്തിനാ എന്നോട് ഇത്ര വൈരാഗ്യം. ഞാൻ ചെയ്തത് തെറ്റാണോ."

''അല്ലെങ്കിൽ പിന്നെ നിങ്ങൾ എന്തിന് വീണ്ടും വീണ്ടും ജനങ്ങളെ കൊന്നൊടുക്കുന്നു. ഇതുവരെയുണ്ടായ എല്ലാ ദുരന്തങ്ങളും നിങ്ങളുടെ വികൃതികൾ ആണ്. ജനങ്ങളെ പലരെയും നിങ്ങൾ കൊന്നൊടുക്കി."

"നീയെന്നെ കൊലപാതകിയാക്കുന്നു. നീ പറഞ്ഞത് ശരിയാണ്. ഞാൻ തന്നെയാണ് കൊറോണ അയച്ചത്. എന്നാൽ അതിജീവിക്കനുള്ള വിദ്യയും പഠിപ്പിച്ചു. നിന്നിലൂടെ... മുഴുവൻ ശാസ്ത്രജ്ഞരിലൂടെ... പാതക്കരികിലെ പോസ്റ്ററുകൾ നോക്കൂ."

ശരിയാണ്, സാമൂഹിക അകലം പാലിക്കുക, കൈകൾ ഇടയ്ക്കിടെ സോപ്പിട്ടു കഴുകുക, മാസ്ക് ധരിക്കുക അങ്ങനെ പലതും.

"കണ്ടില്ലേ ഇവ പാലിക്കാത്തവരെ മാത്രമാണ് ഞാൻ എന്റെ അടുത്തേക്ക് വിളിക്കുന്നുള്ളൂ. മനുഷ്യർ തന്നെയാണ് അവരുടെ മരണത്തിനുള്ള കാരണക്കാർ. എല്ലാവരും പ്രകൃതിയെ കൊന്നൊടുക്കി മണ്ണിടിച്ചിലും പ്രളയവും ഉണ്ടായി. അന്ന് ഒറ്റക്കെട്ടായി നിന്ന് നിങ്ങളുടെ പ്രശ്നം പരിഹരിച്ചു."

"ഇന്നും ഞങ്ങൾ പരിഹരിക്കും, ഒറ്റക്കെട്ടായി തന്നെ."

"നല്ലത്, പക്ഷേ പരിഹരിച്ചു കഴിഞ്ഞാൽ ആ കെട്ടുറപ്പിനെന്തു സംഭവിക്കും? വീണ്ടും നിങ്ങൾ മനുഷ്യർ പാപങ്ങളിലേക്ക് പോകും ...എന്ത് ചെയ്യരുത് എന്ന് പറഞ്ഞോ, അതുതന്നെ ചെയ്യും അതിനൊരു വിരാമമുണ്ടായാൽ നന്ന്. മനുഷ്യരാശിയുടെ വിജയം ഉണ്ടാവട്ടെ എന്നാണ് എന്റെയും ആഗ്രഹം."

**അഗ്നിദേവൻ. എൻ.വി**
+1 സയൻസ്, ഡി.എച്ച്.ഒ.എച്ച്.എസ്.എസ്.പൂക്കരത്തറ
എടപ്പാൾ ഉപജില്ല, മലപ്പുറം

# ഒരു തീവണ്ടിയുടെ ആത്മഗതം

ഞാൻ തീവണ്ടി. 1879 ൽ ജനിച്ചു. എന്നെ പലരും ട്രെയിൻ എന്നാ വിളിക്കാറ്. ഈ മലയാളികൾ ഇങ്ങനെയാണ്. നല്ല മലയാളം പേരുണ്ടെങ്കിലും അവർക്കിഷ്ടം ഇംഗ്ലീഷ് പേരുകളോടാ....

എന്റെ അച്ഛൻ ആവിയന്ത്രമാണ്. 1804 ലിലാണ് അച്ഛന്റെ ജനനം. അച്ഛൻ പറഞ്ഞു തന്ന കഥകൾ കേട്ട് പ്രകൃതിരമണീയമായ സ്ഥലങ്ങളിലൂടെ ഒരുപാട് കാഴ്ചകൾ കണ്ട് ഓടാം എന്ന പ്രതീക്ഷയോടെയാണ് ഞാൻ എന്റെ ഓട്ടം തുടങ്ങിയത്. പക്ഷേ ഓടി തുടങ്ങിയപ്പോഴാണ് മനസ്സിലായത്, പ്രകൃതിയുടെ മനോഹാരിത എവിടെയോ മറഞ്ഞിട്ടുണ്ട്. അച്ഛൻ പറഞ്ഞ കഥകളിലെ മനുഷ്യർ, ഉള്ളത് പങ്കിട്ടും പരസ്പരം സഹകരിച്ചും പ്രകൃതിയെ സ്നേഹിച്ചും ജീവിച്ചിരുന്ന മനുഷ്യരായിരുന്നു. അച്ഛൻ പറഞ്ഞ പോലത്തെ മനുഷ്യരെ ഞാൻ എവിടെയും കണ്ടില്ല. പകരം, തന്റെ നേട്ടങ്ങൾക്കു വേണ്ടി പ്രകൃതിയെ കൊല്ലുന്നവരെയാണ് ഞാൻ കണ്ടത്. അച്ഛൻ പറഞ്ഞുതന്ന കഥകളിലെ നായകന്മാർ ആയിരുന്നു മനുഷ്യർ.ഇപ്പോൾ അവർ വില്ലൻ വേഷം കെട്ടി ആടുകയാണ്.പലർക്കും തൊട്ടടുത്ത വീട്ടിൽ ആരാണ് ഉള്ളതെന്ന് പോലും അറിയില്ല. പണത്തിനു പിന്നാലെയുള്ള ഓട്ടത്തിൽ അവൻ സ്നേഹിക്കാനും സഹകരിക്കാനും പ്രകൃതിയെ പരിഗണിക്കാനും മറന്നുപോയിരിക്കുന്നു.

1963 ൽ എനിക്കൊരു സുന്ദരിയായ മോൾ ജനിച്ചു. മെട്രോ എന്നാ അവളുടെ പേര്. പിച്ചവെച്ചു തുടങ്ങിയപ്പോൾ,പട്ടണങ്ങളിലൂടെ മാത്രമേ ഓടകയൊള്ളൂ എന്ന് അവൾ ശാഠ്യം പിടിച്ചു. കണ്ടുമുട്ടുമ്പോൾ അവൾ പട്ടണത്തിലെ വിശേഷങ്ങൾ പറയും.'അമ്മ പറയാറുള്ള മരങ്ങളും പച്ചപ്പും ഒന്നും അവിടെ കാണാനേ കിട്ടുന്നില്ല... കൂറ്റൻ കെട്ടിടങ്ങളും ഒന്നിനും സമയമില്ലാതെ നെട്ടോട്ടമോടുന്ന കുറെ മനുഷ്യരും മാത്രമാണ് അവിടെ.എനിക്ക് പട്ടണത്തിലേക്ക് പോവേണ്ടായിരുന്നു...ഗ്രാമത്തിൽ അമ്മയുടെ കൂടെ ഓടിയാ മതിയായിരുന്നു...... ' എന്ന് അവർ സങ്കടപ്പെടാറുണ്ട്.

മനുഷ്യർ ഇങ്ങനെ പ്രകൃതിയെ നശിപ്പിച്ചു തുടങ്ങിയപ്പോൾ, പ്രളയമായും സുനാമിയയും വരൾച്ചയായും ഒക്കെ പ്രകൃതി പ്രതികരിച്ചു തുടങ്ങി.... അവർക്ക് അതൊന്നും ഒരു പാഠമേ ആയില്ല.... അവർ വീണ്ടും പ്രകൃതിയെ നശിപ്പിച്ചു കൊണ്ടേയിരുന്നു .....

ഞാൻഎപ്പോഴും ചിന്തിക്കാറുണ്ട്, ബുദ്ധിയും, സംസാരശേഷിയും, വിവേകവും എല്ലാമുള്ള മനുഷ്യൻ എന്തിനാണ് ഇങ്ങനെ പ്രകൃതിയെ ചൂഷണം ചെയ്യുന്നത്? പ്രകൃതി അമ്മയാണ്! ദേവിയാണ്! എന്നൊക്കെ അല്ലേ അവരുടെ മുൻതലമുറക്കാർ അവരെ പഠിപ്പിച്ചു വിട്ടത്? എന്നിട്ടും......

എല്ലാവർക്കും വീട്ടിൽ കുറച്ചു വൃക്ഷത്തൈകൾ വച്ചു പിടിപ്പിച്ചു കൂടെ, ഒരു കെട്ടിടം പണിയാൻ എത്ര കഷ്ടപ്പാടാ. പക്ഷേ ഒരു തൈ നടാൻ നിമിഷങ്ങൾ മതി. നല്ലൊരു നാളെയെ സ്വപ്നം കണ്ടുകിടക്കുന്നു. ഏകാന്തമായി ഞാൻ ഈ റെയിൽപ്പാളത്തിൽ....

**ഉമ്മു നവാൽ മുനീഫ**
6 എ, ഡി.എൻ.ഒ.യു.പി.എസ്. കരുവാരകുണ്ട്, വണ്ടൂർ ഉപജില്ല, മലപ്പുറം

# പ്രകൃതിയുടെ മടിത്തട്ടിൽ

അങ്ങകലെ മലനിരകൾക്കിടയിലൂടെ ഒഴുകിവരുന്ന കാട്ടരുവിയുടെ തീരത്താണ് ആ കുഞ്ഞുവീട്. അവിടെയാണവൾ താമസിക്കുന്നത്. എൽസമ്മയുടെ മകൾ ലില്ലി. പ്രകൃതിസ്നേഹിയായിരുന്ന അച്ഛന്റെ മകൾ. നല്ല കൃഷിക്കാരനായിരുന്നു അവളുടെ അച്ഛൻ. അയാൾ പെട്ടെന്ന് ഒരു ദിവസം മരണപ്പെട്ടതാണ്.

അതിനു ശേഷം അമ്മയുടെ സഹോദരനാണ് കൃഷി നോക്കി നടത്തിയിരുന്നത്. മാമനെ സഹായിക്കാൻ ലില്ലിക്ക് വളരെ ഇഷ്ടമാണ്. ഒരു ദിവസം കൃഷിയിടത്തിൽ പോയസമയം ലില്ലി മാമന്റെ അടുത്ത് ചെന്ന് ചോദിച്ചു. എന്റെ അച്ഛൻ പരിസ്ഥിതിയെ സ്നേഹിച്ചിരുന്നുവെന്ന് പലരും പറയുന്നത് ഞാൻ കേട്ടു. 'ശരിയാണോ മാമാ?' 'ഉവ്വ്, അങ്ങനെയായിരുന്നു, പക്ഷേ അദ്ദേഹം ഇപ്പോഴില്ലല്ലോ' അച്ഛനു പകരക്കാരിയായി ഞാൻ പരിസ്ഥിതിയെ പരിപാലിച്ച് കൃഷി നോക്കിനടത്തി അച്ഛന്റെ സ്വപ്നങ്ങൾ സാക്ഷാത്കരിച്ച്, മുന്നോട്ടുപോകണമെന്നാണ് എന്റെ ഇഷ്ടം. മാമൻ പ്രകൃതിയെക്കുറിച്ച് പറഞ്ഞു തരുമോ? അവൾ താല്പര്യത്തോടെ ചോദിച്ചു. അപ്പോൾ മാമൻ പറഞ്ഞു, 'ഉവ്വ്, ഞാൻ തീർച്ചയായും പറഞ്ഞു തരും പ്രകൃതിയെക്കുറിച്ച്, പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് എല്ലാം.... മനുഷ്യന്റെ കടന്നുകയറ്റം കാരണവും അവിവേകം നിറഞ്ഞ പ്രവൃത്തികൾ കാരണവും പരിസ്ഥിതിനാശം ഉണ്ടാകുന്നത്..... ,ലില്ലി മോൾക്ക് ഞാൻ പറഞ്ഞത് മനസ്സിലായോ.'

'കുറേയൊക്കെ മനസ്സിലായി, പക്ഷേ ചിലതൊന്നും മനസ്സിലായില്ല.' അവൾ പറഞ്ഞു.

'സാരമില്ല, ഇപ്പോൾ നീ ചെറിയ കുട്ടിയല്ലേ? ബാക്കി നീ വലുതാകുമ്പോൾ പഠിക്കും. ഇന്നു തൊട്ട് നീയും എന്നോടൊപ്പം കൃഷി ചെയ്യാൻ കൂടെയുണ്ടാകണം, അങ്ങനെ പരിസ്ഥിതിയെക്കുറിച്ച് കൂടുതലറിയാം' മാമൻ പറഞ്ഞു. അവൾക്ക് സന്തോഷമായി. ഇപ്പോൾ അവർക്ക് ഏഴു വയസ്സായി, അടുത്തെങ്ങും സ്കൂളില്ലാത്തതിനാൽ അവൾക്ക് പഠിക്കാനായില്ല. വിദ്യാലയത്തിൽ പോകാനാണെങ്കിൽ അവൾക്ക് ഇഷ്ടവുമില്ലായിരുന്നു.

ഒരു ദിവസം കൃഷിയിടത്തിൽ പോയി അവൾ കൃഷിയൊക്കെ നനക്കുകയും പുതിയ വിത്തുകൾ നടുകയും ചെയ്യുന്നതുകണ്ട് മാമൻ അവളോട് പറഞ്ഞു 'നിന്നെ കണ്ടാൽ ഇത്ര നന്നായി കൃഷി ചെയ്യാൻ അറിയുമെന്ന് ആർക്കും മനസ്സിലാവില്ല. നിന്റെ അച്ഛന്റെ കഴിവുകൾ നിനക്ക് കിട്ടിയതാവും' മാമൻ ചെറുപുഞ്ചിരിയോടെ പറഞ്ഞു. അവൾ സന്തോഷത്തോടെ, ഒരു പൂമ്പാറ്റയെപ്പോലെ അവിടെയെല്ലാം പറന്നുനടന്നു. എത്ര മനോഹരമാണീ

പ്രകൃതി! ഇളം കാറ്റേറ്റു നടക്കുമ്പോൾ അവൾ ആലോചിച്ചു. അരുവിയുടെ ശബ്ദവും കിളികളുടെ മധുരമായ സ്വരവും എത്ര കേട്ടാലും മതിവരില്ല. വീട്ടിലെത്തിയ ലില്ലി കണ്ടതും കേട്ടതുമെല്ലാം അമ്മയോടു പറഞ്ഞു.

എന്നുമവൾ മാമനോടൊപ്പം കൃഷിയിടത്തിൽ പോയിരുന്നു. ദിവസങ്ങൾ കഴിഞ്ഞു പോയി . ആ വർഷം അവർക്ക് നല്ല വിളവ് ലഭിച്ചു. ആ വീട്ടിൽ നല്ല സമൃദ്ധി ഉണ്ടായി. അടുത്ത വർഷങ്ങളിലും കൂടുതൽ ലാഭം നേടിയിരുന്നു. എന്നാൽ ഒരു ദിവസം പെട്ടെന്ന് അവളുടെ മാമൻ പറഞ്ഞു 'ഞാൻ ഇനി കൃഷി ഉപേക്ഷിക്കുകയാണ്, മറ്റേതെങ്കിലും തൊഴിൽ ചെയ്ത് ജീവിക്കുകയാണ് നല്ലത് '

അതുകേട്ട ലില്ലി സങ്കടം സഹിക്കാനാവാതെ മുറിയിലേക്കോടി വിതുമ്പിക്കരഞ്ഞു. തന്റെ അച്ഛനെയാണ് എല്ലാവരും മറന്നുകളയുന്നതെന്ന് അവൾക്കു തോന്നി . കൃഷി അവൾക്കു ജീവനായിരുന്നു. അവൾ എത്ര പറഞ്ഞിട്ടും മാമൻ അതിൽ നിന്നും പിൻമാറിയില്ല.

ഒരു വൈകുന്നേരം അവൾ ജനാലയിലൂടെ നോക്കിയപ്പോൾ കണ്ടത് കൃഷിയിടം വറ്റിവരണ്ടു കിടക്കുന്നതാണ്. അവൾക്കു സങ്കടമായി. അന്നു രാത്രി ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്ന് വൈകിയാണ് ഉറങ്ങിയത്. അവൾ ഒരു സ്വപ്നം കണ്ടു. പ്രകൃതി മാതാവ് അവളെ മധുരമായി വിളിക്കുന്നു, 'ലില്ലീ, മകളേ നീ പ്രകൃതിയെ സ്നേഹിക്കുന്ന ഒരു മാലാഖയാണ്, പരിസ്ഥിതിയെ സംരക്ഷിക്കുന്നവളാണ്. നീ അരികിൽ വരുമ്പോൾ ഞങ്ങൾക്ക് ഏറെ സന്തോഷമുണ്ട്. നീ ഇനിയും അത് തുടരൂ' അവൾ സന്തോഷം കൊണ്ട് തുള്ളിച്ചാടി. അതൊരു സ്വപ്നം മാത്രമായിരുന്നുവെന്ന് അവൾക്കു മനസ്സിലായി. ഞെട്ടിയുണരുമ്പോൾ നേരം വെളുത്തു വരുന്നതേയുള്ളൂ. അവൾ കൃഷിയിടത്തിലേക്ക് ഓടി. പാത്രങ്ങളിൽ വെള്ളം നിറച്ച് വരണ്ട തടങ്ങളിൽ ഒഴിച്ചു കൊണ്ടിരുന്നു.

ലില്ലിയെ വീട്ടിൽ കാണാതെ അമ്മയും മാമനും വല്ലാതെ പരിഭ്രമിച്ചു. അവളെ തേടിയിറങ്ങിയപ്പോൾ കണ്ടത് അവൾ വരണ്ട ചെടികൾക്ക് വെള്ളമൊഴിക്കാൻ ഓടി നടക്കുന്നതാണ്. അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകി. മാമൻ അവളെ ചേർത്തു പിടിച്ച് പറഞ്ഞു, 'ഞാൻ മറ്റെവിടെയും പോകുന്നില്ല, നമുക്ക് ഈ മണ്ണിൽ കൃഷി ചെയ്ത് ജീവിക്കാം' അതു കേട്ട് ലില്ലിയുടെ കണ്ണുകളും മനസ്സും നിറഞ്ഞു. അവരെ തലോടിക്കൊണ്ട് സുഖകരമായ കാറ്റു വീശി.

**സന ഫാത്തിമ**
6 ബി, തൂണേരി ഇ.വി.യു.പി., സ്കൂൾ
നാദാപുരം ഉപജില്ല, കോഴിക്കോട്

# വൃത്തി

ഒരിക്കൽ മാളുവിന് വയറുവേദന വന്ന് ഉറങ്ങാൻ കഴിഞ്ഞില്ല. കോവിഡായത് കൊണ്ട് ഡോക്ടറെ കാണാൻ പ്രയാസമായി. രാത്രി വല്ലാതെ വിഷമിച്ചു. അമ്മ കരഞ്ഞു, അഛൻ ഉറക്കൊഴിഞ്ഞു എങ്ങിനെയോ നേരം വെളുപ്പിച്ചു. രാവിലെ ഡോക്ടറെ കാണാൻ ബുക്ക് ചെയ്തു. മാമന്റെ കൂടെ പോയി. ഡോക്ടർ പരിശോധിച്ചു മരുന്ന് തന്നു. മരുന്ന് കുറിച്ച ശേഷമാണ് ഡോക്ടർ മാളുവിന്റെ രണ്ട് കൈകളും കണ്ടത്. ഡോക്ടർ പറഞ്ഞു മാളുമോളെ മോൾ മരുന്ന് കഴിക്കും മുമ്പ് നഖം മുറിക്കണേ വൃത്തിയില്ലേൽ ധാരാളം രോഗങ്ങൾ വരും.

**അനസ്**
4 എ, നല്ലൂർ എൽ.പി.സ്കൂൾ, ഇരിട്ടി ഉപജില്ല, കണ്ണൂർ

# ഉപദേശം

ഒരു മൈതാനത്ത് നിന്ന് കുറേ കുട്ടികൾ കളിക്കുന്നുണ്ടായിരുന്നു. അവർ കളിക്കുന്നതിനിടെ സ്നാക്സും മറ്റും കഴിക്കുന്നുണ്ടായിരുന്നു. കഴിച്ചു കഴിഞ്ഞാൽ അവർ പ്ലാസ്റ്റിക് കവറുകളൊക്കെ പരിസരത്ത് വലിച്ചെറിയുന്നുണ്ടായിരുന്നു. ഇതെല്ലാം ദൂരെ നിന്നും ഒരു കുട്ടി കാണുന്നുണ്ടായിരുന്നു..... ആ കുട്ടി മൈതാനത്തുള്ള കുട്ടികളുടെ അടുത്തേക്ക് ചെന്നു...... എന്നിട്ട് കുട്ടികളോട് പറഞ്ഞു..... നിങ്ങൾ എന്തിനാണ് കൂട്ടുകാരെ പരിസരം വൃത്തികേടാക്കുന്നത്?, നമ്മൾ നമ്മുടെ പരിസരം വൃത്തികേടാക്കുകയല്ല വേണ്ടത്, മറിച്ചു സംരക്ഷിക്കുകയാണ് വേണ്ടത്. നമ്മൾ പരിസരം എത്രത്തോളം വൃത്തികേടാക്കുന്നുവോ.... അത്രത്തോളം നമുക്ക് അത് ആപത്താണ് . ഇത് കേട്ട കുട്ടികൾക്ക് തങ്ങൾ ചെയ്ത തെറ്റ് മനസിലായി. ഉടനെ അവർ തങ്ങൾ വലിച്ചെറിഞ്ഞ സാധനങ്ങൾ എടുത്ത് വെയിസ്റ്റ് ബാസ്ക്കറ്റിലിട്ടു. അതിനു ശേഷം അവർ സന്തോഷത്തോടെ കളി തുടർന്നു. കൂട്ടുകാരേ പരിസരം വൃത്തിയാക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.

**ശിവന്യ. പി.**
5 എ, നോർത്ത് വയലളം എൽ പി സ്കൂൾ
തലശ്ശേരി സൗത്ത് ഉപജില്ല, കണ്ണൂർ

# ശുചിത്വം

മനോഹരമായ പച്ചപ്പിലൂടെ ഭൂമിയുടെ സൗന്ദര്യം കാർന്നെടുത്ത ഒരു കൊച്ചു ഗ്രാമമാണ് കാവേരി . അവിടെ രണ്ടു കുടുംബങ്ങൾ ഉണ്ടായിരുന്നു, അമ്മുവിന്റെയും അനുവിന്റേയും. വളരെ സൗമ്യതയോടെയും സൗഹാർദത്തോടെയും ആണ് ആ രണ്ടു കുടുംബങ്ങൾ കഴിഞ്ഞിരുന്നത്. അമ്മുവും അനുവും ആത്മാർത്ഥ സുഹൃത്തുക്കൾ ആയിരുന്നു . അവർ ഒരുമിച്ചാണ് സ്കൂളിലേക്ക് പോയിരുന്നത്. ഒരിക്കൽ അവരുടെ സ്കൂളിൽ ശുചിത്വത്തെ കുറിച്ച് ക്ലാസ്സെടുത്തു. വരാൻ പോകുന്ന മഴക്കാലത്തിന് എന്തെല്ലാം ചെയ്തു. നാം നമ്മുടെ വീടും പരിസരവും എങ്ങിനെ ശുചിയാക്കണം എന്നായിരുന്നു ക്ലാസ്സിലെ പ്രധാന വിഷയം. അവർക്കു പല കാര്യങ്ങളും പറഞ്ഞുകൊടുത്തു. വെള്ളം കെട്ടിനിൽക്കാതെനോക്കിയും പ്ലാസ്റ്റിക് സാധനങ്ങൾ പുറത്തേക്കു വലിച്ചെറിയരുതെന്നും അങ്ങിനെ പലതും. ക്ലാസ്സിന്റെ അവസാനം ഓരോരുത്തരും അവരവരുടെ വീടുകൾ വൃത്തിയാക്കണമെന്നും കൂട്ടിച്ചേർത്തു. അമ്മുവും അനുവും സ്കൂളിൽ നിന്ന് പോകുംവഴി വീട് വൃത്തിയാക്കാൻ എന്തെല്ലാം ചെയ്യാൻ പറ്റും എന്നതിനെക്കുറിച്ച് ചർച്ചചെയ്തു.

രണ്ടു ദിവസങ്ങൾക്കുള്ളിൽ അമ്മുവും അവളുടെ അമ്മയും ചേർന്ന് അവരുടെ വീട് വൃത്തിയാക്കി. പക്ഷെ അനു ഒന്നും ചെയ്തില്ല. മഴക്കാലം വന്നു. അനുവിന്റെ വീടിനു ചുറ്റും ചിരട്ടയിൽ വെള്ളം കെട്ടിക്കിടന്നു. അതിൽ ഈച്ചയും കൊതുകുമെല്ലാം മുട്ടയിട്ടു പെരുകി. എന്നാൽ അനുവും കുടുംബവും ഇതൊന്നും അറിഞ്ഞില്ല. പെട്ടന്നാണ് അവളുടെ അച്ഛൻ പനിപിടിപെട്ട് ഹോസ്പിറ്റലിൽ അഡ്മിറ്റ് ആയത്. ഡോക്ടർമാർ ഇഞ്ചക്ഷനും ഗുളികകളും കൊടുത്തു. അവർ പറഞ്ഞു കൊതുകുകൾ വഴി ആണ് രോഗം പകർന്നതെന്ന്. വീടും പരിസരവും പരിശോധിക്കാൻ ഹെൽത്തിൽ നിന്ന് ആളുകൾ വന്നു. അവർ അമ്മയെയും അനുവിനേയും വഴക്കു പറഞ്ഞു. അവർ അന്ന് തന്നെ വീട് വൃത്തിയാക്കി. അപ്പോഴാണ് അനുവിന് ശുചിത്വത്തിന്റെ ഗൗരവത്തെക്കുറിച്ച് മനസ്സിലായത്. അന്ന് മുതൽ അവർ എന്നും വീട് വൃത്തിയായി സൂക്ഷിക്കാൻ തുടങ്ങി.

ഇതിൽനിന്നും നമുക്ക് പഠിക്കേണ്ട പാഠം എന്താണ് 'നാം അലസത വിട്ട് നമ്മുടെ വീടും പരിസരവും വൃത്തിയായി സൂക്ഷിക്കാൻ പഠിക്കണം '

**ആൻ മരിയ എ. ബി.**
5, നിർമല ഇംഗ്ലീഷ് മീഡിയം സ്കൂൾ
കുന്നംകുളം ഉപജില്ല, തൃശ്ശൂർ

# ലോക്ഡൗൺ

ഒരു കിലോ ക്യാരറ്റു കൂടി താടോ..

ക്യാരറ്റ് ഇല്ല.. കിട്ടാൻ ഇല്ല..

ശ്ശോ.. ഈ കൊറോണ കാരണം മനുഷ്യന് ജീവിക്കാൻ പറ്റില്ല എന്ന് ആയി..

അത് ഒള്ളതാ.

ആകെ എത്ര ആയെടോ..

നൂറ്റിത്തൊണ്ണൂറു രൂപ.

ന്റെ ഈശോ. ഇത് എന്തൊരു വിലയാടോ.. മനുഷ്യനെ അങ്ങ് കൊല്ല്..

മൂത്തവന്റെ കെട്ടിയോള് ഗ്രേസിയുടെ ശബ്ദം ഉയർന്നുകേട്ടപ്പോൾ കിളിവാതിൽ തുറന്ന് എബ്രഹാം നോക്കി. പതിവ് വക്കാണം തന്നെ. രണ്ടു പേരെയും നോക്കി ആ കിളിവാതിൽ അടച്ചിട്ട് കണ്ണും പൂട്ടി അയാൾ കുറെ നേരം കൂടി കിടന്നു. രാവിലെ ഒരു ഇലച്ചായ പതിവാണ്. അതിന് ശേഷം പത്രപാരായണം.. വിസ്തരിച്ചു തന്നെ.. പിന്നെ പ്രാഥമിക കർമ്മങ്ങൾ.. ഈ സമയത്തെല്ലാം പഴയ ആ റേഡിയോ മുഴങ്ങിക്കൊണ്ടിരിക്കും.. എട്ടരമണിയോടെ ബ്രേക്ഫാസ്റ്റ്. മിതമായ രീതിയിൽ... പിന്നെ മരുന്നുകൾ കഴിച്ച് ടിവി ചാനലിന് മുന്നിൽ ഇരിക്കും ഉച്ചവരെ. ഊണും ഉറക്കവും കഴിഞ്ഞ് ചില ദിവസങ്ങളിൽ ലില്ലിക്കുട്ടിയെ കൂട്ടി പുറത്ത് ഒരു കറക്കം. എല്ലാത്തിനും അവൾ കൂടെ വേണം. ദൈവം അയാളെ ലോക് ഡൗണിൽ ആക്കിയിട്ടു കാലം ഒരുപാട് ആയി.

ഇന്ന് പതിവ് എല്ലാം തെറ്റി. മകൻ സൗദിയിൽ നിന്ന് ഈയിടെ വന്നതേ ഉള്ളു. പിന്നെ ഹോം ക്വാറന്റൈനിൽ ആയിരുന്നു. അവന് രോഗം സ്ഥിരീകരിച്ചു. ബാക്കി യുള്ളവർ നിരീക്ഷണത്തിലാണ്. ഇന്നലെ ലില്ലിക്കുട്ടിക്കും രോഗം ആണെന്ന് ഉറപ്പാക്കി അവളെ ഐസൊലേറ്റ് ചെയ്തു. അതോടെയാണ് എബ്രഹാം കഷ്ടത അറിഞ്ഞുതുടങ്ങിയത്. ദൈവം ശരീരം തളർത്തിയപ്പോൾ മനസ്സ് പിടിച്ചു നിർത്തിയത് അവൾ ആണ്. ഇപ്പോൾ ഒരു ഭിത്തിയുടെ അപ്പുറത്ത് അവളും ശയ്യാവലംബയായിരിക്കുന്നു.

രോഗം മൂർച്ഛിച്ചും കുറഞ്ഞും അവളുടെ നില തുടർന്നു. എബ്രഹാം ആകെ വെരളി പിടിച്ച മട്ടാണ്. അയാളുടെ ശരീരം വെള്ളം കണ്ടിട്ട് നാളേറെയായി. മുറിയിൽ മലമൂത്രങ്ങളുടെ തീക്ഷ്ണമായ ഗന്ധം നിറഞ്ഞുകഴിഞ്ഞു, മുഖം

താടി രോമങ്ങൾ കൊണ്ട് മുമ്പൊരിക്കലും ഇല്ലാത്ത വിധം മൂടി. സ്വതവേ ഹൃദ്രോഗിയായ ലില്ലിക്കുട്ടി ക്ഷീണിതയാണ്. പ്രായവും പ്രശ്നം.. അത് കൊണ്ട് ആരോട് തന്റെ സങ്കടം പറയാൻ.. ആരോട് കയർക്കാൻ... അയാൾ മൗനം ദീക്ഷിച്ചുകിടന്നു. ദിവസങ്ങൾ നീണ്ട് ഇഴഞ്ഞു. ലില്ലിക്കുട്ടി സുഖം പ്രാപിച്ചുവരുന്നതായി അറിഞ്ഞു. ആശ്വാസം.

ടെസ്റ്റ് റിസൾട്ട് നെഗറ്റീവ് ആയി. രാവിലെ പതിവ് ഇലച്ചായ തയാറാക്കി എടുത്ത് കൊണ്ട് ലില്ലിക്കുട്ടി എബ്രഹാമിനെ വിളിച്ചു. രോഗം തിന്ന് തീർക്കുന്ന ലോകത്തിൽ നിന്ന് വിളിച്ചാൽ കേൾക്കാൻ പറ്റുന്ന ദൂരത്തിൽ അയാൾ ഉണ്ടായിരുന്നില്ല.. ലോക് ഡൗൺ ലംഘിച്ച് അയാൾ പ്രയാണം തുടങ്ങിക്കഴിഞ്ഞിരുന്നു,.

മുഖവും മനസ്സും മൂടിയ നിനക്ക് എന്തിനാ ഇനിയും ഒരു ആവരണം..

**അർജ്ജുൻ പി.**
10 ഡി, നായർ സമാജം സ്കൂൾ,മാന്നാർ
ചെങ്ങന്നൂർ ഉപജില്ല, ആലപ്പുഴ

# കൊറോണക്കാലം



എന്നെപ്പോലുള്ള കുട്ടികൾ കുറേ ദിവസമായി ഇപ്പോൾ വീട്ടിൽ തന്നെയാ. കളിക്കാനും അപ്പുറത്തും ഇപ്പുറത്തും ഒന്നും പോയിക്കൂടാ. ആകെ ബോറടി തന്നെ. ലോകം മുഴുവനും കൊറോണ (കൊവിഡ് 19) എന്ന രോഗം പടർന്ന് നിൽക്കുകയാ. ടിവിലും പത്രത്തിലും ഒക്കെ ഇപ്പോ ഇതാ വാർത്ത.

തൊട്ടടുത്ത കടയിൽ ഒന്ന് പോയ്ക്കോട്ടെയെന്ന് അമ്മയോട് കുറേ ദിവസായി ചോദിക്കുന്നു' വേണ്ട' എന്നുതന്നെയാ മറുപടി. അങ്ങനെ ഒരു ദിവസം പിന്നെയും പിന്നെയും ശല്യപ്പെടുത്തിയപ്പോൾ 'വേഗം ഒന്ന് പോയി വന്നോ'ന്ന് മറുപടി കിട്ടി. ഞാനെന്റെ സൈക്കിളുമെടുത്ത് പോവാൻ നോക്കുമ്പോ ആണ് പറയുന്നത് കേട്ടത് മാസ്ക്ക് എടുത്ത് കെട്ടാൻ . അങ്ങനെ എറമുവേട്ടന്റെ കടയിൽ നിന്ന് മിഠായി വാങ്ങി. അന്നേരമാ അവിടുത്തെ അനിതേച്ചി പറയുന്നെ, അവിടെ പോലീസ് വന്നിരുന്നെന്ന്, ആരും പുറത്തിറങ്ങി നടക്കരുത് 'ലോക്ഡൗൺ' ആണെന്ന്. കുട്ടികൾ പുറത്തിറങ്ങി നടക്കുന്നത് കണ്ടാൽ വീട്ടിലെ മുതിർന്നവരെയാണത്രേ പോലീസ് വഴക്കുപറയുക.

വേഗം തിരിച്ച് വീട്ടിലെത്തി. അപ്പോഴേക്കും അമ്മ ഹാൻഡ് വാഷുമായി കാത്തിരിപ്പുണ്ടായിരുന്നു. നന്നായി കൈ കഴുകാൻ പറഞ്ഞു.എന്നിട്ട് വേഗം പോയി കുളിക്കാൻ പറഞ്ഞു. എന്തിനാ ഇപ്പോ കുളിക്കുന്നതെന്ന് ചോദിച്ചപ്പോ എല്ലായിടത്തും ഇപ്പോ കൊറോണയല്ലെ. ഈ അസുഖത്തെ തടയാൻ പറ്റുക പുറത്ത് പോയി വരുമ്പോ ഇത്തരത്തിലുള്ള കാര്യങ്ങൾ ചെയ്യുമ്പോഴാണത്രേ . എനിക്ക് പേടിയാ ഈ രോഗത്തെ . പനിയായിട്ടാ പോലും രോഗം വരിക. ഒരാൾക്ക് വന്നാൽ അവരുടെ കൂടെ പെരുമാറുന്നവർക്കും അസുഖം വരും. പിന്നെ 14 ദിവസം ആശുപത്രിയിൽ കിടക്കേണ്ടിവരും. അച്ഛനുമമ്മയേയും ഒന്നും കാണാൻ കഴിയില്ല പോലും. അതോണ്ട് തന്നെ രോഗം വരാതെ സൂക്ഷിക്കേണം .. ഏതായാലും മുതിർന്നവർ പറയുന്നത് കേൾക്കാൻ ഞാൻ റെഡി ...

**ഇഷാൻ ധനേഷ്**
3, പാട്യം വെസ്റ്റ് യു പി
കൂത്തുപറമ്പ് ഉപജില്ല, കണ്ണൂർ

# വൃത്തിയില്ലായ്മയുടെ ഫലം

അമ്മു ഒരു ദിവസം അച്ഛനുമായി ചന്തയ്ക്ക് പോയി. അവിടെ ഒരു കടയിൽ വട കണ്ട അവൾ അത് വാങ്ങണമെന്ന് അച്ഛനോട് പറഞ്ഞു. 'തുറന്നിരിക്കുന്ന വട കഴിച്ചാൽ അസുഖം വരും' അച്ഛൻ അമ്മുവിനെ ഉപദേശിച്ചു. എന്നാൽ അമ്മു അത് അനുസരിക്കാതെ വട വേണമെന്ന് വാശിപിടിച്ചു. ഒടുവിൽ അച്ഛൻ വട വാങ്ങി കൊടുത്തു അത് അവൾ കൈപോലും കഴുകാതെ കഴിച്ചു. വീട്ടിൽ ചെന്നപ്പോൾ അമ്മുവിന് വയറുവേദനയും ഛർദിയും അനുഭവപ്പെട്ടു. ആശുപത്രിയിൽ ചെന്നപ്പോൾ ഡോക്ടർ അവളൂടെ ചോദിച്ചു 'വയറു നിറയെ കീടാണു ആണല്ലോ? തുറന്നിരിക്കുന്ന ഭക്ഷണം വല്ലതും കഴിച്ചോ?. അമ്മു പറഞ്ഞു 'കഴിച്ചു'. മോളെ പഴകിയതും തുറന്നിരിക്കുന്നതുമായ ഭക്ഷണം കഴിക്കരുത്. അതുപോലെ തന്നെ ഭക്ഷണം കഴിക്കുന്നതിനു മുൻപ് സോപ്പുപയോഗിച്ച കൈ കഴുകണം' ഡോക്ടർ ഉപദേശിച്ചു.

താൻ ചെയ്തത് എത്ര വലിയ തെറ്റാണെന്നു അമ്മുവിന് മനസിലായി. കൂട്ടുകാരേ, ശുചിത്വം ഒന്ന് മാത്രമാണ് ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിക്കുന്നത്.

**അശ്വിൻ ലൈജു**
3 എ, ദേവിവിലാസം ഗവൺമെൻറ് എൽ. പി. സ്കൂൾ,പാറമ്പുഴ,കോട്ടയം,
കോട്ടയം വെസ്റ്റ് ഉപജില്ല, കോട്ടയം

# കൊച്ചുണ്ടാപ്പിയുടെ വികൃതി

ഒരിടത്ത് വികൃതിയായ ഒരു കുട്ടി ഉണ്ടായിരുന്നു. അവൻറ പേര് കൊച്ചുണ്ടാപ്പി എന്നാണ്.അവൻ അച്ഛനും അമ്മയും പറയുന്നതൊന്നും അനുസരിക്കാറേ ഇല്ല. ഒരു ദിവസം കളിച്ചു വന്ന കൊച്ചുണ്ടാപ്പി, അടുക്കളയിൽ കുറെ ലഡു ഉണ്ടാക്കി വച്ചത് കണ്ടു. കൊച്ചുണ്ടാപ്പി പെട്ടെന്ന് ആ ലഡു എല്ലാം വയറ്റിലാക്കി അവിടുന്ന് സ്ഥലം വിട്ടു. അമ്മ വന്ന് നോക്കിയപ്പോൾ ഉണ്ടാക്കി വെച്ച ഒരൊറ്റ ലഡു പോലും പാത്രത്തിൽ ഇല്ല.ലഡു എല്ലാം ആരോ മോഷ്ടിച്ചു എന്ന് സങ്കടപ്പെട്ടി രിക്കുമ്പോഴാണ് ഒരു കരച്ചിൽ കേൾക്കുന്നത്. “അയ്യോ... അമ്മേ... വയറുവേദനി ക്കുന്നേ.” അമ്മ ഓടിച്ചെന്നു നോക്കിയപ്പോൾ നമ്മുടെ കൊച്ചുണ്ടാപ്പി വയറ് പൊത്തിപ്പിടിച്ചു കരയുന്നതാണ് കണ്ടത്. എന്തുപറ്റി എന്ന് ചോദിച്ചപ്പോൾ കൊച്ചുണ്ടാപ്പി പറഞ്ഞു ‘അയ്യോ... അമ്മേ... വയറുവേദനിക്കുന്നേ.” എന്ന്. അമ്മ വേഗം തന്നെ അവനെ അടുത്തുള്ള ഡോക്ടറുടെ വീട്ടിലേക്ക് കൊണ്ടു പോയി. ഡോക്ടർ അവനെ പരിശോധിച്ചു. കൈ കഴുകാതെ ഭക്ഷണം കഴിച്ചത് കൊണ്ടാണ് വയറുവേദന വന്നത് എന്ന് മനസ്സിലായി. അന്നു മുതൽ കൊച്ചുണ്ടാപ്പി കൈ കഴുകി വൃത്തിയാക്കാതെ ഒരു ഭക്ഷണവും കഴിക്കാറില്ല. അച്ഛനും അമ്മയും പറയുന്നത് അനുസരിക്കാനും തുടങ്ങി. പ്രിയ കൂട്ടുകാരെ, എല്ലാവരും ഭക്ഷണത്തിനു മുൻപും ശേഷവും കൈ നന്നായി സോപ്പിട്ട് കഴുകാൻ ശ്രദ്ധിക്കുമല്ലൊ.

**കെ. പാർവ്വതി**
2 എ, ബി.ഇ.എം.എൽ.പി.സ്കൂൾ, പയ്യന്നൂർ
പയ്യന്നൂർ ഉപജില്ല, കണ്ണൂർ

# പ്രതിരോധം

അമ്മുവും അപ്പുവും സഹോദരങ്ങൾ ആയിരുന്നു. ഇരുവരും ഇരട്ടകൾ. ഒരു ദിവസം രാവിലെ രണ്ടു പേരും കഴിക്കാൻ ഇരിക്കുകയായിരുന്നു. അമ്മു രണ്ടു കൈയും നല്ല വൃത്തിയായി സോപ്പുപയോഗിച്ചു കഴുകി. അപ്പു കൈകഴുകാതെ ഭക്ഷണം കഴിക്കാനിരുന്നു. അമ്മു പറഞ്ഞു “അപ്പു നീ കൈകഴുകിയില്ലല്ലോ? വന്ന് കൈകഴുക്, ഇത് കൊറോണക്കാലമാണ്” എനിക്കറിയാമേ... അപ്പു പറഞ്ഞു. (കുറച്ചു കളിയാക്കൽ ഭാവത്തിലാണ്). എന്നിട്ട് ഓടിപ്പോയി കൈകഴുകി എന്ന് വരുത്തി. “ഡാ... ഡാ... ശരിക്ക് കൈകഴുക്.” അമ്മു ദേഷ്യപ്പെട്ടു എന്നു പറഞ്ഞാൽ ശരിയാവില്ല കുറച്ച് സൗമ്യമായി എന്നാൽ അത്ര സൗമ്യമല്ല. അവൻ ശരിക്ക് കൈകഴുകി.

**ശ്രീദുർഗ ആർ ഉണ്ണിത്താൻ**
5 സി, മണ്ണാറശാല യു.പി.സ്കൂൾ
ഹരിപ്പാട് ഉപജില്ല, ആലപ്പുഴ



# ഭൂമിയിലെ മാലാഖമാർ

രോഗികളെ പരിചരിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഗവൺമെന്റ് ആശുപത്രിയിലെ നഴ്സായ ബീന സിസ്റ്റർക്ക് ഫോൺ വന്നത്. അവൾ ഫോൺ എടുത്ത് സംസാരിച്ചു. വീട്ടിൽ നിന്ന് സിസ്റ്ററുടെ സഹോദരനായിരുന്നു. അദ്ദേഹം അവരോട് ഇങ്ങനെ പറഞ്ഞു എത്രയും വേഗം വീട്ടിലേക്ക് വരണം അമ്മയ്ക്ക് നല്ല സുഖമില്ല. സിസ്റ്റർ വീട്ടിലേക്ക് പോകാൻ റെയിൽവേ സ്റ്റേഷനിൽ ട്രെയിൻ കാത്തു നിൽക്കുകയായിരുന്നു. അപ്പോഴാണ് ആശുപത്രിയിൽനിന്ന് ഡോക്ടറുടെ ഫോൺ വന്നത്. നമ്മുടെ ആശുപത്രിയിൽ അമ്മു എന്ന കുട്ടിക്ക് കോവിഡ് സ്ഥിരീകരിച്ചു. സിസ്റ്റർ എത്രയും വേഗം ആശുപത്രിയിൽ എത്തിചേരണം എന്ന് ഡോക്ടർ പറഞ്ഞു. സിസ്റ്റർ തന്റെ അമ്മയെ കുറിച്ച് ഒരു നിമിഷം ആലോചിച്ചു. അതീവ ദുഃഖത്തോടെ ആണേലും സിസ്റ്റർ ആശുപത്രിയിലുള്ള അമ്മുവിനെ പരിചരിക്കാൻ പോയി. തൊട്ടടുത്ത ദിവസം വീണ്ടും സിസ്റ്ററിനെ സഹോദരൻ വിളിച്ചു. അമ്മയ്ക്ക് കൊറോണ ആയിരുന്നു എന്ന് സിസ്റ്ററിനെ അറിയിച്ചു. അത് അറിഞ്ഞ് അവർ വളരെ ഏറെ സങ്കടപ്പെട്ടു. അമ്മയ്ക്ക് ഇത്രയും ഒരു പ്രതിസന്ധി ഘട്ടം വന്നപ്പോൾ എനിക്ക് അടുത്തുനിൽക്കാൻ സാധിക്കുന്നില്ലല്ലോ, അവിടുത്തെ ആരോഗ്യപ്രവർത്തകർ അമ്മയെ നന്നായി നോക്കുമോ ഇതൊക്കെ സിസ്റ്ററുടെ മനസ്സിനെ വിഷമിപ്പിക്കുന്ന കാര്യങ്ങൾ ആയിരുന്നു കുറച്ചു ദിവസങ്ങൾക്ക് ശേഷം സിസ്റ്ററുടെ രോഗിയായ അമ്മുവിന്റെ 2 ഫലങ്ങളും നെഗറ്റീവായി ഇതിനിടെ സിസ്റ്റർ തന്റെ കാര്യങ്ങളെല്ലാം ആ കുട്ടിയോട് പറഞ്ഞിരുന്നു ആശുപത്രിയിൽ നിന്ന് പോകുമ്പോൾ സിസ്റ്റർ പറഞ്ഞു അമ്മയ്ക്ക് ഒന്നും സംഭവിക്കില്ല നല്ല മനസ്സുള്ളവരെ ദൈവം രക്ഷിക്കും അങ്ങനെ പറഞ്ഞുകൊണ്ട് അവർ പോയി. തന്നെ 14 ദിവസത്തെ ഡ്യൂട്ടി കഴിഞ്ഞ് സിസ്റ്റർ അമ്മയെ കാണാനായി ആശുപത്രിയിൽ എത്തിച്ചേർന്നു. ആശുപത്രിയിലെ ഐസൊലേഷൻ വാർഡിൽ അവരെ പ്രവേശിപ്പിച്ചില്ല. അമ്മ താമസിക്കുന്ന മുറിയുടെ പുറത്ത് സിസ്റ്റർ ക്ഷമയോടെ കാത്തിരുന്നു അമ്മയെ ഒരുനോക്ക് കാണാനുള്ള കൊതിയോടെ അപ്പോഴാണ് തന്റെ അമ്മയെ പരിചരിക്കുന്ന നേഴ്സായ ലിറ്റി സിസ്റ്ററെ കണ്ടത്. അവർ ലിറ്റി സിസ്റ്ററിനോട് എല്ലാ കാര്യങ്ങളും അന്വേഷിച്ചു. താനാണ് അമ്മയെ പരിചരിക്കുന്നത് എന്നും അമ്മയെ ഇന്ന് ഡിസ്ചാർജ് ചെയ്യുകയാണെന്നും പറഞ്ഞു. അമ്മയെ നിങ്ങൾക്ക് കൊണ്ടു പോകാം എന്നും പറഞ്ഞു. അവർ പറഞ്ഞു നിങ്ങളാണ് ഭൂമിയിലെ മാലാഖ. ലിറ്റി സിസ്റ്റർ പറഞ്ഞു ഞാനല്ല നമ്മളാണ് ഭൂമിയിലെ മാലാഖമാർ.

**നിവേദിത ഐ.എസ്.**
8 ബി .വൈശ്യംഭാഗംബി.ബി.എം.എച്ച്.എസ്
മങ്കൊമ്പ് ഉപജില്ല, ആലപ്പുഴ

# ഓർക്കാപ്പുറത്ത്

കൊല്ലം ജില്ലയുടെ ഹരിതാഭയുടെ മനോഹാരിത വിളിച്ചോതുന്ന ഒരു കൊച്ചുഗ്രാമം. ദൂരെ അധികം ചെറുതല്ലാത്ത ഒരു കൊച്ചു വീട്. പ്രായമായ അച്ഛനും അമ്മയും രണ്ടു മക്കളും അടങ്ങുന്ന ഒരു കൊച്ചു വീട്. ആ മാതാപിതാക്കളുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പിയിട്ടുണ്ട്. അവരുടെ മൂത്ത മകൻ സുരേഷ് യൗവനത്തിലേക്ക് കാലെടുത്തുവച്ചു. ഒരു ചെറുപ്പക്കാരൻ വിദേശത്തേക്ക് പറക്കുകയാണ് ഇന്ന്. അയൽക്കാരനായ ഗോവിന്ദേട്ടന്റെ മകൻ അയാൾക്ക് വിദേശത്ത് ഒരു ജോലി തരപ്പെടുത്തിക്കൊടുത്തു. പുലർച്ചെ 5. 30-ക്ക് അയാൾ വിദേശത്തേക്ക് പറന്നു. കൊല്ലങ്ങൾ മൂന്നാലു കഴിഞ്ഞു. അതിനിടയിൽ അച്ഛന്റെ മരണവും അമ്മയും രോഗവുമെല്ലാം അയാളെ തളർത്തി തന്റെ ഏകമകൾ വിവാഹപ്രായം തികഞ്ഞ് നിൽക്കുകയാണ്. അവൾക്കനിയോജ്യനായ ഒരു വരനെ കണ്ടത്തിയതിന് ശേഷമാണ് അയാൾ നാട്ടിൽ നിന്നും മടങ്ങിയത്. നീന ഡോക്ടറാണ്. വരൻ പ്രവീൺ. കേളേജിൽ അധ്യാപകനാണ് പ്രവീൺ. അന്ന് ടിവി മാധ്യമങ്ങളിൽ നിറഞ്ഞുനിന്ന കൊറോണ എന്ന രോഗത്തെപ്പറ്റി സുഹൃത്തിനൊപ്പം സുരേഷും അറിഞ്ഞു. അയാളുടെ മനസ്സിൽ ചെറിയൊരു ഭയം മൊട്ടിട്ടു. ചൈനയിലെ വുഹാനിൽ നിന്നും പിറവിയെടുത്ത ആ മഹാമാരി പെയ്തൊഴിയില്ലെന്നും. അതിന് ലോകത്തെ ഒന്നാകെ ഇല്ലാതാക്കാനുള്ള ശക്തി ഉണ്ടെന്നും. മരുന്ന് ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും 24 മണിക്കൂറിനിടെ മരിച്ചു വീഴുന്നവരുടെ എണ്ണം ആയിരക്കണക്കിനാണ് എന്നും. സുരേഷ് ദു:ഖപൂർവം മനസ്സിലാക്കി. 2020 ആയപ്പോഴേക്കം ചൈനയും ഇറ്റലിയും ഒന്നാകെ കൊറോണയുടെ പിടിയിലകപ്പെട്ടു. ഇന്ത്യയിലും ചെറിയ തോതിൽ കൊറോണ രോഗം വ്യാപിച്ചു തുടങ്ങി കർശന നിയന്ത്രണം ഏർപ്പെടുത്തിയതോടെ വിവാഹത്തിൽ പങ്കെടുക്കാൻ കഴിയുമോ എന്ന ആശങ്ക അയാളെ തളർത്തി. മാർച്ച് മാസം 26-ാം തീയതി മകളുടെ വിവാഹം. ഞെട്ടലോടെ കലണ്ടറിലേക്ക് നോക്കി മാർച്ച് 20. “അവിടെ ഒരുക്കങ്ങൾ തുടങ്ങിക്കാണും”. ഞാനില്ലാതെ എങ്ങനാടാ... വാക്കുകൾ തൊണ്ടയിൽ കുരുങ്ങി പുറത്തുവരാതായി. പിറ്റേന്ന് പത്രത്തിൽ കൊറോണ സ്ഥിരീകരിച്ചവരുടെ കൂട്ടത്തിൽ തന്റെ പ്രിയസുഹൃത്ത്. അയാൾ ഒരു നിമിഷം തരിച്ചുനിന്നു. മാസ്ക് ധരിച്ച് അയാൾ അടുത്തുള്ള സ്രവപരിശോധനാ കേന്ദ്രത്തിലേക്ക് പുറപ്പെട്ടു. ഫലം നെഗറ്റീവാകണെ എന്ന് ഉള്ളുരുകി പ്രാർഥിച്ചു. എന്നാൽ ഫലം പോസിറ്റീവായിരുന്നു. തന്റെ എല്ലാ ആഗ്രഹവും തകർന്നെന്നറിഞ്ഞപ്പോൾ അയാൾ ഒരു നിമിഷം തേങ്ങി. നാട്ടിലൊരു വലിയ വീട്, മകളുടെ വിവാഹം എല്ലാം കഴിഞ്ഞ് സന്തോഷത്തോടെ ജോലിയം ഉപേക്ഷിച്ച് എല്ലാവർക്കുമൊപ്പം

കഴിയണമെന്ന തന്റെ ആശകളെല്ലാം ഷീറ്റു കൊട്ടാരം പോലെ തകർന്നടിയാൻ പോകുന്നു. കുപ്പിച്ചില്ലുകൊണ്ട് തൊണ്ടകീറി മുറിക്കുന്ന വേദനയേക്കാൾ തന്റെ മകളെ ഒരു നോക്ക് കാണാൻ കഴിയാത്തതാണ് അയാൾക്ക് അസഹനീയമായി തോന്നിയത്. കൊറോണ എന്ന മാരക രോഗം തന്നെ ഇഞ്ചിഞ്ചായി ഇല്ലാതാക്കുന്നത് അയാൾ അറിഞ്ഞു. ഡോക്ടർമാരുടെയും മറ്റും രാപ്പകലില്ലാതെയുള്ള സേവനം അയാൾക്കാ ശ്വാസമായി. മരണത്തോട് മുഖാമുഖം മല്ലടിക്കുമ്പോഴും അയാൾ വിവാഹം കഴിയുന്നത് വരെ മകളെ ഒന്നും അറിയിക്കരുതെന്ന് എല്ലാവരോടും ആവശ്യപ്പെട്ടു. 25 ന് ആ പിതാവ് തൻെറ എല്ലാ മോഹങ്ങളും വിട്ടെറിഞ്ഞ് കൊറോണ എന്ന രോഗത്തിന് കീഴടങ്ങി. അയാളുടെ ഭാര്യയെ മാത്രം വിവരം അറിയിക്കണം ഡോക്ടർമാരിലൊരാൾ പറഞ്ഞു. ഓർക്കാപ്പുറത്ത് വന്ന ഒരു ഫോൺ കോൾ തന്റെ ഭർത്താവിന്റെ മരണവാർത്തയാണെന്നറിഞ്ഞപ്പോൾ അവർ തേങ്ങി. മകൾ ഒന്നും അറിയാതിരിക്കാൻ അവർ പരമാവധി ശ്രമിച്ചു. കളിചിരികൾക്ക് നടുവിലും നീനയുടെ മുഖത്ത് വിഷാദം പടരുന്നത് അവർ ശ്രദ്ധിച്ചു. മകളെ യാത്രയാക്കാൻ നേരം പൊട്ടിക്കരഞ്ഞു കൊണ്ട് ആ അമ്മ മകളെ ഗാഢമായി പുണർന്നു. അച്ഛൻ പോയെടി... അവരുടെ വാക്കകൾ മുറിഞ്ഞു. ആയിരത്തോളംപേർ പങ്കെടുത്ത ആ ചടങ്ങിൽ ഏവരുടേയും കണ്ണുകൾ ഈറനണിഞ്ഞു. “എന്റെ അച്ഛനെ അവസാനമായൊന്ന് കാണാൻ കഴിഞ്ഞില്ലെന്ന്” പറഞ്ഞ് അവൾ പ്രവീണിന്റെ ദേഹത്തേക്ക് വീണു. കൊറോണ എന്ന രോഗം ഒട്ടേറെ ജീവൻ കവർന്നെടുക്കുകയാണ്. നാം ഓരോരുത്തരും ഏറെ ജാഗ്രതയോടെ സർക്കാരിന്റെ നിർദ്ദേശം പാലിച്ച് മുന്നേറണം. “രോഗം വന്ന് ചികിത്സിക്കുകയല്ല മറിച്ച് രോഗ പ്രതിരോധമാണ് മുഖ്യം.”

**അനന്യ രമേശൻ**
7 എ, മട്ടന്നൂർ.എച്ച് .എസ്.എസ്
മട്ടന്നൂർ ഉപജില്ല, കണ്ണൂർ



# കൊറോണക്കാലം

രാജ്യം ലോക്ഡൗൺലേക്ക്, 21 ദിവസത്തെ അടച്ചുപൂട്ടൽ, ടിവിയിൽ നിന്നുള്ള വാർത്തകേട്ട് അത്താഴം കഴിക്കുകയായിരുന്ന ചാക്കോ ഞെട്ടിത്തരിച്ചു. “ന്റെ അമ്മോ 21 ദിവസമോ... ആശിച്ചുമോഹിച്ച് നാട്ടിലേക്ക് എത്തിയപ്പോൾ ഇവിടുത്തെ ഒരു ലോക്ഡൗൺ”, ഇതുകേട്ട് അടുക്കളയിൽനിന്നും മേരി പാഞ്ഞെത്തി. “ഇതെന്തു കൂത്ത്? ചൈനയിൽ എങ്ങാണ്ട് ഒരു പനി വന്നതു കൊണ്ട് മനുഷ്യന്മാർ വീട്ടിൽ ഇരിക്കണോ? നാളെ സണ്ണിയുടെയും സേവിയുടെയും വീട്ടിൽ ഇനി എങ്ങനെ പോകാനാ?” തെല്ല് ആശങ്കയോടെ മേരി പറഞ്ഞുനിർത്തി.

“പനിയുള്ളവരൊക്കെ വീട്ടിലിരിക്കട്ടെ. എന്ത് ലോക്ഡൗൺ. നമ്മൾ പോകേണ്ടിടത്തു നമുക്ക് പോകണ്ടേ.” ഒരു വിയോജിപ്പോടെ ചാക്കോ പ്രതികരിച്ചു. “അല്ലേലും ശരിയാ.... എത്രനാളായി അവരെയൊക്കെ ഒന്ന് കണ്ടിട്ട്?” ചാക്കോയെ പിന്താങ്ങിക്കൊണ്ട് മേരി പറഞ്ഞു.

പിറ്റേന്ന് പ്രാതലിനുശേഷം വീട്ടുമുറ്റത്ത് നിന്ന് ചാക്കോയുടെ കാർ പുറപ്പെട്ടു. വഴിയിൽ വാഹനങ്ങൾ കുറവായതിനാൽ ഒത്തിരി വൈകാതെതന്നെ ചാക്കോയും മേരിയും സണ്ണിയുടെ വീട്ടിലെത്തി. വരാന്തയിലെ ചാരുകസേരയിലിരുന്ന് പത്രം വായിക്കുകയായിരുന്ന സണ്ണി ചാക്കോയെ കണ്ടതോടെ സന്തോഷവും നീരസവും ഇടകലർന്ന ഭാവത്തോടെ ആരാഞ്ഞു, “താൻ ഈ ലോക്ഡൗണിക്കുറിച്ച് ഒന്നും കേട്ടില്ലേടോ?”

“താൻ എന്ത് പേടിത്തൊണ്ടനാടോ?” ഒരു ഹാസ്യഭാവത്തോടെ ചാക്കോ ഹസ്തദാനം നൽകാനായി കൈനീട്ടി.

ആദ്യം നീ ആ കൈ ഒന്ന് കഴുകു’, എന്നിട്ടുമതി സ്നേഹപ്രകടനം. മുറ്റത്തിരുന്ന സാനിറ്റൈസെറിലേക്കു കൈചൂണ്ടിക്കൊണ്ട് സണ്ണി സൂചിപ്പിച്ചു.

ചാക്കോ മുഖം ചുളിച്ചുകൊണ്ട് പറഞ്ഞു, “ഇനി ഞാൻ കാരണം നിനക്ക് കൊറോണ പിടിക്കണ്ട. ഞങ്ങൾ ഏതായാലും സേവിയുടെ വീട് വരെ പോവുകയാ.” “എടാ ചാക്കോ നീ ഈ കാര്യത്തിന്റെ ഗൗരവം മനസ്സിലാക്ക്.” സണ്ണി വിളിച്ചുപറഞ്ഞു. സണ്ണിയോട് പ്രതികരിക്കാതെ ചാക്കോ കാറുമെടുത്തിറങ്ങി. സേവിയുടെ വീട്ടുമുറ്റത്തെത്തിയ ചാക്കോ ഒന്ന് ശങ്കിച്ചുനിന്നു. “ഇനി ഇവനും സണ്ണിയെ കൂട്ട് പെരുമാറുമോ?” മേരിയോടായി അയാൾ പറഞ്ഞു. “ഏതായാലും ഇവിടെ സാനിറ്റൈസർ ഒന്നുമിരിപ്പില്ല.” മേരി ചിരിച്ചുകൊണ്ട് പറഞ്ഞു.

ഇവരെ കണ്ട് സേവി അത്യധികം ആഹ്ലാദത്തോടെ അകത്തേക്ക് കൊണ്ടുപോയി ചായ സൽക്കാരം നടത്തി. ഒപ്പം നാട്ടുവിശേഷങ്ങളും പങ്കുവച്ചു. തികഞ്ഞ സംതൃപ്തിയോടെ അവർ കൈകൊടുത്തു പിരിഞ്ഞു.

വീട്ടുപടിക്കൽ എത്തിയ അവർ ആ കാഴ്ച കണ്ടു ഞെട്ടി. "ആംബുലൻസും ഒന്ന് രണ്ട് ഉദ്യോഗസ്ഥരും." അടുത്തെത്തിയപ്പോഴാണ് അവർക്ക് കാര്യം പിടികിട്ടിയത്. സണ്ണി വിളിച്ചു പറഞ്ഞതനുസരിച്ച് എത്തിയ ആരോഗ്യ പ്രവർത്തകരാണ്. കാര്യമെന്തെന്നാൽ ചാക്കോയും കുടുംബവും ഉടൻതന്നെ അവരോടൊപ്പം താലൂക്ക് ആശുപത്രിയിൽ എത്തണമെന്ന്.

"വിദേശത്തുനിന്ന് വന്നതാണെന്ന് പറഞ്ഞ് ഒരു പനിപോലുമില്ലാത്ത ഞങ്ങളെ ആംബുലൻസിൽ കയറ്റിക്കൊണ്ടുപോവാൻ ആണോ ഉദ്ദേശം.അതും താലൂക്ക് ആശുപത്രിയിൽ." ഇനി പനി ഉണ്ടെങ്കിൽതന്നെ ഞങ്ങളുടെ ചികിത്സയ്ക്കുള്ള പണം ഞങ്ങളുടെ കൈയിലുണ്ട്."

ഉദ്യോഗസ്ഥർ വളരെ ക്ഷമയോടെ അവരെ പറഞ്ഞു മനസ്സിലാക്കി. ഒരുപാട് നേരത്തെ സംസാരത്തിനുശേഷം തങ്ങളുടെ സ്വന്തം കാറിൽ ആശുപത്രിയിൽ വരാമെന്ന് സമ്മതിച്ചു. ഇരുവരും കോമഡി പരിശോധനയ്ക്ക് വിധേയരായി. ചാക്കോയ്ക്ക് കോവിഡ് സ്ഥിരീകരിച്ചു. അയാളുടെ റൂട്ടുമാപ്പ് തയാറാക്കി. അങ്ങനെ സണ്ണിയുടെയും സേവിയുടെയും വീട്ടിലേക്ക് ആരോഗ്യപ്രവർത്തകരെത്തി. സേവിയോടും കുടുംബത്തോടും ഐസൊലേഷൻ വാർഡിലേക്ക് മാറാൻ ആവശ്യപ്പെട്ടു. ഉണ്ണിയോട് വീട്ടിനകത്ത് തന്നെ തുടർന്നുകൊള്ളാൻ പറഞ്ഞു. അയാളുടെ പ്രവൃത്തിയെ പ്രശംസിക്കുകയും ചെയ്തു.

നേരത്തേതന്നെ രോഗം തിരിച്ചറിഞ്ഞതുകൊണ്ട് ചാക്കോ വളരെ വേഗം രോഗവിമുക്തനായി. ലോക്ഡൗണിനുശേഷം ഒരു പ്രഭാതത്തിൽ തന്റെ വീട്ടിലേക്ക് കടന്നുവന്ന ആളെ കണ്ട് ചാക്കോ ഞെട്ടി. അത് സണ്ണി ആയിരുന്നു. അയാളെ വാരിപ്പുണർന്നുകൊണ്ടു ചാക്കോ പറഞ്ഞു, "നീയാണ് എന്നെ രക്ഷിച്ചത്". അതിന്റെ മറുപടി സണ്ണി ഒരു ചിരിയിൽ ഒതുക്കി.

**സാനിയ സുലൈമാൻ**
9 സി, മാർ ബേസിൽ ഹയർ സെക്കന്ററി സ്കൂൾ
കോതമംഗലം ഉപജില്ല, എറണാകുളം

# അയൽവാസി

ഒരു ഗ്രാമത്തിൽ രാജു ,രാധ എന്ന രണ്ടു സഹോദരങ്ങൾ ഉണ്ടായിരുന്നു. അവരുടെ അച്ഛനും അമ്മയും കൃഷിക്കാരായിരുന്നു. ധാരാളം വളർത്തുജീവികൾ ഉള്ള ഒരു കൊച്ചുവീട്ടിലായിരുന്നു അവരുടെ താമസം. അവധി ദിവസങ്ങളിൽ അവർ മറ്റു കൂട്ടുകാർക്കൊപ്പം പലതരം കളികളിൽ ഏർപ്പെടുമായിരുന്നു. ഒരു ദിവസം അവരുടെ വീടിനടുത്തുള്ള രാഘവേട്ടന്റെ മകൻ വിനോദ് ഗൾഫിൽ നിന്ന് വന്നു രാജുവിനും രാധയ്ക്കും നല്ല മിട്ടായി കിട്ടി. അങ്ങനെ അവർ ആ ചേട്ടന്റെ കൂടെ പന്ത് കളിയിൽ ഏർപ്പെട്ട് രണ്ടുദിവസം കഴിഞ്ഞപ്പോൾ ചേട്ടൻ കടുത്ത പനിയും തൊണ്ടവേദനയും അനുഭവപ്പെട്ട് കിടപ്പിലായി. അടുത്തുള്ള ആശുപത്രിയിൽ പോയി മരുന്ന് കഴിച്ചെങ്കിലും മാറ്റമൊന്നും ഉണ്ടായില്ല. ചങ്ങാതിമാരുടെ ഉപദേശപ്രകാരം ചേട്ടൻ മെഡിക്കൽകോളേജിൽ പരിശോധനയ്ക്കു പോയി. അവിടെയുള്ള ഡോക്ടർ പറഞ്ഞു ഇത് കൊറോണാവൈറസ് രോഗമാണെന്ന്. പക്ഷെ ഡോക്ടർമാർ വൈറസിനെപ്പറ്റി അറിയുമ്പോഴേക്കും വിനോദ് മരണപ്പെട്ടിരുന്നു. ഈ വാർത്തയറിഞ്ഞ ഗ്രാമത്തിലെ ജനങ്ങൾ പരിഭ്രാന്തരായി. ഈ ചേട്ടന്റെ കൂടെ പന്ത് കളിച്ച രാജുവും രാധയും കൂട്ടുകാരുമെല്ലാം ഇതേ രോഗലക്ഷണങ്ങൾ കാണിച്ചുതുടങ്ങി. ഉടനെ തന്നെ അവർക്ക് വേണ്ടുന്ന പരിചരണവും ചികിസ്തയും നൽകി. അതോടെ രോഗങ്ങളിൽ നിന്ന് മുക്തരായി ഡോക്ടർമാർ അവരോട് വീട്ടിൽ തന്നെ ഇരിക്കുവാനും ലോകമെമ്പാടും ഈ രോഗത്തിന്റെ പിടിയിലാണെന്നും അതിനാൽ ആരും പുറത്തു ഇറങ്ങരുതെന്നും, പുറത്തുപോയി വന്നാൽ കൈകൾ സോപ്പ് ഇട്ടു കഴുകാനും മാസ്കധരിക്കാനും ആളുകൾ തമ്മിൽ അകലം പാലിക്കാനുമുള്ള നിർദേശങ്ങൾ നൽകി. ഈ നിർദേശങ്ങൾ പാലിച്ചുകൊണ്ട് ആളുകൾ വ്യക്തിശുചിത്വത്തോടെയും ദിവസങ്ങൾ തള്ളി നീക്കി. മാരകമായ ഈ കൊറോണ വൈറസിനെ ഇത്തരം നിയന്ത്രണ ത്തോടെ എല്ലാരും ചേർന്ന് തുരത്തി ഓടിച്ചു. രാജുവും രാധയും കൂട്ടുകാരും എല്ലാരും രോഗങ്ങളിൽ നിന്ന് മുക്തരായി സന്തോഷത്തോടെ അവർ രണ്ടുപേരും വീട്ടിലിരുന്നുകൊണ്ട് തന്നെ എല്ലാനിയന്ത്രണത്തോടെയും കളിച്ചും ചിരിച്ചും രസിച്ചും നടന്നു.

**നൈനികരാജ്**
4, മുണ്ടേരി എൽ.പി. സ്കൂൾ
കണ്ണൂർ നോർത്ത് ഉപജില്ല, കണ്ണൂർ

# സുന്ദരമായ വീട്

ഒരു ഗ്രാമത്തിൽ സുന്ദരമായ വീടുണ്ടായിരുന്നു. ആ വീട്ടിൽ ഉപ്പയും ഉമ്മയും രണ്ട് മക്കളുമുണ്ട്. ആ വീട് സന്തോഷമുള്ള വീടായിരുന്നു. അവിടെ കുറേ കോഴികളുണ്ട്. ദിവസവും കുറേ മുട്ട കിട്ടും. മുട്ടവിറ്റ് പണമുണ്ടാക്കി നല്ലൊരു പച്ചക്കറി ത്തോട്ടമുണ്ടാക്കി. അതുകൊണ്ട് വിഷമടിക്കാത്ത പച്ചക്കറിയാണ് അവർ കഴിക്കുന്നത്. നല്ല പച്ചപ്പ് നിറഞ്ഞ വീടായിരുന്നു.പൂന്തോട്ടത്തിൽ ഒരുപാട് പൂമ്പാറ്റകൾ തേൻകുടിക്കാൻ വരും. കുട്ടികൾ അത് കണ്ട് രസിക്കും. അവർക്കാവശ്യമായ സാധനങ്ങൾ അവരുടെ വീട്ടുമുറ്റത്ത് വളർത്തിയെടുത്തു.

ഈ കഥയിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ പറ്റിയത് നമുക്ക് മനസ്സുവെച്ചാൽ നമ്മുടെ വീടുകൾ സുന്ദരമാക്കാം.

**ഹലീമത്ത് ഷാസിയ**
2, മുള്ളൂൽ എൽ.പി.എസ്.
തളിപ്പറമ്പ് നോർത്ത് ഉപജില്ല, കണ്ണൂർ

# തീരാത്ത ശാപങ്ങൾ

"മാമലകൾക്കപ്പുറത്ത്
മരതകപ്പട്ടുടുത്ത്
മലയാളമെന്നൊരു
നാടുണ്ട് കൊച്ചു
മലയാളം എന്നൊരു
നാടുണ്ട്"

സ്കൂളിൽ നടക്കുന്ന പാട്ടുമത്സരത്തിന് പാടാനുള്ള പാട്ടുപാടി സ്കൂളിൽ പോകാനുള്ള തയാറെടുപ്പിലാണ് മീനുമോൾ. "എന്താ കുഞ്ഞേ നീ ഇതുവരെ കുളിച്ചില്ലേ, സ്കൂളിൽ പോണ്ടേ, പെട്ടെന്ന് ഇറങ്ങും കുഞ്ഞേ, താമസിക്കും." മീനു മോളുടെ അമ്മ അനുവിന്റെ ശബ്ദമാണ്.

മീനുമോളും അമ്മ അനുവും അച്ഛൻ മാധവും അടങ്ങുന്ന ചെറിയ കുടുംബം കുറിഞ്ഞിമലയുടെ മുകളിലാണ് താമസം. അവിടെനിന്ന് കുരുവി അങ്ങാടി കാണാൻ മിന്നു മോൾക്ക് വലിയ ഇഷ്ടമാണ്. അവളുടെ ഓരോവാക്കും പ്രവൃത്തിയും കണ്ടാൽ അവൾ പ്രകൃതിയുടെ പുത്രിയാണെന്ന് തോന്നും.

അച്ഛന്റെ കൃഷിസ്ഥലത്ത് പോകുവാനും, അവിടെ ഇരുന്ന് മൈനയേയും അമ്മൂമ്മക്കിളിയേയുമൊക്കെ കാണാനും വലിയ ഉത്സാഹമാണാവൾക്ക്. വാഴ കുമ്പിൽ നിന്നും തേൻ നുകരാൻ വരുന്ന കുഞ്ഞിക്കിളി അവൾക്കും കൗതുകമാണ്.

പാട്ടുപാടാനുള്ള ഉത്സാഹത്തിൽ പെട്ടെന്ന് ഒരുങ്ങി സുന്ദരിയായി അമ്മയുടെ അടുത്ത് മിനിമോൾ എത്തി. "ചൂട് ദോശ പൊഴിയുന്ന ശബ്ദം കേൾക്കാൻ എന്ത് രസമാണ് അല്ലേ അമ്മേ." മീനുമോളുടെ ചോദ്യം കേട്ട കണ്ണിറുക്കി ചിരിച്ചു. അമ്മേ അച്ഛൻ വന്നില്ലേ മോൾക്ക് ഇന്ന് പാടാനുള്ളതാ. അനുമോളുടെ പരിഭവം കേട്ട് അച്ഛൻ മാധവൻ ഓടിവന്നു. മോൾക്ക് വേണ്ടി കാത്തിരിക്കുവാ പെട്ടെന്ന് പോകാം, മോൾ ഇന്ന് നന്നായി പാടണം കേട്ടോ. മാധവൻ വേഗംതന്നെ തന്റെ സൈക്കിളിന് മുന്നിൽ അനുമോളെ ഇരുത്തി പതിയെ ഇറങ്ങി വഴിനീളെ പാടാനുള്ള പാട്ടുപാടിയാണ് മീനു മോളുടെ പോക്ക്. കുരുവി അങ്ങാടിയിൽ എത്തിയാൽ മിന്നുമോളുടെ ഒരു പതിവ് ചോദ്യമുണ്ട്. നമ്മുടെ കുറിഞ്ഞിക്കുന്ന് കാണാൻ എന്ത് ഭംഗിയാണല്ലേ അച്ഛാ? മാധവൻ ചിരിച്ചുകൊണ്ട് പറയും, എന്റെ മിനിമോൾ ഉള്ളപ്പോളാണു കുന്നിനുഭംഗി വരുന്നത് അത് കേൾക്കുമ്പോൾ അവൾക്കു നാണം വരും.

സ്കൂളിൽ എത്തിയതും ആദ്യ ബെല്ലടിച്ചു മിനിമോൾ അച്ഛന് ഒരു ഉമ്മ കൊടുത്തിട്ട് വേഗം ഓടിപ്പോയി.

സ്കൂളിലെ പാട്ടുമത്സരത്തിന് അവൾ ഭംഗിയായിതന്നെ പാടി. പാട്ട് കേട്ടവർ എല്ലാം പരസ്പരം ചോദിച്ചു, പ്രകൃതിയെ ഇത്രയ്ക്കും ഉൾക്കൊണ്ട് എങ്ങനെ ഈ കുഞ്ഞു പാടുന്നു. അത്രയ്ക്ക് ഭംഗിയായിരുന്നു മിനിമോളുടെ പാട്ട്. ഒന്നാംസ്ഥാനവും സമ്മാനവും വാങ്ങി മിനിമോൾ വീട്ടിലേക്കോടി. എന്തു നീളം ആ വീട്ടിലേക്കുള്ള വഴി... മീനു ഓർക്കുന്നു പാവം അവളുടെ സന്തോഷം.

കുരുവി അങ്ങാടി എത്തിയതും മിനിമോൾ കുറിഞ്ഞിക്കുന്നിലേക്ക് നോക്കി. പെട്ടെന്നവൾ നിന്നു. ഇതെന്താ കുറഞ്ഞിരിക്കുന്നിന് ഒരു ഭംഗിക്കുറവ്. ആ കുഞ്ഞുമനസ്സിന് ഒന്നും മനസ്സിലായില്ല. അവൾ വേഗത്തിൽ ഓടി കുന്നിലേക്ക്. അവൾ അതിശയിച്ചുപോയി. ഇവിടെ കുറിക്കുന്ന ശ്വാസമടക്കിപ്പിടിച്ച് നിൽക്കുന്ന അതിനിടയിൽ തന്റെ കുഞ്ഞിന് മണ്ണുമാന്തിയുടെ കൂർത്ത കൈകൾ പിടിച്ചു തകർക്കുന്നു. "മോളെ നമ്മുടെ എല്ലാം പോയി. നമ്മൾ ഇനി എങ്ങോട്ട് പോകും. എവിടെ ജീവിക്കും." ആ ദയനീയമായ അവസ്ഥകണ്ടു നിന്നവർക്കുപോലും സഹിക്കില്ല. മീനു മോളെ അച്ഛൻ മാധവൻ അവളുടെ കൈയിൽ പിടിച്ചുവിളിച്ചു. അവളുടെ കണ്ണുകളിലേക്ക് നോക്കിയ മാധവന് അത് വായിക്കാൻ കഴിഞ്ഞു. "എന്തിനാ അച്ഛാ ആരാ ഇത് ചെയ്തത്. നിർത്താൻ പറ അച്ഛാ." കുറിഞ്ഞിക്ക് വേദനിക്കും. കണ്ണുകൾ നിറഞ്ഞൊഴുകുന്നത് അച്ഛനെ നീ സഹായത്തോടെ മാത്രമേ നോക്കാൻ കഴിഞ്ഞുള്ളൂ.

പൊടിപടലങ്ങൾ എല്ലാം അടങ്ങിയപ്പോൾ മാധവൻ പിന്നെ ആ കണ്ണിലേക്ക് നോക്കി കണ്ണീരല്ല പകരം നിസ്സംഗതയായിരുന്നു ആ കണ്ണിൽ.

ആ കണ്ണുകൾ ലോകത്തോടു പറഞ്ഞു മനുഷ്യൻ നീ ഇതിനു അനുഭവിക്കും.

2018-2019 ഈ രണ്ടു വർഷവും മലയാളികൾ മറക്കില്ല കേരളമെന്ന ദൈവത്തിന്റെ സ്വന്തം നാടിനെ മഹാപ്രളയം വിഴുങ്ങിയ വർഷങ്ങൾ.

പ്രളയം ഇതിനു മുന്നേയും വന്നിട്ടുണ്ട് പക്ഷേ പഴമക്കാർ പറഞ്ഞു. "കയറിയ വെള്ളം തീർച്ചയായും ഇറങ്ങി പോകുമെന്ന്" എന്നാൽ വർഷങ്ങളിലെ പ്രളയം നമ്മെ ഒരുകാര്യം പഠിപ്പിച്ചു. ഈ ഭൂമിയിൽ ഇനി തുച്ഛമായ സ്ഥലം മാത്രമേയുള്ളൂ. മനുഷ്യാ, നീ ഇനിയെങ്കിലും ഓർക്കുക ഇതിന് നീ പരിഹാരം കണ്ടില്ലെങ്കിൽ വരും തലമുറ നിന്നെ ശപിക്കും തീർച്ച.

**ചൈതന്യ എസ്സ് ബി**
10 ബി, ലിറ്റിൽഫ്‌ലവർ കോൺവെന്റ് സ്കൂൾ വെള്ളായണി
തിരുവനന്തപുരം സൗത്ത് ഉപജില്ല, തിരുവനന്തപുരം

# കളിക്കൂട്ടുകാരൻ

പരിസ്ഥിതിയെ സ്നേഹിച്ചു ഉണ്ണി വളർന്നു. എന്നും അവൻ ഒന്നാം ക്ലാസ്സിൽ നിന്നും കിട്ടിയ മരത്തൈയുടെ വളർച്ച കണ്ടാസ്വദിക്കും. നാലാം ക്ലാസ്സിൽ എത്തിയപ്പോളേക്കും മരം അവനെക്കാളും വളർന്നു. എപ്പോഴും തന്റെ മരത്തെ ക്കുറിച്ചുള്ള ഓർമ്മകൾ മാത്രം. ഇപ്പോൾ ഒന്നര മാസം മരത്തിന്റെ അടുത്തു കളിക്കാനും കൂട്ടുകൂടാനും കിട്ടിയ സമയം അവൻ വേണ്ടുവോളം ഉപയോഗപ്പെടുത്തി. സ്നേഹനിധിയായ ഉണ്ണിക്ക് എന്നും ഈ മരം കളിക്കൂട്ടുകാരനായിരിക്കും.

**ആദിഷ.പി. വി**
3 വലിയന്നൂർ നോർത്ത് യു.പി. സ്കൂൾ
കണ്ണൂർ നോർത്ത് ഉപജില്ല, കണ്ണൂർ

# സൂക്ഷിച്ചാൽ ദുഖിക്കേണ്ട

ഒരു രാജ്യത്ത് മാരകമായ വൈറസ് ബാധ പിടിപെട്ടു. അത് ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് പടർന്നുപിടിക്കാൻ തുടങ്ങി. ഭരണാധികാരികളും ജനങ്ങളും പരിഭ്രാന്തിയിലായി. അങ്ങനെ ആ രാജ്യത്തെ പ്രധാനമന്ത്രി രാജ്യം മുഴുവൻ അടച്ചുപൂട്ടാൻ ഉത്തരവിട്ടു. വീട്ടിൽനിന്നും ഒരാൾപോലും പുറത്തിറങ്ങരുതെന്ന് കർശനനിയന്ത്രണമിറക്കി. എന്നാൽ ജനങ്ങളൊക്കെ വീടിനുള്ളിൽ കഴിയാൻ പരമാവധി ശ്രമിച്ചു. ഇതിനെയൊക്കെ പരമപുച്ഛത്തോടെ കണ്ടിരുന്ന ബാലൻ എന്ന ആൾ പറഞ്ഞു. നമ്മൾ എന്തിനാണ് എവിടെയോ ഉള്ള രോഗത്തിന് വീട്ടിൽ അടച്ചുപൂട്ടിയിരിക്കുന്നത് എന്നു പറഞ്ഞു പരിഹസിച്ചു. ഇയാൾ വീട്ടിലിരിക്കാതെ സാധാരണപോലെ ഗ്രാമങ്ങളിലും കടകളിലും എല്ലാം കയറി. മാത്രമല്ല വീട്ടിൽ അടങ്ങി കഴിയുന്നവരോട് പരമപുച്ഛവുമായിരുന്നു. രോഗം അവസാനം അടുത്ത ഗ്രാമത്തിലെത്തി. എന്നിട്ടും അയാൾക്ക് പുച്ഛം തന്നെയായിരുന്നു. അയാൾ അവസാനം രോഗബാധിതനായി. അങ്ങനെ അയാളുടെ വീട്ടുമുറ്റത്തും ആംബുലൻസ് എത്തി. കൂട്ടുകാരെ രോഗം വന്നു ചികിത്സതേടുന്നതിനേക്കാൾ എത്രയോ നല്ലതാണ് രോഗംവരാതെ സൂക്ഷിക്കുന്നത്.

**അവന്തിക**
ക്ലാസ് 3, വലിയന്നൂർ നോർത്ത് യു.പി. സ്കൂൾ
കണ്ണൂർ നോർത്ത് ഉപജില്ല, കണ്ണൂർ

## THE KING'S LESSON

Once there was a greedy King ruled a village Khandara. It was an untidy village. The King doesn't care the neatness of his own. He was only interested in food. One day he felt that he is suffering from a disease. He started paining his stomach. Even all the doctors in the village treated him, he was not satisfied. The King ordered a big compensation for who cure his disease. After two days a Sage came to the king. At first look the sage understood the reason of the disease. He advise the king to cut his nails and keep his body clean. He also told the servants to clean the whole palace and the village. Later, the King felt that he became a healthy man. He was very happy. He honored the sage with many gifts and appointed as his personal doctor.

**ഹംദിയ**
8 സി, സി.എച്ച്.എസ്.എസ്. അടക്കാക്കുണ്ട്
വണ്ടൂർ ഉപജില്ല, മലപ്പുറം

## പുഴയും കുട്ടിയും

കുട്ടി പുഴയുടെ തീരത്ത് ഇരിക്കുകയാണ്. കലങ്ങിമറിഞ്ഞ വെള്ളം മനുഷ്യരുടെ മനസ്സിനെ ഓർമിപ്പിച്ചു. മീൻ കുഞ്ഞുങ്ങളുടെ സ്ഥാനത്ത് പ്ലാസ്റ്റിക്ക് കുപ്പികൾ ഓളം വെട്ടിച്ച് ഒഴുകി നടക്കുന്നു. കുമ്പിളിലെടുത്ത് കുടിക്കാൻ പോയിട്ട് തൊടാൻ പോലും പറ്റാത്ത വെള്ളം.

മുത്തശ്ശി പറഞ്ഞ കഥകളിലെ തെളിനീരൊഴുകുന്ന, പായലുകൾ നിറഞ്ഞ മീൻ കുഞ്ഞുങ്ങൾ നിറഞ്ഞ ആ പുഴ അവന്റെ മനസ്സിൽ കൂടി കടന്നു പോയി, അതിലെ വെള്ളം കരകവിഞ്ഞ് ഒഴുകിയതുപോലെ അവന്റെ കണ്ണുകളും ഒരു തടാകമായി മാറി. സഹ്യന്റെ മടിയിൽ ജനിച്ച അവളുടെകൂടെ ഇന്ന് വരുന്നത് കറുത്ത വിഷവും പ്ലാസ്റ്റിക്ക് എന്ന “മാന്ത്രികനും”. “മോനെ ഇങ്ങ്വാ. നിന്നോടു പറഞ്ഞിട്ടില്ലേ ആ അഴുക്ക് വെള്ളത്തിൽ കളിക്കരുതെന്ന്”. അമ്മയുടെ വിളികേട്ട് വീട്ടിലേക്ക് മടങ്ങുമ്പോഴും അവന്റെ മനസ്സ് ആ പുഴയായി മാറുകയായിരുന്നു.

**പ്രണവ് വി.**
7 എ, വാണീ വിലാസം യു.പി. സ്കൂൾ
കണ്ണൂർ നോർത്ത് ഉപജില്ല, കണ്ണൂർ

# കുരുടൻപൂച്ച

നിലാവിൽ കുളിച്ച രാത്രിയിൽ അയാൾ തനിച്ചിരുന്നു. അല്ല, തനിച്ചല്ല, കൂടെ സന്തത സഹചാരിയായ കുരുടൻപൂച്ച മാത്രം. മനസ്സ് വല്ലാതെ പതറിപ്പോവുന്നുണ്ടോ? ഏയ് ഇല്ല.

ചുവരിൽ തൂങ്ങിക്കിടക്കുന്ന സമയകാല പട്ടികയിലേക്ക് ഒന്നു കണ്ണോടിച്ചു. നാട്ടിൽ വന്നിട്ട് ഇന്നത്തേക്ക് അഞ്ചാം നാൾ. ഭാര്യയെയും മക്കളെയും ശരിക്കൊന്ന് കണ്ടിട്ട് പോലുമില്ല. മേശപ്പുറത്തിരിക്കുന്ന മൊബൈൽഫോണിൽ നിന്ന് മധുരമായ ഒരു ശബ്ദം കേൾക്കുന്നുണ്ട്. ഫോണടിക്കുകയാണ്. പക്ഷേ എടുക്കാൻ തോന്നിയില്ല. കുറച്ചുസമയം അങ്ങനെയിരുന്നു. മനസ്സിന് നല്ല സുഖം തോന്നി. പൂച്ചയും അത് ശ്രദ്ധിക്കുന്നുണ്ടെന്ന് തോന്നുന്നു. അതിന്റെ മുഖത്ത് വല്ലാത്തൊരു നിഷ്കളങ്കത. നാട്ടിൽവന്നപ്പോൾ കൂടെക്കൂടിയതാണ്. അതിന്റെ അനക്കങ്ങൾ ശ്രദ്ധിച്ചിരിക്കുന്നത് വല്ലാത്തൊരു സുഖം തന്നെയാണ്.

ഇടക്കെപ്പോഴോ ഫോണടി നിന്നു. ഏയ്... ഇല്ല... വീണ്ടും തുടങ്ങി. പതിയെ എഴുന്നേറ്റ് ചെന്ന് എടുത്തു. ഓ... കൗൺസിലറാണ്. അദ്ദേഹം നൽക്കുന്ന ആശ്വാസം ചെറുതൊന്നുമല്ല. അദ്ദേഹത്തിന്റെ വാക്കുകൾ ഞാൻ ശ്രദ്ധിച്ച് കേൾക്കും. ഈ ഏകാന്തവാസത്തിനിടയിൽ ഒരാശ്വാസമാണത്. ഫോൺവിളിച്ച് കഴിഞ്ഞ് അൽപമൊന്നുറങ്ങി എഴുന്നേറ്റപ്പോൾ വല്ലാത്തൊരസ്വസ്ഥത. ശ്വാസമെടുക്കാൻ പ്രയാസം തോന്നുന്നുണ്ട്. വല്ലാത്ത ചുമയും എഴുന്നേൽക്കാൻ ശ്രമിച്ചു, പക്ഷെ കഴിയുന്നില്ല. അൽപനേരം ഞാനങ്ങനെത്തന്നെ കിടന്നു. നെറ്റിയിൽ തൊട്ടുനോക്കി നല്ല പനിയുണ്ട്. വല്ലാതെ പേടി തോന്നുന്നു. വേഗം തന്നെ ഫോണെടുത്ത് കൺട്രോൾ റൂമിൽ വിളിച്ചു. ദൈവമേ വല്ലാത്തൊരു പരീക്ഷണം തന്നെ. ശ്വാസമെടുക്കാനുള്ള പ്രയാസം കാരണം ഒന്നു മയങ്ങാൻ ശ്രമിച്ചു. പതിയെ എന്റെ കണ്ണുകളടഞ്ഞു.

എഴുന്നേറ്റപ്പോൾ ഞാൻ ആശുപത്രിക്കിടക്കയിലാണ്. ചുറ്റും ഡോക്ടർമാരും നഴ്സുമാരും. അവരൊക്കെ എന്നോടെന്തോ പറയുന്നുണ്ട്. അതൊന്നും കേൾക്കാനുള്ള ഒരുമാനസികാവസ്ഥയിലായിരുന്നില്ല ഞാൻ. ശ്വാസംമുട്ടലിന് നേരിയ ആശ്വാസമുണ്ട്. ഞാൻ ചുറ്റും നോക്കി. കുരുടൻപൂച്ച അടുത്തുണ്ടോ! ഇല്ല.

ആരോ തട്ടിവിളിച്ചപ്പോഴാണ് സ്വബോധത്തിലേക്ക് തിരിച്ചുവന്നത്. ഡോക്ടർ ആശ്വസിപ്പിക്കുകയാണ്. പിന്നീട് രണ്ടാഴ്ച്ചയോളം മരണത്തെ മുഖാമുഖം കണ്ടു. പക്ഷെ മരണത്തിന് ഇപ്പോളെന്നെ ആവശ്യമില്ലായിരുന്നു. ഡോക്ടർമാരുടെയും മാലാഖമാരുടെയും പരിചരണത്തോടെ ഞാൻ വീണ്ടും ജീവിതത്തിലേക്ക് തിരിച്ച് പോരുമ്പോൾ മനസ്സ് അവനിലായിരുന്നു. അവനവിടെത്തന്നെയുണ്ടാകുമോ? എന്റെ കുരുടൻപൂച്ച.

**ഫിദ തസ്നീം**
9 ഡി, വി.ജെ.എച്ച്.എസ്.എസ്.
തുറവൂർ ഉപജില്ല, ആലപ്പുഴ

# ഏകാന്തത

ഫ്ളാറ്റുസമുച്ചയത്തിലെ നാല് ചുവരുകൾക്കുള്ളിൽ ജീവിതം തുടങ്ങിയിട്ട് വർഷം പത്ത് കഴിഞ്ഞു. എങ്കിലും ഇത്രയും കഠിനമായ നാളുകൾ ഇതിനു മുൻപ് ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടായിട്ടില്ല. ജനലിലൂടെ പുറത്തേക്കു നോക്കുമ്പോൾ ചീറിപ്പായുന്ന ആംബുലൻസുകളുടെ ശബ്ദം മാത്രം. എന്നാൽ ആകാശത്തിലൂടെ പറന്നുനടക്കുന്ന പക്ഷികളെ കാണുമ്പോൾ പലപ്പോഴും എനിക്ക് അസൂയ തോന്നിയിട്ടുണ്ട്. കാരണം ഇന്ന് ഞാനും എന്റെ മുത്തശ്ശിയും മാത്രം. ഒരു മാസമായി നാലു ചുവരുകൾക്കുള്ളിലാണ്. അച്ഛൻ ഗൾഫിലായതിനാൽ ലോക്ഡൗൺ കാരണം ഇങ്ങോട്ട് വരാൻ കഴിയുന്നില്ല. അമ്മ നേഴ്സും. അടുത്തുള്ള ആശുപത്രിയിൽ ആയിരുന്നിട്ടു പോലും ഒരു നോക്ക് കാണുവാൻ പോലും കഴിയുന്നില്ല. ആശുപതിയിലെ തിരക്ക് കാരണം ചില സമയങ്ങളിൽ വിളിക്കാറുപോലുമില്ല. അമ്മയെ കണ്ടിട്ട് ഒരു മാസത്തിലധികമായി. കഴിഞ്ഞതവണ അച്ഛൻ വിഷുവിനു ഒരു സമ്മാനവുമായി വരാമെന്നു പറഞ്ഞാണ് പോയത്. പക്ഷെ വിഷു ഒരു ഓർമ മാത്രമായി അവശേഷിക്കുന്നു. ആബുലൻസിന്റെ അലർച്ച പലപ്പോഴും എന്നെ ഭയപ്പെടുത്താറുണ്ട്. അത്യാവശ്യത്തിനായി റോഡിലേക്ക് ഇറങ്ങുമ്പോൾ എങ്ങും വിജനമായിരിക്കും. എനിക്ക് കൂട്ട് എന്റെ നിഴൽമാത്രം. ഏകാന്തമായ ജീവിതം എത്ര ദുഷ്കരമായിരിക്കും എന്ന് ഞാൻ ഇപ്പോൾ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. കഴിഞ്ഞവർഷം സ്കൂളിൽനിന്ന് മൃഗശാലയിലേക്കു വിനോദയാത്ര പോയപ്പോൾ അവിടെയുണ്ടായിരുന്ന മൃഗങ്ങളുടെ അവസ്ഥ എത്രത്തോളം വേദനാജനകമാണെന്നു ഇന്ന് ഞാൻ മനസ്സിലാക്കുന്നു. കാരണം ഞാനും ഇന്ന് ആ അവസ്ഥയിലാണല്ലോ.

**അനുശ്രീ എസ്സ്**
9, വൈ.എം.ജി.എച്ച്.എസ്. കൊല്ലങ്കോട്
കൊല്ലങ്കോട് ഉപജില്ല, പാലക്കാട്

# മനുവിന്റെ ഗ്രാമം

സുന്ദരമായ ഗ്രാമം. ധാരാളം മരങ്ങളും സസ്യലതാദികളും കൊണ്ട് നിറഞ്ഞ സുന്ദരമായ നടപ്പാതകൾ. ഇളംതെന്നലിൽ ആലോലമാടുന്ന പൊൻവിളയിക്കുന്ന നെൽകതിരുകൾ. വയലോരങ്ങളിൽ കാവലിരിക്കുന്ന കൊക്കുകൾ. കളകള നാദത്തോടെ ഒഴുകുന്ന പുഴകൾ. എല്ലാം കൊണ്ട് സുന്ദരമായ ഗ്രാമം. ഈ ഗ്രാമത്തിലാണ് മനുവും കുടുംബവും താമസിക്കുന്നത്. വളരെ സന്തോഷത്തോടെയാണ് അവർ ജീവിച്ചിരുന്നത്. മനു മഹാവികൃതിയായിരുന്നു. ആരുപറഞ്ഞാലും അനുസരിക്കാറില്ല. പക്ഷേ അവൻ അവന്റെ മുത്തശ്ശിയെ വളരെയേറെ സ്നേഹിച്ചിരുന്നു. മുത്തശ്ശി പറയുന്നതെന്തും അവൻ അനുസരിക്കുമായിരുന്നു. ഒരു ദിവസം ഒരു കാര്യം മുത്തശ്ശിയുടെ ശ്രദ്ധയിൽപ്പെട്ടു. മനു മിഠായികഴിച്ചിട്ട് അതിന്റെ കവറുകൾ അലക്ഷ്യമായി വലിച്ചെറിയുന്നത് കണ്ടു. ഈ പ്ലാസ്റ്റിക് കവറുകൾ വലിച്ചെറിയുന്നതും കത്തിക്കുന്നതും അപകടകരമാണെന്ന കാര്യം മനുവിനെ പറഞ്ഞ് മനസ്സിലാക്കാൻ മുത്തശ്ശി തീരുമാനിച്ചു. ഒരു ദിവസം രാത്രി മുത്തശ്ശി മനുവിനെ അരികിൽ വിളിച്ചിരുത്തി മനുഷ്യ ജീവിതത്തിൽ പ്ലാസ്റ്റിക് വരുത്തുന്ന വിനകളെക്കുറിച്ചും ദോഷങ്ങളെ ക്കുറിച്ചും പറഞ്ഞ് മനസ്സിലാക്കി കൊടുത്തു. ഇത് മനസ്സിലാക്കിയ മനു താൻ വലിച്ചെറിഞ്ഞ മിഠായിക്കവറുകൾ പെറുക്കിയെടുക്കുകയും അത് ശരിയായ രീതിയിൽ സംസ്കരിക്കാൻ മുത്തശ്ശിയോട് ആവശ്യപ്പെടുകയും ചെയ്തു. പിറ്റേന്ന് സ്കൂളിൽപോയ മനു കൂട്ടുകാരോട് പ്ലാസ്റ്റിക്കിന്റെ ദോഷവശങ്ങളെക്കുറിച്ച് പറഞ്ഞ് മനസ്സിലാക്കിക്കൊടുത്തു. ശുചിത്വമാണ് നമ്മുടെ ജീവിതത്തിലെ ഏറ്റവും മഹത്തരമെന്ന് മനു മനസ്സിലാക്കുകയും ചെയ്തു. തുടർന്ന് മനു നല്ലൊരു കുട്ടിയായി മാറുകയും എല്ലാപേർക്കും മാതൃകയുള്ളവനായി സസന്തോഷം ജീവിച്ചു.

**ബീന**
8 സി, സാമുവൽ എൽ.എം.എസ്.എച്ച്.എസ്. പാറശ്ശാല
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# മന്ദാരംകുന്നിലെ അമ്മുക്കുട്ടി

അമ്മുക്കുട്ടി വളരെ മിടുക്കിയായിരുന്നു. അവൾക്ക് പരിസ്ഥിതിയോട് വളരെ അടുപ്പവും സ്നേഹവും ആയിരുന്നു. അവളുടെ വീട്ടിൽ ധാരാളം മരങ്ങളും ചെടികളും ഉണ്ടായിരുന്നു. അവൾക്ക് ഇതെല്ലാം വളരെ പ്രിയപ്പെട്ടതും ആയിരുന്നു. അവൾ എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ ചെടികൾക്ക് വെള്ളം ഒഴിക്കുകയും. അവയെ പരിചരിക്കുകയും ചെയ്യുമായിരുന്നു. ഒരു ദിവസം അവൾ സ്കൂളിൽ പോകുന്ന വഴിക്ക് ഒരു മാമനും കൂട്ടുകാരനുംകൂടി മരം മുറിക്കുന്നത് കണ്ടു. അവൾ പറഞ്ഞു "അത് മുറിക്കരുതെ, നമുക്ക് ജീവിക്കണമെങ്കിൽ മരങ്ങൾ വേണം. ശുദ്ധവായുവും ശുദ്ധജലവും ലഭിക്കാൻ മരങ്ങൾ കൂടിയേതീരു. നമ്മൾ ജീവിക്കുന്നതു തന്നെ മരങ്ങളുള്ളതുകൊണ്ടാണ്." കൊച്ചുകുട്ടിയായ അമ്മുവിന്റെ വാക്കുകൾ കേട്ടപ്പോൾ അവർ പറഞ്ഞു: "ക്ഷമിക്കണം കുഞ്ഞേ, ഫാക്ടറിയിലെ ജോലിക്കാരായ ഞങ്ങൾക്ക് അവിട്ടത്തെ അധികാരികളുടെ ഉത്തരവുകൾ അനുസരിക്കാനേ കഴിയൂ. അല്ലെങ്കിൽ ഞങ്ങളടെ ജോലി തന്നെയില്ലാതാകും. അതുകൊണ്ടാണ് ഇത്രയും വലിയ തെറ്റിന് ഞങ്ങൾ കൂട്ടുനില്ക്കുന്നത്. ഇനിയെങ്കിലും നമ്മുടെയും വരുംതലമുറയുടെയും ജീവനു നാശംവരുത്തുന്ന ഒന്നിനും ഞങ്ങൾ ആരം കൂട്ടുനില്ക്കുകയില്ല. കൊച്ചു കുട്ടിയായ നീയാണ് ഞങ്ങടെ കണ്ണ തുറപ്പിച്ചത്." ഇത് കേട്ട അമ്മുക്കുട്ടി അവർക്ക് നല്ലൊരു പുഞ്ചിരി സമ്മാനിച്ച് സ്കൂളിലേക്ക് യാത്രയായി.

**നീതു സന്തോഷ്**
4 എ, സെന്റ് ആന്റണീസ് എച്ച്.എസ്.വെള്ളിക്കുളം
ഈരാറ്റുപേട്ട ഉപജില്ല, കോട്ടയം

# കുഞ്ഞനുറുമ്പിന്റെ സങ്കടം

കുഞ്ഞാ, നീ എന്തിനാ വിഷമിച്ചിരിക്കുന്നത്. 'അമ്മേ' ഈ മനുഷ്യർ എന്തിനാ നമ്മളെ ഉപദ്രവിക്കുന്നത്. എന്റെ കൂട്ടുകാരും കുടുംബവും ഭക്ഷണം ശേഖരിച്ച് ആർക്കും ദോഷംചെയ്യാതെ ഒരു വരിയായി അവർ പോകുമ്പോൾ എന്തിനാ അവരുടെ മേൽ ഉറുമ്പുപൊടി ചിതറി അവരെയെല്ലാം കൊന്നുകളഞ്ഞത്. അതിൽ എന്റെ കൂട്ടുകാരും ഉണ്ടായിരുന്നു. അമ്മ പറഞ്ഞതുകൊണ്ട് ഞാൻ പുറത്തു പോകാതെ കൂടിനുള്ളിൽ കഴിഞ്ഞു. അമ്മയുടെ വാക്കുകേൾക്കാതെ ഞാനും അവരുടെ കൂടെ പോയിരുന്നെങ്കിൽ മരിച്ചുപോകുമായിരുന്നു. അമ്മേ, മനുഷ്യർ വളരെ ദുഷ്ടൻമാരാണല്ലേ? അങ്ങനെയൊന്നും പറയരുത് മോനേ! ദൈവം ഓരോ ജീവനും നൽകുമ്പോൾ ഓരോ പ്രത്യേകതകൾ കൊടുത്തിട്ടുണ്ട്. നമുക്ക് മണ്ണിനടിയിലും, ചെറിയ പൊത്തിനുള്ളിലുമെല്ലാം ജീവിക്കാൻ സാധിക്കും. മനുഷ്യരെ നമ്മൾ കടിച്ചു ഉപദ്രവിക്കുമെന്ന് കരുതിയാണ് അവർ നമ്മെ കൊന്നൊടുക്കുന്നത്. അമ്മേ നമ്മുടെ അടുത്ത വീട്ടിലെ അപ്പൂപ്പനും അമ്മൂമ്മയും വളരെ സങ്കടത്തിലാണല്ലോ. ക്രിസ്തുമസ് അവധികാലത്ത് എന്ത് സന്തോഷമായിരുന്നു ആ വീട്ടിൽ. ക്രിസ്തുമസ് കാലത്ത് അവരുടെ വീട്ടിൽ ധാരാളം ബന്ധുക്കളും അവരുടെ മക്കളും കുട്ടികളും കൊണ്ട് വീട് നിറയെ ആളുകൾ ആയിരിക്കും. മധുരപലഹാരങ്ങളെല്ലം എനിക്കും കൂട്ടുകാർക്കും കിട്ടിയിരുന്നു. ഇപ്പോൾ അവിടെ അപ്പൂപ്പനും അമ്മൂമ്മയും അല്ലാതെ ആരും ഇല്ല. സന്തോഷം ഇല്ല. ഒരു ചില്ലുപെട്ടിയിൽ നോക്കി അവർ ആരോടോ സംസാരിച്ച് കരയുന്നത് കാണാം. അത് പെട്ടിയല്ല മോനെ, അത് കമ്പ്യൂട്ടറാണ്. അമേരിക്കയിലുള്ള തന്റെ മകനോടും കുടുംബത്തോടും ആണ് അവർ സംസാരിക്കുന്നത്. ക്രിസ്തുമസ് അവധിക്ക് അവർ വന്നിരുന്നു. വളരെ സന്തോഷമായിരുന്നു ആ സമയത്ത്. ഇവിടെ കൊച്ചുമോനുമൊത്ത് കളിച്ചിരുന്നത് നീ കണ്ടതല്ലേ. ഇപ്പോൾ ഒരു മഹാവ്യാധി പടർന്നിരിക്കുകയാണ്. ധാരാളം ആളുകൾ മരിച്ചുപോകുന്നുണ്ട്. വീടിനുള്ളിൽ കഴിഞ്ഞാൽ കുറേ രക്ഷനേടാം. ശ്രദ്ധയില്ലാതെ ജീവിക്കുന്നവർക്ക് രോഗം പിടിപെടാം. പലർക്കും മരണം വരെ സംഭവിക്കുന്നുണ്ട്. അമേരിക്കയിലും ധാരാളം ആളുകൾ മരിച്ചുപോയി. അപ്പൂപ്പനും അമ്മൂമ്മയും മകനെയും കുടുംബത്തെയും ഓർത്ത് വിഷമിക്കുകയാണ്. അവർക്ക് ഇവിടേക്ക് തിരിച്ചുവരാൻ സാധിക്കുന്നില്ല. അമ്മേ ഞാൻ കരുതിയത് മനുഷ്യർ വളരെ ശക്തരാണെന്നാണ്. ഇപ്പോഴാണ് എനിക്ക് മനസ്സിലായത് അവരും ദുർബലർ തന്നെയെന്ന്. ലോകം പിടിച്ചടക്കിയെന്ന അഹന്തയിൽ ജീവിച്ച മനുഷ്യരും ഒരു സാധാരണ കണ്ണുകൊണ്ട് കാണാൻപോലും കഴിയാത്ത വൈറസിനെ പേടിയാണ്. എടാ കുഞ്ഞാ, അമ്മയുടെ ഉറുമ്പുകുട്ടാ... മനുഷ്യർ ആ വൈറസിനെ അതിജീവിക്കുകതന്നെ ചെയ്യും. ദൈവം മനുഷ്യനെ ഒരുപാട് കഴിവുകളോടുകൂടിയാണ് സൃഷ്ടിക്കുന്നത്. അതു നല്ല രീതിയിൽതന്നെ ഉപയോഗിച്ച് അവർ ഈ രോഗത്തിൽനിന്ന് സാവധാനം മുക്തിനേടും.

**ഇമ്മാനുവേൽ എൽദോ**
8 എ, സെന്റ് ജോസഫ്സ് ആൻഡ് സെന്റ് സിറിൽസ് എച്ച്.എസ്.എസ്.
വെസ്റ്റ് മങ്ങാട്, കുന്നംകുളം ഉപജില്ല, തൃശ്ശൂർ

# മടക്കയാത്ര

കണ്ണുതുറന്നു നോക്കിയപ്പോൾ ഞാൻ വലിയൊരു മൃഗശാലയിൽ ആയിരുന്നു. മൃഗശാലയിലെ മനുഷ്യർ എന്നെ ഒരു കൂട്ടിലാക്കി. അവിടെ മനുഷ്യർ വളരെ സന്തോഷത്തോടെയായിരുന്നു വന്നിരുന്നത്. അവർക്കറിയില്ലല്ലോ ഞങ്ങൾ എത്രമാത്രം സങ്കടപ്പെടുന്നുണ്ടെന്ന്. കാട്ടിലെ സുഖവാസത്തിൽനിന്ന് കൂട്ടിലേക്ക് എന്നുപറയുന്നത് വളരെ ബുദ്ധിമുട്ടാണ്. എന്റെ കുടുംബം നഷ്ടപ്പെട്ടു, സുഹൃത്തുക്കൾ എല്ലാവരെയും. മൃഗശാലയിലെത്തിയ എനിക്ക് ആദ്യ കൂട്ടുകാരനായി കിട്ടിയത് ഒരാനയെയാണ്.ഞങ്ങൾ പെട്ടെന്നുതന്നെ സുഹൃത്തുക്കളായി. ഒരു ദിവസം അവനെന്നോട്ചോദിച്ചു; 'പുള്ളിമാനേ, നീ എങ്ങനെ ഇതിൽ അകപ്പെട്ടു' കാട്ടിൽ സന്തോഷത്തോടെ കഴിഞ്ഞ ഞാൻ വേട്ടക്കാർ ഒരുക്കിയ വലയിൽ വീണതും അവരെന്നെ മൃഗശാലയ്ക്ക് വിറ്റതുമായ കദനകഥ ഞാൻ കണ്ണീരോടെ വിവരിച്ചു. ഞാൻ അവനോട് ചോദിച്ചു: 'നീ എങ്ങനെയാണ് ഇവിടെ എത്തിയത്?' എന്നെ വാരിക്കുഴിയിൽ അകപ്പെടുത്തി ഇവിടെ എത്തിക്കുകയായിരുന്നു.

കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അവനെ ഒരു സർക്കസ് ക്യാമ്പിലേക്ക് മാറ്റി. സുഹൃത്തിനെ നഷ്ടപ്പെട്ട് സങ്കടപ്പെട്ടിരുന്ന എനിക്ക് തൊട്ടപ്പുറത്തെ കൂട്ടിലെ കടുവയെ സുഹൃത്തായി ലഭിച്ചു. ഞങ്ങൾ സന്തോഷത്തോടെ കഴിഞ്ഞു വരികയായിരുന്നു. എന്നാൽ കുറച്ചുനാൾ കഴിഞ്ഞപ്പോൾ ഷൂട്ടിംഗ് എന്നു പറഞ്ഞ് അവനെയും കൊണ്ടുപോയി. ഞാൻ വീണ്ടും ഒറ്റപ്പെട്ടു. കുറച്ചു ദിവസങ്ങൾക്കുശേഷം എന്റെ കുടുംബത്തെ മുഴുവൻ തടവിലാക്കി അവർ മൃഗശാലയിൽ എത്തിച്ചു. ജീവിതകാലം മുഴുവൻ ഈ തടവറയിൽ ആകുമോ എന്ന് ഞാൻ ഭയപ്പെട്ടു. എന്നാൽ കാലം വിധിയെഴുതി. കൊറോണ എന്ന വൈറസ് മൂലം മനുഷ്യർ ഇരിക്കുന്നിടത്ത് ഒറ്റപ്പെട്ടു. എത്രമാത്രം കഷ്ടതകൾ ഞങ്ങൾ അനുഭവിച്ചുവോ അത്രമാത്രം കഷ്ടതകൾ ഇന്ന് അവരും അനുഭവിക്കുന്നു. സ്വന്തം കുടുംബത്തെ കാണാതെ ഞങ്ങൾ എങ്ങനെ വിഷമിച്ചുവോ അതുപോലെ ഇന്നവരും വിഷമിക്കുന്നു.

സന്ദർശകരും പാലകരും എത്താത്തതിനാൽ മൃഗങ്ങളെയെല്ലാം കാട്ടിലേയ്ക്ക് തിരിച്ചയയ്ക്കുക എന്ന സർക്കാർ ഉത്തരവ് എത്ര സന്തോഷത്തോടെയാണന്നോ ഞങ്ങൾ ശ്രവിച്ചത്. ഞങ്ങൾ തിരിച്ച് കാട്ടിലെത്തി. മനുഷ്യകുലം വീടാകുന്ന കൂട്ടിലൊതുങ്ങി. ഇത് വിധിയുടെ വിളയാട്ടം. പരിസ്ഥിതിയെ നശിപ്പിക്കാൻ ശ്രമിക്കുന്നവർക്ക് പ്രകൃതി നൽകിയ പാഠം.അവർ പഠിക്കട്ടെ എന്നു പറഞ്ഞ് എന്റെ അമ്മ എന്നെ ചേർത്തു നിർത്തിയപ്പോൾ പ്രകൃതിയിലെ ഒന്നിനെയും വേദനിപ്പിക്കാതെ വളരാനുള്ള തീരുമാനം ഞാൻ മനസ്സിൽ ഉറപ്പിക്കുകയായിരുന്നു.

**മിന്റു തെരേസ സാബു**
7 എ, സെന്റ് പീറ്റേഴ്സ് എച്ച്.എസ്.എസ്. കുറുമ്പനാട്.
ചങ്ങനാശ്ശേരി ഉപജില്ല, കോട്ടയം

# മായചേച്ചി

വീടിനു തൊട്ടടുത്താണ് മായചേച്ചിയുടെ വീട്.പന്ത്രണ്ടാം ക്ലാസിലാണ് ഇപ്പോൾ പഠിക്കുന്നത്.ചേച്ചി സ്ക്കൂൾ വിട്ടു വന്നാലുടൻ അടുത്തുള്ള വായനശാലയിൽ പോയി ധാരാളം പുസ്തങ്ങൾ എടുത്തുകൊണ്ടുവരും. ഞങ്ങളുടെ ഏത് സംശയവും തീർത്തുതരുന്നത് മായചേച്ചിയാണ്. വീട്ടിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ വഴിവക്കിൽ വലിച്ചെറിയാതെ ചെടികൾക്കും പച്ചക്കറിത്തോട്ടത്തിലും വളമായി ഉപയോഗിക്കാൻ ഞങ്ങളെ പഠിപ്പിച്ചത് ചേച്ചിയാണ്. ആഴ്ചയിൽ ഒരിക്കൽ ഞങ്ങളുടെ റോഡിലും കളിസ്ഥലത്തും കിടക്കുന്ന ചപ്പുചവറുകൾ, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ വേർതിരിച്ച് കുടുംബശ്രീവഴി മാലിന്യങ്ങൾ ശേഖരിക്കുന്ന ചേച്ചിമാരെ എൽപ്പിക്കും. ലോകത്ത് കൊറോണ പടർന്നുപിടിച്ച നാളിൽ ഞങ്ങളുടെ നാട്ടിൽ എല്ലാ കവലകൾതോറും വെള്ളവും സോപ്പും സ്ഥാപിച്ചു. ഇത് പൊതു ജനങ്ങൾക്ക് വളരെ ഉപകാരപ്രദമായി. വിദേശത്തുനിന്ന് തിരിച്ചുവരുന്ന ആളുകൾക്ക് ആരോഗ്യപ്രവർത്തകരുടെ നിർദ്ദേശവും പത്രത്തിലും ടിവിയിലും വരുന്ന വാർത്തകളും കാണിച്ച് ബോധവൽക്കരിച്ചു. അതിനാൽ രോഗം സമൂഹമധ്യത്തിലേയ്ക്ക് പടരുന്നത് തടയാൻ സാധിച്ചു. പന്ത്രണ്ടാം ക്ലാസ്സ് കഴിഞ്ഞാൽ ചേച്ചി ഉപരിപഠനത്തിന് പോകും.എനിക്ക് അതോർക്കുമ്പോൾ വലിയ സങ്കടമാണ്. ചേച്ചി പഠിക്കാൻ പോയാലും ഞങ്ങളെന്നും ചേച്ചിയെ ഓർക്കും.

**സോന സുനിൽ**
7 ബി, സെന്റ് തോമസ് ജി.എച്ച്.എസ്. പെരുമാനൂർ
എറണാകുളം ഉപജില്ല, എറണാകുളം

## THE TURNING POINT

As usual ,Thejas wakes up at 5.00 am even if he have nothing to do and went straight to the balcony. While staring at the sky, he took a rapid look to his own past. Those were the days of stress,no time to enjoy his life and to take care of his family. Likewise the busy world, he also didn't nurture the nature, which is a precious gift of God. Even he wanted to play with his children and to tease them. He couldn't do that because of his restless job.The lock down periods are the turning point of his life. During these periods , he was irritated at first . But he decided to spend quality time with his wife and children and to nurture the nature by planting trees,watering the garden etc. After doing these all, he realized that he was blessed with so many precious gift. And that precious gifts were the nature and his family. He spent so many time with his family by helping in kitchen,telling jokes and instead of getting engaged in social media , he reads a lot. He obeyed the words of the government and by that, he become a good citizen.These all made him understand that the life he lived before was worthless and meaningless. This lock down period opened his eyes and he realized the happiness of being with nature and family. This taught him what the real and peaceful life means...

**ലക്ഷ്മി വി**
6 ബി, സെന്റ്. ആനീസ് സി.യു.പി.എസ്. എടത്തിരിത്തി
വലപ്പാട് ഉപജില്ല, തൃശ്ശൂർ

# സത്യവാങ്മൂലം

അരിയും പഞ്ചസാരയും വാങ്ങണമല്ലോ. പുറത്തേക്ക് ഇറങ്ങാൻ നേരം ഇന്നലെ വാങ്ങിയ പച്ചയും വെള്ളയും നിറമുള്ള മാസ്ക് എടുക്കാൻ കൈനീട്ടവേ രാജീവൻ ഒരു സ്വരം കേട്ടു:

"തൽക്കാലം ഈ മുഖം മൂടി വച്ചോ. പക്ഷേ, നീയും കൂടിച്ചേർന്നാണ് ഈ ലോകം ഈവിധം ആക്കിയത്. വെളുക്കുന്നതിനു മുൻപ് സ്കൂട്ടറിൽ കൊണ്ടുപോയി തള്ളുന്ന മാലിന്യക്കെട്ടും വീടിനു പിന്നിൽ കത്തിച്ച പ്ലാസ്റ്റിക്കും അറിയാതെ മനസ്സിൽ വന്നു. അതിനുനേരെ കണ്ണടയ്ക്കാൻ, മുഖം മറയ്ക്കാൻ നിനക്ക് ഈ മുഖാവരണം പോരാ." സത്യവാങ്മൂലവും ഫോണും പേഴ്സും എടുത്ത് വണ്ടി സ്റ്റാർട്ട് ചെയ്തപ്പോൾ റിയ വലിയ തുണിസഞ്ചി കൊണ്ടുവന്നു. സൂപ്പർമാർക്കറ്റിനു സമീപം വണ്ടിനിർത്തി. വലിയ ഒരു ക്യൂവിന് പിന്നിൽ അകലം പാലിച്ചുനിന്നു. അപ്പോഴും ഒരു സ്വരം:

"ഇപ്പോൾ രോഗത്തിൽ നിന്ന് രക്ഷപ്പെടാൻ അൽപം അകന്നുനിന്നാൽ മതി, ഇനി വരാൻ പോകുന്ന മഹാമാരികളിൽ നിന്നൊക്കെ എങ്ങനെ നീ അകന്നു നിൽക്കും, എവിടെ പോയി ഒളിക്കും?" മറ്റാരെങ്കിലും ഇത് കേൾക്കുന്നുണ്ടോ എന്ന് ശ്രദ്ധിച്ചുകൊണ്ട് ഷോപ്പിംഗ് വേഗം പൂർത്തിയാക്കി. അത്യാവശ്യമുള്ള സാധനങ്ങൾമാത്രം എടുക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. പുറത്തിറങ്ങിയ ഉടനെ കവാടത്തിൽ വച്ചിരുന്ന ഹാൻഡ്‌വാഷ് എടുത്ത് കൈകഴുകി.

"നീ ആരാ പീലാത്തോസോ? ഇപ്പോഴത്തെ വൈറസിനെ കൈ കഴുകിയാൽ ഓടിക്കാം. ഇനി വരാനിരിക്കുന്നത് എന്തൊക്കെ എന്ന് നിനക്കറിയാമോ? ഭൂമിയെ ഈ രീതിയിൽ ആക്കിയത് നീയും നിന്റെ കൂട്ടരും തന്നെ. അതിൽനിന്ന് ഒരാൾക്കും കൈകഴുകി മാറാനാവില്ല." അടുത്ത അശരീരി മനസ്സിലേക്ക് കൊണ്ടുവന്നത് ഒരായിരം ദൃശ്യങ്ങൾ. അനാവശ്യമായി പാഴാക്കിയ പ്രകൃതിസമ്പത്ത്, ഊർജം, മുറിച്ചുമാറ്റിയ തണൽമരങ്ങൾ, കെട്ടിപ്പൊക്കിയ കോൺക്രീറ്റ് സാമ്രാജ്യങ്ങൾ... കാറിൽക്കയറി മടങ്ങുമ്പോൾ വെറുതെ പുറത്തേക്ക് നോക്കി. അന്തരീക്ഷത്തിന് എന്തൊരു ഭംഗി! റോഡരികിലൂടെ ഒഴുകുന്ന ചെറിയ അരുവിയിലെ വെള്ളത്തിനു എന്തൊരു തെളിച്ചം! അശരീരികൾ ശരിയായിരുന്നു. ഇനി മടങ്ങാം വീട്ടിലേക്ക്, പ്രകൃതിയുടെ കൂട്ടിലേക്ക്... സത്യമായും.

**ബെഞ്ചമിൻ ജെ മാത്യൂസ്**
5 ബി, സെന്റ് തെരേസാസ് എസ്.എച്ച്.എസ്.വാഴപ്പള്ളി
ചങ്ങനാശ്ശേരി ഉപജില്ല, കോട്ടയം



# ഇനി ഞാൻ ഒഴുകട്ടെ

സന്തോഷത്താൽ തിളങ്ങുന്ന കണ്ണുകളും ചുവന്ന ബാഗും പുത്തൻ കുടയും കൈയിൽ പിടിച്ച് തുള്ളിച്ചാടി പാഞ്ഞുവരുന്ന വിനു സ്കൂളിലേക്ക്. അവധി ക്കാലത്തിനു ശേഷം തന്റെ കൂട്ടുകാരെ കാണാനും തന്റെ പുത്തൻ കുട അവരെ കാണിക്കാനും തിടുക്കം കൂട്ടിയുള്ള ആ യാത്രയിൽ എന്തോ ഒരു ദുർഗന്ധം അവന്റെ മൂക്കുകൾ പിടിച്ചെടുത്തു. സന്തോഷകരമായ ആ നിമിഷത്തെ പെട്ടെന്ന് ആ ദുർഗന്ധം കീഴ്പ്പെടുത്തി. വിനു ചുറ്റിലും പരതി. അതാ ,അവിടെ നിന്നാണ് ആ ദുർഗന്ധം വമിക്കുന്നത്. വിനു അങ്ങോട്ട് നീങ്ങി. അതൊരു തോടാണ്. പക്ഷേ, അതൊരു തോടാണോ എന്ന് സംശയിക്കേണ്ടവിധം അതിൽ മാലിന്യങ്ങൾ കെട്ടി കിടന്നിരുന്നു. ആ ദുർഗന്ധം കാരണം വിനു അവന്റെ കൈകൊണ്ട് മൂക്കു പൊത്തിയിരുന്നു. അവൻ ഏന്തിവലിഞ്ഞ് തോടിലേക്ക് നോക്കിയതും, ധും! അവന്റെ പുത്തൻകുട ആ മാലിന്യത്തിന്റെ നടുവിലേക്ക് വഴുതിവീണു. ആ ദുർഗന്ധത്തിന്റെ നടുവിൽ തന്റെ പുത്തൻകുടയെ ഗൗനിക്കാൻ വിനു മറന്നുപോയിരുന്നു. തന്റെ പുത്തൻകുട തന്റെ കൺമുമ്പിൽ വച്ച് ആ മാലിന്യത്തിലേക്ക് വീണുപോയപ്പോൾ എന്താണ് ചെയ്യേണ്ടത് എന്നറിയാതെ വിനു സ്തംഭിച്ചുപോയി. ഒന്നും ഉരിയാടാതെ അവൻ സ്കൂളിലേക്ക് പോയി. വിദ്യാലയ വാതിൽക്കൽ എത്തിയപ്പോൾ തന്റെ കണ്ണിനെ കുളിരണിയിച്ചുകൊണ്ട് പല വർണങ്ങളിലുള്ള കുടകൾ അവനെ എതിരേറ്റു. ഇതു കണ്ടതും ഒരു വിങ്ങലോടെ അവൻ ക്ലാസ്സിലേക്കോടി. അവൻ രണ്ടാംക്ലാസിൽ നിന്നും മൂന്നാംക്ലാസിലേക്ക് കയറി. എങ്കിലും കരഞ്ഞുകൊണ്ട് ഓടിയത് രണ്ടാം ക്ലാസ്സിലേക്ക് ആണ്. ഇതു കണ്ട് അധ്യാപിക അവനെ തടഞ്ഞു നിർത്തി. എന്താണ് ഇവിടേക്ക് വരാനുള്ള കാരണം എന്ന് അധ്യാപിക ചോദിച്ചപ്പോൾ പൊട്ടിക്കരച്ചലായിരുന്നു മറുപടി. ഒടുവിൽ പേമാരി പോലെ പെയ്തൊഴുകിയ ആ കണ്ണുനീർ മഴയെ അധ്യാപിക പിടിച്ചുനിർത്തി. തന്റെ പുത്തൻകുട നഷ്ടപ്പെട്ട കാര്യം ഒരു വിങ്ങലോടെ അവൻ അധ്യാപികയെ അറിയിച്ചു. ഒരു പൊട്ടിച്ചിരിയോടെ അധ്യാപിക പറഞ്ഞു: “ഒരു കുട അല്ലേ, ഞാൻ നിനക്ക് വാങ്ങിത്തരാം”, “വേണ്ട” വിഷമഭാവത്തിൽ നിന്നും വിനു കോപിഷ്ഠനായി. “വേണ്ട എനിക്ക് എന്റെ പുത്തൻകുട മതി”, “ശരിടട അധ്യാപിക അവനെ സമാധാനിപ്പിച്ചു. “നമുക്ക് അത് പോയി എടുക്കാം” അധ്യാപിക പറഞ്ഞു. വിനുവിന്റെ കണ്ണുകൾ തിളങ്ങി. ഒരുപക്ഷിയെപോലെ വിനു പുതിയ ക്ലാസ്സിലേക്ക് പറന്നിറങ്ങി. വിനായക് എന്നാണ് അവന്റെ യഥാർത്ഥ പേര്. എന്നാൽ, എല്ലാവരും അവനെ വിനു എന്നാണ് വിളിക്കുന്നത്. അവന്റെ വീടിനടുത്താണ് വിദ്യാലയം. അതുകൊണ്ട് രണ്ടാം ക്ലാസ്സ് മുതൽ അവൻ നടന്നാണ് സ്കൂളിൽ വരുന്നത്. അവന്റെ അമ്മയും അച്ഛനും വലിയ ജോലിക്കാരാണ്. ഇന്ന് അവൻറെ കൂടെ വരാമെന്ന് പറഞ്ഞതാണ് പക്ഷേ, ജോലിത്തിരക്കിനിടെ എവിടെ നേരം. അന്ന് വൈകുന്നേരം വിനുവിനോടൊപ്പം അധ്യാപികയും അവന്റെ വീട്ടിലേക്ക് പോയി. പോകുന്നവഴിക്ക് തോടും അവർ സന്ദർശിച്ചു. വിനു പറഞ്ഞതിലെ സത്യാവസ്ഥ ടീച്ചർക്ക്

മനസ്സിലായി. അവർ വിനുവിന്റെ വീട്ടിലെത്തി. അധ്യാപിക നടന്നസംഭവങ്ങൾ മാതാപിതാക്കളെ അറിയിച്ചു. അപ്പോഴാണ് വിനുവിന് ശ്വാസം നേരെ വീണത്. വീട്ടിൽ നിന്നും ഇറങ്ങുമ്പോൾ അധ്യാപിക വിനുവിനോട് പറഞ്ഞു: "നമ്മൾ ആ കുട എടുക്കും വിനു". വിനുവിന്റെ ഉള്ളിൽ സന്തോഷം പൂത്തുലഞ്ഞു. പിറ്റേന്ന് അധ്യാപിക അവനോട് പറഞ്ഞു: "നമുക്ക് കുടയെടുക്കാം, ശനിയാഴ്ചയാവട്ടെ". ആദ്യം സമ്മതിച്ചില്ലെങ്കിലും പിന്നെ അവൻ കാത്തിരിക്കാൻ തയാറായി. അങ്ങനെ ശനിയാഴ്ചയായി. വിനു പതിവിലും സന്തോഷവാനാണ്. ക്ലാസ്സില്ലാത്തതിനാലാണ് അധ്യാപിക ആ ദിവസം തിരഞ്ഞെടുത്തത്. നീല ബനിയനും കുട്ടി ജീൻസും ഇട്ട് സുന്ദര കുട്ടപ്പനായി അധ്യാപികയുമായി പറഞ്ഞുറപ്പിച്ച തോടിലേക്ക് അവൻ ഓടി. അവൻ അവിടെ എത്തിയപ്പോൾ കണ്ടത് ടീച്ചറെയും കൂടെ രണ്ടു കുട്ടയും ഒരു തൂമ്പയും . ടീച്ചറെ കണ്ടാൽ മനസ്സിലാവാത്ത വിധമാണ് വസ്ത്രം ധരിച്ചിരിക്കുന്നത്. കൈയിൽ ഗ്ലൗസ്സും മുഖത്ത് മാസകും അണിഞ്ഞിരുന്നു. അവനെ കണ്ടതും പുഞ്ചിരിച്ചുകൊണ്ട് ടീച്ചർ പറഞ്ഞു: "വന്നല്ലോ കുടക്കാരൻ" എന്നും പറഞ്ഞ് അവന്റെ അടുത്തേക്ക് നീങ്ങി. അവൻ ഒന്നും മനസ്സിലാവാതെ അന്തംവിട്ട് ടീച്ചറെ നോക്കിനിന്നു. അധ്യാപികക്ക് കാര്യം മനസ്സിലായി. "എടോ നമ്മൾ ഈ തോട് വൃത്തിയാക്കാൻ പോവാ, നിനക്ക് നിന്റെ കുട വേണ്ടേ". ഒന്നുംമിണ്ടാതെ വിനു തിരിഞ്ഞൊരോട്ടം. ടീച്ചർ എത്ര വിളിച്ചിട്ടും അവൻ നിന്നില്ല. ടീച്ചർ ദുഃഖിതയായി. എങ്കിലും അധ്യാപിക മാലിന്യങ്ങൾ കൊട്ടയിലേക്ക് മാറ്റിയിടാൻ തുടങ്ങി. അല്പസമയത്തിനുശേഷം വിനു ടീച്ചറുടെ അടുത്തേക്ക് ഓടിയെത്തി. കൈയിൽ അച്ഛന്റെ വലിയ ഗ്ലൗസ്സും തുവാലകൊണ്ട് മാസ്കും ഒക്കെ ധരിച്ച അവന്റെ കൈയിൽ ഒരു കാർബോർഡ്പെട്ടിയും കൂടെ അവന്റെ ഒരു ചെറിയ ടൗവലും, അവൻ അത് കളിക്കാൻ ഉപയോഗിക്കുന്നതാണ്. ടീച്ചർ ഇതെല്ലാം കണ്ട് നിശ്ചലമായി. ഏതാനും നിമിഷങ്ങൾക്കുശേഷം ടീച്ചർ അവനോട് ചോദിച്ചു: "നീ എവിടെ പോയി എന്റെ വിനു എന്നെ ഒറ്റയ്ക്കാക്കി '. അവൻ ചിരിച്ചുകൊണ്ട് പുറകോട്ട് തിരിഞ്ഞു നോക്കി. അധ്യാപികയും അതിശയത്തോടെ അവിടേക്ക് നോക്കി. ആ കണ്ണുകൾക്ക് തന്നെത്തന്നെ വിശ്വസിക്കാൻ സാധിക്കാത്തവിധം അതിശയിപ്പിക്കുന്നതായിരുന്നു ആ കാഴ്ച. ഒരു പട, അതെ വിനുവിന്റെ കൂട്ടുകാരെല്ലാവരും നിരന്നുനിൽക്കുന്നു. എല്ലാവരും വിനുവിനെപോലെ ഗ്ലൗസ്സും മാസ്കും ധരിച്ചിരുന്നു. എല്ലാവരുടെയും കയ്യിൽ ഒരു പെട്ടി ഉണ്ടായിരുന്നു. പിന്നെ സമയം കളഞ്ഞില്ല, എല്ലാവരും പണി തുടങ്ങി. വിനുവിന് പുത്തൻകുട കിട്ടി. അൽപ്പസമയത്തിനകം തോടൊരു കുഞ്ഞിനെപ്പോലെ തുള്ളിച്ചാടി ഒഴുകാൻ തുടങ്ങി.

**അമിത തോമസ്**
8 എ, സർവോദയ ഹയർസെക്കണ്ടറി സ്കൂൾ ഏച്ചോം
മാനന്തവാടി ഉപജില്ല, വയനാട്



# കരുതലുള്ള സ്നേഹം

ഇരുന്നൂറ് മീറ്ററും കൂടി തിരിഞ്ഞാൽ ഓട്ടോസ്റ്റാൻഡിനു അടുത്തെത്തി. വഴിയറിയാതെയുള്ള രാമുവിന്റെ യാത്ര തീരുകയായി. അവിടെ അടുത്തുള്ള ചായക്കടയിൽ തിരക്കിയാൽ ശങ്കുണ്ണിയുടെ വീട്ടിലേക്കുള്ള വഴിക്ക് പ്രയാസമില്ലെന്ന് പറഞ്ഞറിവുണ്ട്. ശങ്കുണ്ണിക്ക് എപ്പോഴും വീടിനെയും അവിടുത്തെ മനോഹരമായ ഗ്രാമശുദ്ധിയേയും പരിസ്ഥിതിശുചിത്വത്തെയും പറ്റി പറയാനേ നേരമുണ്ടായിരുന്നുള്ളൂ. നല്ല ഗ്രാമവാസികൾ. പെട്ടെന്ന് സൗഹൃദം പങ്കുവയ്ക്കുന്നവരും വാചാലരും. ചായക്കടയിൽനിന്നും ശങ്കുണ്ണിയുടെ വീട്ടിലെത്താൻ ഒരുപാടുമില്ലായിരുന്നു. അവരെന്നെ നല്ല സ്നേഹത്തോടെയും പരിചരണത്തോടെയും അവന്റെ വീട്ടിലെത്തിച്ചു.

വീട്ടിലെത്തി ശങ്കുണ്ണിയുടെ അമ്മയെ കണ്ടിട്ടും ഞാൻ എന്റെ മനസിലെ വിതുമ്പൽ പറയാൻ മറന്നുപോയി. മാസ്ക്കുകൾ അണിഞ്ഞ് നടക്കുവാൻ തുടങ്ങുന്നതെയുള്ളു അവർ. വ്യക്തിശുചിത്വംകൊണ്ട് ആ നാടെന്നെ അമ്പരപ്പിച്ചു. എന്നാലും കൊറൊണ എന്ന കൊടുംഭീകരനെ തടുക്കാൻ ഈ നാടിന് കഴിയുമോ എന്ന് ഞാൻ സംശയിച്ചുകൊണ്ട് ശങ്കുണ്ണിയുടെ അമ്മയോട് ചോദിച്ചു.

“അമ്മേ, ഇവിടെ എങ്ങനെ കൊറൊണയൊക്കെ? ദുരിതം തന്നെയാണോ?” “ഏയ് ഇതുവരെയും ഒന്നും വന്നിട്ടില്ല. എന്തേയ്? അവിടെയോ?” “അവിടെ അങ്ങനെയൊന്നുമല്ല. അവിടെ ഒരുപാട് വിദേശികൾ ചേക്കേറുന്ന സ്ഥലമല്ലേ കൂടാതെ ഞങ്ങൾ പ്രശസ്തമായ റിസോർട്ടിലെ ജീവനക്കാരും. ഇവരെ സ്വീകരിക്കാനായി നമ്മൾ കഴിവിന്റെ പരമാവധി ശ്രമിക്കുമ്പോൾ കൊറോണ എന്നത് വലിയ ആശങ്കയാണ് അമ്മേ. അവനെങ്ങനെയുണ്ട് മോനെ സുഖം തന്നെയല്ലേ, അവനുവേണ്ടി എന്തേ ഞാൻ അച്ചാറും വറുത്തപൊടിയും ഉണ്ടാക്കിവെച്ചേക്കുവാന്നോ? എപ്പോ ചോദിച്ചാലും തിരക്കുതന്നെ.”

അമ്മയുടെ സ്നേഹത്തിനുമുന്നിൽ ഞാനൊന്നു പതറി. ആ അമ്മയോട് പറയാതിരിക്കണമെന്ന് കരുതിവന്നത് ഞാൻ പറയാൻ തുടങ്ങിപ്പോയി. ‘‘അമ്മേ അവൻ കൊറൊണ സ്ഥിരീകരിച്ചു ആശുപത്രിയിൽ ഐസലേഷനിലാണ്. വിദേശികളുമായുള്ള സമ്പർക്കംമൂലമാണിങ്ങനെ വന്നത്.” ആ അമ്മയുടെ കണ്ണുകൾ നിറയുവാൻ തുടങ്ങി. “ഒരുപാട് ശ്രമിക്കുന്നുണ്ട് ഡോക്ടർമാർ. അമ്മയെ ഒന്ന് കാണാനും സംസാരിക്കാനുമാണ് വന്നത്. ഇന്നാണ് റിപ്പോർട്ട് വരുന്നത്.

എല്ലാവരോടും ശ്രദ്ധിക്കാൻ പറയണെ." അമ്മയുടെ കണ്ണീരെന്നെ തളർത്തി. അമ്മേ സമാധാനിപ്പിച്ചു അവിടുന്നിറങ്ങുമ്പോഴും ആ കണ്ണുകളിൽ പ്രതീക്ഷയുടെ നാമ്പുകൾ കാണാമായിരുന്നു. ആ വീടിന്റെ കൺമുന്നിൽനിന്ന് മറയാറാപ്പോഴേക്കും ഒരു ഫോൺകോൾ എനിക്ക് വന്നു. "സർ റിപ്പോർട്ട് വന്നു. ശങ്കുണ്ണിക്ക് ഭേദമായി. ഇനി 14 ദിവസം സൂക്ഷിച്ചു വീട്ടിൽ താമസിക്കണം അതീവ ജാഗ്രതയോടെ." അമ്മേ കാണാനായി ഞാൻ തിരിഞ്ഞോടി. എന്റെ വാക്കുകൾ കേട്ടതോടെ അമ്മ ആഹ്ലാദഭരിതയായി. "അവനിങ്ങ് വരട്ടെ ദൂരെപോയി സായിപ്പിനെയും മദാമ്മയെയും പരിചരിക്കുമ്പോൾ സ്വന്തം ആരോഗ്യം കളഞ്ഞേക്കുന്നു. അവനുള്ള ചൂരൽ വെട്ടി വെച്ചേക്കുന്നുന്ന് പറഞ്ഞേക്കു." ഇങ്ങനെ പറഞ്ഞുകൊണ്ട് അമ്മ ചിരിച്ചപ്പോഴാണ് എനിക്ക് ആശ്വാസമായത്. പരിസ്ഥിതിയെ സ്നേഹിച്ചാൽ നമ്മളിലേക്ക് നന്മ ചൊരിയും. ഒപ്പം അമ്മയുടെ സ്നേഹവും വ്യക്തിശുചിത്വം കൂടി ഉണ്ടെങ്കിൽ ഏത് മഹാമാരിയെയും നേരിടാമെന്ന് ആ അമ്മയുടെ ചിരി എന്നെ പഠിപ്പിച്ചു. ഇത് ഓർത്തുകൊണ്ട് ഞാൻ അവിടുന്ന് പടിയിറങ്ങി.

**അഭിരാമി**
8 സി, എം.ജി.ഡി. ഗേൾസ് ഹൈസ്കൂൾ കുണ്ടറ
കുണ്ടറ ഉപജില്ല, കൊല്ലം

# INSIDE THE WALLS

Along the vast dark sky, the moon shone brighter than ever. The stars were twinkling like diamonds. There was silence all over. Nalini was sitting hopefully in the balcony watching the peaceful ,dark sky. Her face was drained of colour.

"Maybe... Tomorrow... My mom will let me play. It would be fun! But...why did mom restrict me from playing with my friends?" thought watching the vacant streets. Nalini completed her first grade this year and she sits in the balcony in wonder since 4 days. She lives in Mumbai, Maharashtra. Her school had ended before April earlier than usual. The school days were fun. "Mom told the school was shut.Why?" Big question in front of her without answer. The Summer vacation had started. Each day was gloomy than the other which passed boring. Some days had already passed. She stopped looking into the Clock and Calender. She wanted some joy. But her mother didn't let her play with other children. Neither of any friends did play, nor they talk each other. As days passed she was curious. "What is happening all around us mom?" "Nothing." "All shut in their homes. There are no vehicles in the streets too." Questions passed through her minds one after other. She had lot more to ask. "Nalini! All this is because of a pandemic that has spread all over. Corona Virus is spreading worldwide." "How does it spread mummy?" "Through contact. Once you touch the infected, the virus enters your body, you get infected." " Is there any medicine for this pandemic?" "No. No medicine. It is viral. So you have to keep distance from people and never touch any outsiders.Wash hands frequently with soap or use sanitisers. And even wear mask when you go out." Nalini heeded. She heard everything "Then, Shouldn't I touch my friends?" "Sorry Nalini. You can't touch them too. Now don't worry about that. It's temporary. Only social distancing itself prevents from the disease." Nalini confused. She walked to the balcony. The last words turned Nalini pale. It echoed in her ears as she was sitting in balcony, staring the vacant streets. She couldn't imagine keeping away from friends. She felt the hardness of loneliness. Nothing to

do.... Nothing to speak.... Nothing to play.... Finished reading twice or thrice.... A blanket of fear around..... These 20 days were horrifying...... HOW MANY MORE???? Today, early morning she came out to the balcony. Her face brightened with joy for the first time in 20 days. She felt the changes in the nature. Fresh cool air, No dust, No smoke, No honkings of vehicles, No pollution, No sound. She hadn't experienced this before. She was happy to see the birds. "Wow! Colourful" " Sweet songs they sing." She never saw this ever before. Small plants had sprouted in both sides of the streets.And she could see Peacocks, Parrots, varieties of colourful birds, even a herd of Elephants and Deer, even rabbits wandered freely in the streets without the fear of humans. She forgot her sadness and started to enjoy the bloom of Nature. "Nature is recovering from the devastating human intervention." She thought. "A day will come, when nature itself will cure everything!" She thought and smiled with hope.

**ശാമ എൻ**
9 സി, എം. എസ്. സി. എച്ച്. എസ്. പെർഡാല നീർച്ചാൽ
കുമ്പള ഉപജില്ല, കാസർഗോഡ്



# പൃഥ്വി

പണ്ട് പണ്ട് ദൂരെ മാലാഖമാരുടെ നാട്ടിൽ പൃഥ്വി എന്ന് പേരുള്ള ഒരു കുഞ്ഞു സുന്ദരിക്കുട്ടി ഉണ്ടായിരുന്നു. അവളെ മാലാഖമാർക്കെല്ലാം വളരെയധികം ഇഷ്ടമായിരുന്നു. എന്നാൽ മനുഷ്യർക്ക് മാലാഖമാരുടെ നാട്ടിൽ വളരെ നാൾ കഴിയില്ല... അതിനാൽ മാലാഖമാർ മനസ് നിറയെ നന്മയുള്ള ആ കൊച്ചു സുന്ദരിയ്ക്ക് പുതിയൊരു ലോകം നിർമിച്ചുകൊടുത്തു. അവിടെ നിറയെ ഭംഗിയുള്ള പൂക്കളും പക്ഷികളും, കളകളം ഒഴുകുന്നു പുഴകളും എവിടെയും പച്ചവിരിച്ച മരങ്ങളും ചെടികളും ഉണ്ടായിരുന്നു. മഴയും വെയിലും മഞ്ഞും ആ ലോകം കൂടുതൽ മനോഹരമാക്കി. പലതരത്തിലും നിറത്തിലും ഉള്ള പഴങ്ങളും ധാന്യങ്ങളും മാലാഖമാർ പൃഥ്വിക്കായി ഒരുക്കിയിരുന്നു. ആ ലോകത്തിന് അവർ പൃഥ്വി എന്ന് പേര് നൽകി. അവിടെ പൃഥ്വിയക്ക് നിറയെ കൂട്ടുകാരും. അവർ ഒരുപാട് നാൾ സന്തോഷമായി ജീവിച്ചു. കാലങ്ങൾ കഴിഞ്ഞപ്പോൾ പൃഥ്വിയുടെ കൂട്ടുകാരുടെ സ്വഭാവം മാറി. അവർ ആർത്തിയുള്ളവരായി മാറി. മാലാഖമാർ നൽകിയ സമ്മാനങ്ങൾ അവർ നശിപ്പിക്കുവാൻ തുടങ്ങി. മരങ്ങൾ മുറിച്ചു. പുഴകളിൽ മാലിന്യങ്ങൾ നിറച്ചു. മാലാഖമാരുടെ വാക്ക് അനുസരിക്കാതെ പുതുമകൾക്ക് പുറകെപോയി. പൃഥ്വി കരഞ്ഞുപറഞ്ഞിട്ടും അവർ കേട്ടില്ല. അവസാനം പൃഥ്വി പ്രളയമായും ഭൂമികുലുക്കമായും അവരെ പേടിപ്പിച്ചു. കുറച്ച് സമയത്തേയ്ക്ക് മാത്രം അവർ പേടിക്കുകയും പിന്നീട് വീണ്ടും അവർ പ്രകൃതിയെ നശിപ്പിക്കാൻ തുടങ്ങുകയും ചെയ്തു. അവസാനമായി പൃഥ്വി തന്റെ കൂട്ടുകാരെ ആ പഴയ നന്മയുള്ളവരാക്കാനായി, മഹാമാരിയായിവന്ന് അവരെ പേടിപ്പിക്കുകയാണ്. അതിൽനിന്ന് പാഠമുൾക്കൊണ്ട് അവർ നല്ലവരാകുന്നതിനായി നമുക്കും പൃഥ്വിയോടൊപ്പം കാത്തിരിക്കാം... കൂട്ടുകാരെ.

**വരുൺ**
1 ബി, എം.എൽ.പി.എസ്, ഇളപ്പിൽ, വെട്ടൂർ
വർക്കല ഉപജില്ല, തിരുവനന്തപുരം

# പ്രകൃതി എന്ന നന്മ

ഒരു ദിവസം രാവിലെ അപ്പു തൊടിയിലൂടെ നടക്കുകയായിരുന്നു. അവന് പൂക്കളെയും ചെടികളെയും കിളികളെയുമെല്ലാം വലിയ ഇഷ്ടമാണ്. അവയോടെല്ലാം കിന്നാരം പറയാൻ എന്തു രസമാക്കാന്നോ! വീടിനുപുറകിലായി ഒരു പച്ചക്കറിത്തോട്ടമുണ്ട്. രാവിലെതന്നെ അച്ഛൻ അവിടെ ചെടികൾ പരിപാലിക്കുകയാണ്. അവൻ അങ്ങോട്ടു നടന്നു. അമ്മ പരിസരമെല്ലാം വൃത്തിയാക്കുന്ന തിരക്കിലാണ്. അടുക്കളമുറ്റത്ത് എച്ചിൽ കൊത്തിത്തിന്നാൻ കാക്കച്ചി പതിവുപോലെ വന്നിട്ടുണ്ട്. അവൻ അച്ഛനോടൊപ്പം പോയി.

പറന്പിലാകെ ധാരാളം മരങ്ങളാണ്. പലതരം പ്ലാവ്, മാവ്, തെങ്ങ്, പുളി, തേക്ക് തുടങ്ങിയവ. എല്ലാം മുത്തശ്ശൻ നട്ടതാണ്. “മനുഷ്യന് പ്രകൃതിയോട് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ നന്മ മരങ്ങൾ നടുകയും അവയെ സംരക്ഷിക്കുകയും ചെയ്യുക” എന്നതാണ് മുത്തശ്ശന്റെ അഭിപ്രായം. അച്ഛനെ സഹായിക്കുന്നതിനിടയിൽ അവനോർത്തു.

പച്ചക്കറിത്തോട്ടത്തിലെ പണിയെല്ലാം കഴിഞ്ഞപ്പോൾ അവൻ നന്നായി ക്ഷീണിച്ചു. മേലാകെ ചേറും ചെളിയും എങ്കിലും അവന് അഭിമാനംതോന്നി. താനുമൊരു കൊച്ചു കൃഷിക്കാരനായല്ലോ. നന്നായി വിശക്കുന്നു. എന്തെങ്കിലും കഴിക്കാം. അവൻ നേരെ അടുക്കളയിൽ കയറി. പെട്ടെന്ന് അപ്പൂ... എന്ന് അമ്മയുടെ നീട്ടിവിളി. അവന് കാര്യം മനസ്സിലായി. ശരീരമെല്ലാം വൃത്തികേടാണ് അതിനാൽ കുളിക്കണം. എന്നിട്ടേ ഭക്ഷണം കഴിക്കാവൂ. ടീച്ചർ പറഞ്ഞുകൊടുത്ത ശുചിത്വശീലങ്ങൾ അവനോർത്തു. വേഗം കുളിച്ചു വൃത്തിയായി വന്നു. പ്രഭാതഭക്ഷണം കഴിക്കുന്നതിനിടയിൽ അവൻ പുറത്തേക്കു നോക്കി. കാക്കച്ചിയും എല്ലാം വൃത്തിയാക്കിയിരിക്കുന്നു. വയറുനിറഞ്ഞ സന്തോഷത്തിൽ ക്രാ... ക്രാ... എന്ന് വിളിച്ചുകൊണ്ട് അവൾ പറന്നുപോയി.

**അഭിരാമി. ആർ**
2 എ, എച്ച് എം.എസ്.എൽ.പി.എസ്. കരുമാനൂർ
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# പുഴയുടെ കണ്ണുനീർ

അപ്പു പതിവുപോലെ സ്കൂൾ വിട്ട് പുഴക്കരയിൽ എത്തി. തന്നെ കണാതെ പുഴ കരയുന്നതുപോലെ അവന് തോന്നി.പെട്ടെന്നാണതിന്റെ ഭാവം മാറിയത്. അവനെ കണ്ടതും കുണുങ്ങിച്ചിരിക്കുന്ന ഒരു കുട്ടിയെപ്പോലെ പുഴ ഒഴുകി. അപ്പു ഒരു മാമ്പഴവും കഴിച്ചുകൊണ്ട് കരയിലൂടെ പുഴയ്ക്കൊപ്പം നടന്നു. കുറെ മുന്നോട്ട് പോയപ്പോൾ പുഴ ആകെ മെലിഞ്ഞിരിക്കുന്നു. പുഴയെ നോക്കി അവനങ്ങനെ നിന്നു. എന്താ അപ്പുവിനൊരു അമ്പരപ്പ്? കൂട്ടുകാരീ നിനക്കെന്തു പറ്റി? അവന്റെ ചോദ്യം കേട്ട് പുഴ പറഞ്ഞു തുടങ്ങി. ഞാൻ ഇങ്ങനെയൊന്നും ആയിരുന്നില്ല.നിന്നെപ്പോലെ സുന്ദരമായ ഒരു കാലം എനിക്കും ഉണ്ടായിരുന്നു. നിനക്കറിയുമോ ഞാനെത്ര കടത്തുവള്ളങ്ങളെ തഴുകിയിട്ടുണ്ടെന്ന്. എന്നിലെ തെളിനീരായിരുന്നു ഈ നാട്ടുകാരുടെ ദാഹം അകറ്റിയിരുന്നത്. എന്റെ കരയിലുള്ള മരങ്ങളിൽ നിന്നും വീഴുന്ന പഴങ്ങൾ എന്നിലെ തെളിനീരിനെ മധുരമുള്ളതാക്കി. എത്ര പക്ഷികളായിരുന്നു എന്നോട് കിന്നാരം പറയാൻ എത്തിയിരുന്നത്.ഇതെല്ലാം കഴിഞ്ഞകാലം. ഇപ്പോൾ നഗരത്തിലെ മുഴുവൻ മാലിന്യവും പേറിയാണ് എന്റെ ജീവിതം. മദ്യക്കുപ്പികളിൽ നിന്നും ഒഴുകുന്ന മദ്യത്തിന്റെ രുചിയാണെനിക്ക്. അറവുശാലകളിൽ നിന്നും തള്ളുന്ന മാലിന്യം ചേർന്ന് ചോരയുടെ നിറമാണെനിക്ക്. എന്റെ അടുത്ത് കിളികൾ വരാറേയില്ല. പിന്നെ എന്റെ അടുത്ത് എത്തുന്നത് മണൽ ഊറ്റാൻ വരുന്ന കുറേ പണിക്കാരാണ്. അപ്പു അറിയാ തെപുഴയിലേക്കിറങ്ങി തന്റെ രണ്ടു കൈകളും ചേർത്തുപിടിച്ചു പുഴയിൽ നിന്നുംഅൽപം വെള്ളം എടുത്ത് മുഖം കഴുകാൻ തുടങ്ങവേ പുറകിൽ നിന്നും അമ്മയുടെ വഴക്കു കേട്ട് അവൻ തിരിഞ്ഞുനോക്കി. ഞാൻ നിന്നോട് എത്ര തവണ പറഞ്ഞിട്ടുണ്ട് ഈ അഴുക്കുവെള്ളത്തിൽ ഇറങ്ങരുതെന്ന്. അവൻ പതുക്കെ കരയിലേക്ക് കയറി. ഒരു തേങ്ങലോടെ പുഴ പടിഞ്ഞാറോട്ട് ഒഴുകി.

**അക്ഷയ് കുമാർ**
3 ജി.എൽ.പി.എസ്. തുവയൂർവടക്ക്
അടൂർ ഉപജില്ല, പത്തനംതിട്ട

# പ്രളയത്തിന്റെ തുടക്കം

നല്ല നിലാവുണ്ടായിരുന്നു അന്ന്. മഴയുടെ ശക്തമായ പെയ്ത്തുകഴിഞ്ഞ് ആ രാത്രി തോടുകളെല്ലാം മഴയുടെ ശക്തിയിൽ നിറഞ്ഞൊഴുകാറായി നിൽക്കുന്നു. ആ ഗ്രാമത്തിലെ എല്ലാ വീട്ടുകാരും ടെലിവിഷനിൽ മുഴുകിയിരിക്കുകയാണ്. കാരണം നാളെ എന്താകുമെന്നറിയില്ല. ഓരോ സ്ഥലങ്ങളിലും ശക്തമായ മഴയിൽ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഇതോടനുബന്ധിച്ച് അയാളുടെ മനസ്സും നീറുകയാണ്. ഉറക്കമില്ലാത്ത രാത്രികളിലാണ് കൃഷ്ണൻ. ഈ മഴയുള്ള രാവുകളിൽ ഉറങ്ങാറില്ല. തന്റെ വീടും കുടുംബവും എന്ന ചിന്തയിൽ എല്ലാവരും കിടന്നു. പതിവുപോലെ രാവിലെ എണീറ്റ് ചവിട്ടിയത് വെള്ളത്തിലേക്കായിരുന്നു.

ഇന്നലത്തെ മഴയുടെ ശക്തിയിൽ കൃഷ്ണന്റെ വീട് പാതിയോളം മുങ്ങി. സങ്കടങ്ങളിൽ അദ്ദേഹം കുടുംബമായി അരപ്പൊക്കം വെള്ളത്തിൽ തന്നെക്കൊണ്ടു കഴിയാവുന്ന വിധത്തിൽ സാധനങ്ങൾ എടുത്ത് തന്റെ കുടുംബവുമായി വീടുവിട്ടിറങ്ങി.ഒരോ നിമിഷങ്ങളിലും കടലിരമ്പം പോലെ വെള്ളം വീടിനകത്തേക്ക് ഇരച്ചുകയറുകയാണ്. കൃഷ്ണൻ ഇറങ്ങുമ്പോൾ തന്റെ കാര്യമോ കുടുംബത്തിന്റെ കാര്യമോ അല്ലായിരുന്നു അദ്ദേഹത്തിന്റെ മനസ്സിൽ തന്റെ വീടായിരുന്നു. നിറകണ്ണുകളോടെ അദ്ദേഹം വീടിനെ നോക്കികൊണ്ട് ഇറങ്ങി.

ദിവസങ്ങൾ കഴിഞ്ഞു. വെള്ളപ്പൊക്കം കേരളം കണ്ടിട്ടില്ലാത്ത ഒരുപ്രളയമായി മാറി. എല്ലായിടവും ദുഃഖവും ദുരിതവും. പ്രളയം കഴിഞ്ഞ് എല്ലാവരുംവീട്ടിലേക്ക് മടങ്ങുന്നസമയം കൃഷ്ണനും മടങ്ങി. വീട്ടിലെത്തിയപ്പോൾ വൃത്തിയാക്കണമായിരുന്നു. എല്ലാവരും കൂടി വൃത്തിയാക്കി. എല്ലാം ഒന്നേന്നു തുടങ്ങിയ പോലെ. വീടിനു കാര്യമായി ഒന്നും സംഭവിച്ചില്ല. ആഴ്ചകൾക്കുശേഷം വീണ്ടും പ്രളയം കഴിഞ്ഞ് ഒരു പുതുപ്രഭാതവും ജീവിതവും കൃഷ്ണൻ തുടങ്ങി.

**ജയലക്ഷ്മി ജയകുമാർ**
11 (സയൻസ്) ഗവ.ദേവി വിലാസം ഹയർസെക്കന്ററി സ്കൂൾ
വൈക്കം ഉപജില്ല, കോട്ടയം



# യഥാർത്ഥ മാലാഖമാർ

ഭൂമി നിശ്ചലമായി. ആഘോഷങ്ങളും, ആരവങ്ങളും നിന്നു. ലോകം പുതിയോരു ഭൂമിയെ കണ്ടു. കൊറോണ എന്ന മഹാവ്യാധി ഭൂമിയെ കാർന്നു തിന്നുന്നു. ഇതൊന്നും അറിയാത്തൊരു പിഞ്ചു ബാല്യം പുതിയൊരു പ്രഭാത ത്തിലേക്കു കണ്ണു തുറന്നു. കുറച്ചു നാൾ സ്കൂളിൽ പോകണ്ടല്ലോ എന്ന ഒറ്റ സന്തോഷത്തിൽ മതിമറന്നു ഇരിക്കുകയാണ് ദിയമോൾ.

“എല്ലാവർക്കും അവധി കിട്ടി, എന്നിട്ടും അമ്മ മാത്രം എന്തിനാ ജോലിക്കു പോകുന്നത്?” ദിയയുടെ പരാതി കേട്ടു മടുത്തപ്പോൾ അച്ഛൻ അവളെ ചേർത്തു നിർത്തി പറഞ്ഞു: “മോളുടെ അമ്മ ഒരു നഴ്സ് അല്ലേ. ഒരുപാട് ആളുകൾ അസുഖം പിടിച്ചു ആശുപത്രിയിലാണ്. അവരെയൊക്കെ നോക്കണ്ടേ? അസുഖം മാറ്റി കൊടുക്കണ്ടേ?” ഇതുകേട്ടിട്ടൊന്നും ദിയക്കു സമാധാനമായില്ല. അവൾ വിഷമത്തോടെ റ്റിവിയുടെ മുന്നിലേക്ക് പോയി.

മുത്തച്ഛൻ വാർത്ത ഇട്ടിരിക്കുകയാണ്. കേൾക്കാൻ ഒട്ടും ഇഷ്ടമില്ലായെങ്കിലും അവൾ അതിനു മുന്നിൽ ഇരുന്നു. അതിൽ ഒരു അമ്മ ചികിത്സ കിട്ടാതെ, മരിച്ചുപോയ തന്റെ കുഞ്ഞിനെയും എടുത്ത് റോഡിലൂടെ കരഞ്ഞുകൊണ്ടു നടക്കുകയാണ്. ആ കുഞ്ഞിന്റെ ചേതനയറ്റ ശരീരം കണ്ടപ്പോൾ ദിയമോൾക്കു ആകെ വിഷമമായി. അപ്പോൾ മുത്തച്ഛൻ പറഞ്ഞു, അവിടെ ആശുപത്രികളും, ഡോക്ടർമാരും, നഴ്സുമാരുമൊക്കെ കുറവാണെന്ന്. ഒരു ജീവൻ നിലനിർത്താൻ കഴിയുന്ന ഇവരൊക്കയാണ് ഭൂമിയിലെ യഥാർത്ഥ മാലാഖമാർ എന്ന്. ദിയമോൾ ഒരു നിമിഷം തന്റെ അമ്മയെപറ്റി ഓർത്തു. അമ്മയും ഇതു പോലത്തെ കുഞ്ഞുവാവകളുടെ ജീവൻ രക്ഷിക്കുന്ന മാലാഖയാണല്ലോ എന്നു ഓർത്തപ്പോൾ അവൾക്കു സന്തോഷമായി.

**അബീഷ എ എസ്**
6 എ, ഗവ. യു.പി.എസ്. വെള്ളറട
പാറശ്ശാല ഉപജില്ല, തിരുവനന്തപുരം

# നീരുറവ

അതിരാവിലെ ഉച്ചത്തിലുള്ള സംസാരം കേട്ടാണ് ഉറക്കത്തിൽ നിന്നും ഞെട്ടിയെഴുന്നേറ്റത്.ഈ ലോക്ഡൗൺ കാലത്തും സമാധാനമായി ഒന്നുറങ്ങാൻ സമ്മതിക്കില്ലേ. ഉറക്കം പോയ ദേഷ്യത്തിൽ വാതിൽ തുറന്ന് പുറത്തേക്കിറങ്ങി. ആരെയും കാണുന്നില്ല. തോന്നിയതാവാം.അല്ലെങ്കിൽ ഇവിടെ ഇപ്പോ ആര് വരാനാണ്. വാതിലടച്ച് വീണ്ടും പായയിലേക്ക് ചുരുണ്ടുകിടന്നു. അൽപം കഴിഞ്ഞപ്പോൾ വീണ്ടും അതേ ബഹളം. ഇതെന്തൊരു കഷ്ടം. ഇന്ന് ശരിയാക്കിത്തരാം. വർധിച്ച ദേഷ്യത്തോടെ വീണ്ടും പുറത്തേക്ക് വന്നു. ഒരു മനുഷ്യജീവിപോലുമില്ല. എന്തായാലും ഇനി ഉറങ്ങുന്നില്ല. ഇവിടെ തന്നെ ഇരിക്കാം. അല്പനിമിഷം കഴിഞ്ഞപ്പോൾ ബഹളം പുനരാരംഭിച്ചു. അത് കേട്ട ഭാഗത്തേക്ക് ഞാൻ നോക്കി. മുറ്റത്തുള്ള പ്ലാവിൽ നിന്നാണ് ശബ്ദം. ഒരു ഇല കലി തുള്ളി നിൽക്കുകയാണ്. എന്താ കാര്യം? ഞാ൯ ചോദിച്ചു. എന്റെ ചേട്ടാ, ഒന്നും പറയണ്ട, ഇവിടെ ഭക്ഷണമുണ്ടാക്കാൻ ഒരു വസ്തു ഇല്ല. ഞാനെങ്ങനെ ഭക്ഷണമുണ്ടാക്കും. ഒരു തുള്ളി വെള്ളം ആ പഹയൻ കൊണ്ടുതരുന്നില്ല. നീ മിണ്ടിപ്പോകരുത്. മണ്ണിനടിയിൽനിന്നും തലയുയർത്തി വേര് പറഞ്ഞു. ഞാനെവിടുന്ന് കൊണ്ടുവരാനാണ്. മണ്ണിലേക്ക് ആഴ്ന്നിറങ്ങാൻ തുടങ്ങുമ്പോൾ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ എന്റെ വഴിതടയും. നാടായ നാട്ടിലൊക്കെയുള്ള ജലം മുഴുവനും ചേട്ടന്റെ കുലത്തിലുള്ളവർ ഊറ്റിയെടുത്തു. വേദന സഹിച്ചും ഞാൻ മണ്ണിലേക്ക് പോവുകയാ. ഞാൻ ഒന്നും മിണ്ടാനാവാതെ വേരിനെ നോക്കി. ഈ ലോക്ഡൗൺ കാലത്ത് ഞങ്ങളുടെയൊക്കെ കല്പവൃക്ഷമാണീ പ്ലാവ്. ചക്കയുള്ളവൻ രാജാവ്. ഇനിയൊരു യുദ്ധമുണ്ടാവുകയാണെങ്കിൽ അത് ചക്കക്ക് വേണ്ടിയായിരിക്കും. ഇലയുടെയും വേരിന്റെയും ഇടയിൽപെട്ട ഞാൻ ധർമ്മസങ്കടത്തിലായി. എല്ലാത്തിനും കാരണക്കാരൻ ഞാൻ മാത്രമാണല്ലോ. ഇവരുടെ കഞ്ഞി കുടിമുട്ടിച്ചത് ഞാനല്ലാതെ വേറെയാരാണ്. തിരിഞ്ഞു നോക്കാൻ ശക്തിയില്ലാതെ വീട്ടിലേക്ക് കേറുമ്പോഴാണ് രാത്രി ഉറക്കമൊഴിഞ്ഞിരുന്ന് പഞ്ചായത്ത് പൈപ്പിൽനിന്നും പിടിച്ചുവച്ച ഒരു ബക്കറ്റ് വെള്ളം കണ്ടത്. തികഞ്ഞൊരു സംതൃപ്തിയോടെ ആ വെള്ളം വേരിന് കൈമാറിയപ്പോൾ ഇലയിൽ നിന്നും ഇറ്റുവീണ ഒരിറ്റ് കണ്ണുനീർ കണ്ടില്ലെന്ന് നടിച്ച് ഞാൻ ലാവണത്തിലെ പുതപ്പിൽ പിന്നെയും ചുരുണ്ടു കൂടി.

**അഭിനവ്. ടി. വി.**
6 എ, ജി.യു.പി. സ്കൂൾ കുറ്റൂർ
പയ്യന്നൂർ ഉപജില്ല, കണ്ണൂർ



# കൊറോണയ്ക്കും കൊറോണയോ!

ഒരിക്കൽ അയ്യപ്പന്റെ വീട്ടിൽ വന്ന് ഒരാൾ കോളിംഗ് ബെല്ലടിച്ചു.

“ഇവിടെ ആരുമില്ലേ?” അയാൾ അലറിവിളിച്ചു.

അയാൾ വീണ്ടും മൊഴിഞ്ഞു: “ഞാനാടാ, നിന്റെ കൂട്ടുകാരൻ ആന്റണി. വഴിയിലൊക്കെ പോലീസുണ്ട്. എങ്ങനെയൊക്കെയോ ഇവിടെയെത്തി. കൊറോണയൊന്നും നമുക്കു വരില്ലെന്നേ... ഇറങ്ങി വാന്നേ.”

കുറച്ചു കഴിഞ്ഞപ്പോഴതാ ജനൽ തുറക്കുന്ന ശബ്ദം. അതിലൂടെ ഒരു തുണ്ടുകടലാസ് താഴെവീണു. കാറ്റിന്റെ സ്വാധീനത്താൽ അത് വന്നയാളുടെ കാൽച്ചുവട്ടിലെത്തി. ആകാംക്ഷയോടെ കടലാസെടുത്ത് വായിച്ച അയാൾ ഞെട്ടി. അതിൽ എഴുതിയിരിക്കുന്നത് ഇതാണ്: “സാമൂഹിക അകലം പാലിക്കുക” നെൽക്കണ്ടങ്ങൾ ഉഴുതുമറിച്ചപോലുള്ള മുഖവുമായി അയാൾ തിരിച്ചുപോയി. പിന്നീടൊരിക്കൽ മറ്റൊരാൾ വന്നു.അന്നും ഇതേപോലെ കടലാസിലെഴുതിയത് വായിച്ച് വന്നയാൾ തിരികെപോയി. ഇതറിഞ്ഞ മഹാമായാവിയായ കൊറോണ തന്നെ ഒരിക്കൽ അവിടെ വന്നു.

അവൻ ഒരു അടവുപയറ്റി: “ആർക്കുവേണം ഐസ്ക്രീം? ലോകത്തെ ഏറ്റവും സ്വാദുള്ള മധുരപലഹാരങ്ങളാർക്കു വേണം?”

ഐസ്ക്രീമും പലഹാരങ്ങളും ഒരുമിച്ചു വിൽക്കുന്നതിലെ വൈരുദ്ധ്യം മനസ്സിലാകാത്ത വീട്ടിലെ ഇളയകുട്ടി വാതിൽ അൽപ്പമൊന്നു തുറന്നു, അപ്പോഴേക്കും അച്ഛൻ അവന്റെ കയ്യിൽ എത്തിപ്പിടിച്ചിരുന്നു.ഒരുറുമ്പിനോ കൊതുകിനോ പോലും ഞെരിഞ്ഞമർന്നു മാത്രം കടക്കാവുന്ന ആ പഴുതിലൂടെ കൊറോണ പാഞ്ഞുകയറി. അച്ഛനു കാര്യം മനസ്സിലായി.ഉടനേ അയാൾ തന്റെ കുഞ്ഞു മകന്റെ മുഖാവരണം ഉറച്ചിരിപ്പുണ്ടോ എന്ന പരിശോധിച്ചു;പിന്നീട് തന്റെയും.അമ്മ അടുക്കളയിൽ നിന്നും മൂത്ത മകൻ വീടിന്റെ ടെറസിൽ നിന്നും ഓടിയെത്തി.

പല്ലിളിച്ചുകൊണ്ട് കൊറോണ പറഞ്ഞു: “എന്റെ പേര് കൊറോണ. മനുഷ്യരെ ഉപദ്രവിക്കാൻ എനിക്ക് വളരെ ഇഷ്ടമാണ്. എന്നിൽ നിന്നും ഓടിയൊളിക്കാൻ നിങ്ങൾക്കാവില്ല... ഹ...ഹ.”

“എങ്കിലേ മോനേ, ആ പൂതി മനസ്സിൽ വെച്ചാൽ മതി.” അച്ഛൻ സൂക്ഷമതയോടെ പറഞ്ഞു.

''മോനേ, ഇവിടെ വാടാ തക്കുടൂ...'' കൊറോണ ഇളയകുട്ടിയെ ആകർഷിക്കാൻ പറഞ്ഞു.

പെട്ടെന്നു തോന്നിയ ബുദ്ധിയുടെ ബലത്താൽ ഗൃഹനാഥൻ പറഞ്ഞു: "സാമൂഹിക അകലം പാലിക്കുക."

ഒരു പൊട്ടിച്ചിരിയോടെ കൊറോണ പറഞ്ഞു: "ഞാനോ, ഞാനാരെപ്പേടിക്കാനാ... ഞാനൊരു പാവം രോഗാണുവല്ലേ?"

"ഹും... പാവം, ലക്ഷക്കണക്കിനു മനുഷ്യരെ കൊന്നൊടുക്കിയതൊന്നും പോരല്ലേ? എടാ ഇത് കലികാലമാ... കൊറോണയ്ക്കും കൊറോണ വരുന്ന കാലമാ." ഗൃഹനാഥൻ പറഞ്ഞു.

പറഞ്ഞറിയിക്കാൻ കഴിയാത്ത ആശ്ചര്യത്തോടെ കൊറോണ പറഞ്ഞു: "കൊറോണയ്ക്കും കൊറോണയോ!"

"അതെ ജീവൻ വേണമെങ്കിൽ ഓടിക്കോ... ഇല്ലെങ്കിൽ ഉള്ള മരുന്നെല്ലാം നിന്റെ മേൽ ഞാൻ കുത്തിവയ്ക്കും." അയ്യപ്പൻ പറഞ്ഞു.

"ഹ...ഹ... എനിക്കെതിരേ മരുന്നൊന്നും ഇല്ലല്ലോ... ഞാൻ അജയ്യനാണ്."

പണ്ടെപ്പോഴോ ഒരു കഥ വായിച്ചിതിന്റെ ഓർമയിൽ ധൈര്യത്തോടെ അമ്മ പറഞ്ഞു: "നിന്റെ ഒരു സഹപാഠിയെ ഞങ്ങൾ ഇവിടെ തളച്ചിട്ടുണ്ട്. വിശ്വാസമില്ലേൽ കാണിച്ചുതരാം, ദേ ഈ കണ്ണാടിയിലേക്കൊന്നു നോക്ക്."

കണ്ണാടിയിൽ സ്വന്തം പ്രതിബിംബം കണ്ട് കൊറോണ ഭയന്നു. മായാവിയെന്നു ധരിച്ച അവൻ മനുഷ്യമായ കണ്ട് ഭയന്നു. "ഓടിക്കോ... ഓടിക്കോ." രണ്ടു മക്കളും ആർത്തുവിളിച്ചു. പക്ഷേ, കൊറോണ അവരുടെ ആർപ്പുവിളികൾ മുഴുമിക്കും മുമ്പേ തന്നെ കാറ്റിന്റെ ഔദാര്യത്തിനു വഴങ്ങിയ വാതിൽ വിടവിലൂടെ സ്ഥലം വിട്ടിരുന്നു.

**ആനന്ദ് ശർമ്മ**
10 എ, ജി.എച്ച്.എസ്.എസ് മുട്ടം
അറക്കുളം ഉപജില്ല, ഇടുക്കി



# അടച്ചുപൂട്ടിയ അവധിക്കാലം

ഒരിടത്ത് ഈ കൊറോണക്കാലത്ത് നടന്ന സംഭവം ആണിത്. ഒരു എട്ടാംക്ലാസ് വിദ്യാർഥിയാണ് താരം . പേര് അപ്പു. സ്കൂളിലേക്ക് പോകാൻ മടിയായിരുന്നു അവന്. കളിക്കാൻ മാത്രമേ താൽപര്യമുണ്ടായിരുന്നുള്ളൂ. അർദ്ധവാർഷിക പരീക്ഷയ്ക്കു മുമ്പുതന്നെ ചൈനയിൽ കൊറോണ വന്ന കാര്യം അവൻ കേട്ടിരുന്നു. എന്നാൽ അത് നിസ്സാരമായി എടുത്ത് അവനും കൂട്ടുകാരും വാർഷിക പരീക്ഷ വരെ കളിച്ചു നടന്നു. അങ്ങനെയിരിക്കെ ഇന്ത്യയിലും കൊറോണ എത്തി. പരീക്ഷ എല്ലാം ഉപേക്ഷിച്ചു. അങ്ങനെയിരിക്കെ ഒരു ദിവസം അടുത്ത വീട്ടിലെ മദാമ്മ അമ്മു കടന്നുവരുന്നു. സമപ്രായക്കാർ ആണെങ്കിലും സ്വഭാവസവിശേഷതയാൽ അമ്മുവിനെയാണ് എല്ലാവർക്കും ഇഷ്ടം. മദാമ്മ എന്നത് ഇരട്ട പേരാണ് . അപ്പുവും കൂട്ടുകാരും വിളിക്കുന്ന ഇരട്ടപ്പേര്. പഠനകാര്യത്തിൽ ആണ് അമ്മുവിന് താല്പര്യം. അതിനാലാണ് ഇങ്ങനെ പേര്. പോരാത്തതിന് അവളൊരു സഞ്ചാരപ്രിയയുമാണ്.

“എന്ത്യേ... സ്കൂൾ പൂട്ടിയതിന്റെ വിഷമമാണോ മോത്ത്?” ദുഃഖം കണ്ടിട്ടാവണം അപ്പു അത് പറഞ്ഞത്. എന്നാൽ കാര്യം മറ്റൊന്നായിരുന്നു.

“സ്കൂൾ പൂട്ടിയതിനുപിന്നിൽ കോവിഡ് 19 ആണെന്ന കാര്യം അറിയോ അപ്പൂന്? പോരാത്തതിന് പുറത്തിറങ്ങാൻ പാടില്ലത്രേ.”

“പുറത്തിറങ്ങിയാൽ?”

“കോവിഡ് 19 പകരും. അത്രന്നെ.”

“ഗ്രൗണ്ടിലേക്ക് പോകാമോ?”

“പാടില്ല, ഗ്രൗണ്ട് പോയിട്ട് കല്യാണത്തിന് പോലും പോകാൻ പാടില്ല.”

“അതെന്താ ഈ കോവിഡ് 19?”

“അയ്യേ അതറിയില്ലേ?.”

“കൊറോണക്കിട്ട പേരാണ് കോവിഡ് 19.”

പഠനം ഇഷ്ടമല്ലാത്ത അപ്പുവിന് വായിക്കാൻ അറിയില്ലായിരുന്നു. അതിനാൽ അപ്പു പത്രം പോലും വായിക്കാറില്ലായിരുന്നു. അമ്മു പറഞ്ഞത് കേട്ടപ്പോൾ അവൻ സങ്കടം തോന്നി. ഇനി അവന് കളിക്കാൻ കഴിയില്ലല്ലോ. അവൻ വീട്ടിൽ ഇരിക്കാൻ തുടങ്ങി. രണ്ടു ദിവസം കഴിഞ്ഞപ്പോൾ മടുത്തു . അച്ഛനെയും അമ്മയെയും അവൻ ശരിക്കും കണ്ടു. സാധാരണ അവരുടെ ജോലിത്തിരക്ക് കാരണം അവനെ വേലക്കാരിയാണ് രാവിലെ വിളിക്കാറ്.

ഇപ്പോൾ അവൾ ഇല്ലല്ലോ. അതിനാൽ നേരം വൈകിയാണ് എഴുന്നേറ്റത്. ഒരാഴ്ച കഴിഞ്ഞപ്പോൾ വീണ്ടും അവൻ അമ്മുവിനെ കണ്ടു. അവൾക്ക് ദുഃഖം തന്നെയായിരുന്നു. കാരണമന്വേഷിച്ച് അവനു കിട്ടിയ മറുപടി താങ്ങാവുന്നതിലും അപ്പുറമായിരുന്നു.

ജനത കർഫ്യു... രാജ്യം 21 ദിവസത്തേക്ക് അടച്ചിടും. അത്യാവശ്യ സാധനങ്ങൾ മാത്രമേ ചന്തയിൽ നിന്ന് ലഭിക്കൂ. അവന് സങ്കടമായി. വീടിൻറെ ബാൽക്കണിയിൽ ഇരുന്ന് ഓർക്കാൻ തുടങ്ങി.

സ്കൂൾ ജീവിതം, ഓടിയും ചാടിയും ഉള്ള കളി, ടീച്ചർമാരുടെ ഉപദേശങ്ങൾ, ക്ലാസ്സ് കട്ട് ചെയ്യാൻ വേണ്ടി ക്വിസ് മത്സരങ്ങളിൽ പങ്കെടുത്തത്.

അങ്ങനെ അങ്ങനെ...

പുറത്തേക്ക് നോക്കി. പുറത്ത് അമ്മു പുസ്തകം വായിച്ചു പൊട്ടിച്ചിരിക്കുന്നു. ഇപ്പുറത്ത് കണ്ണൻ ഫോണിൽ കളിക്കുന്നു. അച്ഛന്റെയും അമ്മയുടെയും ഫോൺ കിട്ടാൻ പ്രയാസമാണ് . എന്ത് ചെയ്യണം എന്ന് ആലോചിക്കുമ്പോൾ അമ്മ ചെടി നനക്കുന്നത് കാണുന്നത് . അവൻ അമ്മയുടെ അടുത്തേക്ക് പോയി. ഇളം പച്ച ഇലകൾ നിറയെ. ചുറ്റുപാടും പാറിനടക്കുന്ന പൂമ്പാറ്റകളെ പറ്റി അമ്മ അവന് പറഞ്ഞു കൊടുത്തു. അങ്ങനെ അമ്മ അവൻറെ സുഹൃത്തായി. പിന്നീട് അവനെ ഇംഗ്ലീഷ് ,മലയാളം, ഹിന്ദി ഇതെല്ലാം പഠിപ്പിച്ച അമ്മ ഒരു അദ്ധ്യാപികയായി. സ്വാദിഷ്ടമായ വിഭവങ്ങൾ വച്ചു കൊടുത്ത അമ്മ പാചകക്കാരിയായി. അമ്മയുടെയും അച്ഛൻെറയും സ്നേഹം മനസ്സിലാക്കി. അവർ പറഞ്ഞത് അനുസരിക്കാൻ തുടങ്ങി. അമ്മ പഠിപ്പിച്ചത് കൊണ്ട് അവൻ പത്രം വായിച്ചു. അയക്കേണ്ടത് നിന്റെ പാഠഭാഗങ്ങളിൽ നോവലുകളും മറ്റും വായിച്ചു. പഠനം ആസ്വദിക്കാവുന്നതാണ് എന്ന് മനസ്സിലാക്കി. പിന്നീട് വീട്ടിൽ ഇലക്ട്രോണിക് ഉപകരണങ്ങളെ പറ്റി പഠിച്ചു. അതിൽ ഗവേഷണം നടത്താൻ ആരംഭിച്ചു. അപ്പുവിനെ പോലെ നമ്മുടെ ചുറ്റുപാട് ഒരുപാട് കുട്ടികൾക്ക് മാറ്റം വന്നിട്ടുണ്ട്. നമുക്ക് വീട്ടിൽ ആസ്വദിച്ച് ഇരിക്കാം. അറിയാത്തത് പഠിക്കാം. ഇതിന് അവസരം ഒരുക്കിത്തന്ന കൊറോണക്ക് ഒരായിരം നന്ദി.

**ഫാദി ലത്തീഫ്**
8 ബി, ജി.വി.എച്ച്.എസ്.എസ്. വേങ്ങര
വേങ്ങര ഉപജില്ല, മലപ്പുറം

# അമ്മ മാലാഖ

മാലാഖ കുപ്പായമിട്ട് പതിവുപോലെ അമ്മ ഭൂമിയിലെ മാലാഖയായി ഇറങ്ങി. പതിവില്ലാതെ അമ്മ എനിക്കൊരു ചോക്ലേറ്റ് തന്നു. ചോക്ലേറ്റ് കിട്ടിയ സന്തോഷത്തിൽ അമ്മയെ കെട്ടിപിടിച്ച് ഒരു ഉമ്മ കൊടുത്തു. അപ്പോൾ അമ്മയുടെ കണ്ണ് നിറഞ്ഞു ചുവന്നു. കാരണമെന്തെന്ന് ചോദിച്ചില്ല. അമ്മക്ക് പോകാനുള്ള ബസ് പുറത്തു നിന്ന് ശബ്ദമുണ്ടാക്കി തുടങ്ങി. കൈ വീശി ഞാനമ്മയെ യാത്രയാക്കി. സ്കൂൾ പൂട്ടിയിരുന്നു. അത് കൊണ്ട് നേരത്തേ അമ്മയെ കാത്തിരിക്കാൻ തുടങ്ങി കുറച്ചു കഴിഞ്ഞപ്പോൾ മേശപ്പുറത്തുള്ള ലാൻഡ് ഫോൺ ബെല്ലടിച്ചു. മുത്തശ്ശി അയൽവക്കത്ത് വരെ പോയതുകൊണ്ട് കുറച്ച് പ്രയാസപെട്ടിട്ടാണെങ്കിലും ഞാൻ ഫോണെടുത്തു. അമ്മയായിരുന്നു. അമ്മ പറഞ്ഞു “ആ മോളെ ഞാനിന്ന് വരില്ല.” “അമ്മക്ക് വേണ്ടി ഞാൻ കാത്തിരുന്നു.” “അത് മോളേ ഒരു നെഴ് സ് വന്നിട്ടില്ല അമ്മ വെക്യാട്ടോ! മുത്തശ്ശിയോട് പറയണേ.” ഒരു മ്മയും തന്ന് അമ്മ ഫോൺ കട്ട് ചെയ്തു മുത്തശ്ശിയോട് കാര്യങ്ങളൊക്കെ പറഞ്ഞു. അങ്ങനെ ദിവസങ്ങൾ കടന്നുപോയി. ആ നുണകൾ വീണ്ടും ആവർത്തിച്ചു. പിന്നീട് ആ വിളികളും നിലച്ചു. അമ്മയുടെ ശബ്ദംപോലു കേൾക്കാത്ത കുറേ നാളുകൾ അമ്മ വരുന്നതും കാത്ത് കുറേനാളുകൾ ഞങ്ങളുടെ വീട്ടിലേക്കാരും വരില്ല. ചിന്നൂന്റെ വീട്ടിലേക്ക് ഞാൻ പോകുമ്പോഴൊക്കെ അവളുടെ അമ്മ വാതിലടച്ചിടും. വീടിന്റെ മുറ്റത്തുകിടന്ന പത്രം എടുത്തു വായിക്കാൻ തുടങ്ങി. കൊ... കൊ... റോ... ണ കൊറോണയോ അതെന്താ! അച്ഛനോടു ചോദിച്ചപ്പോൾ അച്ഛൻ നിസ്സഹായാവസ്ഥയിൽ എന്നെ നോക്കി. മുത്തശ്ശിയോട് ചോദിച്ചപ്പോൾ എന്നെ നോക്കി കരഞ്ഞു. അപ്പോൾ എനിക്ക് മനസ്സിലായി ഇത് സങ്കടപ്പെടുത്തുന്നതാണെന്ന് മനസ്സിലായത്. ഇപ്പോഴാ ഓർമ വന്നത് അച്ഛൻ മുത്തശ്ശിയോട് പറഞ്ഞത്. കല്യാണിക്ക് കൊറോണ യാണെന്ന് കല്യാണിന്ന് പറയണത് ന്റെ അമ്മയാ അപ്പോ അമ്മക്കും കൊറോണ യാണോ? അമ്മ മരിക്കോ? അപ്പോഴാണ് ഭയമെന്ന വികാരം എന്നെ ഏറ്റവും കൂടുതൽ പിടിച്ചുകുലുക്കിയ നിമിഷം. അച്ഛനോട് ചോദിച്ചു അമ്മക്ക് കൊറോണയാണോ? അമ്മ മരിക്കോ? അതോണ്ടാണോ ആരും നമ്മടെ വീട്ടിലേക്ക് വരാത്തെ? ചോദ്യങ്ങൾ കഴിഞ്ഞപ്പോൾ അച്ഛൻ എന്നെ കെട്ടിപിടിച്ച് കരഞ്ഞു. അച്ഛന്റെ പ്രവൃർത്തി എന്റെ പ്രതീഷകൾ നശിപ്പിച്ചു. അന്നുമുതൽ ഞാൻ ഭയപ്പെടാൻ തുടങ്ങി. ഭയം എന്ന വികാരം എന്നെ വേട്ടയാടിയ ദിവസങ്ങളായിരുന്നു അത്. ദിവസങ്ങൾ കടന്നുപോയി. ഒരു ദിവസം ഓയ്... ഓയ് ശബ്ദമുണ്ടാക്കി ഒരു ആമ്പുലൻസ് മുറ്റത്ത് വന്നുനിന്നു. അതിൽനിന്നും എന്റെ പ്രിയപ്പെട്ട അമ്മ ഇറങ്ങി വന്നു അമ്മേ എന്ന് ഞാൻ കാലങ്ങൾക്കു ശേഷം ഉറക്കെ വിളിച്ചു. അമ്മ വന്നതോടെ സങ്കടമായ ആ കടലിൽ നിന്ന് ഞങ്ങൾ കര കയറി. അതെ ഞങ്ങൾ അതിജീവിച്ചു. എല്ലാം മാറി എന്നാൽ ആരും ഞങ്ങളുടെ വീട്ടിലേക്ക് വന്നില്ല എല്ലാം മാറിയാലും മാറാത്ത ചില ഹൃദയങ്ങൾ ഉണ്ടാകുമല്ലോ. എല്ലാ ശരിയാകും. അമ്മ വന്നല്ലോ

**ഷഹനത്ത് മറിയം**

6 എ, ജി.ആർ.എച്ച്.എസ്.എസ്. കോട്ടക്കൽ, മലപ്പുറം ഉപജില്ല, മലപ്പുറം

# ഒരാൾകൂടി

അയാളുടെ കണ്ണുകൾ പതുക്കെത്തുറന്നു. കിടക്കക്കു പുറകിലുള്ള ജനലിലൂടെ സൂര്യപ്രകാശം മുറിക്കുള്ളിലേക്കുകടന്നു. അയാൾ ചുറ്റുംനോക്കി. ഒരാഴ്ച്ചയിലധികമായി അയാൾ ആ മുറിയും അതിലെ വസ്തുക്കളും മാത്രം കാണാൻ തുടങ്ങിയിട്ട്. എന്നും രാവിലെ എഴുന്നേൽക്കുമ്പോൾ വായിക്കാറുള്ള ചുമരിലെ മഞ്ഞയിൽ ചുവപ്പ് പെയിൻറ് കൊണ്ടെഴുതിയ ബോർഡ് അയാൾ അന്നും വായിച്ചു; "കൊ... കൊറോണ... ഐസൊലേഷൻ വാർഡ്." അന്ന് അയാൾ പതിവിലും അവശനായിരുന്നു. തന്റെ കിടക്കക്കടുത്തുള്ള മേശയുടെ പുറത്ത് വച്ചിരുന്ന മരുന്നെടുക്കാൻ അയാൾ കൈ ഓങ്ങി. എന്തോ ഒന്ന് അയാളെ അതിൽ നിന്നു പിന്തിരിപ്പിച്ചതുകൊണ്ടാകാം, ഒരു നിമിഷത്തെ ചിന്തക്കു ശേഷം അയാളതു വേണ്ടന്നു വച്ചു. പെട്ടെന്ന് അയാളുടെ മനസ്സിൽ ചോദ്യങ്ങളുടെ മുളകൾ പൊട്ടി. ദാഹജലം കിട്ടാൻ വെമ്പുന്ന പോലെ അത് ഉത്തരങ്ങൾ തേടി. അയാളാലോചിച്ചു; "എന്താണ് ഞാൻ ചെയ്തത്? ആരു കാരണമാണ് ഞാനും എന്റെ കുടുംബവും ദിവസങ്ങളോളം ഒറ്റപ്പെട്ടമുറികൾക്കുള്ളിൽ കഴിയേണ്ടിവരുന്നത്? ഒരു പക്ഷേ... ഞാനാണോ കുറ്റക്കാരൻ? വിദേശത്തുപോയി കഷ്ടപ്പെട്ട് നാട്ടിലുള്ളവരെ പട്ടിണി കിടക്കാതെ പോറ്റിയതായിരുന്നതോ ഞാൻ ചെയ്ത കുറ്റം?" ചോദ്യങ്ങൾ ഒരു കൊടുങ്കാറ്റുപോലെ അയാളെ അക്രമിക്കാൻ തുടങ്ങി. "ഏയ്... അതാ വില്ല. നാട്ടിൽ തിരിച്ചെത്തിയപ്പോൾ എന്തുകൊണ്ട് ഞാനവരിൽ നിന്നകന്നുനിന്നില്ല? കുളിക്കുക പോലും എന്തിന്, കൈ കഴുകുകപോലും ചെയ്യാതെ ഞാനെന്തിനാ അവരോട് അടുത്ത് പെരുമാറിയത്? എന്തിനാ വെറുതെ അവർക്കുകൂടി രോഗം കൊടുത്തത്? മൂന്നുവർഷം എനിക്കവരിൽ നിന്ന് അകന്നുതാമസിക്കാൻ പറ്റുമായിരുന്നെങ്കിൽ, മൂന്ന് ആഴ്ച്ചകൂടി അകലാൻ എനിക്ക് പറ്റുമായിരുന്നില്ലേ? വീട്ടിലിരിക്കേണ്ട ഞാൻ പുറത്തുപോയി സുഹൃത്തുക്കളെ കണ്ടതുകൊണ്ടല്ലെ അവരും നിരീക്ഷണത്തിൽ കഴിയേണ്ടി വന്നത്... ഞാനല്ലേ, എന്റെ അശ്രദ്ധയും ശുചിത്വക്കുറവുമല്ലേ ഇതിനെല്ലാം കാരണം?" കുറ്റബോധം കാരണം അയാളുടെ കണ്ണുകളിൽ നിന്നൂർന്നിറങ്ങിയ കണ്ണീർത്തുള്ളികൾ തലയിണയാകെ നനയിച്ചു. "എന്റെ മകൾ, അവൾക്ക് രോഗം സുഖപ്പെട്ടു കാണുമോ? വെറും മൂന്നരവയസ്സല്ലെ അവൾക്കായുള്ളൂ. ഇതായിരുന്നോ അവളുടെ വിധി? ചോദ്യങ്ങളെല്ലാം ഒരു സുനാമ പോലെ തന്നെ വിഴുങ്ങുമെന്ന് തോന്നിയപ്പോൾ ചിന്തകളിൽനിന്ന് ആ നാല് ചുമരുകൾക്കിടയിലേക്ക് അയാൾ വേഗം തിരിച്ചുവന്നു. പെട്ടെന്ന് അയാൾക്ക് ബോധം മറയുന്നതുപോലെ തോന്നി. നഴ്സും ഡോക്ടറുമെല്ലാം എത്തുന്നതിനുമുമ്പേ അയാൾ ശൂന്യതയുടെ അനന്തവിഹായസ്സിലേക്ക് പറന്നു പോയി. അങ്ങനെ, കൊവിഡ് 19 ബാധയേറ്റ് മരിച്ചവരുടെ പട്ടികയിലേക്ക് അയാളുടെ പേരും കൂട്ടിച്ചേർത്തു.

**അർച്ചിത കെ.ജി.**
7 ഇ, ജി.എം.എച്ച്.എസ്.എസ്.സി.യു. കാമ്പസ്
വേങ്ങര ഉപജില്ല, മലപ്പുറം

# മുത്തശ്ശി ദ്വീപ്

ഒരു ദ്വീപിൽ കുറച്ച് കുടുംബങ്ങൾ താമസിച്ചിരുന്നു. ഒരു ചെറിയദ്വീപായിരുന്നു അത്. അവിടെയുള്ള വീടുകളിലെ ആളുകൾക്കെല്ലാം എന്നും അസുഖങ്ങളായിരുന്നു. എന്നാൽ ഒരു വീട്ടിലെ ആളുകൾക്കൊന്നും അസുഖങ്ങൾ വരാറില്ലായിരുന്നു. അതുകൊണ്ട് തന്നെ മറ്റു വീടുകളിൽ ഉള്ളവർക്കു ഈ വീട്ടുകാരോട് നല്ല അസൂയയായിരുന്നു. ആ വീട്ടിൽ ഒരു മുത്തശ്ശിയും രണ്ടു മക്കളുമാണ് താമസിച്ചിരുന്നത്. അവർ അവരുടെ വീടും പരിസരവും വൃത്തിയായി സൂക്ഷിച്ചിരുന്നു, അതുകൊണ്ട് തന്നെ അവർക്കു അസുഖങ്ങളും ഇല്ലായിരുന്നു. മറ്റുള്ളവരുടെ വീടും പരിസരവും വൃത്തിഹീനമായിരുന്നു. അതുകൊണ്ട് തന്നെയായിരുന്നു അവർക്ക് അസുഖങ്ങളും. മുത്തശ്ശിയുടെ വീടിന്റെ വൃത്തികണ്ട് അസൂയാലുക്കളായ അയൽവാസികൾ മാലിന്യം അവരുടെ പരിസരത്തു കൊണ്ടുപോയിട്ടു. മുത്തശ്ശിയും മക്കളും എന്നും അതൊക്കെ വൃത്തിയാക്കും. ഇത് തുടർന്നുകൊണ്ടിരുന്നു. അവസാനം അവർ മുത്തശ്ശിയോട് ചോദിച്ചു; ഞങ്ങൾ ഇവിടെയൊക്കെ വൃത്തികേടാക്കിയിട്ടും എന്താ ഒന്നും പ്രതികരിക്കാത്തത്. അപ്പോൾ മുത്തശ്ശി അവരോട് പറഞ്ഞു, ഞാൻ പ്രതികരിച്ചില്ലെങ്കിലും അതിനുള്ള ശിക്ഷ പ്രകൃതി നിങ്ങൾക്ക് തരുന്നുണ്ടല്ലോ. നിങ്ങൾക്ക് എന്നും അസുഖങ്ങൾ അല്ലേ. നിങ്ങൾ വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുകയും മരങ്ങൾ വച്ചുപിടിപ്പിക്കുകയും ചെയ്യൂ. അസുഖങ്ങളെല്ലാം തനിയെ മാറിക്കോളും. തെറ്റു മനസ്സിലായ നാട്ടുകാർ വീടും പരിസരവും വൃത്തിയാക്കുകയും മരങ്ങൾ നടുകയും ചെയ്തു. പതിയെപ്പതിയെ അസുഖങ്ങൾ എല്ലാം ദ്വീപിൽ നിന്ന് ഒഴിഞ്ഞുപോയി. ശുചിത്വം ഒരു പരിധിവരെ രോഗങ്ങളെ തടയുന്നു. കൂട്ടുകാരെ നിങ്ങളും വീടും പരിസരവും വൃത്തിയായി സൂക്ഷിക്കണേ.

**മുഹമ്മദ് ദിനാൻ എം .വി**
4 എ, ജി.എം.എൽ.പി.എസ്. ചമ്മന്നൂർ
ചാവക്കാട് ഉപജില്ല, തൃശ്ശൂർ

# പ്രകൃതി വെറുമൊരു ചവറ്റുകൊട്ടയല്ല

ഒരു ദിവസം വീടിന്റെ തിണ്ണയിലിരുന്ന് ധ്യാൻ പറമ്പിലേക്ക് നോക്കി. എത്ര പ്ലാസ്റ്റിക്കാ ഈ പറമ്പിൽ! എന്ന് പറഞ്ഞ് അവൻ മുത്തശ്ശിയെ വിളിച്ചു. മുത്തശ്ശിയോട് എന്തെങ്കിലും ഒരു പ്രശ്നം പറഞ്ഞാൽ അതിനെക്കുറിച്ച് മുത്തശ്ശി കഥകൾ പറയുമായിരുന്നു. പതിവുപോലെ ഇന്നത്തെ കഥ പറച്ചിൽ തുടങ്ങാറായി. പ്ലാസ്റ്റിക്കാണ് ഇന്നത്തെ വിഷയം. ധ്യാൻ മുത്തശ്ശിയോട് പറഞ്ഞു. മുത്തശ്ശി നമ്മുടെ പറമ്പിലെ പ്ലാസ്റ്റിക്ക് പറമ്പിൽനിന്നും എടുത്ത് മാറ്റിയാലോ? പക്ഷേ മോനേ അതിനു മുൻമ്പ് നീ നേരത്തെ കഴിച്ച ഒരു ചോക്ലറ്റിന്റെ കവർ പറമ്പിലേക്ക് ഇട്ടത് ഞാൻ നേരത്തെ കണ്ടിരുന്നു. അമ്മ നിന്നോട് പറഞ്ഞില്ലെ കവർ വേസ്റ്റ് ബാസ്ക്കറ്റിൽ ഇടാൻ. പക്ഷേ നീ എന്താ പറഞ്ഞത് കവർ ഞാൻ പറമ്പിലേക്ക് ഇട്ടോളാം എന്നല്ലേ. പ്രകൃതി ഒരു ചവിറ്റു കൊട്ടയല്ല എന്ന് നീ ആദ്യം മനസ്സിലാക്കണം.

പണ്ട് എന്റെ കുട്ടിക്കാലത്ത് പ്ലാസ്റ്റിക്ക് ധനികരുടെ വീട്ടിൽ മാത്രമെ കാണുകയുള്ളൂ. അങ്ങനെ ഒരു ധനികൻ എന്റെ അയൽക്കാരനായിരുന്നു. പേര് കൃഷ്ണക്കൈമൾ ഞങ്ങൾ കൈമൾ സാറെ എന്നാണ് വിളിക്കാറ്. അവരുടെ വീട്ടിലേക്കാവശ്യമായ സാധനങ്ങൾ കവലയിൽ നിന്നും വാങ്ങാതെ പട്ടണത്തിൽ പോയാണ് വാങ്ങാറ്. കൈമളുടെ വീടിന്റെ പറമ്പ് നിറയെ പ്ലാസ്റ്റിക്കാണ്. ഒരു ദിവസം കൈമളിന്റെ ഭാര്യ ലളിത കൈമളോട് ചവിറ്റുകൊട്ട വാങ്ങാൻ ആവശ്യപ്പെട്ടു. പിശുക്കനായ കൈമൾ പണം മുടക്കാൻ ഉള്ള മടി കാരണം ഭാര്യയോട് ഇങ്ങനെ പറഞ്ഞു. നമ്മുടെ ഈ പറമ്പും ആ കർഷകരുടെ പറമ്പും റോഡ് സൈഡും പുഴയും എന്തിനു കിടക്കുവാടീ.... ഇതെല്ലാം വിശാലമായ ചവറ്റ് കൊട്ടയല്ലേ? ലളിതയും ആ നിലപാട് ശരിയാണ് എന്ന് ഉറപ്പിച്ചു.

പിറ്റേന്ന് രാവിലെ കൈമൾ ഒരു വാർത്ത കേട്ടാണ് ഉണർന്നത്. ഇന്ന് ഹർത്താൽ വാഹനങ്ങൾ ഓടുന്നതല്ല. കടകളും ഓഫീസുകളും തുറക്കുന്നതല്ല. പെട്ടെന്ന് കൈമളുടെ വീട്ടിൽ കറണ്ടു പോയി. ആകെ കൈമളുടെ വീട്ടിൽ മാത്രമാണ് കറണ്ട്. അതും ഇല്ലാതായി എന്നായി നാട്ടുസംസാരം. ഹർത്താൽ ദിവസങ്ങളിൽ കുറച്ചു ദിവസം ബാങ്കിലെ പണംകൊണ്ട് കൈമൾ ജീവിച്ചു. ഹർത്താൽ കാലത്ത് കൈമളൊഴിച്ച് ബാക്കിയെല്ലാവരും അവരവരുടെ പറമ്പിൽ കൃഷി ചെയ്താണ് ജീവിച്ചത്.

ഒരു ദിവസം കൈമളിന്റെ ഫോണിലേക്ക് അയാളുടെ അടുത്ത സുഹൃത്ത് രാഘവൻ വിളിച്ചു. ഉടനെ കൈമൾ രാഘവനോട് ചോദിച്ചു എന്താ രാഘവാ

പതിവില്ലാതെയൊരു വിളി. അത് പിന്നെ കൈമളേ ഹർത്താൽ നീട്ടിവച്ചതുകൊണ്ട് നമ്മുക്ക് ഓഫീസിലേക്ക് പോയി ജോലി ചെയ്യാൻ പറ്റില്ല. നമുക്ക് നിന്റെ പറമ്പിൽ കൃഷി ചെയ്താലോ? ഉടനെ കൈമൾ ഇങ്ങനെ പറഞ്ഞു. കൃഷിയോ ഒരു വൃത്തികെട്ട ഏർപ്പാട്. അതൊന്നും ഇപ്പം പറഞ്ഞിട്ട് കാര്യമില്ല കൈമളേ ഇതല്ലാതെ വേറെ വഴിയില്ല.മനസ്സില്ലാമനസ്സോടെ കൈമൾ പിറ്റേന്ന് പറമ്പ് കൊത്തി മാടി വിത്തിട്ടു.കുറേ ദിവസം കാത്ത് വിത്ത് മുളച്ചില്ല. കൈമൾ വിത്ത് മുളക്കാത്തതിന്റെ കാരണം അന്വേഷിച്ചപ്പോൾ അറിഞ്ഞത് പറമ്പ് പ്ലാസ്റ്റിക്കുകൊണ്ട് നിറഞ്ഞ് മണ്ണ് മലിനമായതുകൊണ്ടാണ് വിത്ത് മുളക്കാഞ്ഞത്. മണ്ണിനടിയിൽ നിറയെ പ്ലാസ്റ്റിക്കാണ്. പെട്ടെന്ന് കൈമൾ നെഞ്ചത്ത് അടിച്ച് കരഞ്ഞുകൊണ്ട് പറഞ്ഞു എനിക്കും എന്റെ ഭാര്യക്കും മക്കൾക്കും വീട്ടിൽ കഴിക്കാൻ ഒന്നുല്ല്യാന്റെ ദൈവമേ ഇപ്പം കുറച്ചു ദിവസായിട്ട് രാത്രി പച്ചവെള്ളം കുടിച്ചാണ് കിടക്കാറ്.

ഞാൻ ചെയ്ത എല്ലാ തെറ്റുകൾക്കും മാപ്പു തരണം ദൈവമേ. പ്രകൃതി ഒരിക്കലും ഒരു ചവിറ്റുകൊട്ടയല്ല എന്നു പറഞ്ഞ് കൈമൾ അന്ന് രാത്രി മുഴുവൻ കരഞ്ഞിരുന്നു. പിറ്റേന്ന് കൈമൾ പ്ലാസ്റ്റിക്ക് എല്ലാം പെറുക്കി ചാക്കിലാക്കി. പിന്നീടുള്ള കൈമളിന്റെ ജീവിതം കൃഷിക്ക് വേണ്ടി മാറ്റിവച്ചു. ഇപ്പോൾ കേട്ടില്ലേ മോനേ ധ്യാനെ കൈമളിന് പറ്റിയ തെറ്റ്. നിനക്കും ഇനി നിന്റെ ജീവിതത്തിൽ ഈ തെറ്റ് ആവർത്തിച്ചുകൂടാ...

**ദേവിക സുരേഷ്. കെ**
8 ജി, എച്ച്.എസ്. രാമനാട്ടുക
കൊണ്ടോട്ടി ഉപജില്ല, മലപ്പുറം

# വൈറേനിയ

വൈറേനിയയിലെ ദർബാറിൽ ലോകത്തുള്ള വൈറസുകളെല്ലാം ഒരുമിച്ചു കൂടിയിട്ടുണ്ട്. എല്ലാവരുടേയും മുഖത്ത് എന്തോ ഒരു സന്ദേഹം തളം കെട്ടി നിൽക്കുന്നു. എല്ലാവരും പരസ്പരപരം ചോദിക്കുന്നു ബോസ് എന്തിനായിരിക്കും നമ്മെ അടിയന്തരമായി വിളിച്ചു ചേർത്തത്. എല്ലാവരുടേയും ആശങ്കകൾക്ക് വിരാമമിട്ടുകൊണ്ട് ബോഡിഗാർഡുകളുടെ അകമ്പടിയോടെ ബോസ് എത്തി. ലോകമെമ്പാടുമുള്ള വൈറസുകളുടെയെല്ലാം തലവനാണ് ഒകഡഢ വൈറസ്.തന്റെ സിംഹാസനത്തിൽ ഇരുന്ന ശേഷം ഒകഡഢപറഞ്ഞു, മനുഷ്യൻ പഴയതിനേക്കാൾ മൂന്നിരട്ടി അഹങ്കാരികളായി മാറിയിരിക്കുന്നു.

അവരെ ഒന്നൊതുക്കാൻ സമയമായിരിക്കുന്നു. അവരെ ആക്രമിക്കാൻ നാം ഇനിയും വൈകിയാൽ അതു നമ്മുടെ വംശത്തിനു തന്നെ ആപത്താണ്. ഉടൻതന്നെ അന്ത്രാക്സ് വൈറസ് പറഞ്ഞു. അഹങ്കാരം മാത്രമല്ല, ബോസിനറിയാമോ. അവരിപ്പോൾ എന്റെ വംശത്തിലുള്ളവരെ കൃത്യമമായി നിർമ്മിച്ചു തുടങ്ങിയിരിക്കുന്നു. അതെന്തിനാ. അവർ നിങ്ങളെ കൃത്യമമായി ഉണ്ടാക്കുന്നത്. സംശയം റൈനോ വൈറസിന്റേതായിരുന്നു. അപ്പോൾ അന്ത്രാക്സ് മറുപടി പറഞ്ഞു, അവർ ഞങ്ങളെ ജൈവായുധമാക്കി മറ്റു ശത്രുരാജ്യങ്ങളെ ആക്രമിക്കാനാണ് പ്ലാനിടുന്നത്. ലക്ഷക്കണക്കിനാളുകളെ കൂട്ടത്തോടെ കൊന്നൊടുക്കാൻ നമുക്കു കഴിയുമെന്നതിനാൽ നമുക്ക് ആണവായുധങ്ങളേക്കാൾ ശക്തിയുണ്ടെന്നാണ് അവർ പറയുന്നത്. എങ്കിൽ അവരെയിനിയും വറുതെ വിട്ടു കൂടാ. ഹെർപ്പസ് വൈറസ് അഭിപ്രായപ്പെട്ടു. പക്ഷേ അത്ര എളുപ്പമല്ല ഫാൻറാ വൈറസ് അഭിപ്രായപ്പെട്ടു. ഉടൻതന്നെ എബോള വൈറസ് പറഞ്ഞു. ഞാൻ പണ്ടൊരിക്കൽ ആരിരക്കണക്കിനാൾക്കാരെ കൊന്നൊടുക്കിയതാ. അങ്ങനെ അവർ പതിയെ ഒതുങ്ങുന്നത് കണ്ട് ഞാൻ സന്തോഷിക്കുകയും ചെയ്തു. എന്നാൽ അധിക നാൾ നീണ്ടു നിന്നില്ല. എനിക്കെതിരെ അവർ വാക്സിൻ കണ്ടുപിടിച്ചു. അതിന് മറുപടിയെന്നോണം സാർസ് വൈറസ് പറഞ്ഞു, ഞാനുമൊരിക്കൽ ലോകത്തെ കിടുകിടാ വിറപ്പിച്ചതാ. പക്ഷേ, എനിക്കെതിരെയും അവർ വാക്സിനുകൾ നിർമിച്ചു. ഉടനെ എച്ച്.ഐ.വി. വൈറസ് കൊറോണ വൈറസിനോടു പറഞ്ഞു. നീയൊരുപുതിയ വൈറസ് രൂപപ്പെടുത്ത്. ഇന്നേവരെ കണ്ടുപിടിച്ചിട്ടില്ലാത്ത ഒരു പുതിയ വൈറസ്. ആക്രമിക്കുമ്പോൾ അതിനെതിരെയുള്ള വാക്സിൻ കണ്ടുപിടിക്കാൻ കാലതാമസം നേരിടും. അതിനുള്ളിൽ നമുക്കവരെ ഒതക്കാനാവും. അതു

നല്ല ഐഡിയ മറ്റു വൈറസുകളെല്ലാം അത് അംഗീകരിച്ചു.അങ്ങനെ അവർ അവരുടെ പുതിയ മിഷൻ ആരംഭിച്ചു.

ഏതാനും നാളുകൾക്കുശേഷം വൈറേനിയയിലെ ദർബാറിൽ വീണ്ടും ഒരുമിച്ചു കൂടി. എല്ലാവരുടെയും മുഖത്ത് ഉത്ക്കണ്ഠയും ആകാംക്ഷയും നിറഞ്ഞു നിൽക്കുന്നു. അവരുടെ ഇരുപ്പു കണ്ടാലറിയാം അവർ ആരെയോ കാത്തിരിക്കുകയാണെന്ന്. അൽപ്പസമയത്തിനുശേഷം ഒരു കുഞ്ഞൻ വൈറസ് ഓടിക്കിതച്ചുകൊണ്ട് വന്നു. എന്നിട്ടു പറഞ്ഞു. മിഷൻ സക്സസ്. അതുകേട്ടതും മറ്റു വൈറസുകളുടെയെല്ലാം മുഖത്ത് ഒരു പുഞ്ചിരി വിടർന്നു.പക്ഷേ ബോസ് ഒരു കുഴപ്പം. ങും! എന്താ? അത് ഇന്ത്യ എന്നു പറഞ്ഞ ആ രാജ്യമില്ലേ അതിൻെറ അറ്റത്തുള്ള ഒരു ചെറിയ സംസ്ഥാനമില്ലേ ആ... ദൈവത്തിൻെറ സ്വന്തം നാട് അവിടെ മാത്രം കാര്യമായിട്ടൊന്നും ചെയ്യാൻ എനിക്കു സാധിച്ചില്ല, എച്ച്.ഐ.വി. ചോദിച്ചു. അവിടെത്തെ സർക്കാർ ഭയങ്കരന്മാരാണ്. അതിൻെറ കൂടെ കുറച്ച് കളക്ടർമാരും പോലീസുകാരും ആരോഗ്യപ്രവർത്തകരും. അവരെ ഒതുക്കാൻ ചെന്ന എന്നെ അവരെല്ലാവരുംകൂടി ഒതുക്കിക്കളഞ്ഞു. കോവിഡ് വിതുമ്പിവിതുമ്പി പറഞ്ഞു. എവരെന്താ നിന്നെ ചെയ്തെ, എച്ച്.ഐ.വി. ചോദിച്ചു. ഞാനീപ്പറഞ്ഞ ഇവരൊക്കെയില്ലെ, കേരളം മുഴുവനങ്ങ് അടപ്പിച്ചു. ആരും പുറത്തിറങ്ങരുതെന്ന് പറഞ്ഞു. അതു കേട്ട് മലയാളികൾ എല്ലാവരും വീട്ടിലിരുന്നു. ആരും പുറത്തിറങ്ങിയില്ല. ഇനി അഥവാ ആരെങ്കിലും പുറത്തിറങ്ങിയാൽ അവരെയെല്ലാം പോലീസ് ഒതുക്കും. പിന്നെ ഞാനെങ്ങനെ പടരാനാ. ഇതൊന്നും പോരാഞ്ഞിട്ട് മുഴുവൻ അണുനശീകരണവും ബ്രേക്ക് ദ ചെയ്നും കോവിഡ് പൊട്ടിക്കരഞ്ഞു. അപ്പോൾ തലവൻ പറഞ്ഞു ഇത്തവണത്തേക്ക് നമുക്കവരെ വെറുതെ വിടാം. യെസ് ബോസ് മറ്റു വൈറസുകൾ അംഗീകരിച്ചു.

**എൽസ മരിയ**
8 ഡി, എഫ്.എം.ജി.എച്ച്.എസ്.എസ്. കൂമ്പൻപാറ
അടിമാലി ഉപജില്ല, ഇടുക്കി

# അമ്മയുടെ ദുഃഖം

പണ്ട് പണ്ട് ഒരിക്കൽ ഗ്രാമത്തിൽ ചില്ലിക എന്ന പെൺകുട്ടി താമസിച്ചിരുന്നു. ചില്ലികയുടെ അമ്മ കഷ്ടപ്പെട്ടാണ് അവളെ വളർത്തിയത്. അങ്ങനെ ഇരുന്നപ്പോൾ ചില്ലികയുടെ അമ്മയ്ക്ക് അസുഖം വന്നു. അവർ അത് ശ്രദ്ധിക്കാതെ ജോലി ചെയ്തു. ഒരു ദിവസം തീരെ വയ്യാതെയായി. അപ്പോൾ ഡോക്ടറെ കാണാൻ പോയി. ഡോക്ടർ അസുഖം ചിക്കൻപോക്സ് എന്നു പറഞ്ഞു. ഡോക്ടർ ചോദിച്ചു' മുൻപ് പ്രതിരോധ കുത്തിവെയ്പ്പ് എടുത്തിട്ടുണ്ടോ അമ്മേ ? ' അപ്പോൾ അമ്മ പറഞ്ഞു 'ഞാൻ മുൻപ് പ്രതിരോധകുത്തിവെയ്പ്പ് എടുത്തിട്ടില്ല. എന്റെ കുട്ടിക്കും പ്രതിരോധകുത്തിവെയ്പ്പ് എടുത്തിട്ടില്ല. 'അപ്പോൾ ഡോക്ടർ പറഞ്ഞു ' ഇനി നിങ്ങൾ കൊച്ചിന് പ്രതിരോധകുത്തിവെയ്പ്പു എടുക്കണം. ഇനി ജോലിക്ക് പോകരുത്. നിങ്ങളോട് സഹകരിക്കാൻ വരുന്നവരോട് സഹകരണം കുറക്കണം. വീട് എപ്പോഴും ശുചിയായി വെക്കണം '. ഡോക്ടർ ഉപദേശവും മരുന്നും കൊടുത്ത് വിട്ടു. പക്ഷെ ഈ അമ്മ ഇതൊന്നും ശ്രദ്ധിച്ചതും ഇല്ല കുട്ടിക്ക് പ്രതിരോധകുത്തിവെയ്പ്പു എടുത്തതും ഇല്ല. കുറെ ദിവസം കഴിഞ്ഞപ്പോൾ ഈ കുട്ടിക്ക് രോഗം പിടിപെട്ടു. കുട്ടിയെ ഡോക്ടറുടെ അടുത്ത് എത്തിച്ചു.അപ്പോഴേക്കും കുട്ടി മരണത്തിന്റെ വക്കിലായിരുന്നു. അമ്മ വളരെയേറെ ദുഖിതയായി. കുറച്ചുനാൾ കഴിഞ്ഞപ്പോൾ ആ അമ്മ വീട്ടിനടുത്തുള്ള ആളുകളായൊക്കെ വിളിച്ചുകൂട്ടി പറഞ്ഞു 'ഇനി മുതൽ നമ്മുടെ കുട്ടികൾക്കു എല്ലാ രോഗപ്രതിരോധകുത്തിവെയ്പ്പു എടുക്കണം. അങ്ങനെ നമ്മുടെ കുട്ടികളെ രോഗപ്രതിരോധമുള്ളവരായി നമുക്ക് വാർത്തെടുക്കാം'. അന്നുമുതൽ അവിടുത്തെ കുട്ടികൾക്ക് പ്രതിരോധകുത്തിവെയ്പ് എടുക്കാൻ തുടങ്ങി. അങ്ങനെ ആ ഗ്രാമത്തിൽ ആ അമ്മ അറിയപ്പെടുന്ന വ്യക്തിയായി.

**അനോന സിദ്ധു**
4 എ, എസ്.എൻ.ഇ.എം.എച്ച്.എസ്. ശാരദഗിരി
വർക്കല ഉപജില്ല, തിരുവനന്തപുരം



# പരിസ്ഥിതിയെ സ്നേഹിച്ച കുട്ടി

ദൂരെ മംഗലാപുരത്തെ ഒരു സ്കൂളിൽ പഠിക്കുന്ന കുട്ടിയാണ് അപ്പു. അവന്റെ അച്ഛന് നല്ല സമ്പത്തുണ്ട്.നമ്മുടെ കഥാനായകൻ ആകട്ടെ ഒരു പാവപ്പെട്ട വീട്ടിലെ കുട്ടി .അവന്റെ പേര് ദാമു,അപ്പു ഒരു അഹങ്കാരിയാണ്. ദിവസം സ്കൂളിൽ വരുമ്പോൾ വരുന്ന വഴിക്ക് മിഠായിയും വാങ്ങിയാണ് വരുന്നത്.ആ മിഠായിയുടെ പാക്കറ്റ് റോഡിൽ പലയിടത്തും ചിതറിക്കിടക്കും. പ്ലാസ്റ്റിക് പരിസ്ഥിതിക്കുണ്ടാക്കുന്ന ദോഷത്തെ കുറിച്ച് അവന് ഒരു ബോധവുമില്ല.

അന്ന് പരിസ്ഥിതിദിനമായിരുന്നു, ജൂൺ 5. സ്കൂളിൽ പരിസ്ഥിതിദിനാഘോഷം നടക്കുന്നു. ദാമു കൂട്ടുകാരും ചെടികളും വൃക്ഷത്തൈകളും നടുമ്പോൾ അപ്പുവും കൂട്ടുകാരും മിഠായി കഴിച്ചുകൊണ്ട് കറങ്ങി നടക്കുകയായിരുന്നു. ആ മിഠായി പാക്കറ്റുകളാകട്ടെ സ്കൂളിൽ ചിതറിക്കിടന്നു. അപ്പു ഇത് ശ്രദ്ധിച്ചു. അവൻ കവറുകൾ വാരിയെടുത്ത് വേസ്റ്റ് കുട്ടയിൽ ഇട്ടു. അപ്പും ഇതുതന്നെ ആവർത്തിച്ചു. അപ്പോഴും ഒന്നും പറയാതെ ദാമു അവ പെറുക്കിക്കളഞ്ഞു. ദാമു അവനോട് പറഞ്ഞു നീ ഇങ്ങനെ ക്ലാസിൽ വലിച്ചെറിയരുത് . ഇത് കാരണം ഒരാൾ മരിച്ചു കൊണ്ടിരിക്കുകയാണ്." അപ്പു അതിശയത്തോടെ ചോദിച്ചു "ആരാ അത്?" "നമ്മുടെ പ്രകൃതി". ദാമു മറുപടി പറഞ്ഞു. "പരിസ്ഥിതിയില്ലാതെ നാമില്ല. പരിസ്ഥിതിയെ വളരെ വൃത്തിയായും, ആരോഗ്യത്തോടെയും കാത്തു സൂക്ഷിച്ചാലല്ലേ നമുക്കും ആരോഗ്യമുണ്ടാവൂ." തെറ്റു മനസ്സിലാക്കിയ അപ്പു തലകുനിച്ചുനിന്നു. അവൻ പിന്നീട് ഇത്തരം കാര്യങ്ങൾ ആവർത്തിച്ചിട്ടേയില്ല.

**ആദിത്യൻ**
ക്ലാസ് 9, എസ്.കെ.വി.എച്ച്.എസ്.എസ്. നന്ദിയോട്
നെടുമങ്ങാട് ഉപജില്ല, തിരുവനന്തപുരം

# അദൃശ്യ ശത്രു

റസാക്ക് എന്നായിരുന്നു അവന്റെ പേര്. വളരെ നാളായി അദ്ദേഹം അമേരിക്കയിലാണ് താമസം. എന്നാലും അദ്ദേഹം ഇടയ്ക്കിടെ തന്റെ സുഹൃത്തുക്കളെയും ബന്ധുക്കളെയും സന്ദർശിക്കാൻ നാട്ടിൽ വരിക പതിവായിരുന്നു. അങ്ങനെയിരിക്കെ ഒരിക്കൽ നാട്ടിൽ വരുന്ന സമയത്താണ് ലോകം മുഴുവൻ പടർന്നു പിടിക്കുന്ന ഒരു മഹാമാരിയെക്കുറിച്ച് അവൻ കേട്ടത്. എങ്കിലും നാട്ടിലേയ്ക്കുള്ള വരവ് അദ്ദേഹം തെറ്റിച്ചില്ല.

നാട്ടിലെത്തിയപ്പോൾ തന്നെ ഉറ്റസുഹൃത്തായ ഫഹദിനെയും കൂടി അദ്ദേഹം സുഹൃത്തുക്കളെയും ബന്ധുക്കളെയും സന്ദർശിക്കാനായി വീട്ടിൽ നിന്നും പുറപ്പെട്ടു. തിരിച്ച് വീട്ടിലേക്ക് വരുന്ന സമയത്ത് ഒരു പോലീസ് വാഹനം അവരെ തടഞ്ഞു. നിങ്ങളിലാരെങ്കിലും അടുത്തെങ്ങാനും വിദേശത്തുപോയി വന്നവരാണോ എന്ന് ചോദിച്ചപ്പോൾ റസാക്ക് അല്ല എന്ന് മറുപടി പറഞ്ഞു. ലോകം മുഴുവൻ ഈ മഹാമാരി പടർന്നുപിടിക്കുന്ന സമയത്ത് പുറത്തിറങ്ങി നടന്നാൽ ഉള്ള ഭവിഷ്യതിനെക്കുറിച്ച് പോലീസ് അവരെ ബോധവൽക്കരണം നടത്തുകയും അത്യാവശ്യത്തിനു മാത്രം പുറത്തിറങ്ങുകയും പുറത്തിറങ്ങുമ്പോൾ മാസ്ക് ധരിക്കുകയും കൈകൾ സോപ്പിട്ടു വൃത്തിയായി കഴുകണം എന്നും നിർദ്ദേശിച്ചു. പോകുന്ന വഴിക്ക് ഫഹദ് റസാക്ക് നോട് ചോദിച്ചു, “നീ എന്തിനാണ് വിദേശത്തുനിന്ന് വന്നതല്ല എന്ന് പോലീസിനോട് കള്ളം പറഞ്ഞത്?'' വിദേശത്തുനിന്ന് വന്നവരാണെന്ന് പറഞ്ഞാൽ 28 ദിവസം വീട്ടിൽ തന്നെ കഴിയേണ്ടി വരുമെന്ന റസാക്ക് ഫഹദിനോട് പറഞ്ഞു.

തിരിച്ച് വീട്ടിൽ എത്തിയത് മുതൽ റസാഖിന് വല്ലാത്തക്ഷീണം അനുഭവപ്പെടുന്നത് പോലെ തോന്നി. അടുത്ത ദിവസം മുതൽ പനിയും ചുമയും ശ്വാസതടസ്സവും അനുഭവപ്പെടുന്നത് പോലെ തോന്നി. അവൻ അടുത്തുള്ള ഡോക്ടറെ പോയി കണ്ടു. ഡോക്ടർ അവനോട് വിദേശത്തുനിന്നു വന്ന അവൻ ആണോ എന്ന് ചോദിച്ചു. അപ്പോഴും റസാക്ക് അല്ല എന്നാണ് മറുപടി പറഞ്ഞത്. നിർദ്ദേശിച്ച മരുന്ന് രണ്ടുമൂന്നുദിവസം കഴിച്ചിട്ടും റസാക്കിന്റെ അസുഖം പൂർണമായും ഭേദമായില്ല. അവന്റെയുള്ളിൽ ഭയം തോന്നിത്തുടങ്ങി. അവൻ അടുത്തുള്ള ആരോഗ്യ പ്രവർത്തകരെ വിവരം അറിയിച്ചു. ഞാൻ വിദേശത്തുനിന്നു വന്ന ആളാണെന്നും രണ്ടു മൂന്നു ദിവസമായി എനിക്ക് ക്ഷീണവും

ശ്വാസതടസ്സവും അനുഭവപ്പെടുന്നുണ്ടെന്നും പറഞ്ഞു. ആരോഗ്യപ്രവർത്തകർ അവനെ അടുത്തുള്ള ഒരു ഹോസ്പിറ്റലിലേക്കു മാറ്റി.

ഈ സമയത്ത് സുഹൃത്തായ ഫഹദിനും പനിയും ശ്വാസതടസ്സവും അനുഭവപ്പെട്ടു. ഹൃദ്രോഗിയായ ഫഹദിന്റെ രോഗം ദിനംപ്രതി മൂർച്ഛിച്ചു വന്നു. രണ്ടാഴ്ചയ്ക്കുള്ളിൽ റസാക്ക് സുഖം പ്രാപിക്കുകയും ചെയ്തു. അടുത്ത ദിവസം തന്നെ ഉറ്റസുഹൃത്തായ ഫഹദിന്റെ മരണവാർത്തയാണ് റസാഖിനെ തേടിവന്നത്. തന്റെ അശ്രദ്ധയാണല്ലോ തന്റെ ആത്മാർത്ഥസുഹൃത്തിനെ നഷ്ടപ്പെടാൻ കാരണമാക്കിയത് എന്നോലോചിച്ച് റസാഖിന് വല്ലാത്ത വിഷമം തോന്നി. തന്റെ സുഖത്തിനും സന്തോഷത്തിനും വേണ്ടി ഡോക്ടറോടും പോലീസിനോടും കള്ളം പറഞ്ഞതിന്റെ പേരിൽ നാട്ടുകാർ റസാഖിനെ ഒറ്റപ്പെടുത്തി.

ഇതിൽ നിന്നും പാഠം ഉൾക്കൊണ്ട റസാഖ് ഇനിയുള്ള കാലം സമൂഹത്തിനു വേണ്ടി പ്രവർത്തിക്കാൻ തീരുമാനിച്ചു.

**അഭിനന്ദ് പി**
6 ഡി, എ.ആർ.നഗർ.എച്ച്.എസ് ചെണ്ടപ്പുറായ
വേങ്ങര ഉപജില്ല, മലപ്പുറം

# കരുതലിന്റെ നാളുകൾ

റാസിമോൻ വളരെ സന്തോഷത്തിലാണ്. അവന്റെ വാപ്പച്ചി രണ്ട് വർഷം കൂടിയാണ് അവനെ കാണാൻ നാട്ടിലേക്ക് വരുന്നത് . വാപ്പച്ചിയുമായി ആർത്തുല്ലസിക്കാൻ പോകുന്ന ദിവസങ്ങൾ ഓർത്തു. അവൻ തുള്ളിച്ചാടാൻ തുടങ്ങി. റാസിമോൻ ഉമ്മച്ചിയോട് പറഞ്ഞു. "ഉമ്മച്ചിക്കറിയോ, റാസിമോൻ വാപ്പച്ചിയുടെ കൂടെ ബീച്ചിൽ പോകും, കളിക്കാട പോകും."

അങ്ങനെയിരിക്കെയാണ് നാടിനെ നടുക്കിക്കൊണ്ട് ആ വിവരം അറിഞ്ഞത്. കൊറോണ എന്ന മഹാമാരി ആ നാടിനെ ബാധിച്ചിരിക്കുന്നു. രോഗപ്രധിരോധത്തിന്റെ ഭാഗമായി നാടെങ്ങും അടച്ചിട്ടു.

പഞ്ചായത്തുകളിൽനിന്നും വിവരം വന്നു, വിദേശത്തു നിന്ന് എത്തിയവർ ക്വാറന്റൈനിൽ ഇരിക്കണം എന്ന് . ആ ഒരു സമയത്തായിരുന്നു റാസിമോന്റെ വാപ്പച്ചി നാട്ടിലെത്തിയത് . ഈമഹാമാരിയെപ്പറ്റി അറിവില്ലാത്ത റാസിമോൻ വാപ്പച്ചിയെ കണ്ടതും ആഹ്ളാദത്തോടെ വാപ്പച്ചിയുടെ അടുത്തേക്കോടി. എന്നാൽ വാപ്പച്ചി തന്റെ പുന്നാരമോനെ അടുക്കാൻ സമ്മതിച്ചില്ല. ഉമ്മച്ചിയും ഉപ്പാപ്പയും അവനെ പിടിച്ചുവെച്ചു. നിർദേശപ്രകാരം പഞ്ചായത്തുകളിൽ അവർ വിവരം അറിയിച്ചു. ഒരുപാടുനാൾ കൂടി കണ്ട വാപ്പച്ചിയോട് ഒന്ന് സംസാരിക്കാൻപോലും റാസിമോന് പറ്റിയില്ല.

മുറിയിൽ മാസ്കു ധരിച്ച് ഒറ്റക്കിരിക്കുന്ന വാപ്പച്ചിയെ ആണ് അവൻ കണ്ടത്. അവൻ കരഞ്ഞുകൊണ്ട് ഉമ്മയോട് ചോദിച്ചു, "വാപ്പച്ചി എന്തെ എന്റെ കൂടെ കളിക്കാത്തെ?" ഉമ്മച്ചി അവനെ ആശ്വസി പ്പിച്ചുകൊണ്ട് പറഞ്ഞു. "മോനെ നാട്ടിൽ കൊറോണ എന്ന രോഗം പടരുകയാണ്, വാപ്പച്ചി വിദേശത്തുനിന്ന് വന്നതുകൊണ്ട് നമ്മൾ അകലം പാലിക്കേണ്ടതാണ്. രോഗപ്രതിരോധത്തിന്റെ ഭാഗമായി നമ്മൾ മാസ്ക് ഉപയോഗിക്കുകയും കൈകൾ ഹാന്റ്വാഷ് ഉപയോഗിച്ച് കഴുകുകയും, അകലംപാലിക്കുകയും ചെയ്തു കൊണ്ടാണ് നാടിനെ രക്ഷിക്കേണ്ടത്." ഉമ്മച്ചി പറയുന്നത് കേട്ട് കണ്ണ് തുടച്ചുകൊണ്ട് റാസിമോൻ തലയാട്ടി. വീട്ടിലെ ഭക്ഷണത്തിൽ പഴങ്ങളും പച്ചക്കറികളും അധികരിപ്പിച്ചു.

കുറച്ച് ദിവസങ്ങൾക്ക് ശേഷം റാസിമോന്റെ വാപ്പച്ചിയെ ശാരീരിക അസ്വസ്ഥകൾ കാരണം ആശുപത്രിയിലേക്ക് പ്രവേശിപ്പിച്ചു. ടെസ്റ്റ് റിസൾട്ടുകൾ പോസിറ്റീവ് ആയിരുന്നു. മുൻകരുതലുകൾ എടുത്തതിനാൽ വീട്ടിലെ മറ്റാർക്കും തന്നെ ഈ രോഗം ബാധിച്ചില്ല. പ്രാർത്ഥനയോടെയും മനക്കരുത്തോടെയും റാസിമോന്റെ കുടുംബം കൊറോണ എന്ന മഹാമാരിയെ അതിജീവിച്ചു.

**ഫാത്തിമത്തുൽ സഫ. വി**
4, ഏച്ചൂർ ഈസ്റ്റ് എൽ. പി സ്കൂൾ
കണ്ണൂർ നോർത്ത് ഉപജില്ല, കണ്ണൂർ

# ഒരു കൊറോണാ അവധിക്കാലം...

ഇപ്പോൾ കൊറോണ അവധിക്കാലം ആണല്ലോ. വീട്ടിൽതന്നെ ഇരിക്കണം. എന്നെപ്പോലെ എല്ലാ കൂട്ടുകാർക്കും സങ്കടം ഉണ്ടാവും. കാരണം നമ്മളൊക്കെ കുട്ടികളല്ലേ, പണ്ടത്തെപ്പോലെ കളിക്കാനും കൂട്ടുകൂടാനും പാടില്ലല്ലോ. ആരും പുറത്തിറങ്ങാൻ സമ്മതിക്കില്ല, ഇതൊന്നും അവർക്ക് നമ്മളോട് ഇഷ്ടമില്ലാഞ്ഞിട്ടല്ല. സ്നേഹം ഉണ്ടായിട്ടാണ്. ഇതൊക്കെ ചിന്തിച്ചു ഒരു ദിവസം ഞാൻ എന്റെ വീടിന്റെ ബാൽക്കണിയിൽ ഇരിക്കുകയായിരുന്നു.

പെട്ടെന്ന് ബിട്ടു, മിട്ടു, ശംഭു... മൂന്നുപേരും ചീറിപ്പാഞ്ഞു സൈക്കിളിൽ വരുന്നു, വികൃതികൾ ഭയങ്കരബഹളം. എന്റെ വീടിൻറെ ഗേറ്റിനുമുൻപിൽ വന്ന് സൈക്കിൾ ബെല്ലടിച്ചു. എന്നെ വിളിച്ചു. വാ കളിക്കാം. ഞാൻ പറഞ്ഞു ഞാൻ ഇല്ല, നിങ്ങൾ ചെയ്യുന്നത് ശരിയല്ല കൊറോണാവൈറസ് നാടാകെ പകരുന്നത് നിങ്ങൾ കേട്ടില്ലേ? എല്ലാവരോടും വീട്ടിലിരിക്കാൻ പറഞ്ഞിട്ട്. പേടിക്കേണ്ടന്നെ ഞങ്ങൾക്ക് കൊറോണ വരില്ല അവർ പറഞ്ഞു. അവരുടെ ശബ്ദം കേട്ട് എന്റെ ഉപ്പ വാതിൽ തുറന്നുവന്നു. ഓഹോ, നിങ്ങൾ പുറത്തിറങ്ങിയോ, എന്തിനാ പുറത്തിറങ്ങിയത്? ഉപ്പ അവരോട് ദേഷ്യപ്പെട്ടു. ഞങ്ങൾ സൂപ്പർ ഹീറോസ് ആണ് ഞങ്ങൾക്ക് കൊറോണ വരില്ല. വികൃതികൾ പറഞ്ഞു. ഓഹോ രാവിലെ കൊറോണ വന്നുനിങ്ങളോട് പറഞ്ഞോ. ഉപ്പ ചോദിച്ചു. “അല്ലല്ല ആകെ കിട്ടുന്ന വെക്കേഷനാ ഇങ്ങനെ പുറത്തിറങ്ങാതെ അകത്ത് ഇരിക്കാൻ പറ്റുന്ന കാര്യമല്ല” ബിട്ടു പറഞ്ഞു. പറ്റണം, അത്രയ്ക്ക് പ്രശ്നക്കാരനാ കൊറോണാവൈറസ്. ദിവസവും ആളുകൾ മരിക്കുന്നത് നിങ്ങൾ അറിഞ്ഞില്ലേ. ഉപ്പ പറഞ്ഞു.

എത്ര പെട്ടെന്നാണ് അത് പടരുന്നത്. അപ്പോൾ ശംഭു പറഞ്ഞു ഞാൻ സൂപ്പർ ഹീറോ ആയിരുന്നെങ്കിൽ കൊറോണാവൈറസിനെ കഴുത്തിനുപിടിച്ച് ഞെക്കി, ഒരു കൈ പിടിച്ചുവലിച്ചു നിലത്തിട്ട് ചവിട്ടി കൊന്നേനേ. അപ്പോൾ ഉപ്പ പറഞ്ഞു. നിങ്ങൾക്ക് സൂപ്പർഹീറോ ആകാൻ ഞാനൊരു സൂത്രം പറഞ്ഞു തരട്ടെ, വീട്ടിൽ പോയി ഇരുന്നാൽ മതി സൂപ്പർഹീറോ ആകും.

ഇപ്പോൾ വീട്ടിൽ ഇരിക്കാൻ തീരുമാനിച്ച വരൊക്കെ സൂപ്പർ ഹീറോസാ മക്കളെ.... അപ്പോൾ ഇങ്ങനെ ഇറങ്ങി നടക്കുന്നവരോ അവർ വെറും മണ്ടന്മാരും.. അവർക്ക് രോഗം വരികയും ചെയ്യും, മറ്റുള്ളവർക്ക് അത് കൊടുക്കുകയും ചെയ്യും.. ഉപ്പ പറഞ്ഞു. നിങ്ങക്ക് എന്താകണം. “സൂപ്പർഹീറോ” അവർ ഉറക്കെ പറഞ്ഞു. ഞങ്ങൾ ഇനി വീട്ടിൽനിന്ന് പുറത്തിറങ്ങില്ലാ.

**നസ്ബാൻ കെ**
3 ബി, ഒ.എ.എൽ.പി സ്കൂൾ. വണ്ടൂർ
വണ്ടൂർ ഉപജില്ല, മലപ്പുറം

# മാറുന്ന പരിസ്ഥിതി

"ഇന്ന് പരിസ്ഥിതിക്ക് എന്തൊരു ഭംഗി! എങ്ങും നിശബ്ദത മാത്രം." അമ്മു മുത്തശ്ശിയോടായി പറഞ്ഞു. ഒരൊഴിവില്ലാതെ ഹോൺ മുഴക്കികൊണ്ട് ചീറി പ്പായുന്ന വണ്ടികളെ കണ്ട് എഴുന്നേൽക്കുന്ന അമ്മുവിന് അതൊരു അതിശയമായിരുന്നു. ഇതുകേട്ട മുത്തശ്ശി ചിരിച്ചുകൊണ്ട് പറഞ്ഞു. "പണ്ട്... ഇങ്ങനെയൊക്കെയായിരുന്നു മക്കളേ. പരിസ്ഥിതിക്ക് ഒരു ദോഷവും ചെയ്യാത്ത കാളവണ്ടികളും സൈക്കിളുകളും മാത്രമായിരുന്നു അപ്പോൾ. എങ്ങും മരങ്ങളും." ഒരു ദീർഘശ്വാസം വിട്ടുകൊണ്ട് മുത്തശ്ശി വീണ്ടും പറഞ്ഞു. "ഇപ്പോഴത്തെ ഒരവസ്ഥയേ!" "അയ്യോ! എന്റെ മുത്തശ്ശി... ഇത് എന്നും പറയുന്നതാണല്ലോ. "പിന്നെ എങ്ങനെ പറയാതിരിക്കും അങ്ങനെയല്ലേ മനുഷ്യന്റെ പ്രവൃത്തികൾ." മുത്തശ്ശി പറഞ്ഞുനിർത്തിയതും അടുക്കളയിൽനിന്ന് വിളിവന്നു. എന്നത്തെയും ഡയലോഗ് "അമ്മൂ... പല്ലുതേക്ക്. സമയം എന്തായി?" വേനലവധിയായതുകൊണ്ട് അവൾ വൈകിയേ എഴുന്നേൽക്കൂ. "അമ്മയുടെയടുത്തു നിന്ന് വഴക്കു കേൾക്കാൻ നിൽക്കാതെ വേഗം പോയി പല്ലുതേക്ക് മുത്തശ്ശിയും പറഞ്ഞപ്പോൾ അവൾ പോയി. പ്രഭാതകൃത്യങ്ങൾക്കുശേഷം എന്നത്തേയും പോലെ പത്രം എടുത്ത് വായിക്കാൻ തുടങ്ങി. അതിൽ കണ്ടു, "മനോഹരമായിപരിസ്ഥിതി" എന്ന വാർത്ത. വണ്ടികളുടെ പുകകൊണ്ടുള്ള ഭവിഷ്യത്ത് ഇപ്പോൾ കുറഞ്ഞതിന്റെയും മനുഷ്യൻ പ്ലാസ്റ്റിക് മാലിന്യം തള്ളുന്നതും കത്തിക്കുന്നതും, കൂടാതെ മരം വെട്ടുന്നതും കുറഞ്ഞപ്പോഴുള്ള അവസ്ഥയും കണ്ട് അവൾ സന്തോഷിച്ചു. അമ്മു പരിസ്ഥിതിയുടെ ശോചനീയമായ അവസ്ഥയെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങി. അവൾ വേഗം മുത്തിശ്ശിയുടെ അടുത്തെത്തി ഇക്കാര്യം പറഞ്ഞു. മുത്തശ്ശി അവൾക്കു പറഞ്ഞുകൊടുത്തു. "ദിനംതോറും കൂടിവരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളും വണ്ടികളുടെയും ഫാക്ടറികളുടെയും പുകയയും മരം മുറിക്കുന്നതും നല്ലതും ചീത്തയുമായ കണ്ടുപിടിത്തങ്ങളും പ്രകൃതിവിഭവങ്ങളുടെ ശോഷണവും ഓസോൺ പാളിക്ക് പോറലേൽപ്പിക്കുമെന്ന് കുട്ടക്കറിയില്ലേ? ഇപ്പോൾ ഇതിനൊക്കെ കുറച്ച് മാറ്റം വന്നത് നന്നായി." ദീർഘശ്വാസം വിട്ടുകൊണ്ട് മുത്തശ്ശി വീണ്ടും തുടങ്ങി. "പ്രളയവും കോവിഡും പോലുള്ള മഹാമാരിവന്നിട്ടും മനുഷ്യൻ പഠിച്ചിട്ടില്ല." ഇതു കേട്ട അമ്മു ഒരു പ്രതിജ്ഞയെടുത്തു. "പ്രകൃതി നമുക്ക് നൽകിയ വിഭവങ്ങൾ പാഴാക്കാതെ അടുത്ത തലമുറക്കായി ഞാൻ കൈമാറുമെന്നും ഈ വാക്യം മറ്റുള്ളവരുമായി പങ്കു വയ്ക്കുമെന്നും." അവളുടെ മനസ്സിൽ ഒരു വിഷമം അപ്പോഴും ഉണ്ടായിരുന്നു. വീട്ടിലുള്ള പ്ലാസ്റ്റിക് എന്തുചെയ്യും? അമ്മു അലോചിച്ചു. അവൾ വേഗം പോയി പ്ലാസ്റ്റിക് ഉപയോഗിച്ച് അലങ്കാര വസ്തുക്കൾ നിർമിക്കാൻ തുടങ്ങി. മുത്തശ്ശി ഇതു കണ്ട് അവളെ അഭിനന്ദിച്ചു.

**ആൽബി എം**
3 ബി, കെ.വി.എം.യു.പി.എസ്. പൊൽപ്പുള്ളി
ചിറ്റൂർ ഉപജില്ല, പാലക്കാട്



# കാക്കക്കുളി




'അമ്മേ.... ദെന്താ ഈ കാട്ടണേന്ന് നോക്ക്യേ.... അനുമുറ്റത്തു നിന്നു വിളിച്ചു കൂവി.അമ്മ വേഗം മുറ്റത്തേക്ക് ചെന്നു.

'എന്താ 'അമ്മൂ..' അമ്മ ചോദിച്ചു. ദേഷ്യത്തോടെ തൊടിയിലേക്ക് വിരൽ ചൂണ്ടി അമ്മു പറഞ്ഞു

' നോക്കൂ.. ഞാൻ പക്ഷികൾക്ക് കുടിക്കാൻ വെച്ച വെള്ളം ആ കള്ളക്കാക്ക ചീത്തയാക്കുന്നത് കണ്ടോ' ? അനു വിരൽ ചൂണ്ടിയ വശത്തേക്ക് നോക്കിയ അമ്മ കണ്ടത് കുടിക്കാൻ വെള്ളം വെച്ച പാത്രത്തിൽ വെള്ളം തെറിപ്പിച്ച് മുങ്ങിക്കുളിക്കുന്ന ഒരു കാക്കയെയാണ്.അമ്മയ്ക്ക് ചിരി വന്നു.

ഓ.... ഇതാണോ ഇത്ര വല്യ കാര്യം.?

അമ്മയുടെ ചിരി കണ്ടപ്പോൾ അനുവിന് വീണ്ടും അരിശം വന്നുവെന്ന് അവളുടെ മുഖം കണ്ടപ്പോൾ അമ്മയ്ക്ക് മനസ്സിലായി.

' കാക്കകൾ അങ്ങനെയാണമ്മൂ.... മറ്റു പക്ഷികളെപ്പോലെയല്ല അവർ വെള്ളം കണ്ടാൽ കുളിക്കും.ഏറ്റവും വൃത്തിയുള്ള പക്ഷിയാണ് കാക്ക എന്ന് കേട്ടിട്ടില്ലേ...' അമ്മ പറഞ്ഞു. അപ്പോഴാണ് അമ്മുവിന് ടീച്ചർ ചൊല്ലി തന്ന ആ കവിതയിലെ വരി ഓർമ്മ വന്നത്, 'ചീത്തകൾ കൊത്തിവലിക്കുകിലും ,ഏറ്റവും വൃത്തി വെടിപ്പെഴുന്നോൾ '

അമ്മു പിന്നെ ഒന്നും മിണ്ടിയില്ല. കുളി കഴിഞ്ഞ് കാക്ക പറന്നുപോയി.

**ഷിഫ്ന കെ**
4 ബി, കെ.എം.എം.എ.യു.പി.സ്ക്കൂൾ, ചെറു കോട്
വണ്ടൂർ ഉപജില്ല, മലപ്പുറം





# സംരക്ഷിക്കാം നാളേക്കായി

അമ്മേ ഞാൻ പുറത്ത് പോയി വരാം “വേഗം വരണേ മോനേ”, ശരി അമ്മേ ഹായ് അതാ മരകൊമ്പിൽ അമ്മക്കിളിയും കുഞ്ഞുങ്ങളും. അയ്യോ! ആ കിളികൾ കരയുന്നുണ്ടല്ലോ ആ മരവും കരയുന്നുണ്ട് ദൈവമേ അവർ സംസാരിക്കുന്നത് കേൾക്കാൻ കഴിയുന്നുണ്ടല്ലോ. എന്താ പറ്റിയത് മാവേ എന്തിനാ കരയുന്നത് ? എന്നെ ഒരു മരം വെട്ടുകാരൻ മുറിക്കാൻ പോകുന്നു എന്നെ മുറിച്ചാൽ കിളി ക്കുഞ്ഞുങ്ങൾ താഴെ വീഴും. അതാണ് അവർ കരയുന്നത് നിങ്ങൾ മനുഷ്യർ മരങ്ങൾ വെട്ടി ഈ പ്രകൃതിയെ നശിപ്പിക്കാൻ പോവുകയാണ്, മണ്ണൊലിപ്പും ഉരുൾപൊട്ടലും ഉണ്ടായിട്ടും പഠിക്കുന്നില്ല ശരിയാ മാവേ ഞാൻ അവരോടു പറയാം. നിന്നെ മുറിക്കരുതെന്ന്. ശരി മോനെ വളരെ നന്ദി.ഹൊ! എന്തൊരു ചൂട് വല്ലാത്ത ദാഹം ദാഹിച്ചു തൊണ്ട വരണ്ടു. ആ കടയിൽ നിന്ന് കൂൾഡ്രിംഗ്സ് വാങ്ങി ക്കുടിക്കാം. ഹാവൂ നല്ല ആശ്വാസം.

നീ കുടിക്കരുത് വിഷമാണിത് അയ്യോ കൂൾ ഡ്രിംഗ്സ്സ് സംസാരിക്കുന്നു നിനക്ക് ഇതിൽ എന്തെല്ലാം ചേർത്തിട്ടുണ്ടെന്ന് അറിയുമോ ഇത് കുടിച്ചാൽ എന്തെല്ലാം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകും എന്ന് അറിയുമോ? എനിക്ക് വേണ്ട. ഞാൻ ഇനി മുതൽ കുടിക്കില്ല. തിളപ്പിച്ചാറ്റിയ വെള്ളം മാത്രമേ കുടിക്കൂ ഇനി ഈ ബോട്ടിൽ എവിടെ കളയും അതാ ഒരു പുഴ ഇതിൽ കളയാം. ഈ പുഴയ്ക്കു നല്ല ആഴമുണ്ട്. ഇതിൽ വലിച്ചെറിയാം.

മകനെ ഇടരുത് അയ്യോ പുഴ സംസാരിക്കുന്നു നിങ്ങൾ മനുഷ്യരാണ് ഇതുപോലുള്ള പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും പുഴയിലെറിഞ്ഞു ജലസ്രോതസ്സുകൾ മലിനമാകുന്നത്. ക്ഷമിക്കണം ഇനി ഞാൻ ഇതുപോലെ ചെയ്യില്ല അയ്യോ വല്ലാത്ത ദുർഗന്ധം ഇതെവിടെ നിന്നാണ് അത് അവിടെ മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നു. എന്തെല്ലാം തരത്തിൽ ആണ് മനുഷ്യൻ പ്രകൃതിയെ നശിപ്പിക്കുന്നത് അതാ ഒരു മുത്തശ്ശി, മുത്തശ്ശി പ്ലാസ്റ്റിക് കത്തിക്കുക യാണല്ലോ? മുത്തശ്ശീ അരുത് പ്ലാസ്റ്റിക്ക് കത്തിക്കരുത് അതിന്റെ പുക അന്തരീക്ഷത്തിൽ എത്തിയാൽ അന്തരീക്ഷം മലിനമാകും. ഇതെല്ലാം ഞാൻ എന്താ ചെയ്യാ മോനേ? മുത്തശ്ശി ഇത് കഴുകി വൃത്തിയാക്കി വയ്ക്കൂ. നമ്മുടെ പഞ്ചായത്തിൽ ഇത് എടുക്കുന്ന ആൾ വന്നു കൊണ്ടുപോകും. ശരി മോനേ വീട്ടിൽ എത്തിയല്ലോ. വിശക്കുന്നു. കൈയും കാലും മുഖവുമൊക്കെ സോപ്പിട്ട് കഴുകട്ടെ. എന്തൊക്കെ പകർച്ചവ്യാധികളാ പുറത്ത്. മോനേ നീ എത്തിയോ, മേശയിൽ ഭക്ഷണം ഇരിപ്പുണ്ട് നീ കഴിച്ചാൽ മൂടി വെക്കണം.

ടപ്പേ. പാത്രം താഴെ വീണു “അയ്യോ അമ്മേ ഞാൻ ഇതൊക്കെ കണ്ടത് സ്വപ്നമായിരുന്നോ?”

**അൻലിയഅനൂപ്**
3, കൊളവല്ലൂർ എൽ.പി.എസ്., പാനൂർ ഉപജില്ല, കണ്ണൂർ



# മാലാഖയുടെ മടിയിൽ

നേഴ്സ് ഓടി വന്നു അവളെ എടുത്തു റൂമിലേക്ക് കൊണ്ടുപോയി. ഉമ്മയോടും ഉപ്പയോടും അവർ പുറത്തു നിൽക്കാൻ പറഞ്ഞു. കാരണം ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയിത മിക്കപേരും കൊറോണ ബാധിച്ചവർ ആയിരുന്നു അവർക്കു ഹോസ്പിറ്റലിൽ ഉള്ളവർ മാസ്ക് നൽകി. അവർ തന്നെ പൊന്നുമോളെ ഓർത്തു ഹോസ്പിറ്റലിൽ വരാന്തയിൽ ഒരു കസേരയിൽ ഇരുന്നു ഡോക്ടർ പുറത്തുവന്നു പറഞ്ഞു പേടിക്കാനൊന്നുമില്ല നിങ്ങൾ പുറത്തിറങ്ങി വീട്ടിലേക്കു പൊയ്ക്കോളൂ. ഡോക്ടർ പറഞ്ഞു, അവൾക്ക് ഇപ്പോൾ ശ്വാസം എടുക്കാൻ ബുദ്ധിമുട്ടുണ്ട്. നിങ്ങൾ ഇവിടെ നിൽക്കാൻ പാടില്ല നിങ്ങൾ വീട്ടിലേക്കു പൊയ്ക്കോളൂ ഡോക്ടർ എല്ലാം തന്നെ ഓപ്പണായി പറഞ്ഞു. നിങ്ങളുടെ മോൾക്ക് കൊറോണ ആണോ എന്നൊരു സംശയം ഉണ്ട്. അവൾ നിരീക്ഷണത്തിലാണ് ഇന്നുമുതൽ, പെട്ടെന്ന് ആരോ റൂമിലോട്ടു വരുന്ന പോലെ തോന്നി. പാത്തു പെട്ടെന്ന് തന്നെ ഇപ്പോഴുള്ള അവസ്ഥയിലേക്ക് തിരിച്ചുവന്നു.

വീണ്ടും ഹോസ്പിറ്റലിൽ കാര്യം ഓർത്തു എന്റെ പ്രിയപ്പെട്ട മാലാഖയാ വരുന്നത് സ്വന്തം അമ്മയുടെ പോലെതന്നെയാണ് തന്നെ സ്നേഹിച്ചിരുന്നത്. ദിയ എന്നായിരുന്നു ആ മാലാഖയുടെ പേര്. അവർ തന്റെ അടുത്ത് വന്നിരുന്നു. അവളുടെ മുടിയെല്ലാം പതിയെ തലോടി. അവൾക്ക് ഭയങ്കര സന്തോഷമായി. എന്നാണ് ഇനി ഞാൻ എന്റെ ഉമ്മയുടെ മടിയിൽ കിടന്നു ഇത് പോലെ... അവൾ ഓർത്തു. അവളുടെ കണ്ണുകൾ നിറഞ്ഞു. മാലാഖ അവളുടെ കണ്ണുകൾ തുടച്ചു. അവൾക്ക് ആകെ ഒരു ആശ്വാസം മാലാഖ ആയിരുന്നു. ശ്വാസമെടുക്കാൻ കഴിയാതെ വരും അപ്പോൾ തന്നെ എല്ലാം അവർ മരുന്നുകളും കൊണ്ട് അവളുടെ അടുത്ത് വരുമായിരുന്നു. എന്നിട്ട് അവളുടെ അടുത്തിരുന്നു എല്ലാം മാറും എന്നു പറയും. നിനക്ക് ഒന്നുമില്ലെന്ന് എപ്പോഴും പറയുമായിരുന്നു. പാത്തു ആഗ്രഹിച്ചു. ഇതേപോലെ ഒരു മാലാഖ തനിക്കും ആവണം. എന്നിട്ട് എല്ലാവരെയും സഹായിക്കുന്ന ഒരു മാലാഖ. പക്ഷേ അവൾക്ക് ഒന്നു മാത്രം മനസ്സിലായില്ല. വെള്ള ഡ്രസ്സ് ധരിച്ച മാലാഖ അവരുടെ മുഖത്ത് എന്താണ് ധരിച്ചിരിക്കുന്നത്. താൻ ഇതുവരെ ആ മാലാഖയുടെ മുഖം കണ്ടിട്ടില്ല. അവർ എപ്പോഴും എന്തോ കൊണ്ട് മറച്ചായിരുന്നു തന്റെ അടുത്ത് വന്നിരുന്നത്. അതുപോലെതന്നെ തന്റെ മുഖവും കൈയും എന്തോ ഉപയോഗിച്ച് മറച്ചിട്ടുണ്ട്. താൻ തന്റെ വീട്ടിൽ ആയിരുന്നപ്പോൾ കണ്ണാടിയിൽ എപ്പോഴും നോക്കുമായിരുന്ന. പക്ഷേ ഇവിടെ വന്നതിനുശേഷം താൻ കണ്ണാടി ഇതുവരെ കണ്ടിട്ടില്ല. എനിക്കെന്താണ് സംഭവിച്ചത്. ശരീരമാകെ

വിറയ്ക്കുന്നത് പോലെ. ചിലപ്പോൾ ശ്വാസമെടുക്കാൻ ബുദ്ധിമുട്ടും തോന്നുകയും ചെയ്യുന്നു. ചുമ പനി കാരണം താൻ ഛർദ്ദിക്കുകയും ചെയുന്നു. കാലുകൾ നിലത്തു കുത്താൻ പോലും പറ്റുന്നില്ല. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങി. ഇനി സ്കൂളിൽ പോകുവാൻ കഴിയുമോ കുട്ടുകാരെ കാണാൻ കഴിയുമോ. ഉറപ്പായും കഴിയും. ഈ മാലാഖ എന്നെ രക്ഷിക്കും ആയിരിക്കും. അവരെപ്പറ്റി കൂടുതൽ അറിയണം എന്നുണ്ടായിരുന്നു. പാത്തു അവരെ നോക്കി. ഓരോ ആളുകളും തളർന്നു കിടക്കുമ്പോൾ അവരെ ആശ്വസിപ്പിക്കുകയും മരുന്നുകൾ എടുത്തു കൊടുക്കുകയും ചെയ്യുന്നു. നെഞ്ചോടു ചേർത്ത് പിടിച്ച പോലെ സന്തോഷത്തോടെയാണ് അവിടെ നിൽക്കുന്നത്.

ഡോക്ടർ വന്ന് മയങ്ങാൻ ഉള്ള മരുന്നു കൊടുത്തു. അവൾ പതിയെ ഉറക്കത്തിലേക്കു പോയി

കുറച്ചു ദിവസങ്ങൾ കഴിഞ്ഞു. പാത്തുവിന് നല്ല മാറ്റമുണ്ട്. ഡോക്ടർ അവളുടെ ഉമ്മയോടും ഉപ്പയോടും വരുവാൻ പറഞ്ഞു. അവൾക്കു കുറവുണ്ട് ദൂരെ നിന്നും നിങ്ങൾ അവളെ കണ്ടോളു. കൊറോണ ഉള്ളതിനാൽ തന്നെ അവളുടെ ഉമ്മയോടും ഉപ്പയോടും അവളെ ദൂരെ നിന്നും കാണുവാനുള്ള പെർമിഷൻ അവർ കൊടുത്തു. ഉമ്മയെ കണ്ട സന്തോഷത്തിൽ അവൾ കണ്ണുകൾ നിറച്ചു കൊണ്ട് ഉമ്മയെ നോക്കി.

ഉമ്മ ഇങ്ങോട്ട് വരേണ്ട കുറച്ചു ദിവസം കഴിഞ്ഞു ഞാൻ അങ്ങോട്ടു വരുമല്ലോ. പാത്തുവിന് ഇപ്പോൾ കോറോണയെ കുറിച്ചു അറിയാം. അവൾക്കു ഇപ്പോൾ എല്ലാം മനസിലായി. തന്റെ അസുഖത്തെ പറ്റിയും താൻ മറ്റുള്ളവരുടെ അടുത്ത് ചെന്നാൽ അവർക്കും അത് പകരുമെന്നും. അതിനാൽ തന്നെ ഉമ്മയും ഉപ്പയെയും അവൾ കാണുവാൻ സമ്മതിച്ചില്ല. അവൾ ദൂരെ നിന്നും അവരെ കണ്ടു സന്തോഷിച്ചു.

**മുഹമ്മദ് ആദിൽ**
8 സി, കോൺകോഡ് ഇ.എച്ച്.എസ്. ചിറമനെങ്ങാട് തൃശ്ശൂർ കുന്നംകുളം
കുന്നംകുളം ഉപജില്ല, തൃശ്ശൂർ

# പ്രകൃതിയെ സ്നേഹിച്ച കിട്ടുണ്ണി

ഒരു ഗ്രാമത്തിൽ കിട്ടുണ്ണി എന്ന പേരുള്ള ദുഷ്ടനായ ഒരാളുണ്ടായിരുന്നു. ഒരിക്കൽ ദൂരയാത്ര കഴിഞ്ഞ് വീട്ടിൽ തിരിച്ചെത്തിയ കിട്ടുണ്ണി ദേഷ്യം കൊണ്ടുവിറച്ചു. തന്റെ വീട്ടുമുറ്റത്തും പറമ്പിലും എല്ലാം അയൽപക്കത്തെ കുട്ടികൾ കളിക്കുന്നു. അയൽക്കാർ വെള്ളം കോരുന്നു.തന്റെ പറമ്പിലെ മാമ്പഴവും പേരക്കയും ഒക്കെ പറിച്ച കുട്ടികളെ കിട്ടുണ്ണി എറിഞ്ഞോടിച്ചു. കുട്ടികളെ പറമ്പിൽ കയറ്റിയ തന്റെ ഭാര്യയെയും കിട്ടുണ്ണി തല്ലി. മരം വെട്ടുകാരെ വിളിച്ച് തന്റെ പറമ്പിൽ നിന്ന മാവും പ്ലാവും പേരയും ഒക്കെ വെട്ടിക്കളഞ്ഞു. ഒരിക്കലും വെള്ളം വറ്റാതിരുന്ന തന്റെ വലിയ കിണർ മണ്ണിട്ടുമൂടി. പാവം കുട്ടികൾക്ക് സങ്കടം വന്നു. അങ്ങനെയിരിക്കെ വലിയ വേനൽക്കാലമെത്തി. ചൂട് കാരണം വീട്ടിൽ ഇരിക്കാൻ പറ്റാതായി. വീട്ടുമുറ്റത്ത് നിന്ന മരങ്ങൾ മുറിച്ചതോർത്ത് അന്ന് കിട്ടുണ്ണി സങ്കടപ്പെട്ടു. വീട്ടിലെ ചെറിയ കിണർ വറ്റി. വെള്ളമില്ലാതെ അയാൾ കഷ്ടപ്പെട്ടു. അയൽക്കാർ ദൂര സ്ഥലങ്ങളിൽ പോയി വെള്ളം കൊണ്ടു വരാൻ തുടങ്ങി. പക്ഷേ അയാൾക്ക് ദൂരെ പോയി വെള്ളം കൊണ്ടുവരാനുള്ള ആരോഗ്യമില്ലായിരുന്നു. അയൽക്കാരോട് അയാൾ വെള്ളം ചോദിച്ചു. ആരും കൊടുത്തില്ല. പക്ഷേ അയൽക്കാരായ ആ കുട്ടികൾ കിട്ടുണ്ണിക്ക് ആവശ്യമായ വെള്ളം കോരിക്കൊണ്ടുവന്നു. കിട്ടുണ്ണിക്ക് താൻ ചെയ്ത പ്രവൃത്തികൾ ഓർത്ത് കുറ്റബോധം തോന്നി. പതിയെ ഗ്രാമത്തിൽ മഴപെയ്യാൻ തുടങ്ങി. കിട്ടുണ്ണി കുട്ടികളെയും കൂട്ടി പറമ്പിൽ പ്ലാവും മാവും പേരയും ഒക്കെ വച്ചുപിടിപ്പിച്ചു. പാഴ്വസ്തുക്കൾ ഇട്ടുമൂടിയ കിണർ വൃത്തിയാക്കി. എല്ലാവർക്കും വെള്ളം വീണ്ടും കൊടുത്തു. കുട്ടികളെല്ലാം പറമ്പിൽ ഓടിനടക്കുന്നതു കണ്ട് കിട്ടുണ്ണിയും ഭാര്യയും സന്തോഷത്തോടെ നോക്കി നിന്നു. വരുംതലമുറയ്ക്കായി മരങ്ങൾ വച്ചുപിടിപ്പിക്കാനായി കിട്ടുണ്ണി കുട്ടികൾക്കെല്ലാം ഓരോ വൃക്ഷത്തൈകളും നൽകി. അങ്ങനെ അവരെയും പ്രകൃതിസ്നേഹികളാക്കി.

**ദേവദർശൻ പി എസ്**
1 എ, ഗവണ്മെന്റ് എൽ.പി. സ്കൂൾ മേവട
കൊഴുവനാൽ ഉപജില്ല, കോട്ടയം

# സഹ്യന്റെ മക്കൾ സമരത്തിലേക്ക്..


ഒരു ദിവസം കാട്ടിലെ മൃഗങ്ങൾ അനന്തപുരിയിലേക്ക് തിരിച്ചു. എന്തിനാണെന്നറിയേണ്ടേ... പ്രതിഷേധ പ്രകടനം നടത്താൻ. കാട്ടിലെ രാജാവ് സിംഹമാണെങ്കിലും മുദ്രാവാക്യങ്ങൾ തയ്യാറാക്കിയത് കുരങ്ങൻ മന്ത്രിയായിരുന്നു. മുഖവുരയായി കുരങ്ങൻ പറഞ്ഞു ‘ മനുഷ്യരെപ്പോലെ മോശമായി പെരുമാറരുത്. നല്ല ഭാഷ മാത്രമേ ഉപയോഗിക്കാവൂ. ജാഥക്കിടയിൽ മുങ്ങരുത് ‘ .തുടർന്ന് കടുവ മുദ്രാവാക്യം വിളിച്ചു. മറ്റുള്ളവർ ഏറ്റു വിളിച്ചു. ജാഥ സെക്രട്ടറിയേറ്റിനു മുന്നിൽ എത്തി. അവിടെ എത്തിയതും മുദ്രാവാക്യം വിളിയുടെ ശക്തി കൂടി.. ‘ കാട്ടിൽ കടുവയില്ലെങ്കിൽ നാട്ടിൽ വെള്ളമില്ല ‘ ‘കാടില്ലെങ്കിൽ നാടില്ല ‘. ‘കടന്നൽകൂട്ടിൽ കല്ലെറിയരുത്‘. ‘ കടപ്പുറം കിടക്കുമ്പോൾ കാട്ടിൽ കടക്കണോ ‘. ‘ കാട്ടീന്നു കട്ടതു ചുട്ടു പോകും‘. ‘വാനരനു വാലു ബലം‘. മുദ്രാവാക്യങ്ങളിലൂടെ വനം കൈയേറുന്നതിലുള്ള പ്രതിഷേധം രേഖപ്പെടുത്തി. ഭരണാധികാരികളിൽ നിന്ന് അനുകൂല നടപടി ഉണ്ടാകും എന്ന വിശ്വാസത്തോടെ അവർ തിരിച്ചു പോയി.

**ജീന ജെ എസ്**
7 എ, ഗവ. യു.പി.എസ്. വഞ്ചിയൂർ
കിളിമാനൂർ ഉപജില്ല, തിരുവനന്തപുരം

# കൊറോണഭൂതവും ശുചിക്കുട്ടനും

ഒരിടത്ത് ഒരിടത്ത് ഒരു രാജ്യത്ത് അതിസുന്ദരനായ ഒരു ഭൂതം പിറന്നു. കൊറോണഭൂതം എന്നാണ് നാട്ടുകാർ അവനു പേരിട്ടത്. ആരുകണ്ടാലും കൊതിക്കുന്ന ആ അഴകിയ രാവണനെ എല്ലാവർക്കും പേടിയായിരുന്നു. കൊറോണഭൂതം വന്നു പിടിക്കുന്നവർ ആദ്യമാദ്യം തുമ്മാനും ചീറ്റാനും തുടങ്ങും. പിന്നെ അവർക്ക് ശ്വാസം മുട്ടും ചുമയും ഉണ്ടാകും . ഒടുവിൽ കടുത്ത പനിയും വിറയലുമായി കിടപ്പിലാകും. അത്രയുമായാൽ കൊറോണഭൂതത്തിന് വലിയ സന്തോഷമാകും . അവൻ നമ്മളെ കൊന്ന് ചോര കുടിക്കും. ഇതായിരുന്നു അവന്റെ സ്വഭാവം. ഒരിക്കൽ കൊറോണഭൂതത്തിന് ലോകം ചുറ്റണമെന്നും കുറേപ്പേരെ പിടിക്കണമെന്നും വലിയ കൊതിതോന്നി. അവൻ പാട്ടും പാടി നാടുകൾ തോറും അലയാൻ തുടങ്ങി.

“ഞാനൊരു ഭൂതം കൊറോണ ഭൂതം
നാടുകൾ ചുറ്റും പുതു ഭൂതം
വായോ... വായോ മാളോരേ”



കൊറോണഭൂതത്തിന്റെ പാട്ടും ചിരിയും കേട്ട് പലരും അവന്റെ വലയിൽ വീണു. സത്യം പറഞ്ഞാൽ ലോകം മുഴുവൻ രോഗം വിതറാൻ ഇറങ്ങിയ ഒരു ഭയങ്കരനായിരുന്നു അവൻ. അവന്റെ പടയോട്ടം തുടങ്ങിയതോടെ അനേകം പേർ രോഗം വന്നു കിടപ്പിലായി. ആയിരങ്ങൾ മരിച്ചു. ആളുകളെല്ലാം പേടിച്ചു നിലവിളിയായി. അതുകേട്ട് നാട്ടിലെ പള്ളിക്കൂടങ്ങളായ പള്ളിക്കൂടങ്ങളെല്ലാം അടച്ചു, സർക്കാർ ഓഫീസുകൾക്കും താഴിട്ടു. പള്ളികളും അമ്പലങ്ങളും അടച്ചു. എന്തിനു പറയുന്നു നാട്ടിലൂടെ ഓടുന്ന കാറുകളും, ബസുകളും , തീവണ്ടികളും എല്ലാം ഓട്ടം നിർത്തി. ഇതെല്ലാം കണ്ടതോടെ കൊറോണ ഭൂതത്തിന് സന്തോഷമായി . ചുറ്റിത്തിരിഞ്ഞ് അവൻ ശുചീന്ദ്രത്തെ ശുചിക്കുട്ടന്റെ വീട്ടുമുറ്റത്തെത്തി. എപ്പോഴും കുളിച്ച് വൃത്തിയായി നടക്കുന്ന ശുചിക്കുട്ടനേയും കുടുംബത്തേയും ഒന്നു കുടുക്കിലാക്കണമെന്നായിരുന്നു അവന്റെ മോഹം. അപ്പോഴാണ് മുഖത്തൊരു മാസ്ക് വച്ച് ശുചിക്കുട്ടൻ വീട്ടിലേക്ക് കയറി പോകുന്നത് കൊറോണഭൂതം കണ്ടത്. അവൻ ഉച്ചത്തിൽ പാടാൻ തുടങ്ങി.



"ഭൂതം ഭൂതം കൊറോണ ഭൂതം
നാടുകൾ ചുറ്റും പുതു ഭൂതം
എന്നോടൊത്തു കളിച്ചു രസിക്കാൻ
വായോ പൊന്നു ശുചിക്കുട്ടാ"

കൊറോണഭൂതത്തിന്റെ പാട്ടു കേട്ട് ശുചിക്കുട്ടൻ ചിരിച്ചു. നാട്ടിലെങ്ങും കൊറോണഭൂതം കറങ്ങി നടക്കുന്നുണ്ടെന്ന് അച്ഛനവനെ പറഞ്ഞ് മനസ്സിലാക്കിയിരുന്നു. ഭൂതത്തെ നാണം കെടുത്തി വിടണമെന്ന് അവൻ കരുതി. വീടിന്റെ ഇറയത്ത് കൈ കഴുകാനുള്ള വെള്ളവും സോപ്പും കരുതി വച്ചിരുന്നു. വീട്ടിലുള്ള എല്ലാവരും കൈകാലുകൾ സോപ്പിട്ടു കഴുകിയാണ് അകത്തു പ്രവേശിച്ചിരുന്നത്. കൊറോണഭൂതം നോക്കി നിൽക്കെ ശുചിക്കുട്ടൻ സോപ്പ് ഉപയോഗിച്ച് നല്ലവണ്ണം കൈകാലുകൾ കഴുകിത്തുടച്ചു. ഇതു കണ്ട് കൊറോണ ഭൂതം നാണിച്ചു പോയി. ഇവിടെ നിന്നാൽ രക്ഷയില്ല എന്നു മനസ്സിലാക്കിയ ഭൂതം അപ്പോൾ തന്നെ അവിടെനിന്നു സ്ഥലം വിട്ടു. അവന്റെ തല താഴ്ത്തിയുള്ള പോക്കുകണ്ട് ശുചിക്കുട്ടൻ കൈ കൊട്ടി ചിരിച്ചു.

**അതുൽ ടി എ**
4 ബി, ജി എച്ച്എസ് ഇരുളത്ത്
സുൽത്താൻ ബത്തേരി ഉപജില്ല, വയനാട്

# അഭിയുടെ വീട്



''ഏയ് കാക്കച്ചി നീ വീണ്ടും എത്തിയോ?'' അഭി ചോദിച്ചു. “എനിക്കിവിടെ വരാതിരിക്കാൻ ആവില്ലല്ലോ?” “ഉം, എന്താ കാര്യം” അഭി വീണ്ടും ചോദിച്ചു. നിന്നെയും നിന്റെ ചേട്ടനെയും കാണാനുള്ള താൽപര്യം കൊണ്ടാ ഞാനിവിടെ വരുന്നത്. എന്നാൽ നിങ്ങളുടെ ചില പ്രാവൃത്തികൾ കാണുമ്പോൾ ചില കാര്യങ്ങൾ പറയാതിരിക്കാൻ കഴിയുന്നില്ല. “മോനെ നീ ഈ വീടും പരിസരവും കണ്ണോടിക്കു”, ബുക്കും പുസ്തകങ്ങളും ക്രയോണുമെല്ലാം വാരിവലിച്ചിട്ടിരിക്കുകയാണല്ലോ? കളിപ്പാട്ടങ്ങൾ വലിച്ചെറിഞ്ഞിരിക്കുകയല്ലേ? ഓറഞ്ചിന്റെയും ആപ്പിളിന്റെയും തോടുകൾ കൊണ്ട് പരിസരം നിറഞ്ഞിരിക്കുന്നു. നിങ്ങളുടെ തുണികൾ ഉമ്മറത്തും കസേരയിലുമായി ചിതറി കിടക്കുന്നില്ലേ? ആഹാരം കഴിച്ച പത്രങ്ങൾ മേശ പുറത്തു തന്നെ കിടക്കുന്നില്ലേ? ഇത് ശരിയാണോ അഭി? നാട്ടിൽ പുതിയ രോഗങ്ങൾ പടർന്നുപിടിക്കുന്നത് ടിവിയിലൂടെയും പത്രങ്ങളിലൂടെയും നീ അറിയുന്നില്ലേ?” അഭി പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു, “നീ വിഷമിക്കേണ്ട ഏതെല്ലാം വൃത്തിയാക്കാൻ എന്റെ അമ്മ എവിടെ ഉണ്ട്. അമ്മ രാവിലെ ഉണർന്ന് വീടും പരിസരവും വൃത്തിയാക്കും, തുണിയെല്ലാം കഴുകി, ഉണക്കി വയ്ക്കും, സാധന ങ്ങൾ അടുക്കി പെറുക്കി വയ്ക്കും.” ഉടനെ കാക്കച്ചി പറഞ്ഞു, “അമ്മ നല്ല പ്രവൃത്തികൾ ചെയ്യുമ്പോൾ നിങ്ങൾ എന്താ ചെയ്യുന്നത്? അമ്മയുടെ ജോലി ഭാരം കൂട്ടുകയല്ലേ? നിങ്ങൾ കുഞ്ഞായിരിക്കുമ്പോൾ ചെയ്യുന്ന കാര്യങ്ങൾ തന്നെയാണ് നിങ്ങൾ വലുതാകുമ്പോളും ചെയ്യുന്നത്. അതിനാൽ നിങ്ങൾ ഇപ്പോഴേ അമ്മയെ സഹായിച്ചാൽ അമ്മയുടെ ജോലിഭാരം കുറയും. അവരവരുടെ സാധനങ്ങൾ അടുക്കി വയ്ക്കുക, ചെറിയ കൃഷിപ്പണികൾ ചെയ്യുക, പഴങ്ങളുടെ തൊലികൾ കൃഷിക്ക് വളമാക്കുക. ഏതെല്ലാം നിങ്ങൾക്കു ചെയ്യാൻ കഴിയും. എല്ലാം കേട്ട് കഴിഞ്ഞപ്പോൾ അവൻ കുറ്റബോധത്തോടെ തല താഴ്ത്തി. “സോറി കാക്കച്ചി ഞാനിനി അമ്മയെ സഹായിക്കും. നല്ല കുട്ടിയാകും” എന്ന് പറഞ്ഞു കൊണ്ട് അവൻ അമ്മയുടെ അടുത്തേക്ക് ഓടി. അമ്മയെ വാരിപ്പുണർന്നു തെരുതെരെ ഉമ്മ വച്ചു. കാക്കച്ചി അടുത്ത വീട് ലക്ഷ്യമാക്കി പറന്നു.

**നവനീത്.ട.ബിനു**
3 സി, ഗവ.എൽ.പി.എസ്. അരുവിക്കര
നെടുമങ്ങാട് ഉപജില്ല, തിരുവനന്തപുരം